# പ്രാചീനാര്യാവർത്തത്തിലെ
# ചില വിശ്വവിദ്യാലയങ്ങൾ

ഗ്രന്ഥകർത്താവു്
ശ്രീമാൻ പാലിയത്തു് അനുജൻ അച്ചൻ.

# TEN UNIVERSITIES OF ANCIENT INDIA.

BY

**P. ANUJAN ACHAN.**

*Ex-Research Student of the Viswabharathi Santiniketan.*

---

*With a Preface*

BY

**T. K. KRISHNA MENON** B. A., M. R. A. S.

*And with Illustrations by*

**BABU NANDALAL BOSE**

*and his students of Santiniketan*

---

PRINTED & PUBLISHED BY

The Ramanuja Printing House Ltd.,

**TRICHUR.**

**1924**

[All rights reserved by the Author]

Price Re. 1/8

# പ്രാചീനാൎയ്യാവൎത്തത്തിലെ
# ചില വിശ്വവിദ്യാലയങ്ങൾ

ഗ്രന്ഥകൎത്താവു

ശ്രീമാൻ പാലിയത്തു് അനുജൻ അച്ചൻ.

---

ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ ബി. എ.

അവൎകളുടെ മുഖവുരയോടും, കലാചാൎയ്യനായ

ശ്രീമാൻ നന്ദലാൽ ബോസ്

തുടങ്ങിയ ചിത്രകാരന്മാരുടെ ചിത്രങ്ങളോടും കൂടിയതു്.

---

ഒന്നാം പതിപ്പു - ൧൦൦൦ പ്രതി.

തൃശ്ശിവപേരൂർ

രാമാനുജമുദ്രാലയത്തിൽ

അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു്.

൧൦൯൯

---

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നു്] [വില, ൧ ക. ൪ ണ.

# മുഖവുര.

പാലിയം പ്രഭുകുടുംബത്തിന്റെ വിലയും നിലയും ചരിത്രപ്രസിദ്ധങ്ങളാണ്. ലളിതകോമളവാണിയിൽ രചിച്ചിട്ടുള്ള ഈ കൃതിയുടെ കൎത്താവായ ശ്രീമാൻ അനുജനച്ചനവർകൾ ആ കുടുംബത്തിലെ ഒരു അംഗമാകുന്നു. സ്കൂൾ ഫൈനൽ പരീക്ഷയിൽ ജയിച്ചതിനുശേഷം, രണ്ടാണ്ടു് മദനപ്പിള്ളിയിലെ ദേശീയ കലാശാലയിൽ പഠിച്ചതിനുമേൽ, ഇദ്ദേഹം മഹാമഹിമശ്രീ രവീന്ദ്രനാഥടാഗോർ (ഠാക്കൂർ) അവർകളുടെ വിശ്വഭാരതിയിൽ ചെന്നു ചേൎന്നു് മൂന്നു സംവത്സരകാലംകൊണ്ടു സംസ്കൃതം, ഇംഗ്ലീഷ്, ബങ്കാളി, പാലി എന്നീ ഭാഷകളിൽ സാമാന്യമായും ചരിത്രവിഷയത്തിൽ പ്രത്യേകിച്ചും നൈപുണ്യം സമ്പാദിച്ചു. ചരിത്രാന്വേഷണത്തിൽ ഇദ്ദേഹത്തിനുള്ള ഉത്സാഹത്തേയും കൌശലത്തേയും ആസ്പദമാക്കി അനുജനച്ചനവർകൾക്കു ലഭിച്ചിട്ടുള്ള പ്രശംസകളുടെ പ്രതിശബ്ദം ഈ ദിക്കുകളിൽ ചിലപ്പോൾ ചിലർ കേട്ടിട്ടുണ്ടെങ്കിലും, വിദ്യാധനികനുമായ ഈ യുവാവിന്റെ കീൎത്തി പ്രചരിക്കേണ്ടവിധം പരക്കാത്തതിനു ഇദ്ദേഹത്തിന്റെ വിനയമൊന്നു മാത്രമാണു കാരണം. ഈ പ്രബന്ധം ഇദ്ദേഹത്തിന്റെ കീൎത്തിയെ കേരളത്തിലെല്ലാം പരത്തട്ടെ. വിദ്യാവിനയസമ്പന്നനായ ഇദ്ദേ

ഥത്തിൻെറ പരിശ്രമങ്ങൾ പാലിയത്തിൻെറ യശസ്സി നെ ദ്വിഗുണീകരിക്കട്ടെ.

പ്രാചീനാൎയ്യാവൎത്തത്തിലെ വിശ്വവിദ്യാലയങ്ങ ളുടെ ഈ ചെറിയ ചരിത്രം എല്ലാവിധത്തിലും നമ്മ ളാൽ ആദരണീയമായിട്ടുള്ള ഒന്നാണ്. വിഷയം, ഭാഷ, വേഷം എന്നിവയിലൊന്നിലും സുജനങ്ങൾ ഇ തിലൊരു വലിയകുറവു കാണുമെന്നു തോന്നുന്നില്ല.

ഇന്നു പരിഷ്കൃതരാജ്യങ്ങളെന്നു വിശ്രുതങ്ങളായ ദേശങ്ങൾ അജ്ഞാനാന്ധകാരത്തിൽ മൂടികിടന്നിരു ന്ന കാലത്ത് ഇൻഡ്യയിൽ സകല കലകളേയും പഠി പ്പിക്കുന്നതിനു വിശ്വവിദ്യാലയങ്ങൾ ഉണ്ടായിരുന്നു എന്നും, അതാതു വിഷയങ്ങളെ പഠിപ്പിക്കുവാൻ ഓ രോന്നിൻേറയും ആഴവും കരകളും കണ്ടിട്ടുള്ള സമൎത്ഥ ന്മാർ ഉണ്ടായിരുന്നു എന്നും ഉള്ള സംഗതികൾ ഏതു ഭാരതീയൻെറ ഹൃദയത്തിലാണ് ഇന്നും അഭിമാന ത്തെ ജനിപ്പിക്കാതിരിക്കുക?

ഈ പുസ്തകം നമ്മുടെ ശ്രദ്ധയെ മറെറാരു പ്ര കാരത്തിലുംകൂടി ആകൎഷിക്കാതിരിക്കയില്ല. ഈ കാ ലത്താകട്ടെ, ലോകമെല്ലാം ഒന്നു ഉണൎന്നുകൂടിട്ടുണ്ട്. സ്വദേശഭക്തിയുടെ മൂലമന്ത്രത്തിൻെറ മൎമ്മരധ്വനി എല്ലാ ഹൃദയഗഹ്വരങ്ങളിലും മാറെറാലി മുളിച്ചുകൊ ണ്ടേ ഇരിക്കുന്നുണ്ട്. ഇതിൻെറ ഫലമായി നമ്മുടെ വിദ്യാഭ്യാസരീതിക്കും ഒരു വലിയ ചലനം വരാനുള്ള കാലം ആസന്നമായിരിക്കുന്നു. ഓരോദേശത്തിനും പ്രത്യേകമായ ചില സമ്പ്രദായങ്ങളുണ്ട്;ഓരോ ജന

തതിയുടെയും ആകൃതി, പ്രകൃതി, ജീവിതഗതി മുതലായവയായിരിക്കണം ആ സമുദായത്തിന്റെ വിദ്യാഭ്യാസത്തിനുള്ള മാറ്റങ്ങൾകഌം. ഈ തത്വത്തെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം മാത്രമെ എന്നും 'സജീവമായും' ഓരോ ദേശങ്ങളുടെയും ആത്മീയലൌകിക കാര്യങ്ങളിൽ ശരീരത്തിൽ രക്തമെന്നപോലെ സർവ്വവ്യാപകവു'മായിരിക്കയുള്ളു. നിരുപയോഗങ്ങളായ ഇപ്പോഴത്തെ പല പാഠപദ്ധതികളെയും പരിഷ്കരിച്ചു പാശ്ചാത്യരീതികളും പൌരസ്ത്യസമ്പ്രദായങ്ങളും കൂട്ടി ഒന്നിണക്കി ഒരു പുതിയ ദേശീയവിദ്യാഭ്യാസപരിപാടിയുടെ ആവിർഭാവത്തോടുകൂടിയല്ലാതെ നമുക്ക ശ്രേയോദയം ഉണ്ടാകയില്ല. ആ ഗുണസമ്മിശ്രണക്രിയയ്ക്കു് ഈ കൃതി ഉപകരിക്കാതിരിക്കയില്ല. നിശ്ചയംതന്നെ.

ഈവക കൃതികൾ വായിക്കുന്ന സമയത്താകുന്നു അതിമോഹത്തിനു അതിരില്ലെന്നു തോന്നിപ്പോകുന്നതു്. ഓരോ വിദ്യാലയത്തെകുറിച്ചു് ഇതിൽ വായിച്ചുകഴിയുന്നതോടുകൂടി, പോര എന്നല്ലാതെ മതി എന്നു തോന്നുന്നില്ല. നല്ലതിൽ തൃപ്തിവരാൻ പ്രയാസമാണല്ലൊ. എല്ലാ വിദ്യാലയങ്ങളെകുറിച്ചും അവയുടെ സ്ഥലകാലങ്ങൾ, ധനാഗമമാറ്റങ്ങൾ അവയിലെ പാഠ്യവിഷയങ്ങൾ, ഗുരുശിഷ്യന്മാരുടെ ദിനചര്യ, അവർ കൂടികഴിഞ്ഞിരുന്നക്രമം, എന്നിങ്ങനെയുള്ള അനേക സംഗതികൾ കുറേകൂടി വിവരിച്ചാൽ കൊള്ളാമെന്നു ഞാൻ എനിക്കും മററു പലക്കും വേണ്ടി ഗ്രന്ഥകർത്താവിനോടു് അപേക്ഷിക്കുന്നു.

ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിശ്വവിദ്യാലയങ്ങളുടെ കാലങ്ങൾക്കു മുമ്പുള്ള വിദ്യാഭ്യാസരീതിയെ പുസ്തകത്തിൽ ഒന്നാമതായി കാണിക്കുന്നതു സന്ദർഭോചിതമായിരിക്കും. അവ ഇതിന്റെ ഉത്തരഫലങ്ങളായിരുന്നു എന്നുള്ളതിനെക്കുറിച്ചു വലിയ വാദത്തിനു വഴിയുണ്ടെന്നു തോന്നുന്നില്ല.

ആദ്യകാലത്തു്, ഒരു കുടുംബത്തിൻ പിതാവു പുരോഹിതനും അവിടെയുള്ളവരുടെ ഗുരുവും ആയിരുന്നു. ഗൃഹസ്ഥാശ്രമി പഠിക്കയും പഠിപ്പിക്കയും പിതൃദേവപ്രീതിക്കായി യജ്ഞങ്ങൾ ചെയ്കയും അതിഥികളെ സല്ക്കരിക്കയും ചെയ്യേണ്ടതാണെന്നു പ്രത്യേകം നിശ്ചയമുണ്ടായിരുന്നു. പിന്നീടു കുടുംബങ്ങൾ സ്ഥിരവാസം ആരംഭിച്ചു്, യാഗാദികർമ്മങ്ങളെക്കൊണ്ടും മററും കുലപതികൾക്കു പഠിപ്പിക്കുവാൻ അസൌകര്യം നേരിട്ടുതുടങ്ങിയപ്പോൾ, കുട്ടികളെ പഠിപ്പിക്കുന്നതിനു മാത്രമായി പല കുടുംബക്കാർ കൂടി ഒരു ആളെ നിയമിച്ചുവന്നു. ഈ തരം ആളുകൾ, കാലാന്തരത്തിൽ, പാഠശാലകൾ ഏർപ്പെടുത്തി പല ദിക്കുകളിൽനിന്നും കുട്ടികളെ സ്വരൂപിച്ചു പഠിപ്പിച്ചു തുടങ്ങി. ഈ വിദ്യാർത്ഥികൾ ഗുരുനാഥന്മാരൊന്നിച്ചു താമസിച്ചു് അവരുടെ ദാസ്യപ്രവൃത്തികൾ ചെയ്കയും, പത്തോ പന്ത്രണ്ടോ വഷം കഴിയുമ്പോൾ, ഗുരുനാഥന്മാൎക്കു അവരവൎക്കു് അടുത്ത ദക്ഷിണകൊടുത്തു സ്വദേശങ്ങളിലേക്കു മടങ്ങിപ്പോകയും ചെയ്തിരുന്നു. വാൎദ്ധക്യത്തിൽ വനവാസത്തെ കൈക്കൊണ്ടിരുന്ന പലരും പല

ൎപ്പോഴും ശിഷ്യരെ വിദ്യ അഭ്യസിപ്പിച്ചിരുന്നു. ഇങ്ങനെ ആയിരുന്നു അനേകായിരം സംവത്സരം ഹിന്തുക്കളുടെ ഇടയിൽ പഠിപ്പിനെ പോഷിപ്പിച്ചു നിലനിൎത്തികൊണ്ടുപോന്നതു്.

രാജാക്കന്മാരുടെ വാഴ്ച ആരംഭിച്ചതോടുകൂടി, വിദേഹം, കാശി, പാഞ്ചാലം മുതലായ രാജധാനികൾ മുഖ്യമായ വിദ്യാനിലയങ്ങളായിതീൎന്നു. ഈ രാജധാനികളിലെല്ലാം വിജ്ഞന്മാരായ ഉപാധ്യായന്മാർ അധിവസിച്ചിരുന്നു. യാഗകൎമ്മങ്ങൾ ചെയ്കയും വിദ്യയെ വൎദ്ധിപ്പിക്കയുമായിരുന്നു അവരുടെ മുഖ്യപ്രവൃത്തികൾ.

രാജധാനികളിൽ ഉണ്ടായിരുന്നപോലെ വേറെ വിദ്യാനിലയങ്ങളും ഉണ്ടായിരുന്നു. ഇന്നുള്ള സൎവ്വകലാശാലകളുടെ സ്ഥാനത്തു് അന്നു വിദ്യാപരിഷത്തുകൾ ഉണ്ടായിരുന്നു. ചെറുപ്പക്കാർ ഈ പരിഷത്തുകളിൽ പോയി വിദ്യാഭ്യാസം ചെയ്തിരുന്നു. ഇതിനു ഋഗ്വേദത്തിൽ തന്നെ ലക്ഷ്യങ്ങളുണ്ടു്.

ഒരു യുവാവിന്റെ ജീവകാലത്തെ മുഖ്യമായ കൎമ്മം ബ്രഹ്മചൎയ്യാശ്രമത്തിൽ പ്രവേശിക്കുന്നതായിരുന്നു. ഇതിൽ പ്രവേശിച്ചാൽ കുട്ടി തന്റെ വിദ്യാഭ്യാസത്തിനായി ഗുരുഗൃഹത്തിലോമറ്റോ പോയിതാമസിക്കും. ഗുരുദ്രവ്യങ്ങൾ ചേൎത്തുണ്ടാക്കിയ സകല ഭോജ്യങ്ങളും എല്ലാസുഗന്ധവസ്തുക്കളും അലങ്കാരസാധനങ്ങളും അയാൾ ഉപേക്ഷിക്കേണം. ഗുരുകുലവാസം ചെയ്യുന്നവർ അടുത്ത ഗ്രാമങ്ങളിൽപോയി ഭിക്ഷ എ

ടത്തു് അന്നന്ന കിട്ടുന്നതു പാകംചെയ്തു ഗുരുവിൻെറ ഭക്ഷണം കഴിഞ്ഞാൽ താൻ ഭക്ഷിക്കും. അയാൾ കാട്ടിൽപോയി വിറകും ചമതയും കൊണ്ടുവരും. എല്ലാ ഉഷസ്സികളും ഹോമത്തിനുള്ള സ്ഥലം അടിച്ചുവാരി ശുദ്ധിവരുത്തി അഗ്നിയെ ജ്വലിപ്പിക്കും. രാത്രി താൻ ഉറങ്ങുന്നതിനു മുമ്പിൽ ഗുരുപാദങ്ങൾ കഴുകി തുടപ്പിച്ചു ഗുരുവിനെ ശയനഗൃഹത്തിൽ പ്രവേശിപ്പിക്കും. ഇങ്ങനെ വിനയത്തോടും അനുസരണത്തോടും നിഷ്കളങ്കതയോടുംകൂടിയായിരുന്നു പണ്ടത്തെ ആൎയ്യബാലന്മാർ വിദ്യ അഭ്യസിച്ചിരുന്നതു്. നിത്യവും ഗുരുശുശ്രൂഷയും തൻെറ വിദ്യാഭ്യാസവുമായി ബ്രഹ്മചൎയ്യം കഴിച്ചുകൂട്ടും. അതിനുശേഷം അയാൾ ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കും.

ഈവക സംഗതികളെ കുറിച്ചു വിസ്തരിച്ചു് എഴുന്നതും അറിയേണ്ടതും ഉപകാരപ്രദമാകുന്നതാകുന്നു. വിശ്വവിദ്യാലയങ്ങളെ സംബന്ധിച്ചും കുറെ കൂടി വിവരിക്കുന്നതുനന്നായിരിക്കും.

തക്ഷശിലയിലെ വിശ്വവിദ്യാലയത്തിൻെറ കീഴേടങ്ങളായി അതിനോടു സംയോജിച്ചു രാജഗൃഹം, മിഥില, ഉജ്ജയനി, കോസല, കുരു എന്നീ രാജ്യങ്ങളിലെ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ഈവക വിദ്യാലയങ്ങളിൽ വിദ്യാഭ്യാസത്തിൻെറ പരിപൂരണത്തിനായിട്ടായിരുന്നു വിദ്യാൎത്ഥികൾപോയിരുന്നതു്. പ്രാഥമികപാഠങ്ങൾകൊന്നും അവിടങ്ങളിൽ ഏൎപ്പാടു

ണ്ടായിരുന്നില്ല. തക്ഷശില വലിയ നിലയിലിരുന്ന കാലത്ത് വാരാണസിയായിരുന്നു രണ്ടാംകിട പിടിച്ചു നിന്നിരുന്നത്. വാരാണസിയിലെ അദ്ധ്യാപകന്മാർ മിക്കവരും തക്ഷശിലയിൽ പഠിച്ചു ജയിച്ചിട്ടുള്ള അദ്ധ്യേതാക്കളായിരുന്നു. ഓരോ ഗുരുവിനു സാധാരണയായി അഞ്ഞൂറു ശിഷ്യന്മാരെ എടുക്കാമെന്നായിരുന്നു വെപ്പ്. തക്ഷശിലയിൽ, സാധാരണ വിഷയങ്ങൾക്കു പുറമെ, ആയുർവ്വേദം, നിയമം, ശസ്ത്രാസ്ത്രവിദ്യ, സസ്യശാസ്ത്രം എന്നിവയേയും ഹസ്തിസൂത്രം, മന്ത്രവാദം, ഭൂതലക്ഷണം, ഭവിഷ്യസൂചനം എന്നീകലകളേയും പഠിപ്പിച്ചിരുന്നു.

നാളന്ദയുടെ അവസാനത്തോടുകൂടിയായിരുന്നു വിക്രമശില ഉന്നതിയെ പ്രാപിച്ചു തുടങ്ങിയത്. അതു നാലു ശതാബ്ദകാലം നല്ലനിലയിൽ നിന്നുവന്നു. അവിടെ നൂറെറട്ടു അദ്ധ്യാപകന്മാർ ഉണ്ടായിരുന്നു. നാളന്ദയിൽ ഒരു ഗോപുരദ്വാരമേ ഉണ്ടായിരുന്നുള്ളു. വിക്രമശിലയിൽ ആറെണ്ണം ഉണ്ടായിരുന്നു. ആറു വിദ്യാലയങ്ങളോടുകൂടിയതായിരുന്നു വിക്രമശില വിശ്വവിദ്യാലയം. ഓരോ ഗോപുരം ഓരോ വിദ്യാലയത്തിലേക്കുള്ളതായിരുന്നു. ഓരോ ഗോപുരത്തിൻെറ അധീശനായി ഓരോ ദ്വാരപണ്ഡിതൻ ഉണ്ടായിരുന്നു. വരുന്ന വിദ്യാർത്ഥികൾ ഓരോ വിദ്യാലയത്തിൽ പ്രവേശനത്തിനു പ്രാപ്തന്മാരൊ അല്ലയൊ എന്നു തീർച്ചയാക്കിയിരുന്നതു് അതാതിൻെറ ദ്വാരപണ്ഡിതനായിരുന്നു. പ്രജ്ഞാകരമതി, രത്നാകരശാന്തി, വാഗീശ്വ

രകീർത്തി, നരോപമൻ, രത്നവജ്രൻ, അതീശൻ എന്ന വിളിച്ചുവന്നിരുന്ന ദീപങ്കരൻ ഇവരെല്ലാം ഓരോ കാലത്തു ദ്വാരപണ്ഡിതന്മാരായിരുന്നു. വിഖ്യാതനായ ഈ ദീപങ്കരനെയാണു തിബറ്റിലെ രാജാവു് അവിടെ ബുദ്ധമതത്തെ സംസ്കരിച്ചു പ്രചരിപ്പിക്കേണ്ടതിനു ക്ഷണിച്ചുകൊണ്ടുപോയതു്. വിക്രമശിലയിൽ പഠിച്ചു പരീക്ഷയിൽ ജയിച്ചുവൎക്കു പണ്ഡിതനെന്ന സ്ഥാനം കൊടുത്തിരുന്നു. വിക്രമശില തന്ത്രശാസ്ത്രാഭ്യസനത്തിനു കീർത്തി കേട്ടതായിരുന്നു. തൎക്കം, വ്യാകരണം, ആത്മതത്വവിദ്യ മുതലായവയേയും അവിടെ പഠിപ്പിച്ചിരുന്നു.

ദക്ഷിണഇൻഡ്യയിൽ മധുര, തഞ്ചാവൂരു് എന്നീ ദിക്കുകളിലെ വിദ്യാലയങ്ങളെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു് ഒട്ടും മതിയായിട്ടില്ല. മധുരയിൽ ഓരോ കാലത്തായി മൂന്നു സംഘങ്ങൾ ഉണ്ടായിട്ടുണ്ടു്. ആദ്യത്തേതിൽ അഗസ്ത്യമഹൎഷിയായിരുന്നു അഗ്രാസനസ്ഥാനം വഹിച്ചിരുന്നതു്. തോൽകാപ്പിയാർ, തെരൈയാർ എന്നിവർ രണ്ടാമത്തെ സംഘത്തിലെ ചില പ്രമാണികളായിരുന്നു. ഉഗ്രപാണ്ഡ്യന്റെ കാലത്തായിരുന്നു മൂന്നാമത്തെ സംഘം. നക്കിരാരായിരുന്നു അതിന്റെ പ്രധാന അദ്ധ്യക്ഷൻ. തിരുമങ്കൈ ആൾവാരുടെ പെരിയ തിരുമൊഴി, മാണിക്കവാചകരുടെ കൃതികൾ, തിരുവിളയാടൽ എന്നീ പ്രാചീന ഗ്രന്ഥങ്ങളിൽ ഈ സംഘങ്ങളെ സംബന്ധിച്ചു പലതും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു.

ചരിത്രാന്വേഷണകുതുകിയായ എന്റെ മാന്യസ്നേഹിതൻ കേരളത്തിലെ വിദ്യാലയങ്ങളെക്കുറിച്ചു കഴിയുന്ന വിവരങ്ങളെ എല്ലാം ശേഖരിച്ചാൽ, അതൊരു വലിയ സമ്പത്തായി തീരുന്നതാകുന്നു. ഇന്നു തൃശ്ശിവപേരൂർ, തിരുനാവായ എന്ന സ്ഥലങ്ങളിൽ രണ്ടായി പിരിഞ്ഞിരിക്കുന്ന യോഗങ്ങൾ ഒന്നിച്ചു ചേൎന്നിരുന്ന ഒരു മഹാബ്രാഹ്മണയോഗം തൃശ്ശൂർമതിലകത്തുണ്ടായിരുന്നു. ഈ യോഗങ്ങളുടെ വിവരമായ ചരിത്രം, ഇവിടങ്ങളിലെ അദ്ധ്യയനക്രമം, കടവല്ലൂരെ കടന്നിരിക്കൽ, ഈ വകയെല്ലാം അറിയുന്നതു കേരളീയൎക്കു ചിത്താകൎഷകമായിരിക്കും. മലയാളികളെ പുച്ഛിച്ചിരിക്കുന്ന ഉദ്ദണ്ഡശാസ്ത്രികൾ കൂടി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

സൎവ്വോൽകൃഷ്ടാജഗതിവിദിതാഃ
കേരളേഷുദ്വിജേന്ദ്രാ
വല്ലീകൌണ്ഡ്യോസ്തദപിമഹിമാ
കാപിമദ്ധ്യാശ്രിതാനാം
യത്രാപ്യസ്യാസ്സലിലപവനാ
യത്രയത്രപ്രഥന്തേ
തേഷാംതേഷാമതിശയജുഷ
ശ്ശീലവിദ്യാനുഭാവാഃ.

കേരളത്തിൽ സഭാമഠങ്ങൾ സ്ഥാപിച്ചിരുന്നതു നമ്പൂതിരിമാരെ ശാസ്ത്രം പഠിപ്പിക്കുന്നതിനായിരുന്നു. പണ്ടു പതിനെട്ടു സഭാമഠങ്ങൾ ഉണ്ടായിരുന്നു. "ഈ

സഭാമഠങ്ങളിൽ പണ്ഡിതന്മാരെന്നു സമ്മതപ്പെട്ടിട്ടുള്ളവരെ ഭട്ടതിരിമാരാക്കി അവരോധിക്കുന്നതാണ്. അവർ പഠിക്കുവാൻ ചെല്ലുന്നവരെ വ്യാകരണം, ജ്യോതിഷം മുതലായ വേദാംഗങ്ങളും മീമാംസയും വേദാന്തവും പഠിപ്പിക്കേണമെന്നായിരുന്നു നിയമം. വിദ്യാൎത്ഥികളുടെ ചിലവു സഭാമഠങ്ങളിൽനിന്നു ചെയ്തുകൊള്ളും. അവരവരുടെ കുലപരമ്പരയായി പഠിച്ചു ശീലിക്കേണ്ട ഏതു വിഷയവും പഠിക്കുവാൻ ഏതു നമ്പൂതിരിക്കും സൌകൎയ്യമില്ലാതെ വന്നുകൂട എന്നായിരുന്നു നിശ്ചയം. ചുരുങ്ങിയ പക്ഷം, ൧൨ കൊല്ലമെങ്കിലും ഒരു ശാസ്ത്രം പഠിച്ചു പാണ്ഡിത്യം സമ്പാദിച്ച ആളെയല്ലാതെ ഭട്ടവൃത്തിക്കാരൻ എന്നു പറയാറില്ല." തലപ്പിള്ളി താലൂക്കിൽ ചൊവ്വന്നൂർ സഭാമഠത്തിൽ വ്യാകരണഭട്ടതിരിയായി അവരോധിച്ചിട്ടുള്ളതു മഹാമഹോപാദ്ധ്യായൻ കിള്ളിമംഗലത്തു നടുവത്തു നാരായണൻനമ്പൂരിപ്പാട്ടിലെയാകുന്നു. തൃപ്പൂണിത്തുറയ്ക്കടുത്തുള്ള വേദനാട്ടു ഗ്രാമക്കാരുടെ സഭാമഠമായിരുന്നു കുമ്പളത്തുണ്ടായിരുന്നതു്. സഭയുടെ പ്രതിനിധിയായി പാട്ടമഴ്യാണ്ടുകോവിൽ എന്നൊരാളെ അവരോധിക്കും. അദ്ദേഹത്തിനു ദേശവാഴിസ്ഥാനവുമുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ പതികൾ എന്ന സ്ഥാനികളായ നാലു പട്ടന്മാരായിരുന്നു മഠംവക കാൎയ്യങ്ങൾ അന്വേഷിച്ചിരുന്നതു്. വേദനാട്ടു ഗ്രാമത്തിൽ ൩൫൧ ഇല്ലങ്ങൾ ഉണ്ടായിരുന്നു. ഇവിടെ പണ്ഡിതന്മാരായ വളരെ നമ്പൂരിമാരുണ്ടായിട്ടു

ണ്ടു്. ശുകസന്ദേശകൎത്താവു് അഭിമാനത്തോടുകൂടി അവരെക്കുറിച്ചു് ഇങ്ങനെ തന്റെ കാവ്യത്തിൽ പ്രശംസിച്ചിരിക്കുന്നു:

പ്രാജ്ഞോൽക്കൎഷപ്രകടനകൃതേപ്രാസ്നി-
കൈഃപ്രാജ്ഞലോകേ
കല്ലോലാഭൈൎമ്മതിജലനിധേരുത്ഥി-
തൈസ്തൎക്കജാലൈഃ
സ്വൽപാബന്ധാദപഹിതധിയഃസ്വപ്ന
മാത്രാൎത്ഥരത്നം
ശ്രുത്വാതേലീനംസദസിരഹസിശ്രാവ
കാശ്ശ്രാവയേയുഃ.

ആകൃതിയിൽ ലക്ഷ്മീദാസൻ വയററിലമ്പലം എന്ന നാമാന്തരമുള്ള എരട്ടയമ്പലത്തിലെ വേലായുധസ്വാമിയേയും കമ്പളത്തെ സഭാമഠത്തിൽ ചേൎന്ന ഒരു പണ്ഡിതഭട്ടതിരിയേയും ശ്ലേഷകൊണ്ടൊന്നിച്ചു വൎണ്ണിച്ചിട്ടുണ്ടു്. ദേശകാലാവസ്ഥകൾക്കു് അനുരൂപമായ വിധം പഴയ പണ്ഡിതസഭാമഠങ്ങൾക്കു ജീവൻ കൊടുത്തു പ്രവൎത്തിപ്പിച്ചും മററുപ്രകാരത്തിലും കേരളത്തിനു നാനാമുഖങ്ങളായ അഭിവൃദ്ധിയെ ഉണ്ടാക്കുന്നതിനു കീൎത്തനീയന്മാരായ പ്രാചീനകേരളമഹീസുരന്മാരുടെ ഇന്നത്തെ അവകാശികളോടു് അപേക്ഷിച്ചും അങ്ങനെ പരിശ്രമിക്കുന്നതിനവൎക്കും ആ പരിശ്രമഫലം അനുഭവിപ്പാൻ ശേഷമുള്ളവൎക്കും ഭാഗ്യം തരുന്നതിനു

ശ്രീസുബ്രഹ്മണ്യസ്വാമിയോടു പ്രാർത്ഥിച്ചുംകൊണ്ടു്
ഈ മുഖവുരയെ ഇവിടെ നിൎത്തട്ടെ.

ദത്തപ്രേമാശിഖിനിദളയൻദാന
വാൻബാണമുക്ത്യാ
സുബ്രഹ്മണ്യഃപഥിസുമനസാംയൂഥ
നേതാനിഷേവ്യഃ
അക്ഷോഭ്യത്വംദധതികൃതിനാമൽത്ഥ
താൎത്ഥാന്യമീഷാം
ച്ഛിദ്രാസ്കന്ദിച്ഛിദുരതരസായസ്യ
ശക്ത്യാപദാനി.

കുമാരാലയം,
എറണാകുളം;
൧൦൮൯ എടവം ൧൫-ാംനു.

ടി. കെ. കൃഷ്ണമേനോൻ.

# അവതാരിക.

"നാസ്തിവിദ്യാസമംചക്ഷുഃ നാസ്തിസത്യസമംതപഃ
നാസ്തിരാഗസമംദുഃഖം നാസ്തിത്യാഗസമംസുഖം."

എന്നായിരുന്നു പ്രാചീനാര്യന്മാരുടെ ജീവിതാദർശം. മഹാനുഭാവന്മാരായ ഇവരേയൊ ഇവരുടെ തപോവനമായിരുന്ന ആര്യാവർത്തത്തേയൊ കുറിച്ച് എത്രതന്നെ എഴുതിയാലും മതിയാകുന്നതല്ല. അങ്ങിനെ ഇരിക്കെ ഇവരുടെ ജീവിതരീതിയും വിദ്യാഭ്യാസക്രമവും ഇന്നപ്രകാരമായിരുന്നു എന്നു ചരിത്രദൃഷ്ട്യാ വിചിന്തനം ചെയ്യുന്നത് അസാദ്ധ്യമല്ലെങ്കിൽ പക്ഷെ അതിമോഹമെന്നു ചിലൎക്കു തോന്നിയേക്കാം.

പ്രാചീനാര്യാവർത്തത്തിലുണ്ടായിരുന്നപോലെ പ്രാചീനലോകത്തിൽ പലേടത്തും മഹാവിദ്യാലയങ്ങളുണ്ടായിരുന്നതായിട്ടാണു വിചാരിക്കേണ്ടത്. പരിഷ്കൃതലോകത്തിൽ ഏററവും പുരാതനമെന്നു വിചാരിച്ചുവരുന്ന ചൈന, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിൽ നാലോ അഞ്ചോ സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ എഴുത്തും വായനയും നടപ്പുണ്ടായിരുന്നതായി അറിയുന്നു. ക്രിസ്ത്വാബ്ദത്തിനു ഏകദേശം ഒരായിരമാണ്ടു മുമ്പുതന്നെ പരിഷ്കൃതമായി തീൎന്നിട്ടുണ്ടായിരുന്ന ബാബിലോണിയ, അസീറിയ, അലക്സാംട്രിയ എന്നീദേശങ്ങളിൽ ഒന്നിലധികം ഗ്രന്ഥശാലകളും യോഗ്യന്മാരായ

പണ്ഡിതന്മാരും ഉണ്ടായിരുന്നതായി അറിയുന്നുണ്ടു്. ടാളമി ഫിലാഡൽഫസ് എന്ന ചക്രവൎത്തിയുടെ കാലത്തു് അലക്സാൻഡ്രിയയിലെ ഗ്രന്ഥശാലയിൽ ആകെ ൪൨,൮൦൦ ചുരുൾ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായിട്ടാണു പറയുന്നതു്. ഇതുപോലെ അസീറിയായിലുണ്ടായിരുന്ന ഗ്രന്ഥശാലയുടെ ഒരു ഭാഗം ഇപ്പോഴും ഇംഗ്ലണ്ടിലെ ബ്രിട്ടീഷു മ്യൂസിയത്തിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

ഇപ്രകാരംതന്നെ ഗ്രീസ്, റോം എന്നീ രാജ്യങ്ങളുടെ നല്ല കാലത്തു് അവിടേയും ഒന്നിലധികം വിശ്വവിദ്യാലയങ്ങളുണ്ടായിരുന്നു. പാണ്ഡിത്യത്തിൽ മഹാരഥന്മാരെന്നു കേൾവികേട്ടിട്ടുള്ള സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടൽ എന്നിവരുടെ പേരുകൾ പലരും കേട്ടിട്ടുണ്ടായിരിക്കണം. ഗ്രീസുരാജ്യത്തു് അനവധി പാഠശാലകൾ ഏൎപ്പെടുത്തി തത്വശാസ്ത്രസംബന്ധമായും, രാജ്യതന്ത്രസംബന്ധമായും, സാമുദായികമായും പ്രസംഗങ്ങൾ ചെയ്തു പൊതുജനങ്ങൾക്കു അറിവും ഉത്സാഹവും ഉണ്ടാക്കിക്കൊടുത്തിരുന്നവരായിരുന്നു ഇവർ. ഇവൎക്കുപുറമെ സോഫിസ്റ്റുകാർ എന്നു പറയപ്പെടുന്ന ഒരു കൂട്ടം അദ്ധ്യാപകന്മാർ വളരെക്കാലം ഗ്രീക്കുകാരെ വിദ്യാഭ്യാസം ചെയ്തുകൊണ്ടു പോന്നിരുന്നതായി അറിയുന്നുണ്ടു്. കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുന്നതിന്നു പുറമെ, അവരെ രാജ്യത്തിന്നും സമുദായത്തിന്നും കൊള്ളാവുന്നവരാക്കിത്തീൎക്കുന്നതിന്നു വേണ്ട എല്ലാ അഭ്യാസങ്ങളും ഇവർ

അവരെ അഭ്യസിപ്പിച്ചിരുന്നു. ഗ്രീസുരാജ്യത്തിലെ സോഫിസ്ററുകാരെ നമ്മളുടെ ആശാന്മാരോടും കുരുപ്പന്മാരോടും ഏറെക്കുറെ സാദൃശ്യപ്പെടുത്താവുന്നതാകുന്നു.

ഐറോപ്പ്യചരിത്രത്തിന്റെ മദ്ധ്യകാലത്തു യൂറോപ്പിൽ പലേടങ്ങളിലുമായി അനവധി മഹാവിദ്യാലയങ്ങൾ നടത്തിവന്നിരുന്നതായിട്ടറിവുണ്ട്. മഹാനായ കാറൽ എന്ന ചക്രവൎത്തി രാജ്യഭാരം ചെയ്തിരുന്ന സമയം അദ്ദേഹത്തിന്റെ രാജ്യത്തുണ്ടായിരുന്ന ഓരോ പ്രധാന പള്ളിയിലും ഓരോ പാഠശാല ഏൎപ്പെടുത്തിയിരുന്നു. മെററ്സ് എന്നും, സോയിസൺസ് എന്നും പേരായ രണ്ടു നഗരങ്ങളിൽ അദ്ദേഹം രണ്ടു സംഗീതകലാശാലകൾ ഏൎപ്പെടുത്തിയിരുന്നതായും കാണുന്നുണ്ട്.

ഇതുപോലെ യൂറോപ്പിൽ മുഹമ്മദശക്തി ബലപ്പെട്ടിരുന്ന കാലത്തു തത്വശാസ്ത്രം, ഗണിതം, വൈദ്യം, രസതന്ത്രം എന്നു തുടങ്ങിയ വിഷയങ്ങളിൽ പാണ്ഡിത്യം സിദ്ധിച്ചിരുന്ന അറബിക്കാർ യൂറോപ്പിലും, ഈജിപ്തിലും, അറേബിയായിലും ചില സൎവ്വകലാശാലകൾ സ്ഥാപിച്ചു നടത്തിവരികയുണ്ടായിട്ടുണ്ട്. ഇവർ സ്പെയിൻ രാജ്യം കീഴടക്കി ഭരിച്ചിരുന്നപ്പോൾ അവിടത്തെ ഒരു പ്രധാന നഗരിയായ കാൎഡോവയിൽ ഒരു സൎവ്വകലാശാല ഏൎപ്പെടുത്തുകയുണ്ടായി. ഇതുപോലെ ഈജിപ്തിലെ പ്രധാന നഗരിയായ കെയറോവിലും, അറേബിയായിലെ തലസ്ഥാനമായി

ന്ന ബാഗ്ഡാഡിലും വളരെക്കാലം ഇവരുടെവക മ ഹാവിദ്യാലയങ്ങൾ ക്രമമായി നടന്നുവന്നിരുന്നു.

ഇൻഡ്യയിൽതന്നെ വൈദികകാലത്തുപോലും അവിടെ ഉണ്ടായിരുന്ന ഓരോ തപോവനം ഓരോ വിദ്യാഭ്യാസകേന്ദ്രമായിരുന്നു എന്നു വിചാരിക്കാം. പ്രാചീനാര്യന്മാരുടെ എടയിലുണ്ടായിരുന്നപോലെ ഗുരുകുലസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസക്രമം പ്രാചീനകാലത്തു മറെറാരേടത്തും ഉണ്ടായിരുന്നില്ല. പർവ്വത താഴ്വരകളിലോ നദീതീരങ്ങളിലോ ആയി ഇലകൾ കൊണ്ടും കൊമ്പുകൾകൊണ്ടും കുത്തിക്കെട്ടി മറച്ചുണ്ടാക്കിയ വല്ല പർണ്ണശാലകളിലും, ചിലപ്പോൾ ഭാര്യാപുത്രന്മാരൊരുമിച്ച് ആശ്രമവാസം ചെയ്തുവന്നിരുന്ന മഹർഷിമാരുടെ ചുററുമുണ്ടായിരുന്ന ഉപവനങ്ങൾക്കാകുന്നു തപോവനങ്ങളെന്നു പറയുന്നത്. ഈ തപോവനങ്ങളിൽ ഓരോ മഹർഷിമാർ മൂന്നോ നാലോ ചിലപ്പോൾ അതിലുമധികമോ ശിഷ്യന്മാരൊരുമിച്ച് അവരെ പരാവിദ്യയെയും അപരാവിദ്യയേയും ഉപദേശിച്ചുകൊണ്ടു താമസിക്കും. യോഗ്യന്മാരായ ആചാര്യന്മാർ വിദ്യാർത്ഥികളെ ഏതെല്ലാം വിധത്തിൽ പരീക്ഷിച്ചതിനു ശേഷമാണ് അവരെ ശിഷ്യന്മാരായി സ്വീകരിച്ചിരുന്നതെന്നു നമുക്കറിയാമല്ലോ. ഒരിക്കൽ സുകേശൻ, സത്യകാമൻ, കൌസല്യൻ, ഗാർഗ്യൻ വൈദർഭി, കബന്ധി എന്നിങ്ങനെ ആറു ഋഷികുമാരന്മാർ ബ്രഹ്മജ്ഞാനലബ്ധിക്കായി ഒരു ഗുരുവിനെ അന്വേഷിച്ചുകൊണ്ടു ഭഗവാൻ പിപ്പല്ലാ

ദമുനിയുടെ അടുക്കൽ സമിത്പാണികളായി ചെന്നു നിന്നു. അപ്പോൾ ആ മുനി അവരോടാവശ്യപ്പെട്ടതിതാണ്:

"ഭൂയ ഏവ തപസാ ബ്രഹ്മചര്യേണ
ശ്രദ്ധയാ സംവത്സരം സംവത്സ്യഥ,
യഥാകാമം പ്രശ്നാൻ പൃച്ഛത,
യദി വിജ്ഞാസ്യാമഃ സർവ്വം ഹവോ വക്ഷ്യാമ, ഇതി."

(പ്രശ്നോപനിഷത്. ൧ ൨)

"ഇനിയും, തപസ്സ്, ബ്രഹ്മചര്യം ഇവയെ അനുഷ്ഠിച്ചു കൊണ്ടു് ആസ്തിക്യബുദ്ധിയോടുകൂടി ഒരു സംവത്സരകാലം ഗുരുശുശ്രൂഷ ചെയ്തുകൊണ്ടു് ഇവിടെ താമസിക്ക, പിന്നെ ഏതു വിഷയങ്ങളെ കുറിച്ചാണോ ജിജ്ഞാസയുണ്ടാവുന്നതു് ആ വിഷയങ്ങളെക്കുറിച്ചു പ്രശ്നങ്ങൾ ചോദിക്കുക, നിങ്ങൾ ചോദിക്കുന്നതു് എനിക്കറിയാമെങ്കിൽ അതു മുഴുവനും ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം." ശിഷ്യന്മാർക്കു ഗുരുവിങ്കലുണ്ടായിരുന്ന സ്നേഹബഹുമാനവും, വിദ്വജ്ജനങ്ങളിൽ സ്വഭാവേ കണ്ടിരുന്ന വിനയസ്വഭാവവും അന്യോന്യത്തോളമായിരുന്നുവെന്നു് ഇതുകൊണ്ടു പ്രത്യക്ഷമാകുന്നുണ്ടു്.

ഉപനിഷത്കാലങ്ങളിലും അതിനു ശേഷവും ഭാരതവർഷത്തിൽ വിദ്വജ്ജനങ്ങളുടെ വലിയ വലിയ പരിഷത്തുകൾ കൂടക്കൂടെ നടത്തിവന്നിരുന്നു എന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. മഹർഷിമാർ നിറഞ്ഞ ഇങ്ങനെയുള്ള സഭകളിൽവെച്ചു് ഐഹികപാരത്രിക

ങ്ങളായ കാര്യങ്ങളെക്കുറിച്ച് ആലോചനകൾ നടത്തിയിരുന്നതിന്നപുറമെ, ഇതിഹാസപുരാണാദി കഥകൾ കൂടി ചൊല്ലി കേൾപ്പിക്കയും പതിവായിരുന്നു. കഥാരൂപേണയും ഗാനരൂപേണയും പുരാണസംഭവങ്ങളെ പറഞ്ഞുകേൾപ്പിച്ചിരുന്ന ഒരു തരക്കാരായിരുന്നു സൂതന്മാരെന്നും ബന്ദിജനങ്ങളെന്നും പറഞ്ഞുവരുന്നവർ. ഈ സന്ദർഭത്തിൽ, മഹാഭാരതത്തിലെ നൈമിഷാരണ്യവും, ശൌനകന്റെ ദ്വാദശവാർഷികസത്രവും മററും എന്തിനെയാണു സൂചിപ്പിച്ചിരുന്നതെന്ന് അധികം ശ്രമം കൂടാതെതന്നെ മനസ്സിലാക്കാവുന്നതാണ്.

ഇവിടെ അവതരിപ്പിക്കുവാനുത്സാഹിക്കുന്ന പ്രസ്തുത ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള വിശ്വവിദ്യാലയങ്ങൾ പ്രാചീനഭാരതത്തിൽ ഓരോ കാലത്ത് അവിടവിടെ നിലനിന്നുവന്നിരുന്ന ചില വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നു. ഇവയിൽ ബുദ്ധമതപ്രധാനങ്ങളായിരുന്ന ആദ്യത്തെ അഞ്ചെണ്ണം ഇപ്പോൾ തീരെ നാമാവശേഷങ്ങളായി. കാലാന്തരേണ സനാതനധർമ്മാവലംബികളായിരുന്ന ഹിന്തുക്കളുടെ മനസ്ഥിതിക്കു വ്യതിചലനം വന്നതോടുകൂടി പിന്നെയുള്ള വിദ്യാഭ്യാസകേന്ദ്രങ്ങളും തീരെ ക്ഷയോന്മുഖമായി ഭവിച്ചു.

ഇൻഡ്യക്കാർക്ക് ചരിത്രവിഷയത്തിലുണ്ടായിരുന്ന ഉത്സാഹം അത്യന്തം കുറവായിരുന്നുവെന്നു കുറെയൊക്കെ സമ്മതിക്കാതെ നിവൃത്തിയില്ല. അതല്ലെങ്കിൽ തക്ഷശില, നാളന്ദ, സാരനാഥം, സാഞ്ചി, ബാർഹടം

തുടങ്ങിയ പ്രാചീനസ്ഥാപനങ്ങളൊന്നും ഇപ്പോൾ ഭൂമിയുടെ അടിയിൽനിന്ന് ഉയൎത്തിക്കൊണ്ടുവരേണ്ടതായി വരില്ലായിരുന്നു. കേരളത്തിൽതന്നെ ഒരു കാലത്തു പ്രസിദ്ധികേട്ടിരുന്ന തൃക്കണാമതിലകവും മററും ഇപ്പോൾ എവിടെയാണെന്ന് അവയുടെ അടുത്തുതാമസിക്കുന്നവൎക്കുകൂടി അറിവാൻ കഴിയുന്നില്ല. ഇതുകാരണം പ്രാചീനചരിത്രാന്വേഷണക്കാൎക്കു ശരിയായ ചരിത്രസംഭവങ്ങളെ തേടിപ്പിടിക്കുന്നതിനുള്ള അദ്ധ്വാനം മററെല്ലാരാജ്യങ്ങളിലുള്ളതിലും ഇൻഡ്യാരാജ്യത്തു ത്രിഗുണീഭവിച്ചിട്ടുണ്ടെന്നുതന്നെ പറയണം.

ഇപ്പോൾ ഭൂമിയുടെ അടിയിൽനിന്നു പുനരുദ്ധാരണം ചെയ്തിട്ടുള്ള ഉത്തരഇൻഡ്യയിലെ ചില പുരാതനവിദ്യാഭ്യാസകേന്ദ്രങ്ങളുടെ അവശിഷ്ടങ്ങൾ ഈ ലേഖകനു സന്ദൎശിക്കുവാൻ സംഗതിവന്നിട്ടുണ്ട്. എന്നാൽ കേരളത്തിലും അതുപോലെതന്നെയുള്ള പ്രാചീനാവശിഷ്ടങ്ങളെ കണ്ടെത്തിപ്പിടിച്ച് അവയെ വേണ്ടപോലെ സംരക്ഷിച്ചുവെക്കുവാൻ കഴിയാത്തതുമാത്രം തുലോം ശോചനീയമെന്നേ പറവാനുള്ളു.

ഇതിൽ വിവരിച്ചിട്ടുള്ള വിശ്വവിദ്യാലയങ്ങൾക്കുപുറമെ ഉജ്ജയിനി, മഥുര, തെക്കൻമധുര, കന്യകുബ്ജം, പുഷ്കലാവതി തുടങ്ങിയ പ്രാചീനനഗരികളും ഒരു കാലത്ത് ഇൻഡ്യയിലെ പ്രധാന വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നു. എന്നാൽ ഈവക വിശ്വവിദ്യാലങ്ങളല്ലാതെ പ്രാചീനഭാരതത്തിൽ വിദ്യാഭ്യാസ

ത്തിന്നു വേണ്ട വേറെ മാറ്റങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നു വിചാരിച്ചുകൂടാ. പ്രധാനപ്പെട്ട കോട്ടകൾക്കു പുറമെ യുദ്ധത്തിന്നു കച്ചകെട്ടി അഭ്യസിക്കുവാനുപയോഗിച്ചിരുന്ന അനവധി കളരികൾ ഈ കേരളത്തിൽതന്നെ പലേടങ്ങളിലും ഉണ്ടായിരുന്നുവല്ലൊ. ഇതുപോലെ ഓരോ പഴയ കുടുംബങ്ങളിലും മനകളിലുമായി ഓലയിലും കടലാസ്സിലും എഴുതിവെച്ചിട്ടുള്ള എത്രയൊ അനവധി സാഹിത്യഗ്രന്ഥങ്ങൾ ഇന്നും നാം ഇവിടെ കണ്ടുവരുന്നുണ്ട്. ഇതു കേരളത്തിൽ മാത്രമല്ലെന്നും, ഇൻഡ്യാരാജ്യത്തൊട്ടുക്ക് അന്വേഷിച്ചാൽ ഇതുപോലെ കാണാവുന്നതാണെന്നും നമുക്കനുഭവമാണ്. ഇങ്ങനെ നോക്കുമ്പോൾ ഒരു സമയം ഇൻഡ്യയിൽ വിശ്വവിദ്യാലയങ്ങളുണ്ടായിരുന്നില്ലെങ്കിൽകൂടി, പണ്ടുകാലങ്ങളിൽ ഭാരതീയയുവാക്കളുടെ വിദ്യാഭ്യാസത്തിന്നുവേണ്ട സകല ഏർപ്പാടുകളും അവരവരുടെ ഗ്രാമങ്ങളിൽതന്നെ ചെയ്തുകൊടുത്തിരുന്നുവെന്നു പ്രത്യക്ഷമാകുന്നു.

എന്നാൽ, ഈ സന്ദർഭത്തിൽ, മേൽപറഞ്ഞ വിശ്വവിദ്യാലയങ്ങൾ മൂലമായി ഇൻഡ്യക്കു സിദ്ധിച്ചിട്ടുള്ള പ്രത്യേകഗുണങ്ങളെക്കുറിച്ച് നാം വിസ്മരിക്കരുതാത്തതാണ്. ഈ ഗ്രന്ഥത്തിലെ ക്ഷുദ്രങ്ങളായ ഉപന്യാസങ്ങളെകൊണ്ട് അവയെ ഒരിക്കൽകൂടി അനുസ്മരിക്കുവാനാകുന്നു ശ്രമിച്ചിട്ടുള്ളതു. പക്ഷെ ഫലാനുഭവം അന്യാധിനമാകകൊണ്ട് ഇവിടെ ഇതിലധികം വിസ്തരിക്കുന്നില്ല.

ഈ പുസ്തകത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിന്നുമുമ്പ്, ഇതെഴുതുന്നതിന്ന് എന്നെ സൎവ്വാത്മനാ സഹായിച്ച ഞങ്ങളുടെ ഗുരുശ്രേഷ്ഠനും, വിശ്വഭാരതിയിലെ പ്രധാനാചാൎയ്യനുമായ പണ്ഡിതർ വിധുശേഖരഭട്ടാചാൎയ്യർ അവർകളോടും, വിദൂരസ്ഥനായിരുന്നു എങ്കിലും, എന്നെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിച്ച് എൻെറ ആവശ്യപ്രകാരം ഈ ഉപന്യാസങ്ങളെ പരിശോധിച്ച് ഒരു മുഖവുര എഴുതിട്ടുള്ള സാഹിത്യകുശലൻ ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ അവർകളോടും എൻെറ സൌഹാൎദ്ദസമ്പൂൎണ്ണമായ കൃതജ്ഞതയെ സൂചിപ്പിച്ചുകൊള്ളുന്നു. വിശേഷിച്ച്, ഇതിൽ ചേൎത്തിട്ടുള്ള ആദ്യത്തെ നാലു ചിത്രങ്ങൾ ബങ്കാളിലെ പ്രസിദ്ധ ചിത്രകാരനും, വിശ്വഭാരതിയിലെ കലാചാൎയ്യനുമായ ശ്രീമാൻ നന്ദലാൽ ബോസും, എൻെറ സുഹൃത്തുക്കളായ അദ്ദേഹത്തിൻെറ മൂന്നു ശിഷ്യന്മാരും ഈ ഗ്രന്ഥത്തിൻെറ ആവശ്യത്തിലേക്കായി സ്നേഹപൂൎവ്വം എഴുതിത്തന്നിട്ടുള്ളതാണ്. അവരോടും, ഈ പുസ്തകത്തെ ഇത്രയും വൃത്തിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഏറെടുത്ത രാമാനുജമുദ്രാലയപ്രവൎത്തകന്മാരോടും എൻെറ ഹാൎദ്ദമായ കൃതജ്ഞതയെ പ്രത്യേകം രേഖപ്പെടുത്തികൊള്ളുന്നു.

ജയന്തമംഗലം
൧൧൦൪ മിഥുനം ൧൦-ാം ൹ } പി. അനുജൻ അച്ചൻ.

സമർപ്പണം

അമ്മയുടെ

ചരണങ്ങളിൽ

# വിഷയവിവരം


| | | | |
|---|---|---|---|
| ൧ | തക്ഷശില | ഭാഗം | ൧ |
| ൨ | നാളന്ദ | ,, | ൩൧ |
| ൩ | വിക്രമശില | ,, | ൫൭ |
| ൪ | ഓദന്തപുരിയും ജഗദ്ദലയും | ,, | ൬൨ |
| ൫ | വാരാണസി | ,, | ൮൦ |
| ൬ | മിഥിലയും നവദ്വീപും | ,, | ൯൨ |
| ൭ | കാഞ്ചീപുരം | ,, | ൧൦൩ |
| ൮ | കേരളത്തിലെ വേദപാഠശാലകൾ | ,, | ൧൨൨ |

# ചിത്രസൂചി


൧ മുഖചിത്രം
(ബാബു നന്ദലാൽബോസ്)

൨ ഹ്യൂയൻസാങ്ങ് ഭാഗം ൯
(അർദ്ധേന്ദുപ്രസാദബാനർജി)

൩ ഇററ്സിങ്ങ് ,, ൩൬
(രമേന്ദ്രനാഥചക്രവർത്തി)

൪ ആചാര്യൻ അതീശനും, തിബത്ത്യൻ
വിദ്യാർത്ഥിയും ,, ൬൧
(മണീന്ദ്രഭൂഷണഗുപ്ത)

൫ ശ്രീശങ്കരാചാര്യരും ശിഷ്യരും ,, ൧൨൩
(രവിവർമ്മകോയിത്തമ്പുരാൻ
തിരുമനസ്സുകൊണ്ടു്)

# ൨. തക്ഷശില.

൧.

സിന്ധു, കുനാർ എന്നീ നദികളുടെ എടയിൽ കാബൂൾ നദിയുടെ ഓരമായി ഗാന്ധാരദേശം സ്ഥിതിചെയ്തിരുന്നു. അതിന്റെ തലസ്ഥാനം ഇപ്പോൾ പെഷവാർ എന്നു പറഞ്ഞുവരുന്ന പുരുഷപുരിയായിരുന്നു. ഗാന്ധാരദേശത്തിന്റെ തെക്കെഅതിർത്തിയിലായി, താമ്രനാളയെന്നും ലുണ്ഡീനാളയെന്നും രണ്ടു ചെറുനദികളുടെ തീരങ്ങളിൽ, പകുതിഭാഗവും വെള്ളിമലകളാൽ ചുററപ്പെട്ടു്, അതിവിശാലമായി കിടന്നിരുന്ന ഒരു പുരാതനതപോവനമായിരുന്നു തക്ഷശില. അതു് അററാക്ക്, റാവൽപിൻഡി എന്നീദേശങ്ങളുടെ എടയ്ക്കു വിതസ്ത എന്ന നദിയുടെ തീരത്തായിരുന്നു കിടന്നിരുന്നതു്. അതൊരു വലിയ നഗരമായി തീൎന്നു. അനവധികാലം മദ്ധ്യധരണിയുടെ മൎമ്മമായും, വിദ്വജ്ജനങ്ങളുടെ രംഗഭൂമിയായും ശോഭിച്ചിരുന്ന ആ പുണ്യഭൂമി ക്രിസ്ത്വബ്ദത്തിന്നു് എത്രയോ മുമ്പുതന്നെ ഗ്രീസ്, ബാബിലോണിയ, പെർഷ്യ, ചീന തുടങ്ങിയ വിദേശരാജ്യങ്ങളുമായി രാജ്യസംബന്ധമായും, കച്ചവടസംബന്ധമായും, മതസംബന്ധമായും എടപെട്ടിരുന്നുവെന്നുള്ളതു ചരിത്രപ്രസിദ്ധമാകുന്നു. വിശേഷിച്ചു്, ബുദ്ധമതകാലത്തിന്നു മുമ്പുമുതൽ ഇൻഡ്യ

യിലെ വിദ്യാഭ്യാസത്തിന്റെ ഒരു കേന്ദ്രസ്ഥാനവുമായിരുന്ന തക്ഷശിലയുടെ പഴമയെക്കുറിച്ച് ഇതിഹാസങ്ങളിലും, ഹിന്തുക്കളുടേയും, ബുദ്ധന്മാരുടേയും, ജൈനന്മാരുടേയും സാഹിത്യഗ്രന്ഥങ്ങളിലും വിവരിച്ചിട്ടുള്ളതായും കാണാം.

പാണിനി*, "സിന്ധുതക്ഷശിലാദിഭ്യഃ—," എന്ന തക്ഷശിലയെ സിന്ധുരാജ്യത്തോടൊന്നിച്ചു പറഞ്ഞിരിക്കുന്നു (പാണിനി, അദ്ധ്യായം ർ, പാദം ൩, സൂത്രം ൯൩). മഹാഭാരതം ആദിപൎവ്വത്തിൽ (അ. ൩, ശ്ലോ. ൨൦, ൨൧) ജനമേജയൻ സൎപ്പസത്രത്തെ സംബന്ധിച്ചു തക്ഷശിലയെ യുദ്ധംചെയ്തു കീഴടക്കിയതായി പറഞ്ഞിട്ടുണ്ട്. രാമായണം ഉത്തരകാണ്ഡത്തിൽ (അ. ൧൦൧, ശ്ലോ. ൧൦,൧൧).

"ഹതേഷു തേഷു സൎവ്വേഷു ഭരതഃ കൈകയീസുതഃ
നിവേശയാമാസ തദാ സമൃദ്ധേ ദ്വേ പുരോത്തമേ.
തക്ഷം തക്ഷശിലായാംതു പുഷ്കലം പുഷ്കലാവതേ
ഗന്ധൎവ്വദേശേരുചിരേ ഗാന്ധാരവിഷയേ ച സഃ."

എന്ന്, ഭരതൻ തന്റെ മൂത്തപുത്രനായ തക്ഷനെ തക്ഷശിലയിലെ രാജാവാക്കിയതായും കാണുന്നു. അക്കാലത്ത് അവിടെ അനവധി അങ്ങാടിത്തെരുവുകളും, ആകാശംമുട്ടുന്ന വിശാലമായ കെട്ടിടങ്ങളും, താലം, തമാലം, തുടങ്ങിയ തരുസമൂഹങ്ങളും, വളരെ ദേവാലയങ്ങളും ഉണ്ടായിരുന്നുവെന്നും, വിശേഷിച്ചു ര

* പാണിനിയുടെ ജനനംതന്നെ തക്ഷശിലയിലാണെന്നും ഒരു പക്ഷമുണ്ട്.

മ്യങ്ങളായ ഉദ്യാനങ്ങളാലും, ഉപവനങ്ങളാലും ആ പുരി ശോഭിച്ചിരുന്നുവെന്നും ഈ ഇതിഹാസത്തിൽ തന്നെ വണ്ണിച്ചിട്ടുണ്ടു് (അ. ൧൦൯, ശ്ലോ. ൧൨—൧൩). രഘുവംശം അഞ്ചാമദ്ധ്യായത്തിലെ ൮൯-ാം ശ്ലോകം കൊണ്ടു കാളിദാസരും തക്ഷശിലയെ വിസ്മരിക്കാതെ കഴിച്ചിട്ടുണ്ടു്. ബൃഹത്സംഹിതയിൽ, തക്ഷശില, പുഷ്കലാവതി തുടങ്ങിയ ദേശങ്ങളുടെ അധിപൻ ശുക്രനാണെന്നും (അ. ൧൬, ശ്ലോ. ൨൬), എന്നാൽ ശനി ഉത്രം നക്ഷത്രത്തിൽ വരുമ്പോൾ തക്ഷശിലയ്ക്കു പീഡയാണു ഫലമെന്നും (അ. ൧൦, ശ്ലോ. ൮) വരാഹമിഹിരനും ഗണിച്ചിരിക്കുന്നു. സോമദേവൻ,

"ആസീത്തക്ഷശിലാപുര്യ്യാം ഭദ്രാക്ഷോനാമഭൂപതിഃ
സ പുത്രകാമഃ പദ്മാനാം ശതേനാഷ്ടഭിരേവച
സിതാനാം പൂജയാമാസ ഖഡ്ഗലക്ഷ്മീം ദിനേദിനേ."

എന്നു കഥാസരിത്സാഗരത്തിലും പറഞ്ഞിട്ടുള്ളതു പ്രസിദ്ധമാണല്ലോ.

തക്ഷശിലയിൽ ഒരിക്കൽ ദിസാപാമോക്ഷൻ എന്നൊരു ഭിഷഗ്വരനുണ്ടായിരുന്നുവെന്നും, അദ്ദേഹത്തിന്റെ അടുക്കൽ വൈദ്യം പഠിക്കുവാനായി ജീവകൻ എന്നൊരു രാജകുമാരൻ ചെന്നിരുന്നുവെന്നും വിനയപിടകമെന്ന ബുദ്ധമതഗ്രന്ഥത്തിലും,

"അഥ തക്ഷശിലാപുര്യ്യാം ചൈത്യപഞ്ചശതീഭൃതി
ധമ്മക്ഷേത്രേ തദാജജ്ഞേ ഗരിഷ്ഠമശിവംജനേ.

* * * * * *

ഗതേവഷ്ത്രയേഭഗ്നാ തുരുഷ്കൈഃസാ മഹാപുരീ.

അദ്യാപി തത്രബിംബാനി പിത്തലാശ്മമയാനി ച
തത് ഭൂഗൃഹേഷുസന്തീതി ഖ്യാതാവൃദ്ധജനശ്രുതിഃ.”

എന്നു തക്ഷശിലയുടെ അന്തിമദശയെപ്പററി പ്രഭാവകചരിത്രമെന്ന ജൈനമതഗ്രന്ഥത്തിലും കാണുന്നുണ്ട്. ഇവയ്ക്കു പുറമെ, ദിവ്യാവദാനം, അവദാനകല്പലത, അവശ്യകനിയ്യുക്തി, ഹീരസൌഭാഗ്യം തുടങ്ങിയ മററു ഗ്രന്ഥങ്ങളിലും തക്ഷശിലയെക്കുറിച്ചുള്ള വിവരണങ്ങളുണ്ടു*. ബുദ്ധൻെറ പൂവ്വജന്മവൃത്താന്തങ്ങളടങ്ങിയ ജാതകകഥകളിൽ തക്ഷശിലയിലെ പുരാതനവിദ്യാഭ്യാസരീതിയെക്കുറിച്ചും മററും പറഞ്ഞിട്ടുള്ളതു സന്ദഭം വരുമ്പോൾ വിവരിക്കാം. ഇപ്പോൾ തക്ഷശിലയെക്കുറിച്ചുള്ള മററു ചില സംഗതികളെ പരിശോധിക്കാം.

൨.

ആയ്യന്മാർ സപ്തസിന്ധുതീരങ്ങളിലിറങ്ങി താമസം തുടങ്ങിയതെന്നായിരുന്നാലും, ഏകദേശം ൩,൫൦൦ സംവത്സരങ്ങൾക്കുമുമ്പെ യൂഫ്രട്ടീസ് ടൈഗ്രീസ് നദീതീരങ്ങളിലുള്ള മിറാപൊട്ടാമിയായുടെ വടക്കുഭാഗമായിക്കിടക്കുന്ന മിതാനീ രാജ്യംവരെ വൈദികനാഗരീകത്വത്തിന്നു പ്രചാരമുണ്ടായിരുന്നുവെന്നതിലേക്കു ലക്ഷ്യങ്ങളുണ്ടു്. അക്കാലത്തും അതിന്നുശേഷവും, ബാബിലോണിയ, പെർഷ്യ, തുക്കിസ്ഥാൻ, മ

* Report of the Archaeological Survey of India for 1914—15, pp. 39-41.

ദ്ധ്യഏഷ്യ തുടങ്ങിയ വിദേശരാജ്യങ്ങൾ ഇൻഡ്യയുമായി കരവഴിയായും കടൽമാർഗ്ഗമായും കച്ചവടം ചെയ്തുവന്നിരുന്നു. ഹിമാചലമഹാഗിരിയുടെ താഴ്വാരങ്ങളിൽക്കൂടി ഗാന്ധാരദേശത്തിറങ്ങി, സിന്ധുനദീതീരങ്ങളിലുണ്ടായിരുന്ന ചെറുനഗരങ്ങളുമായി വ്യാപാരം നടത്തിവന്നിരുന്ന കച്ചവടക്കാർ അക്കാലത്തു തക്ഷശിലയെക്കുറിച്ചു വല്ലതും അറിഞ്ഞിരുന്നുവോ എന്ന് അറിയുന്നില്ല. എന്നാൽ, ക്രി. മു. ൫൨൧-ാം വർഷത്തിനു ശേഷം, പേർഷ്യാരാജ്യം വാണിരുന്ന ഡറായസ് ചക്രവർത്തിയുടെ കാലത്തു്, തക്ഷശില സമൃദ്ധിയെ പ്രാപിച്ചിരുന്ന ഒരു ചെറിയ രാജ്യമായിരുന്നുവെന്നും, അന്നു ഗാന്ധാരദേശവും തക്ഷശിലയും പേർഷ്യാസാമ്രാജ്യത്തിലുൾപ്പെട്ടിരുന്നുവെന്നും ചരിത്രം പറയുന്നതുകൊണ്ടു്, അതിനും എത്രയോ മുമ്പേതന്നെ ആ പ്രദേശം വഴിയാത്രക്കാരുടേയും വണിക്ജനങ്ങളുടേയും താവളമായിരുന്നിട്ടുണ്ടായിരിക്കേണമെന്നു വിചാരിക്കുവാൻ വഴിയുണ്ടു്. പാണിനിയുടെ കാലം ക്രിസ്ത്വബ്ദത്തിനും നാന്നൂറുകൊല്ലങ്ങൾക്കു മുമ്പാണെന്നു തീർച്ചയാണെങ്കിൽ, അക്കാലത്തു തക്ഷശില സിന്ധുദേശംപോലെ കൃഷിയിലും, കൈത്തൊഴിലിലും, കച്ചവടത്തിലും സമൃദ്ധിയെ പ്രാപിച്ചിരുന്ന ഒരു ദേശമായിരുന്നുവെന്നു വിചാരിക്കാം. ക്രി. മു. ൩൨൬-ാം വർഷത്തിൽ തക്ഷശിലയെ സന്ദർശിച്ച അലക്സാണ്ടർ ചക്രവർത്തിയുടെ ഒന്നിച്ചുണ്ടായിരുന്ന ചരിത്രകാരന്മാർ, അക്കാലത്തു തക്ഷശില ധനസമൃദ്ധിയും ജനപുഷ്ടിയുമുള്ള ഒരു

വലിയ നഗരമായിരുന്നുവെന്നും, സിന്ധുനദി മുതൽ ഹിഡാസ്സസ് നദിവരേയുള്ള രാജ്യം മുഴുവനും അതിന്റെ കീഴിൽ ഭംഗിയായി ഭരിക്കപ്പെട്ടിരുന്നുവെന്നും പറഞ്ഞു കാണുന്നു. വിശേഷിച്ച്, അന്നവിടെ "ബഹുഭാര്യാത്വം നടപ്പുണ്ടായിരുന്നുവെന്നും, എന്നാൽ സ്ത്രീകൾ ഭർത്താവിന്റെ മരണശേഷം സതീവ്രത* മനുഷ്ഠിച്ചുപോന്നിരുന്നുവെന്നും, സ്ത്രീധനംകൊടുപ്പാൻ വഴിയില്ലാത്ത പെൺകിടാങ്ങളെ പെരുവഴിയിൽ കൊണ്ടുപോയി വിററിരുന്നുവെന്നും, ശവം മറവു ചെയ്യാതെ ഗൃധ്രവൃന്ദങ്ങൾക്കെറിഞ്ഞുകൊടുക്കയായിരുന്നു പതിവെ"ന്നും അവരുടെ എഴുത്തുകളിൽ നിന്നറിയുന്നുണ്ട് §. ഇങ്ങനെ ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ, തക്ഷശില ക്രിസ്ത്വബ്ദത്തിന്നു ൬൦൦ വർഷങ്ങൾക്കുമുമ്പേ മുതൽ ക്രമോൽകർഷത്തെ പ്രാപിച്ചുവന്നിരുന്ന ഒരു പ്രദേശമായിരുന്നുവെന്നും, അതിൽ പിന്നെ അതിന്റെ കീർത്തിക്കും വ്യാപ്തിക്കും കൂടുതൽ മാററം സംഭവിച്ചിരുന്നുവെന്നും സ്പഷ്ടമാകുന്നു.

തക്ഷശിലയുടെ ആതിഥ്യം സ്വീകരിച്ചു കുറെക്കാലം രാജപദവിയോടുകൂടി അവിടെ താമസിച്ചു തിരിച്ചുപോയ അലക്സാണ്ടർ ചക്രവർത്തിക്കുശേഷം, ചില ഗ്രീക്കുകാർ ഇൻഡ്യയെ ആക്രമിക്കുവാൻ ശ്രമിച്ചുവെങ്കിലും, ക്രി. മു. ൩൨൩-ാം വർഷത്തിന്നുശേഷം

* 'സതി' എന്നതുകൊണ്ട് 'ആത്മഹത്യ'യെയാണ് എഴുത്തുകാരൻ വിവക്ഷിച്ചിരിക്കുന്നതെന്നുതോന്നുന്നു.

§ A Guide to Taxila, by Sir John Marshall. p. 9.


പാടലീപുത്രത്തിൽ പ്രൌഢിയോടുകൂടി രാജ്യം വാണിരുന്ന പ്രതാപിയായ ചന്ദ്രഗുപ്തചക്രവത്തിയുടേയും, രാജ്യതന്ത്രവിദഗ്ദ്ധനെന്ന കീത്തിമുദ്രയോടുകൂടിയ മന്ത്രിപുംഗവനായ കൌടില്യന്റേയും കീഴിൽ തക്ഷശില പിന്നേയും വളരെക്കാലം സൈ്വരമായി ഭരിക്കപ്പെട്ടു.

ചന്ദ്രഗുപ്തനുശേഷം, അദ്ദേഹത്തിന്റെ പൌത്രനായ അശോകനും, അശോകന്റെ പുത്രനായ കുനാലനും തക്ഷശിലയിൽ രാജ്യഭാരം ചെയ്കയുണ്ടായി. ഇവരുടെ കാലത്താണ് അവിടെ ആദ്യമായി ബുദ്ധമതം പ്രചരിക്കുവാൻ തുടങ്ങിയതു്. എന്നാൽ, മൌയ്യവംശത്തിന്റെ ശക്തി ക്ഷയിച്ചതോടുകൂടി, പിന്നേയും ഗ്രീക്കുകാരും, പാർഥിയരും, മററുപലരും തക്ഷശിലയെ കൈവശപ്പെടുത്തുവാൻ ശ്രമിച്ചുനോക്കി. ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തോടുകൂടി തക്ഷശില ഈ ബാഹ്യങ്ങളിൽ നിന്നെല്ലാം ഒരിക്കൽ കൂടി മുക്തിയെ പ്രാപിച്ചു. അക്കാലത്തു തക്ഷശിലയെ സന്ദശിച്ച ഫിലോസ്ട്രാററസ് എന്ന ചരിത്രകാരൻ ആ നഗരത്തെക്കുറിച്ചെഴുതിവെച്ചിട്ടുള്ളതു് എത്രയും രസാവഹമായിട്ടുള്ള വിധത്തിലാണ്. ഗാന്ധാരദേശവും അടുത്തുള്ള പ്രദേശങ്ങളും കീഴടക്കി ഭരിച്ചിരുന്ന ഒരു സ്വതന്ത്ര രാജ്യമായിരുന്നു തക്ഷശിലയെന്നും, അക്കാലത്തു അവിടെ ഗ്രീസ്‌രാജ്യത്തിലെ പുരികളിൽ പണിചെയ്തിരുന്നപോലെയുള്ള കോട്ടകളും കൊത്തളങ്ങളും മററും ഉണ്ടായിരുന്നുവെന്നും, അവിടത്തെ വഴി

കൾ ഏതൻസ് നഗരത്തിലുള്ളപോലെ വക്രങ്ങളും ഇടുങ്ങിയവയും, കെട്ടിടങ്ങൾ പൊക്കംകുറഞ്ഞവയും എന്നാൽ നിലവറകളോടുകൂടിയവയും ആയിരുന്നുവെന്നും അദ്ദേഹം എഴുതിയിരിക്കുന്നു*. വിശേഷിച്ചു നഗരത്തിൻെറ നടുവിലായി സൂര്യാച്ചനയ്ക്കുവേണ്ടി പണി ചെയ്തിട്ടുള്ള ഒരു ക്ഷേത്രവും, അതിനു സമീപം ഒരു രാജധാനിയും അവിടെ ഉണ്ടായിരുന്നു. ഈ ക്ഷേത്രത്തിൻെറയും, രാജധാനിയുടേയും ഗംഭീരമായ കോട്ടയുടേയും അടിഭിത്തികൾ, താമ്രനാളയെന്ന നദിയുടെ വലത്തുഭാഗമായി കിടക്കുന്ന സിർകപ്പ് എന്ന പ്രദേശത്തു് ഭൂമിയുടെ അടിയിലായി കിളച്ചു നോക്കിയസമയം കണ്ടെത്തിയിട്ടുണ്ടു്.

ക്രിസ്ത്വബ്ദം രണ്ടാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി രാജ്യപട്ടം ലഭിച്ച കുഷാൻരാജവംശത്തിലെ കനിഷ്കചക്രവത്തിയുടെ കാലത്തും തക്ഷശില ബുദ്ധമതത്തിൻെറ വലിയൊരു കേന്ദ്രസ്ഥാനമായിരുന്നതിന്നു പുറമെ, കൈത്തൊഴിലിലും കച്ചവടത്തിലും മുമ്പെത്തെപ്പോലെതന്നെ സമൃദ്ധിയെ പ്രാപിച്ചുവന്നിരുന്നു. മൂന്നാംനൂററാണ്ടിൻെറ പൂർവ്വാൎദ്ധത്തോടുകൂടി ഈ രാജവംശം ക്ഷയിച്ചുതുടങ്ങിയെങ്കിലും, ഏകദേശം അഞ്ചാംനൂററാണ്ടിൻെറ ആരംഭംവരെ തക്ഷശിലയിലും, അടുത്തുള്ള പഞ്ചാബിലും അതിൻെറ ശക്തി തീരെ നശിക്കാതെ നിന്നു പോന്നിരുന്നു. എന്നാൽ ക്രി

* A Guide to Taxila, by Sir John Marshall, p. 15.



ഹുയൺസാങ്

(ചിത്രകാരൻ: അർദ്ധേന്ദുകുമാർബാനർജി.)

സ്തൂപങ്ങളും ൪൦൦-ാം വഷത്തിൽ തക്ഷശിലയെ സന്ദർശി ച്ച ഫാഹിയാൻ എന്ന ചീനക്കാരൻ, ആ പ്രദേശത്തു് അനേകം സ്തൂപങ്ങൾ കണ്ടതായിട്ടല്ലാതെ, വിശേഷി ച്ചൊന്നും പറഞ്ഞിട്ടില്ല. ഒടുവിൽ, ൪൫൦-ാമാണ്ടോടു കൂടി, മദ്ധ്യഏഷ്യയിൽനിന്നു പുറപ്പെട്ടു്, കണ്ടതെല്ലാം കൊള്ള ചെയ്തുകൊണ്ടു്, ഹിന്തുസ്ഥാനത്തിൽ വന്നു കയറിയ ചില ഹൂണവർഗ്ഗക്കാരുടെ കൈയ്യിൽപെട്ടു തക്ഷശില ഒട്ടേറെ കഷ്ടത്തിലായി. അതിനുശേഷം ആ മഹാപുരിയെക്കുറിച്ചു് അധികമൊന്നും കേൾക്കു വാനും ഇടവന്നിട്ടില്ല.

൬൩൦-ൽ, ചീനാരാജ്യത്തുനിന്നു വന്ന വേറൊരു പരിവ്രാജകനായ ഹ്യുയൺസാങ് അന്നത്തെ തക്ഷശിലയുടെ അവസ്ഥയെക്കുറിച്ചു് ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇവിടെ അനേകം സംഘാരാമങ്ങളുണ്ടെങ്കിലും അവ മിക്കതും ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞുപോയിരിക്കുന്നു. ശേഷമുള്ളവയിൽ ചില സന്ന്യാസിമാർ മഹായാനശാസ്ത്രങ്ങൾ പഠിച്ചുകൊണ്ടു താമസിക്കുന്നുണ്ടു്. ഭൂമി ഫലപ്രദവും, അനേകം ചെറുനദികളാൽ ചുററപ്പെട്ടതുമാകുന്നു. കാലാവസ്ഥ എത്രയും സുഖവാസയോഗ്യമായിട്ടുള്ളതാണു്. ഇവിടെ അശോകചക്രവത്തി സ്ഥാപിച്ചിട്ടുള്ളതായ വളരെ സ്തൂപങ്ങളും ഉണ്ടു്. കുനാലന്റെ സ്തൂപം എത്രയും വിശേഷമായിട്ടുള്ളതാണു്. കണ്ണില്ലാത്തവർ ഇവിടെ വന്നാൽ കാഴ്ച ലഭിക്കും. * * * ഇവിടെ

എല്ലാവരും ത്രിരത്നങ്ങളെ ആരാധിച്ചുവരുന്നുണ്ട്"*.

൩.

ഇങ്ങനെ ഏകദേശം ഒരായിരം സംവത്സരത്തിലധികകാലം അതി പ്രൌഢിയോടുകൂടി കഴിഞ്ഞിരുന്ന തക്ഷശിലയെക്കുറിച്ച്, പിന്നെ കേട്ടുതുടങ്ങിയതു് ഈയ്യിടെയാണ്. കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധം ഒട്ടു പകുതിവരെ തക്ഷശില എന്നാൽ എന്തോ എവിടെയോ എന്ന് ആരും അറിഞ്ഞിരുന്നില്ല. എന്നാൽ, ഇപ്പോൾ ഗവർമ്മേണ്ടിന്റെയും മററു പലരുടേയും ഉത്സാഹത്തിൽ ആ പുരാണപുരിയെ ഒരിക്കൽകൂടി ഭൂമിയുടെ അടിയിൽനിന്നു് ഉയർത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

മലവാരങ്ങളും പുഴവെള്ളങ്ങളും ഉൾപ്പെടെ തക്ഷശിലയ്ക്കു് ഏകദേശം പതിനഞ്ചു നാഴിക ചുററളവുകാണും. ഇവിടെ പണ്ടുകാലങ്ങളിൽ മൂന്നു പ്രധാന നഗരങ്ങളും ഓരോ നഗരത്തിൽ ഓരോകാലത്തു പണിചെയ്യിട്ടുള്ളതായ ഓരോ ചെങ്കോട്ടയും ഉണ്ടായിരുന്നു. തമ്രാനാളയുടെ ഇടത്തുപുറമായി അറുപതെഴുപതടി ഉയരത്തിൽ പരന്നുകിടക്കുന്ന വീർമുടി† എന്നപ്രദേശത്താണ് ആദ്യത്തെ കോട്ട ഉണ്ടായിരുന്നതു്. ഈ കോട്ട ഗ്രീക്കുകാർ വരുന്നതിന്നും വളരെ

* Beal's Buddhist Records of the Western World. Vol. I. pp. 136–143.

† Bhir Mound.

ശതാബ്ദങ്ങൾക്കു മുമ്പുതന്നെ പണിചെയ്യപ്പെട്ടിരുന്നുവെന്നു സർ. ജോൺ മാർഷൽ പറയുന്നു*. ഇതിന്ന് ആകെ ൩,൬൩൦ അടി നീളവും, ൨,൪൩൦ അടി വീതിയും ഉണ്ടു്. വീർമുടിയുടെ വടക്കെ അതിർത്തിയിൽക്കൂടി നേരെ വടക്കോട്ടു തിരിഞ്ഞൊഴുകുന്ന താമ്രനാളയുടെ കിഴക്കുപുറെ ആയിട്ടാണു സിർകപ്പ് എന്ന രണ്ടാമത്തെ ചെങ്കോട്ട പണിചെയ്തിട്ടുള്ളതു്. ഈ കോട്ടയുടെ ഗംഭീരങ്ങളായ പുറംമതിലുകളുടേയും കിടങ്ങുകളുടേയും അവശിഷ്ടങ്ങൾ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു. ഏകദേശം ൬൦൦൦ വാര നീളവും, ൨൦ അടിയിൽ കൂടുതൽ വണ്ണവുമുള്ള ഈ മതിലുകൾ ക്രി. മു. ൨൦൦-ാം വർഷത്തിന്നു മുമ്പു പണി ചെയ്തിട്ടുള്ളവയാണു്. ഈ കോട്ടയുടെ നടുവിലായി ഒരു കൊട്ടാരവും, കൊട്ടാരത്തിൽനിന്നു് അല്പം അകലെ തെക്കുപടിഞ്ഞാറായി ഒരു ക്ഷേത്രവും കുളവും ഉണ്ടായിരുന്നു. ഇവയുടേയെല്ലാം അവശിഷ്ടങ്ങൾ ഇപ്പൊഴും അവിടെ കാണാം.

സിർകപ്പ് നഗരത്തിൽനിന്നു് അല്പം അകലെയായി കഷ്ടിച്ചു കാൽനാഴിക വിസ്താരത്തിൽ ഒരു പഴയ മൺകോട്ടയുണ്ടു്. ഇതിനെ അവിടെയുള്ളവർ കച്ചകോട്ട† എന്നാണു പറഞ്ഞുവരുന്നതു്. ഈ കച്ചകോട്ടയുടെ വടക്കുഭാഗത്തായി അഗ്നിയെ ആരാധിക്കുവാനുപയോഗിച്ചിരുന്ന ഒരു ക്ഷേത്രമുണ്ടായിരുന്നു. അതി

* Archaeological Report—1912-13. p. 2.
† Kachcha Kot.

ൻെറ അടിഭിത്തികൾ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെയെല്ലാം വടക്കുവശമായൊഴുകുന്ന ലുണ്ഡി നാളയുടെ വലത്തുഭാഗമായിട്ടാകുന്നു ഷിർഷുക് എന്ന മൂന്നാമത്തെ കോട്ട. ഈ ചെങ്കോട്ട കുഷാൻരാജവംശക്കാരുടെ കാലത്തു പണിചെയ്യിട്ടുള്ളതാകകൊണ്ട് അതിൻെറ അവശിഷ്ടങ്ങളിൽ പലതും ഇപ്പോഴും നശിക്കാതെ കിടപ്പുണ്ട്. ഇതിൻെറ ആകെ ചുററളവു മൂന്നു നാഴികയിൽ കുറയാതെകണ്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

ഈ പറഞ്ഞ കോട്ടകളുടേയും നഗരങ്ങളുടേയും തെക്കുകിഴക്കുഭാഗംകൊണ്ടു വളഞ്ഞുകിടക്കുന്ന വെൺമലകളുടെ താഴ്വാരങ്ങളിലും പരപ്പുകളിലുമായി അനവധി പഴയ സ്തൂപങ്ങളും, സന്ന്യാസിമഠങ്ങളും, കുഗ്രാമങ്ങളും ഉണ്ടായിരുന്നു. ഇവയുടെ അവശിഷ്ടങ്ങളിൽ ഒട്ടധികവും ഇപ്പോൾ ഭൂമിയുടെ അടിയിൽ കണ്ടുകിട്ടിയിട്ടുണ്ട്. സന്ന്യാസിമഠങ്ങളിൽ മിക്കവയും ബുദ്ധമതക്കാരുടേതായിരുന്നുവെന്നാണ് ഊഹിച്ചുവരുന്നതു്. മരിച്ചുപോയവരുടെ അസ്ഥികൾ അളുക്കുകളിലാക്കി കുഴിച്ചിട്ടിട്ടുള്ള സ്ഥലത്ത് ഒരു പ്രത്യേകരീതിയിൽ പണിചെയ്യിട്ടുള്ള കൽമാടങ്ങൾക്കാകുന്നു സ്തൂപങ്ങളെന്നു പറയുന്നതു്. ഇത്തരം സ്തൂപങ്ങൾ വലുതും ചെറുതുമായി തക്ഷശിലയിൽ മാത്രമല്ല, ബുദ്ധമതം ശക്തിയായി പ്രചരിച്ചിട്ടുള്ള എല്ലായിടങ്ങളിലും കാണാവുന്നതാണ്. ഇന്നും ബുദ്ധസന്ന്യാസിമാരുടെ നി

ത്ഥാനത്തിന്നശേഷം ഇങ്ങിനെ ചെയ്തുവരിക പതിവുള്ളതുകൊണ്ടു്, തക്ഷശിലയിൽ കാണുന്ന സ്തൂപങ്ങൾ മുഴുവൻ ബുദ്ധമതക്കാർ പണിചെയ്തിട്ടുള്ളതാണെന്നു വിചാരിക്കാം.

ഇവിടെയുള്ള സ്തൂപങ്ങളിൽ വലുപ്പംകൊണ്ടും പഴക്കംകൊണ്ടും ഏററവും പ്രധാനമായിട്ടുള്ളതു്, ഒന്നു കുനാലന്റെ സ്തൂപവും, മറെറാന്നു ധമ്മരാജികസ്തൂപവുമാകുന്നു. കുനാലൻ അശോകചക്രവത്തിക്കു് ആദ്യത്തെ പട്ടമഹിഷിയിൽജനിച്ച പുത്രനാണു്. ഇദ്ദേഹം കുറെ കാലം തക്ഷശിലയിലെ രാജാവായിവാണിരുന്നു. മാതാവിന്റെ മരണശേഷം, ഏതോകാരണവശാൽ, രണ്ടാമത്തെ പട്ടമഹിഷിക്കു കുനാലന്റെ പേരിലുണ്ടായിരുന്ന നീരസംനിമിത്തം, ഒരിക്കൽ രാജാവറിയാതെ ചാരന്മാരെ അയച്ചു രാജകുമാരന്റെ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചുവെന്നും, ഒടുവിൽ എങ്ങനേയോ ഈ വത്തമാനം അറിഞ്ഞു്, അശോകൻ പുത്രന്റെ കണ്ണുകൾ പൊട്ടിച്ച സ്ഥലത്തു് ഒരു സ്തൂപം പണിതുതീത്തുവെന്നും, അതിൽപിന്നെ അന്ധന്മാരായിട്ടുള്ളവർ അവിടെ ചെന്നാൽ അവക്കു കാഴ്ച ലഭിച്ചിരുന്നു എന്നുമാണു കഥ*.

ഇപ്പോൾ ധമ്മരാജികസ്തൂപമിരിക്കുന്ന സ്ഥലം ആദ്യം—ഏകദേശം രണ്ടായിരത്തിമുന്നൂറു സംവത്സ

* Beal's Buddhist Records of the Western World Vol. I. pp. 139-143.

Watter's Yuan Chwang. pp. 145-148.

രങ്ങൾക്കു മുമ്പ്— ഒരു കുഗ്രാമമായിരുന്നുവെന്നും, അതിന്റെ അടിയിൽനിന്ന് അലക്സാന്ദർക്കുശേഷം ജീവിച്ചിരുന്ന ഒരു ഗ്രീക്കുചക്രവർത്തിയുടെ കുറെ നാണയങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടെന്നും അറിയുന്നു*. അവിടത്തെ പ്രധാനസ്തൂപത്തിന്റെ ചുററും, കേരളത്തിൽ ക്ഷേത്രത്തിന്റെ ചുററുമുള്ള ബലിക്കല്ലുകൾപോലെ, വളരെ ചെറുസ്തൂപങ്ങളുണ്ടു്. ഈ സ്തൂപങ്ങളെല്ലാം ഓരോരുത്തരുടെ സ്മാരകമായി പണിചെയ്തിട്ടുള്ളവയാണ്. ഇവ ഓരോന്നിന്റേയും അടിയിൽ അസ്തികൾ സൂക്ഷിച്ചിട്ടുള്ള അളുക്കുകളിൽ അവയോന്നിച്ചു സ്വർണ്ണം, മുത്തു്, പവിഴം തുടങ്ങിയ വിലപിടിച്ച ദ്രവ്യങ്ങളും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. ഉദാഹരണത്തിന്നായി, ഈ സ്തൂപങ്ങളിൽ ഒന്നിൻ § കടന്നു നോക്കാം. പുറമെ കൽകൊണ്ടു പടുത്തുകെട്ടിയിട്ടുള്ള ഒരു തരം കൽമാടമാണ് സ്തൂപം എന്നു പറഞ്ഞുവല്ലോ. ചില സ്തൂപങ്ങളുടെ അകത്തു നാലുമൂലയിലും ചിരാതുപോലെയുള്ള ഓരോ മൺവിളക്കു വെച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഈ സ്തൂപത്തിൽ അങ്ങനെ വിളക്കുകളില്ല. അകത്തു് ഏകദേശം ആറടി താഴെയായി ചാരനിറത്തിൽ ഒരു തരം കുമ്മായം ചേർത്തുണ്ടാക്കിയ ഒരു ചെറിയ സ്തൂപവും, നാലംഗുലം പൊക്കത്തിൽ പിച്ചള കൊണ്ടുണ്ടാക്കിയ ഒരു അളുക്കും അവിടെ ഉണ്ടു്. ഈ

* Archaeological Report-1912-13. p. 10.

§ Stupa B[6]. A Guide to Taxila. p. 40.

അളുക്കിൻെറ അകത്തു് ഒന്നര അംഗുലം പൊക്കത്തിൽ വെള്ളികൊണ്ടു സ്തൂപാകൃതിയിൽ പണിചെയ്തിട്ടുള്ള വേറെ ഒരളുക്കും, അതിൻെറയും അകത്തായി കത്തിക്കരിഞ്ഞ അല്പം അസ്ഥിയും ചാരവും, കുറച്ചു് സ്വൎണ്ണം, മുത്തു്, ഗോമേദം ഇവയും സൂക്ഷിച്ചിരിക്കുന്നു. സ്തൂപത്തിൻെറ അകത്തു മാണിക്യം അല്ലെങ്കിൽ പത്മരാഗം, സ്ഫടികം, ഗോമേദം, പീതമണി, സൎപ്പമണി, സൂൎയ്യകാന്തം, പുഷ്യരാഗം, ഗോമേദകം, ശിലാധാതു, ശുക്തിവധു, കാചം അല്ലെങ്കിൽ അഭ്രം, ഇവയും നീലം, മുദ്ഗരകതം, ഹരിതം എന്നീവൎണ്ണങ്ങളിലുള്ള മണിവിശേഷങ്ങളും, കുറെ അസ്ഥിയും കാണുന്നുണ്ടു്. ഇതുപോലെ മററു സ്തൂപങ്ങളിലും വിലപിടിച്ച അനേകം സാധനങ്ങൾ കാണാം. ഒരു സ്തൂപത്തിൻെറ അകത്തുനിന്നു കുറെ പ്രവാളവും കണ്ടുകിട്ടിയിട്ടുണ്ടു്.

ഇവക്കെല്ലാം പുറമെ, തക്ഷശിലയിലെ സ്ത്രീപുരുഷന്മാർ ഉപയോഗിച്ചിരുന്നതായ ചില ആഭരണങ്ങളും സിർകഫ് നഗരത്തിലെ നിലവറകൾക്കടിയിൽ നിന്നു കിട്ടിയിരിക്കുന്നു. ഇവയുടെ രൂപവും തരവും മററും കണ്ടുതന്നെ അറിയേണ്ടതാണു്. സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും ഇന്നുണ്ടാക്കി ഉപയോഗിച്ചുവരുന്ന ആഭരണങ്ങളിൽ, തരിവള, പുലിനഖമോതിരം, പൂമോതിരം, പിരിയഞ്ചങ്ങല, ഉരുണ്ടതോല്, ഉരുണ്ട ഏലസ്സു്, സ്വൎണ്ണംകൊണ്ടുള്ള മുത്തുമാല, കാതില എന്നീ ആഭരണങ്ങൾ, ഇരുപതിരുപത്തിരണ്ടു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ തക്ഷശിലയിലെ സ്ത്രീ

പുരുഷന്മാരും, ബാലികാബാലന്മാരും ഉപയോഗിച്ചു വന്നിരുന്നു. ഇവയ്ക്കു പുറമെ വേറെയും അനവധിതരത്തിലുള്ള ആഭരണങ്ങളുണ്ട്.

തക്ഷശിലയിൽനിന്നു കിട്ടിയിട്ടുള്ള ആയുധങ്ങളും പാത്രങ്ങളും പല ആകൃതിയിലും വലിപ്പത്തിലുമുള്ളവയാണ്. ഓരോരിടങ്ങളിൽനിന്നു കിട്ടിയ നാണയങ്ങൾതന്നെ ഒരയ്മ്പതുതരത്തിലുണ്ടാവും. വിശേഷിച്ച്, മണ്ണുകൊണ്ടും കല്ലുകൊണ്ടും പണിചെയ്തിട്ടുള്ള .ബുദ്ധന്റെ വിഗ്രഹങ്ങളും, ഗ്രീക്കുകാരുടേയും പാർഥീയരുടേയും മററും രൂപങ്ങളും അനവധിയുണ്ട്. ഇവയെല്ലാം അവിടെ ഉണ്ടായിരുന്നവരുടെ കലാവൈദഗ്ധ്യത്തേയും പരിശ്രമശീലത്തേയുമല്ലെങ്കിൽ പിന്നെ എന്തിനേയാണു സൂചിപ്പിക്കുന്നത്?

അക്കാലത്തു തക്ഷശിലയിൽ എഴുത്തും വായനയും നടപ്പുണ്ടായിരുന്നുവെന്നതിന്നു സ്വർണ്ണത്തകിടിലും, ചെമ്പുപട്ടയത്തിലും, അവിടത്തെ ഭിത്തികളിലും എഴുതിവെച്ചിട്ടുള്ള ലിഖിതങ്ങൾ ലക്ഷ്യങ്ങളാകുന്നു. ക്രിസ്ത്വബ്ദത്തിന്നു നാന്നൂറോ അഞ്ഞൂറോ വർഷങ്ങൾക്കു മുമ്പു നടപ്പുണ്ടായിരുന്ന ഒരുതരം അറമൈക് ലിപിയിലുള്ള ഒരു ശിലാലിഖിതം ഇയ്യിടെ തക്ഷശിലയിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. അറമൈക് ലിപിയിലുള്ള ലിഖിതങ്ങൾ ഇതേവരെ ഇൻഡ്യയിൽ മറെറാരേടത്തും കാണപ്പെട്ടിട്ടില്ല. തക്ഷശിലയിലെ ഏററവും പുരാതനനഗരിയായ വീർമുടിയിൽനിന്നു കിട്ടിയ

പഴയ നാണയങ്ങളും*, സ്വർണ്ണാഭരണങ്ങളും, മുത്ത്, പവിഴം തുടങ്ങിയ വിലപിടിച്ച മററുദ്രവ്യങ്ങളും തക്ഷശിലയുടെ പഴമയെപ്പോലെതന്നെ, അവിടത്തെ സമ്പൽസമൃദ്ധിയേയും ധാരാളം സൂചിപ്പിക്കുന്നുണ്ട്.

ഇനി, തക്ഷശിലയിലെ വിദ്യാഭ്യാസരീതിയേയും, അവിടെ പഠിച്ചു താമസിച്ചിരുന്ന വിദ്യാർത്ഥികളുടെ ജീവിതസമ്പ്രദായത്തേയും കുറിച്ചുകുറെ ചിലതാലോചിക്കാം.

൪.

തക്ഷശിലയെ പ്രത്യേകിച്ചൊരു വിദ്യാഭ്യാസകേന്ദ്രമായി പറഞ്ഞിട്ടുള്ളതു ബുദ്ധന്റെ പൂർവ്വജന്മവൃത്താന്തങ്ങളടങ്ങിയ ജാതകകഥകളിലാണെന്ന് ഈ ലേഖനത്തിന്റെ ആരംഭത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഈ കഥകൾ, ഏകദേശം രണ്ടായിരത്തഞ്ഞൂറു സംവത്സരങ്ങൾക്കു മുമ്പു തിരുഅവതാരം ചെയ്തരുളിയ ശാക്യമുനിയുടെ ഓരോരോ പൂർവ്വജന്മവൃത്താന്തങ്ങളെ, അദ്ദേഹംതന്നെ തന്റെ ശിഷ്യന്മാരോടു പറഞ്ഞിരിക്കുന്നവിധത്തിൽ, പിന്നീടു സംഗ്രഹിച്ചു പാലിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളവയാകുന്നു¶. ഇവയെ ആരാണു സംഗ്രഹിച്ചതെന്നോ, എന്നാണ് എഴുതിത്തീർത്തതെന്നോ ആർക്കും അറിഞ്ഞുകൂട. എന്നാൽ

* Punch-marked Coins.

¶ ഈ കഥകൾ മുഴുവൻ ഏഴു ഗ്രന്ഥങ്ങളിലായി വി. ഫൌസ്ബോൾ എന്ന സായ്പിന്റെ പ്രസാധകത്വത്തിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. (Pali Text Society, London).

അശോകചക്രവൎത്തിയുടെ കാലത്തു്, അതായതു ക്രി. മു. മൂന്നാം ശതാബ്ദത്തിൽ, ബാർഹുടസ്തൂപത്തിലെ കൊത്തുപണികളുടെ കൂട്ടത്തിൽ പണിചെയ്തുകാണുന്ന ന്യഗ്രോധമൃഗജാതകം, കുരുംഗമൃഗജാതകം, കൎക്കടജാതകം, സന്ധിഭേദജാതകം, ദശരഥജാതകം, മഹാജനകജാതകം തുടങ്ങിയ* ജാതകകഥകൾ, അവ അശോകചക്രവൎത്തിക്കു മുമ്പേതന്നെ നടപ്പുണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്നു. വിശേഷിച്ചു കാശി, കോസല, വിദേഹ, മദ്ര, പാഞ്ചാല, കലിംഗ, കുരു എന്നീ ചെറുരാജ്യങ്ങളേയും രാജാക്കന്മാരേയും കുറിച്ചല്ലാതെ, വലിയ സാമ്രാജ്യങ്ങളേയോ ചക്രവൎത്തിമാരേയോ സംബന്ധിച്ചു് ഒന്നുംതന്നെ ജാതകകഥകളിൽ പറഞ്ഞുകാണാത്തതുകൊണ്ടു്, ഇവയിൽ വിവരിച്ചിരിക്കുന്ന സംഗതികൾ അധികവും ക്രി. മു. മൂന്നാംശതാബ്ദത്തിന്നു മുമ്പു നടന്നവയാണെന്നു വിചാരിപ്പാനാണ് അധികം വഴിയുള്ളതു്. അങ്ങനെയാണെങ്കിൽ, തക്ഷശില ക്രിസ്ത്വബ്ദത്തിന്നു നാനൂറോ അഞ്ഞൂറോ വൎഷങ്ങൾക്കു മുമ്പേതന്നെ വലിയൊരു വിദ്യാഭ്യാസകേന്ദ്രമായിരുന്നുവെന്നു പറവാൻ വിരോധമില്ല.

കാശി, കോസല, മിഥില, ഉജ്ജയിനി, രാജഗൃഹം, കുരു തുടങ്ങിയ ദൂരദേശങ്ങളിൽനിന്നു നാനാതരത്തിലും നാനാജാതിയിലുമുള്ള വിദ്യാൎത്ഥികൾ വിദ്യാഭ്യാസപരിപൂൎത്തിക്കായി തക്ഷശിലയിൽ പോയിരുന്നുവെന്നു ജാതകകഥകളിൽ കാണുന്നു. മൂന്നുവേദങ്ങ

* Rhys David's Buddhist India. p. 209.

ളിലും, പതിനെട്ടു ശില്പങ്ങളിലും പരിപൂർണ്ണമായ പരിജ്ഞാനമുണ്ടാകേണമെങ്കിൽ, തക്ഷശിലയിൽ പോയാലേ മതിയാവുകയുള്ളു വെന്നുകൂടി അന്നത്തെ വിദ്യാൎത്ഥികൾ വിചാരിച്ചിരുന്നുവെന്നു തോന്നും. വഴിക്കുള്ള ബുദ്ധിമുട്ടുകളാകട്ടെ, അവിടെ ചെന്നാലത്തെ അദ്ധ്വാനങ്ങളാകട്ടെ വകവെക്കാതെ സ്വന്തം കുട്ടികളെ ദൂരദിക്കുകളിലേക്കയക്കുവാൻ മാതാപിതാക്കന്മാൎക്കുണ്ടായിരുന്ന ഉത്സാഹം, കുട്ടികൾക്കു വിദ്യാഭ്യാസത്തിലുണ്ടായിരുന്ന ശുഷ്കാന്തിയോളംതന്നെ ഉണ്ടായിരുന്നുവെന്നുവേണം പറയുവാൻ. ഒരു കുടയും, ഒരുജോടിപാദുകവും, കുറെ വസ്ത്രവും, ഗുരുദക്ഷിണയ്ക്കുള്ള ആയിരം പണവും മാത്രമേ രാജകുമാരന്മാരായാൽ കൂടിയും തക്ഷശിലയിലേക്കു പോവുന്നസമയം കൊടുത്തയച്ചിരുന്നുള്ളു. ഒരുദിവസം, ഇരുട്ടത്തു് ഏതാ ഒരു ബ്രാഹ്മണനുമായി അറിയാതെ കൂട്ടിമുട്ടി, അയാളുടെ കമണ്ഡലു താഴെവീണുപൊട്ടിയസമയം ആ ബ്രാഹ്മണൻ നിന്നു കരയുന്നതുകണ്ടിട്ടു്, കാശിരാജാവിന്റെ ഒരു പുത്രൻ: "നിങ്ങൾക്കു് ഒരുനേരത്തെ ഭക്ഷണത്തിന്നുള്ള വക തരുവാൻപോലും എനിക്കിപ്പോൾ പ്രാപ്തിയില്ല; ഞാൻ രാജാവാവുന്ന സമയം, കാശിയിൽ വന്നാൽ, അപ്പോൾ വേണ്ടതു ചെയ്തുതരാം," എന്നു പറഞ്ഞു് അദ്ദേഹത്തെ സമാധാനപ്പെടുത്തിയതായി കാണുന്നു (ജാതകകഥ, ൪൭൨).

തക്ഷശിലയിൽ രണ്ടു തരത്തിലുള്ള വിദ്യാൎത്ഥികളുണ്ടായിരുന്നു. ഒരുകൂട്ടർ ഗുരുദക്ഷിണയായി ആയിരം

പണവും കൊടുത്തു ഗുരുഗൃഹത്തിൽ പഠിച്ചുതാമസിച്ചിരുന്നവരും, അതിന്ന പ്രാപ്തിയില്ലാത്ത മററൊരു കൂട്ടർ പകൽസമയം ഗുരുഗൃഹത്തിൽ ജോലിയെടുത്തു മററുസമയങ്ങളിൽ പഠിച്ചുവന്നിരുന്നവരും ആയിരുന്നു (ജാ. കഥ, ൨൫൨). വേറെവില രാജകുമാരന്മാരുടെ വേഴ്ചയ്ക്കു് അവരൊരുമിച്ചു തക്ഷശിലയിൽപോയി പഠിച്ചിരുന്നു (ജാ. കഥ, ൫൬൦); ചിലരെ ഗവർമ്മെണ്ടു വക ചിലവിൽ തക്ഷശിലയിലേക്കയച്ചു പഠിപ്പിച്ചും, പഠിത്തം കഴിഞ്ഞുവന്നാൽ സ്ഥിരമായ ശമ്പളത്തിൽ ഒരു ഗവർമ്മെണ്ടുദ്യോഗത്തിൽ നിയമിച്ചും വന്നിരുന്നു (ജാ. കഥ, ൫൨൨). "ഗുരുദക്ഷിണയ്ക്കുള്ള പണം വിദ്യാഭ്യാസം കഴിഞ്ഞിട്ടു ന്യായമായ വല്ലവിധത്തിലും സമ്പാദിച്ചു കൊണ്ടുവന്നു തരാം." എന്നു പറഞ്ഞുകൊണ്ടു തക്ഷശിലയിലേക്കു ചെന്ന ഒരു ബ്രാഹ്മണകുമാരന്നും അവിടെ പഠിച്ചുതാമസിക്കുന്നതിന്ന വിരോധമുണ്ടായിരുന്നില്ല (ജാ. കഥ, ൪൭൮). ഇങ്ങനെ, വിദ്യാഭ്യാസം ചെയ്യാൻ കൊള്ളാമെന്നു വിചാരിക്കുന്നവർക്കൊക്കെ അക്കാലത്തു തക്ഷശിലയിൽ പോയാൽ അതിന്ന സൌകര്യമായിരുന്നു എന്നു തന്നെ വേണം പറവാൻ.

ക്ഷത്രിയർക്കും ബ്രാഹ്മണർക്കും മാത്രമല്ല, ശൂദ്രർക്കും വൈശ്യർക്കും തക്ഷശിലയിൽ പ്രവേശമുണ്ടായിരുന്നു (ജാ. കഥ, ൪൪൩). എന്നാൽ ചണ്ഡാലന്മാർക്ക് അക്കാലത്തും വേദം പഠിക്കുവാനോ പഠിപ്പിക്കുവാനോ അധികാരമുണ്ടായിരുന്നില്ല. ഇതിനെക്കുറിച്ചു ചിത്തസംഭൂതജാതകത്തിൽ (കഥ, ൪൯൮) ഒരു കഥയുണ്ടു് രണ്ടു

ചണ്ഡാലബാലന്മാർ ഒരിക്കൽ ബ്രഹ്മചാരികളുടെ വേഷവും ധരിച്ചു ചില ബ്രാഹ്മണകുമാരന്മാരൊരുമിച്ചു തക്ഷശിലയിൽ ചെന്നു വിദ്യാഭ്യാസം ചെയ്തുവന്നു എന്നും, അങ്ങനെ ഇരിക്കുമ്പോൾ ഒരിക്കൽ ആകസ്മികമായി അവരിൽ ഒരുവന്റെ നാവിൽനിന്നു ചണ്ഡാലഭാഷ അറിയാതെ പുറപ്പെട്ടുപോയി എന്നും, അതു കേട്ടു മററുള്ളവൎക്കു സംശയം തോന്നുകയാൽ അവനെയും അവന്റെ ചങ്ങാതിയേയും ആട്ടി പുറത്തുകളഞ്ഞുവെന്നും ആണ് അതിൽ കാണുന്നതു്.

തക്ഷശിലയിൽ പഠിച്ചുതാമസിച്ചിരുന്ന വിദ്യാൎത്ഥികൾ അധികംപേരും ഗുരുഗൃഹങ്ങളിൽ തന്നെയാണു കഴിച്ചിരുന്നതു്. എന്നാൽ ചിലർ സ്വന്തം ഗൃഹങ്ങളിൽ താമസിച്ചു് അദ്ധ്യയനസമയങ്ങളിൽ മാത്രം ഗുരുവിന്റെ അടുക്കലേക്കുവരികയും പതിവുണ്ടായിരുന്നു (ജാ. കഥ,൪൭൭). അനദ്ധ്യായദിവസങ്ങളിൽ ചിലപ്പോൾ ഇവർ അടുത്തുള്ള നഗരങ്ങളിലേക്കോ ഗ്രാമങ്ങളിലേക്കോ അവിടെയുള്ളവരുടെ ക്ഷണനമനുസരിച്ചു പോവും; ചിലദിവസം സമീപമുള്ള മലകളിലോ കാടുകളിലോ ആശ്രമത്തിലേക്കു വിറകുകൊണ്ടുവരുവാനും പോക പതിവുണ്ടു്. ഒരിക്കൽ മററുള്ളവരെല്ലാം വിറകുവെട്ടി ശേഖരിക്കുമ്പോൾ, ഒരു മടിയൻ അവരാരും കാണാതെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു മുണ്ടുംവിരിച്ചു് ഉറക്കമായി. എല്ലാവരും വിറകുകൾ കെട്ടിയെടുത്തു് ആശ്രമത്തിലേക്കു പോരുന്നവഴി ഉറങ്ങിക്കിടന്നിരുന്ന ചങ്ങാതിയെ കണ്ടുവെങ്കിലും,

തട്ടിയുണർത്തി അയാളോടുകൂടാതെ കടന്നുപോയതായി ഒരു കഥയിൽ പറഞ്ഞിരിക്കുന്നു (ജാ. കഥ, ൧൦). തക്ഷശിലയിൽ അത്യാവശ്യം ദണ്ഡനീതിയും നടത്തിവന്നിരുന്നുവെന്നു പറയാം. ഒരു രാജകുമാരൻ, പതിവായി പുഴയിൽ കുളിക്കുവാൻ പോവുന്നസമയം, ഏതോ ഒരു സ്ത്രീ ഉണക്കുവാനിട്ടിരുന്ന എള്ളിൽനിന്നു് ഓരോപിടി വാരിത്തിന്നിരുന്നുവെന്ന കുററത്തിന്നു്, ഗുരുവിൻെറ ആജ്ഞപ്രകാരം, വേറെ രണ്ടു ശിഷ്യന്മാർ കുമാരൻെറ കൈകൾ രണ്ടും പിടിച്ചുകെട്ടി ഓരോ പിടിക്കു് ഓരോ അടിവീതം അടിച്ചുവിട്ടതായി തിലമുഷ്ടിജാതകത്തിൽ (ജാ. കഥ, ൨൫൨) കാണുന്നുണ്ടു്.

തക്ഷശിലയിൽ പഠിപ്പിച്ചിരുന്ന പ്രധാനവിഷയങ്ങൾ മൂന്നു വേദങ്ങളും പതിനെട്ടു വിദ്യകളുമായിരുന്നുവെന്നും, ഇവയെ ലോകപ്രസിദ്ധരായ ഗുരുജനങ്ങളിൽനിന്നു ഗ്രഹിക്കുവാൻ വേണ്ടിയാണു് ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ അവിടെ പോയിരുന്നതെന്നും മുമ്പുപറഞ്ഞുവല്ലൊ (ജാ. കഥകൾ, ൧൩൯, ൩൫൦, ൪൬൨, ൫൪൫.). വേദങ്ങൾ ഋക്'വേദം, യജുർവ്വേദം, സാമവേദം ഇവയാണെന്നൂഹിക്കാമെങ്കിലും, വിദ്യകൾ ഏതെല്ലാമായിരുന്നുവെന്നു ജാതകകഥകളിൽനിന്നു മുഴുവൻവ്യക്തമാവുന്നില്ല. എന്നാൽ ഇവയിൽ ഒന്നു ധനുർവ്വിദ്യയായിരുന്നുവെന്നു പഞ്ചായുധജാതകത്തിൽനിന്നും, ശരഭംഗജാതകത്തിൽ നിന്നും (ജാ. കഥകൾ, ൫൫, ൫൨൨), മറെറാന്നു് ആയുർവ്വിദ്യയായിരുന്നുവെന്നു മഹാവഗ്ഗത്തിലെ വിനയപിടക

ത്തിൽ നിന്നും (വ്യ. ൩) നമുക്കറിയാം. ഇവയ്ക്കുപുറമെ, പലേവിധത്തിലുള്ള മന്ത്രങ്ങളും തന്ത്രങ്ങളും കൂടി തക്ഷശിലയിൽ പഠിപ്പിച്ചിരുന്നുവെന്നാണു പറയേണ്ടതു്. ഹസ്തിസൂക്തം (ജാ. കഥ, ൧൬൩), മൃത്യുത്ഥാപനമന്ത്രം (ജാ. കഥ, ൧൫൦), നിധ്യുദ്ധാരണമന്ത്രം (ജാ. കഥ, ൩൩൬), ആലംബനമന്ത്രം (ജാ. കഥ, ൫൦൬) തുടങ്ങിയ മന്ത്രജാലങ്ങളെക്കുറിച്ചും ജാതകകഥകളിൽ വിവരിച്ചുകാണുന്നുണ്ടു്.

ഈ വക വിദ്യകളെ അഭ്യസിപ്പിക്കുവാനും, വേദശാസ്ത്രങ്ങളെ അദ്ധ്യയനം ചെയ്യിപ്പിക്കുവാനും മററുമായി അവിടെ പ്രത്യേകം പ്രത്യേകം ആചാര്യന്മാരും, അവക്കു താമസിക്കുന്നതിന്നു വേറെവേറെ ആശ്രമസ്ഥാനങ്ങളും ഉണ്ടായിരുന്നു. നാമസിദ്ധിജാതകത്തിന്റെ (കഥ, ൯൭) തുടക്കത്തിൽ തക്ഷശിലയിൽ ഒരിക്കൽ ബോധിസത്വൻ എന്ന ഗുരുവിന്റെ കീഴിൽ അഞ്ഞൂറു വിദ്യാർത്ഥികൾ വേദം മാത്രം പഠിച്ചു താമസിച്ചിരുന്നതായി കാണുന്നുണ്ടു്. വരണജാതകത്തിൽ (കഥ, ൭൧) പ്രസിദ്ധനായ ഒരു ആചാര്യൻ കുറെ വിദ്യാർത്ഥികളെ ശില്പവിദ്യ മാത്രം അഭ്യസിപ്പിച്ചിരുന്നതായും, ശരഭംഗജാതകത്തിൽ വേറെ ഒരാചാര്യൻ അസ്ത്രവിദ്യമാത്രം ഉപദേശിച്ചിരുന്നതായും കാണുന്നു. ഇങ്ങനെ മറെറാരോരോ വിദ്യകൾക്കും തക്ഷശിലയിൽ ഓരോരോ ആചാര്യന്മാരുണ്ടായിരുന്നുവെന്നു വിചാരിക്കാം.

തക്ഷശിലയിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ

എല്ലാവരും സാത്വികബുദ്ധിയോടുകൂടിയവരായിരുന്നുവെന്നു പറയുന്നതു വാസ്തവമായിരിക്കയില്ല. വികൃതികളും, നിർദ്ദയന്മാരുമായ വിദ്യാർത്ഥികളും അവിടെ ഉണ്ടായിരുന്നു (ജാ. കഥകൾ, ൧൧൧, ൧൫൨). എന്നാൽ ഇവരെ പാകത്തിനു ശിക്ഷിക്കുവാനും രക്ഷിക്കുവാനും തക്ക പ്രാപ്തിയുള്ള അദ്ധ്യാപകന്മാരും അവിടെ ഇല്ലായിരുന്നുവെന്നില്ല. ഒരിക്കൽ ഒരു രാജകുമാരൻ, എള്ളുകട്ട കേസ്സിനു തല്ലുകൊണ്ടസമയം, "ഇതിന്നു ഞാൻ രാജാവാവുമ്പോൾ പകരം ചോദിച്ചോളാം"മെന്നു ഗുരുവിന്റെ നേർക്കു വീരവാദം നടിച്ചതായി തിലമുഷ്ടിജാതകത്തിൽ കാണുന്നുണ്ടു്. വേറെ ഒരു ജാതകത്തിൽ, ദുഷ്ടനായ ഒരു ബ്രാഹ്മണയുവാവു യാത്രപറഞ്ഞു സ്വഗൃഹത്തിലേക്കു പോവുന്ന സമയം, കരുണാർദ്രചിത്തനായ ഗുരു: "അല്ലയോ വത്സ! ദ്രോഹിയും സാഹസിയുമായവക്കു് ഈ ലോകത്തിൽ വിനാശവും ദുഃഖവുമാണു ഫലം; നീ ഇങ്ങനെയുള്ള പ്രവൃത്തികൾകൊണ്ടു മേലിൽ ഒരിക്കലും പശ്ചാത്താപത്തിന്നിടവരുത്തരുതു്!" എന്നു് അനുഗ്രഹിച്ചയച്ചതായി കാണുന്നു.

തക്ഷശിലയിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന രാജകുമാരന്മാർ*പിന്നീടു പ്രജാക്ഷേമതല്പരന്മാരായി നീതിയോടുകൂടി രാജ്യപരിപാലനം ചെയ്തുപോന്നതായി കാണാം (ജാ. കഥകൾ, ൧൦൦, ൧൫൧,

* സാധാരണ ൧൬-ാമത്തെ വയസ്സിലാണു കുട്ടികൾ വിദ്യാഭ്യാസത്തിന്നായി തക്ഷശിലയിൽ പോയിരുന്നതു്.

൯൮൯, ൫൭൨). ചിലവിദ്യാൎത്ഥികൾ വിദ്യാഭ്യാസാനന്തരം വിധിപോലെ ഗൃഹസ്ഥാശ്രമം സ്വീകരിച്ചതായും (ജാ. കഥ, ൫൯൭), മററു ചിലർ സൎവ്വസംഗപരിത്യാഗികളായി ഹിമാലയത്തിൽപോയി തപസ്സുചെയ്തിരുന്നതായും കാണുന്നു. (ജാ. കഥകൾ. ൯൮, ൯൯, ൯൮൩, ൧൬൩ ൯൭൦,). ചിലർ വിദ്യാഭ്യാസം കഴിഞ്ഞു ലോകപരിജ്ഞാനത്തിന്നുവേണ്ടി ദിക്സഞ്ചാരം ചെയ്തിരുന്നതായിട്ടും, വേറെ ചിലർ പഠിച്ച വിദ്യകൾ മററുള്ളവരെ പഠിപ്പിച്ചുകൊണ്ടിരുന്നതായിട്ടും കാണുന്നുണ്ട് (ജാ. കഥകൾ. ൩൫൮, ൫൦൦). പിന്നേയും ചിലർ കുഗ്രാമങ്ങളിലും നഗരങ്ങളിലും സഞ്ചരിച്ചു മന്ത്രവാദം കൊണ്ടു നിത്യവൃത്തി കഴിച്ചും, ചിലർ രാജധാനികളിൽ വലിയവലിയ ഉദ്യോഗങ്ങൾ നോക്കിയും പോന്നിരുന്നു (ജാ. കഥകൾ. ൯൪൦, ൩൦൯; ൫൯൮, ൩൨൬). ദുർല്ലഭം ചിലർ ഗുരുക്കന്മാരെ സഹായിച്ചുകൊണ്ടും, വിദ്യാൎത്ഥികളെ പഠിപ്പിച്ചുകൊണ്ടും തക്ഷശിലയിൽത്തന്നെ കഴിച്ചിരുന്നതായിട്ടും അറിവുണ്ട്.

അക്കാലത്തു ക്ഷത്രിയൎക്ക് വേദാധ്യയനം ചെയ്യുന്നതിന്നും, ബ്രാഹ്മണൎക്ക് ക്ഷത്രധൎമ്മം അനുഷ്ഠിക്കുന്നതിന്നും വിരോധമുണ്ടായിരുന്നില്ലെന്നു ജാതകകഥകളിൽ എവിടെനോക്കിയാലും കാണാം. വൈശ്യരും, ശൂദ്രരും കൂടി വേദമഭ്യസിച്ചിരുന്നതായി കാണുന്നുണ്ട്. വിദ്യാൎത്ഥികൾ തക്ഷശിലയിൽ പോയിവന്നാൽ, അവരവർ പഠിച്ചവിദ്യ പിതാക്കന്മാരെ കാണിച്ചുകൊടു

ക്കേണമെന്നായിരുന്നു അക്കാലത്തെ നിശ്ചയം. ഗവൎമ്മെണ്ടു ചിലവിന്മേലാണ് അവിടെപ്പോയി പഠിച്ചിരുന്നതെങ്കിൽ, താൻ പഠിച്ചതെന്താണെന്നു രാജാവിനേയും രാജ്യത്തുള്ളവരേയും കാണിച്ചുകൊടുക്കണം. സമൎത്ഥന്മാരായ വിദ്യാൎത്ഥികൾക്കു ഗുരുക്കന്മാർതന്നെ സമ്മാനം കൊടുത്തു മാനിച്ചയച്ചിരുന്നു. ശരഭംഗജാതകത്തിൽ ഒരു വിദ്യാൎത്ഥിക്കു ഗുരുവിന്റെ അടുക്കൽനിന്ന് ഒരു ഖഡ്ഗരത്നം, ഒരു ശൃംഗധനുസ്സ്, ഒരു തൂണ്ണീകം, ഒരു കഞ്ചുകം, ഒരു ഉഷ്ണീഷം എന്നിവ ലഭിച്ചതായി കാണുന്നു. പഞ്ചായുധജാതകത്തിലും ഇതുപോലെ ഒരു കുട്ടിക്ക് അഞ്ചായുധങ്ങൾ സമ്മാനം കിട്ടിയതായി കാണുന്നുണ്ട്.

തക്ഷശിലയിൽ പോയി വിദ്യാഭ്യാസം കഴിഞ്ഞു വന്ന ഒരു കുട്ടിയുടെ ആയുധപരീക്ഷയെക്കുറിച്ചു ശരഭംഗജാതകത്തിൽനിന്നു ചിലതു മനസ്സിലാക്കാം. ഗുരുവിന്റെ അടുക്കൽനിന്നുതന്നെ ധനുൎവ്വിദ്യയിൽ വിദഗ്ദ്ധനെന്ന ബിരുദം സമ്പാദിച്ചു സ്വദേശത്തേക്കു മടങ്ങിവന്ന ബോധിസത്വൻ കാശിരാജാവിന്റെ പുരോഹിതപുത്രനായിരുന്നു. തക്ഷശിലയിൽനിന്നു മടങ്ങിവന്ന ഉടനെ, ദിവസം ആയിരം പണം ശമ്പളത്തിൽ ആ യുവാവു രാജാവിന്റെ ദേഹരക്ഷകനായി നിയമിക്കപ്പെട്ടു. ഒരു ദിവസം, ബോധിസത്വന്റെ ആയുധപരീക്ഷ കാണ്മാനായി രാജാവു നാട്ടിലുള്ളവരെയെല്ലാം പെരുമ്പറയടിച്ചറിയിച്ചു വരുത്തി. നാട്ടാൎക്കു പുറമെ, രാജാവിന്റെ ൬൦,൦൦൦ വില്ലാളികളും യുദ്ധ

കളത്തിൽ വെയ്യാറായി. എല്ലാവരും ആ വില്ലാളി യുടെ ധനുർവ്വിദ്യയിലുള്ള അപരിമിതമായ സാമൎത്ഥ്യം കണ്ടു് ആശ്ചൎയ്യഭരിതരായെന്നു പറഞ്ഞാൽ കഴിഞ്ഞു വല്ലോ. അക്ഷണവേധി, ബാല (വാല) വേധി, ശബ്ദവേധി, ശരവേധി എന്നീ നാലു വില്ലാളിത്തലവന്മാരെ നാലുമൂലയിലും നിൎത്തി നടുക്കുനിന്നിരുന്ന ഈ യുവാവിന്റെമേൽ ശരവൎഷം ചെയ്യിപ്പിച്ച സമയം, ഒരു മുറിപോലും ശരീരത്തിലേല്ക്കാതെ വന്നുവീണിരുന്ന ശരങ്ങൾ മുഴുവൻ മുറിച്ചുവീഴ്ത്തി എന്നുതന്നെയല്ല, പിന്നീടു് ഒരസ്ത്രംകൊണ്ടു നാലു മൂലയിലും നിന്നിരുന്ന നാലുപേരുടേയും കഥ കഴിക്കത്തക്ക സാമൎത്ഥ്യവും ബോധിസത്വൻ ആ യുദ്ധക്കളത്തിൽ പ്രദൎശിപ്പിച്ചു. ഇതിനു പുറമെ, ശരയഷ്ടി, ശരരജ്ജു, ശരവേണി, ശരപ്രാസാദം, ശരമണ്ഡപം, ശരസോപാനം, ശരപുഷ്കരണി, ശരപത്മം, ശരവൎഷം തുടങ്ങി വില്ലും അമ്പുംകൊണ്ടു് എന്തൊക്കെക്കാണിക്കാമോ അതൊക്കെ ആ ബ്രാഹ്മണയുവാവു പൊതുജനസമക്ഷം കാണിച്ചുകൊടുത്തതായും കാണുന്നുണ്ടു്. പഞ്ചായുധജാതകത്തിൽ ഒരു യക്ഷനെ കൊല്ലുവാനായി ബോധിസത്വൻ വജ്രായുധം പ്രയോഗിച്ചതായിട്ടും പറഞ്ഞിരിക്കുന്നു.

ഒരിക്കൽ സഞ്ജീവൻ എന്ന ഒരു കുട്ടി മൃത്യുത്ഥാപനമന്ത്രം പഠിക്കുവാനായി തക്ഷശിലയിലേക്കു പോയിരുന്നു. അയാൾ അവിടെ പഠിച്ചു താമസിച്ചിരുന്ന കാലത്തു് ഒരു ദിവസം മററു കുട്ടികളൊരുമിച്ചു വിറകു വെട്ടുവാനായി കാട്ടിലേക്കു പുറപ്പെട്ടു. പോവുംവഴി ഒ

ു മരത്തിന്റെ ചുവട്ടിൽ ഒരു പുലി ചത്തുകിടക്കുന്ന കണ്ടിട്ട്, "ഇതിനെ ഞാൻ ജീവിപ്പിക്കാം", എന്നു മ റ്റുള്ളവരുടെ നേക്കുനോക്കി വീമ്പു നടിച്ചു. "അതു തന്നേകൊണ്ടാവില്ല", എന്നു പറഞ്ഞു ചങ്ങാതിമാർ വകവെക്കാതെ, നടന്നുതുടങ്ങിയപ്പോൾ, "എന്നാൽ നോക്കിക്കൊള്ളു." എന്നും പറഞ്ഞു, ആചാൎയ്യൻ ഗുരു ഉപദേശിച്ചു കൊടുത്ത മന്ത്രവും ജപിച്ചു ഒരു കല്ലെടുത്തു ആ പുലിയുടെ മേലിട്ടു. ഒന്നിച്ചുണ്ടായിരുന്നവരെല്ലാം ഒരു നിമിഷംകൊണ്ടു എവിടേയോ ഓടി രക്ഷയെ പ്രാപിച്ചു. ചത്തതിനെ ജീവിപ്പിക്കുവാനുള്ള പോലെ, ജീവിപ്പിച്ചതിനെ കൊല്ലുവാനുള്ള മന്ത്രം അഭ്യസിച്ചിട്ടില്ലായിരുന്നതുകൊണ്ടു, സഞ്ജീവൻമാത്രം ചത്തെഴുന്നേറ്റ ആ പുലിക്കിരയായിത്തീൎന്നു (സഞ്ജീവജാതകം, ൧൫൦).

ചമ്പേയ്യജാതകത്തിൽ (ജാ. കഥ ൫൦൬) ഒരു ബ്രാഹ്മണകുമാരൻ ആലംബനമന്ത്രം അഭ്യസിച്ചു പാമ്പാട്ടിയായി ഉപജീവനം കഴിച്ചുപോന്നിരുന്നതായി കാണുന്നു. വേറെ ഒരു യുവാവു ഹസ്തിസൂക്തം അഭ്യസിച്ചു സുഷീമൻ എന്ന ഒരു രാജാവിന്റെ കൊട്ടാരത്തിൽ ആനപ്പട ഏല്പെട്ടത്തിയതായും കാണുന്നുണ്ടു (സുഷീമജാതകം, ൧൬൩). ഒരിക്കൽ ഒരു കുച്ചവടക്കാരന്റേയും ഒരു തുന്നക്കാരന്റേയും പുത്രന്മാർ വിദ്യാഭ്യാസപരിപൂൎത്തിക്കായി തക്ഷശിലയിൽ പോയതായിട്ടും, വിദ്യാഭ്യാസംകഴിഞ്ഞു ലോകപരിചയം സിദ്ധിപ്പാനായി അന്യരാജ്യങ്ങളിൽ യാത്ര

ചെയ്തിരുന്നതായിട്ടും ന്യഗ്രോധജാതകത്തിൽനിന്നറിയാം (കഥ, ൪൪൫). ഒരു ബ്രാഹ്മണയുവാവു വിദ്യാഭ്യാസാനന്തരം ദേശസഞ്ചാരത്തിനായി പുറപ്പെട്ടു് ആന്ധ്രദേശംവരെ സഞ്ചരിച്ചതായി വേറെ ഒരു കഥയിൽനിന്നും അറിയുന്നുണ്ടു് (ഭീമസേനജാതകം, ൮൰)

ദിസാപാമോക്ഷൻ എന്ന പ്രസിദ്ധനായ ഭിഷഗ്വരനേയും അദ്ദേഹത്തിന്റെ ശിഷ്യൻ ജീവകൻ എന്ന രാജകുമാരനേയും കുറിച്ചു മഹാവഗ്ഗത്തിൽ* പറഞ്ഞിട്ടുള്ളതു പ്രസിദ്ധമാണല്ലോ. ഇദ്ദേഹം ഏകദേശം ൩൨൦൦ നാഴിക കിഴക്കുകിടക്കുന്ന രാജഗൃഹം എന്ന സ്ഥലത്തുനിന്നാണു തക്ഷശിലയിൽ വന്നിട്ടുള്ളതു്. ബുദ്ധന്റെ സമകാലീനനായ പ്രസേനജിത് എന്ന രാജാവു കോസലരാജ്യത്തുനിന്നു തക്ഷശിലയിൽ പോയി പഠിച്ചിരുന്നതായി ധമ്മപദ അത്ഥകഥയിൽ കാണുന്നുണ്ടു്†. ഒരിക്കൽ കൌരവദേശത്തിലെ സുതസോമൻ എന്ന രാജകുമാരൻ തക്ഷശിലയിലേക്കു പോകുംവഴി ഒരു സ്ഥലത്തിരുന്നു വിശ്രമിക്കുന്നസമയം, കാശിരാജ്യത്തിലെ ബ്രഹ്മദത്തൻ എന്ന രാജകുമാരൻ അവിടെ ചെന്നതായും, രണ്ടുപേരും അന്യോന്യം അറിഞ്ഞു സന്തോഷിച്ചു തക്ഷശിലയിൽപോയി ഒരുമിച്ചു വിദ്യാഭ്യാസം നടത്തിവന്നതായും മഹാസുതസോമജാതകത്തിൽ പറഞ്ഞി

* Fick's Social Organisation—(Calcutta University) p. 96.

† Rhys David's Buddhist India. p. 8.

രിക്കുന്നു (കഥ, ൩൩൨). "പണ്ടുകാലങ്ങളിൽ, സ്വന്തം രാജ്യത്തു യോഗ്യന്മാരായ ആചാൎയ്യന്മാരുണ്ടായിരുന്നാൽക്കൂടിയും, രാജകുമാരന്മാരെ മഴയും വെയിലും സഹിച്ച്, മദവും മാത്സൎയ്യവും തീൎന്ന ശരിയായ ലോകപരിജ്ഞാനവുമുള്ളവരായി കാണുന്നതിന്ന്, അവരുടെ അച്ഛനമ്മമാർ അവരെ ദൂരദിക്കുകളിലേക്കയച്ചു വിദ്യാഭ്യാസം ചെയ്യിച്ചുവന്നിരുന്നു"വെന്നു തിലമുഷ്ടിജാതകത്തിൽ പറഞ്ഞിട്ടുണ്ട്. ഇതു വാസ്തവമാണെങ്കിൽ, അന്നത്തെ വിദ്യാഭ്യാസരീതിയെക്കുറിച്ചു മാത്രമല്ല, വിദ്യാഭ്യാസത്തിൽ അന്നുള്ളവൎക്കുണ്ടായിരുന്ന ശ്രദ്ധാന്തിയെക്കുറിച്ചുകൂടി നമുക്കു ധാരാളം അഭിമാനിപ്പാൻ അവകാശമുണ്ട്.

# ൨. നാളന്ദ.

## ൧.

ആറോ ഏഴോ വൎഷകാലം ഫൽഗുനദിയുടെ തീരത്തുള്ള ഒരു അരയാലിൻചുവട്ടിൽ യോഗനിഷ്ഠയിലിരുന്നിരുന്ന ശാക്യമുനി, പിന്നീട്ട ധൎമ്മോപദേശം ചെയ്തുകൊണ്ടു രാജഗൃഹം, നാളന്ദ, പാടലിപുത്രം, വൈശാലി, കപിലവസ്തു, ശ്രാവസ്തി തുടങ്ങിയ ദൂരദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നകാലത്തു്, നാളന്ദ ഒരു ചെറിയ ഗ്രാമവും, അവിടത്തെ ഗ്രാമവാസികൾ വളരെ ധൎമ്മതല്പരന്മാരും ആയിരുന്നുവെന്നു കേൾക്കുന്നുണ്ടു്. ഈ സംഭവം നടന്നതു് ഏകദേശം ൨൫ നൂറ്റാണ്ടുകൾക്കുമുമ്പാണു്. അതിൽപിന്നെ, രാജഗൃഹത്തിൽനിന്നു പാടലിപുത്രത്തിലേക്കും, പാടലിപുത്രത്തിൽനിന്നു രാജഗൃഹത്തിലേക്കും സഞ്ചരിച്ചുകൊണ്ടിരുന്ന രാജദൂതന്മാരുടെയും ചില വഴിയാത്രക്കാരുടെയും വിശ്രമസ്ഥലമായിരുന്നുവെന്നല്ലാതെ, വളരെക്കാലത്തേക്കു തക്ഷശിലയെപ്പോലെയുള്ള മഹിമയൊന്നും ഈ ചെറിയ ഗ്രാമത്തിന്നു സിദ്ധിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്ത്വബ്ദം ഏകദേശം നാലാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ചില പണ്ഡിതന്മാർ നാളന്ദയിൽപോയി താമസിച്ചിരുന്നതായും, അവരിൽ ചിലർ അവിടെവെച്ചു ചില ഗ്രന്ഥങ്ങൾ

നിർമ്മിച്ചതായും അറിവുണ്ട്. നാഗാർജ്ജുനന്റെ ശിഷ്യനായ ആര്യദേവൻ നാളന്ദയിൽ താമസിച്ചിരുന്ന ഒരിടയ്ക്കു മാദ്ധ്യമകബ്രഹ്മഗാഥ എന്നൊരു ഗ്രന്ഥം നിർമ്മിച്ചതായി ഒരു തിബത്ത്യൻഗ്രന്ഥവരിയിൽ കാണുന്നുണ്ട്; എന്നാല്ലാതെ, അക്കാലത്തു് അവിടെ വിദ്യാർത്ഥികൾപോയി പഠിച്ചിരുന്നതായിട്ടൊന്നും അറിവില്ല. ക്രിസ്ത്വബ്ദം അഞ്ചാം നൂററാണ്ടിന്റെ ആരംഭത്തിൽ ചീനരാജ്യത്തുനിന്നു വന്ന ഫാഹിയാൻ എന്ന പരിവ്രാജകൻ രാജഗൃഹത്തിന്നും പാടലിപുത്രത്തിന്നും നടുക്കു നാളൊ എന്നൊരു ഗ്രാമവും, അവിടെ ബുദ്ധശിഷ്യനായ ശാരീപുത്രന്റെ സ്മാരകമായി പണി ചെയ്യിട്ടുള്ള ഒരു ഗോപുരവും ഉണ്ടായിരുന്നു എന്നുമാത്രമേ പറഞ്ഞിട്ടുള്ളു. അക്കാലത്തു് അതു ധാരാളം ജനങ്ങൾ വന്നും പോയുംകൊണ്ടിരുന്ന ഒരു പ്രദേശമായിരുന്നുവെന്നു വിചാരിക്കാം. ആറാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി ഗുപ്തരാജവംശത്തിൽപെട്ട നരസിംഹഗുപ്തബാലാദിത്യൻ എന്ന രാജാവു നാളന്ദയിൽ അതിവിശേഷമായ ഒരു ക്ഷേത്രം പണിചെയ്യിച്ചു ബുദ്ധസന്യാസിമാരുടെ ആവശ്യത്തിലേക്കായി ദാനംചെയ്യുകയുണ്ടായി അതിൽപിന്നെയാണു് ഒരു കാലം ശാക്യമുനിയുടെ പാദരേണുക്കളാൽ പരിപാവനമാക്കപ്പെട്ട ആ ഗ്രാമം ക്രമേണ ഏഷ്യാഭൂഖണ്ഡത്തിലെ ഒരു പ്രധാനപുണ്യസ്ഥലമായിത്തീൎന്നതു്.

ക്രിസ്ത്വബ്ദം ൬൨൯-ൽ, ഭാരതഭൂമിയിലെ പു



സർവ്വാദ്ധ്യക്ഷൻ ദീപങ്കര ശ്രീജ്ഞാനനും,
തിബത്ത്യൻ വിദ്യാർത്ഥിയും.

(ചിത്രകാരൻ: മണിഭൂഷണഗുപ്ത.)

ണ്യക്ഷേത്രങ്ങൾ സന്ദർശിക്കുവാനായി ചീനാരാജ്യത്തു നിന്നു പുറപ്പെട്ട ഒരു തീർത്ഥവാസിയായ ഹ്യൂയൻസ്യാങ്, ൬൩൦-൪൦-ാമാണ്ടിടയ്ക്കു് ഒരിക്കൽ നാളന്ദയിൽ വരികയുണ്ടായി. അക്കാലത്തു നാളന്ദ മഗധാരാജ്യത്തിലെ ഏറ്റവും വലിയ ഒരു വിദ്യാഭ്യാസകേന്ദ്രമായിരുന്നുവെന്നും, യോഗ്യന്മാരായ അനേകം സന്ന്യാസിമാരും പണ്ഡിതന്മാരും അവിടെ സ്ഥിരതാമസക്കാരായിട്ടുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്*. ശീലഭദ്രൻ എന്ന ഒരു പണ്ഡിതന്റെ കീഴിൽ ഈ ചീനക്കാരൻ കുറെ കാലം അവിടെ സംസ്കൃതം പഠിച്ചു താമസിച്ചിരുന്നതായിട്ടും അയാളുടെ എഴുത്തുകളിൽനിന്നറിയാവുന്നതാണു്.

ക്രിസ്ത്വബ്ദം ൬൭൧-ൽ, ഇൻഡ്യയിലെ ഗൃധ്രകൂടവും, ബോധിദ്രുമവും കാണുവാനായി ഇറ്റ്സിങ് എന്ന വേറെ ഒരു പരിവ്രാജകൻ ചീനാരാജ്യത്തു നിന്നു പുറപ്പെടുകയുണ്ടായി. അദ്ദേഹം ൬൭൫-ാമാണ്ടോടുകൂടി നാളന്ദയിൽ വന്നുചേർന്നു. അദ്ദേഹവും സംസ്കൃതം പഠിച്ചുകൊണ്ടും, സംസ്കൃതഗ്രന്ഥങ്ങൾ പകർത്തിക്കൊണ്ടും ഏകദേശം പത്തു സംവത്സരകാലം നാളന്ദയിൽ താമസിച്ചു എന്നാണറിയുന്നതു്. ചീനാരാജ്യത്തേക്കു മടങ്ങിപ്പോകുന്ന സമയം സ്വന്തം കൈകൊണ്ടു പകർത്തിയ ത്രിപിടകശാസ്ത്രത്തിലെ ൪൦൦ ഗ്രന്ഥങ്ങൾ (ആകെ ൫,൦൦,൦൦൦ ശ്ലോകങ്ങൾ) ഇറ്റ്സിങ് കൊണ്ടുപോയതായും, അവയിൽ ൫൬ ഗ്ര

* Watter's Yuan Chwang, Vol. II, pp. 164-165

ന്ഥങ്ങളോളം അയാൾതന്നെ പരിഭാഷപ്പെടുത്തിയതായും ഒരിടത്തു പറഞ്ഞിട്ടുണ്ടു്"*.

ഈ രണ്ടു ചീനക്കാരും ഇൻഡ്യയിൽ അവരവർ സന്ദർശിച്ച ഓരോരോ ദേശങ്ങളെക്കുറിച്ചും എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നു നമുക്കു് ആക്കാലത്തെ പല സംഗതികളും അറിവാൻ കഴിയുന്നുണ്ടു്. അക്കൂട്ടത്തിൽ അവർ പഠിച്ചു താമസിച്ചിരുന്ന നാളന്ദാമഹാവിദ്യാലയത്തിന്റെ സ്ഥിതിയും ഗതിയും കൂടി ഇന്നപ്രകാരമായിരുന്നുവെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു്, ഇൻഡ്യയിലെ മറെറാരു വിശ്വവിദ്യാലയത്തെക്കുറിച്ചുകൂടി നമുക്കു് അല്പം ചിലതറിയാറായി. എട്ടാം നൂററാണ്ടുമുതൽ ബങ്കാൾ രാജ്യം വാണിരുന്ന പാലരാജാക്കന്മാരുടെ മേൽനോട്ടത്തിലും ഈ മഹാവിദ്യാലയം ഒരുവിധം നടന്നുവന്നു. എന്നാൽ ഒമ്പതാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തോടുകൂടി നാളന്ദയേയോ അവിടത്തെ വിദ്യാലയത്തേയോ കുറിച്ചു നാമധികമൊന്നും കേൾക്കാതെകണ്ടായി†.

തക്ഷശിലയെപ്പോലെ നാളന്ദ വലിയൊരു നഗരവും വാണിഭസ്ഥലവും അല്ലായിരുന്നു. അവിടത്തെപ്പോലെ കോട്ടകളുടേയും, കൊത്തളങ്ങളുടേയും, മററു യുദ്ധസാമഗ്രികളുടേയും അവശിഷ്ടങ്ങൾ കണ്ടുകിട്ടു

* A Record of the Buddhist Practices by Itsing. (Introduction), p. 37.

† History of Indian Logic by Babu Satis Chandra Vidyabhusan, p 515.

വാൻ നാളന്ദ ഒരു യുദ്ധക്കളവും ആയിരുന്നില്ല. ആര്യാവൎത്തത്തിൻെറ എത്രയോ കിഴക്കുകിടക്കുന്ന മഗധദേശത്തിലുള്ള 'ചെറിയൊരു കന്നംപ്രദേശത്തു്', നഗരവീഥികളിൽനിന്നെല്ലാം വളരെ അകലെയായി സ്ഥാപിച്ചിട്ടുള്ള നാളന്ദാവിദ്യാലയത്തെ ആക്രമിച്ചിട്ടു ഗ്രീക്കുകാൎക്കോ പെൎഷ്യൻകാൎക്കോ ആവശ്യമുണ്ടായില്ല. ലോകപ്രസിദ്ധരായ ചില പണ്ഡിതന്മാരുടേയും, വിദ്യാഭ്യാസം ചെയ്യാൽ കൊള്ളാമെന്നാഗ്രഹിച്ചിരുന്ന അനവധി വിദ്യാൎത്ഥികളുടേയും, യോഗ്യന്മാരായ ചില സന്യാസിമാരുടേയും വാസസ്ഥലമായിരുന്നതല്ലാതെ, തക്ഷശിലയെപ്പോലെ ചക്രവൎത്തിമാരുടേയോ രാജാക്കന്മാരുടേയോ സാന്നിദ്ധ്യമുണ്ടാവത്തക്ക ഭാഗ്യവും ആ കഗ്രാമത്തിന്നുണ്ടായില്ല. എങ്കിലും, ഇയ്യിടെ നാളന്ദയിൽനിന്നു കണ്ടുകിട്ടിയിട്ടുള്ള അനവധി പഴയ വിഗ്രഹങ്ങളും, പാത്രങ്ങളും, വലിയ ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും, സ്തൂപങ്ങളും ആ ദേശത്തിൻെറ പഴക്കത്തേയും മാഹാത്മ്യത്തേയും കാണിക്കുന്നുണ്ടെന്നുതീൎച്ചതന്നെ. ആ കൂട്ടത്തിൽ "ശ്രീനാളന്ദാമഹാവിഹാരീ ആൎയ്യഭിക്ഷു സംഘസ്യ" എന്ന അക്ഷരങ്ങളും കൊത്തിയിട്ടുള്ള ഒരു വിശേഷമുദ്രകൂടി അവിടെനിന്നു കണ്ടുകിട്ടിയിട്ടുണ്ടു്. അതിൽ ഒരു ധൎമ്മചക്രവും, ഇരുഭാഗങ്ങളിലായി ഓരോ മാനും ഉണ്ടു്. മണ്ണുകൊണ്ടും കല്ലുകൊണ്ടും ഉണ്ടാക്കി മിനുസപ്പെടുത്തിയിട്ടുള്ള ബുദ്ധൻെറ നാനാനിലയിലുള്ള രൂപങ്ങളും, ചില ഹൈന്ദവദേവതകളുടെ വിഗ്രഹങ്ങളും നാളന്ദയിൽ

ന്നിന്ന കിട്ടിയിട്ടുള്ള ചില അപൂൎവ്വവസ്തുക്കളാണു്. നാ മുൻപുന്ന വെച്ചുനാക്കി തരുവാനിടവരുന്നവൎക്കു് ഇതുപോലെ വേറേയും പല പദാൎത്ഥങ്ങൾ അവിടെ ശേഖരിച്ചിട്ടുള്ളതായി കാണാം.

൨

ക്രിസ്ത്വബ്ദം ഏകദേശം ഒമ്പതാം നൂററാണ്ടുവരെ നിലനിന്നുപോന്ന നാളന്ദാ മഹാവിദ്യാലയത്തിന്നു് അടിക്കല്ലിട്ടതു നാഗാൎജ്ജുനൻെറ ശിഷ്യനായ ആൎയ്യദേവനാണെന്നു വിചാരിക്കാമെങ്കിലും*, അഞ്ചാം നൂററാണ്ടിൻെറ ഒടുവിൽ സിംഹാസനാരോഹണം ചെയ്ത നരസിംഹഗുപ്തബാലാദിത്യൻെറ കാലത്തു് അതൊരു വിശ്വവിദ്യാലയമായിത്തീൎന്നിരുന്നുവെന്നു പറവാൻ ധാരാളം വഴിയുണ്ടു്. അദ്ദേഹമായിട്ടു് അവിടെ ഒരു സന്യാസിമഠവും, അതിവിശേഷമായ ഒരു ക്ഷേത്രവും പണിചെയ്യിച്ചു സന്യാസിമാൎക്കു ദാനംചെയ്തതായി അറിവുണ്ടു്. ബാലാദിത്യനു മുമ്പു ജീവിച്ചിരുന്ന ഒന്നോ രണ്ടോ രാജാക്കന്മാർ നാളന്ദയിലെ വിദ്യാലയത്തെക്കുറിച്ചു നിഷ്കൎഷിച്ചിരുന്നതായി ഹ്യയൻസാങ്ങിൻെറ എഴുത്തുകളിൽനിന്നുതന്നെ ഊഹിക്കാം. അദ്ദേഹത്തിന്നു ശേഷവും തെക്കേ ഇൻഡ്യയിലെ ഒരു രാജാവു് അവിടത്തെ വിദ്യാലയത്തിന്നു ചില സംഭാവനകൾ ചെയ്കയുണ്ടായി. ഇററ്സിങ്ങ് നാളന്ദയിൽ താമസിച്ചിരുന്ന

* Indian Teachers of the Buddhist Universities, by Babu P. N. Bose, p. 109.

കാലത്തു് അവിടത്തെ ജന്മമായി ൨൦൦ ഗ്രാമങ്ങളുണ്ടാ യിരുന്നുവെന്നും, അവയെല്ലാം ഓരോരോ രാജാക്കന്മാ രും പ്രഭുക്കന്മാരുമായി സംഭാവന ചെയ്തിട്ടുള്ളവയായി രുന്നുവെന്നും പറഞ്ഞിരിക്കുന്നു*.

ആ സമയം അവിടെ പഠിച്ചിരുന്നവരും പഠിപ്പി ച്ചിരുന്നവരുമായി ആകെ മൂവ്വായിരം മുതൽ മൂവ്വായിര ത്തഞ്ഞൂറുവരെ ജനങ്ങളുണ്ടായിരുന്നു. ഇവക്കു താമ സിക്കുന്നതിന്നു വേണ്ടസൌകര്യങ്ങളെല്ലാം വിദ്യാലയ ത്തിൽനിന്നുതന്നെയായിരുന്നു ചെയ്തുകൊടുത്തിരുന്ന തു്. ഹ്യൂയൻസാങ്ങ് അവിടെ ഇരുന്നിരുന്ന കാലത്തു നാളന്ദയിൽ ആറു വലിയ മഠങ്ങളുണ്ടായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടു്. ഇററ്സിങ്ങ് പഠിച്ചു താമസിച്ചിരു ന്നപ്പോഠം അവിടെ എട്ടു വിശാലമായ പൂമുഖങ്ങളും, ൩൦൦ വലിയ അകങ്ങളും ഉണ്ടായിരുന്നുവത്രെ. എ ല്ലാക്കൊല്ലവും വഷാകാലമാവുന്നതിന്നു മുമ്പു മുറിക ളെല്ലാം വിദ്യാത്ഥികഠംക്കും സന്ന്യാസിമാക്കുമായി പ്ര ത്യേകം വീതിച്ചുകൊടുത്തിരുന്നതുകൊണ്ടു്, കൊല്ലത്തി ലൊരിക്കൽ എല്ലാവക്കും അവരവർ താമസിച്ചിരുന്ന മുറികഠം അന്യോന്യം മാറേണ്ടിവന്നിരുന്നു. പണ്ഡിത ന്മാക്കും യോഗ്യന്മാരായ സന്ന്യാസിമാക്കും താമസിക്കു ന്നതിന്നു പ്രത്യേകം ഇടങ്ങളുണ്ടായിരുന്നു. ഓരോ മുറിയിലും അവരവരക്കുപയോഗിക്കുന്നതിന്നു് ഓരോ ചെമ്പുപാത്രവും, കിടക്കുന്നതിന്നു് ഓരോ പായയും ആശ്രമത്തിൽ നിന്നുതന്നെയായിരുന്നു കൊടുത്തിരു

* A Record of the Buddhist Practices, p. 65

ന്നതു്. അതിഥികൾ വന്നാൽ അവൎക്ക താമസിക്കു ന്നതിന്നായി പ്രത്യേകം സ്ഥലവും അവരെ ശുശ്രൂഷി ക്കുന്നതിന്നു പ്രത്യേകം വിദ്യാൎത്ഥികളും ഉണ്ടായിരുന്നു.

വിദ്യാൎത്ഥികൾ വന്നാൽ ആദ്യത്തെ രാത്രി അതി ഥിശാലയിലാണു കഴിക്കുക പതിവു്. അങ്ങനെ ഒരു ദിവസം വിശ്രമിച്ചു ക്ഷീണം തീൎത്തതിന്നു ശേഷം, ഗുരു വിനെ ചെന്നു കണ്ടു വന്ദിക്കും. ഗുരു ശിഷ്യനെ അനു ഗ്രഹിച്ചു കുശലപ്രശ്നങ്ങൾ ചോദിക്കുന്നതിന്നു പുറമെ, തേനോ, പഞ്ചസാരയോ, മററുവല്ല മധുരപദാൎത്ഥങ്ങ ളോ ഭക്ഷിക്കുവാൻ കൊടുക്കുകയും പതിവാണു്. പു തിയ വിദ്യാൎത്ഥികളാണെങ്കിൽ, അവരെ പരീക്ഷിച്ച തിന്നു ശേഷം മാത്രമേ ആശ്രമത്തിലെ അംഗങ്ങളാ യിച്ചേൎത്തിയിരുന്നുള്ളു. അതിഥികൾക്കു് അഞ്ചുദിവ സം ആശ്രമത്തിൽ നിന്നു ഭക്ഷണത്തിന്നും മററും വേ ണ്ട എല്ലാ ഏൎപ്പാടുകളും ചെയ്തുകൊടുക്കും. പണ്ഡി തന്മാരായിട്ടുള്ളവൎക്ക പ്രത്യേകം ഏൎപ്പാടുകളും ഉണ്ടാ യിരുന്നു. അവിടെ സ്ഥിരമായി താമസിച്ചാൽ കൊ ള്ളാമെന്നു വിചാരിച്ചു വന്നിട്ടുള്ളവരെ, സകല പരീ ക്ഷകളും കഴിച്ചതിന്നു ശേഷം, ആറാം ദിവസം അ വിടത്തെ ഒരംഗമായി പട്ടികയിൽ ചേൎക്കും. അന്നുമു തൽ അവൎക്ക മററുള്ളവരേപ്പോലെ തന്നെ അവിടെ സ്വാതന്ത്ര്യമായി.

തക്ഷശിലയിലുള്ളപോലെ, നാളന്ദയിൽ നദി കളില്ലെങ്കിലും, കുളിക്കുന്നതിന്നു ചെറിയ തടാകങ്ങൾ നിൎമ്മിച്ചിട്ടുണ്ടായിരുന്നു. വിദ്യാലയത്തിൽനിന്നു് ഏു

ക്ദേശം ഒരു യോജന അകലെയായി പത്തു വലിയകു ളങ്ങളും, ഇരുപതോ മുപ്പതോ കുളക്കടവുകളും അക്കാ ലത്തുണ്ടായിരുന്നുവെന്നാണ് ഇററ്സിങ് പറയുന്ന തു്. ഈ തടാകങ്ങളുടെ നാലു കരകളിലും നാല്പതടി ഉയരത്തിലുള്ള സാലവൃക്ഷങ്ങളും, വിദ്യാലയ ത്തിൽ നിന്നു കുളക്കടവുകളിലേക്കു നല്ല വഴികളും ഉ ണ്ടായിരുന്നു. ഇവയിലെ ജലം എല്ലാക്കാലവും നി ൎമ്മലമായിത്തന്നെയാണത്രെ കിടന്നിരുന്നതു്. ഈ കുളങ്ങൾ ഉദാരന്മാരായ ഓരോരോ പ്രഭുക്കന്മാരും രാ ജാക്കന്മാരും ജലദാനമായി വിദ്യാലയത്തിലേക്കു സം ഭാവനചെയ്തിട്ടുള്ളവയായിരുന്നു. കാലംകൊണ്ടു കര കൾ ഇടിഞ്ഞുവീണു നികന്നുതുടങ്ങി എങ്കിലും, അവ യിൽ ചിലതെല്ലാം വിദ്യാലയമിരുന്നിരുന്ന സ്ഥലത്തു നിന്നു് അല്പം അകലെയായി ഇപ്പോഴും കാണാവുന്ന താണു്.

പ്രഭാതമാവുന്നതിന്നു മുമ്പു കുളിക്കുവാനുള്ള മണി യടിച്ചാൽ, ആശ്രമത്തിലുള്ളവരെല്ലാം തടാകങ്ങളിൽ പോയി സ്നാനം ചെയ്യുവരണമെന്നാണ് നിശ്ചയം. നൂറും, ആയിരവും ബ്രഹ്മചാരികൾ ഒരുമിച്ചു കുളിക്കു വാൻ പോകുക പതിവായിരുന്നു*. വിദ്യാൎത്ഥികൾക്കു ഉടുക്കുവാനുള്ള വസ്ത്രവുംകൂടി ആശ്രമത്തിൽ നിന്നാ യിരുന്നു കൊടുത്തിരുന്നതു്. കുളിക്കുന്നസമയം ഉപ യോഗിച്ചിരുന്നതു് അഞ്ചടി നീളവും ഒന്നരടി വീതിയു

* A Record of the Buddhist Practices, p 108.

മുള്ള തുവൎത്തുമുണ്ടായിരുന്നുവെന്ന് ഇററ്സിങ് പറയുന്നു. വിദ്യാൎത്ഥികൾ കുളത്തിൽ കിടന്നു നീന്തരുതെന്നായിരുന്നുവത്രെ നിശ്ചയം. ആവശ്യമുള്ളവൎക്ക് എണ്ണതേച്ചു കുളിക്കുവാനും വിരോധമുണ്ടായിരുന്നില്ല. ദുൎല്ലഭം ചിലർ ആശ്രമത്തിൽ തന്നെ കോരിക്കുളിയും പതിവുണ്ടായിരുന്നു.

നാളന്ദയിലെ വിദ്യാൎത്ഥികൾ ഗുരുക്കന്മാരോടു പെരുമാറിയിരുന്നതും, ഗുരുക്കന്മാൎക്കു വിദ്യാൎത്ഥികളുടെ പേരിലുണ്ടായിരുന്ന ചുമതലയും ഏകദേശം ഇപ്രകാരമാണു്: രാത്രി കിടക്കുന്നതിന്നുമുമ്പും, രാവിലെ എഴുന്നേററു മുഖം കഴുകിയതിന്നുശേഷവും ശിഷ്യൻ ഗുരുവിനെ ചെന്നു വന്ദിക്കണം. ഗുരു ശിഷ്യനെ സമീപത്തിരുത്തി, ത്രിപിടകശാസ്ത്രത്തിൽനിന്ന് ഏതെങ്കിലും ഒരു ഭാഗം വായിച്ച് അതിൻെറ ശരിയായ അൎത്ഥം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. കുട്ടിയുടെ സ്വഭാവം ശരിയായി രൂപീകരിക്കുന്നതിൽ പ്രത്യേകം നിഷ്കൎഷിക്കയും, തെററുകൾ കണ്ടാൽ, അവയെ മേലിൽ ചെയ്യുവാനിടവരാതിരിക്കത്തക്കവിധം പശ്ചാത്താപമുണ്ടാവാൻ വേണ്ടി യഥാവിധി ഉപദേശിക്കുകയും ശിക്ഷിക്കുകയും ചെയ്യേണ്ടതു ഗുരുവിൻെറ ധൎമ്മമാണ്. ശിഷ്യൻ, രാവിലെ ഗുരുവിന്നു പല്ലുതേക്കുവാനായി കോലും വെള്ളവും തെയ്യാറാക്കി, ഗുരു കിടക്കുന്ന മുറിയും മററും അടിച്ചുതളിച്ചു കുളത്തിൽ പോയി കുളി കഴിക്കണം. പിന്നെ ക്ഷേത്രത്തിൽ ചെന്നു പ്രദക്ഷിണം വെച്ചു തൊഴുതു മടങ്ങിവന്നു ഗുരുവിനേയും, അ

ടുത്തു താമസിക്കുന്ന മററു പണ്ഡിതന്മാരേയും വന്ദിച്ച്, അവനവന്റെ മതാനുസാരമായ പ്രാൎത്ഥനകളും നടത്തി മദ്ധ്യാഹ്നമാവുന്നതുവരെ സ്വന്തം പാഠങ്ങൾ പഠിച്ചുകൊണ്ടിരിക്കണം. അതിന്നിടയിൽ ഗുരുവിന്നു വേണ്ടിവരുന്നതായ എല്ലാ ആവശ്യങ്ങളും നിവൎത്തിച്ചുകൊടുക്കേണ്ടതും ശിഷ്യന്റെ ചുമതലയാണ്.

രാവിലെ കുളിയും പ്രാൎത്ഥനയും കഴിഞ്ഞുവന്നാൽ, പാഠം ആരംഭിക്കുന്നതിന്നു മുമ്പു നാളന്ദയിലെ വിദ്യാൎത്ഥികൾ മിതഭക്ഷണമായി കഞ്ഞിയാണു കഴിച്ചിരുന്നതു്. മദ്ധ്യാഹ്നഭക്ഷണം സൂൎയ്യൻ ഉച്ചതിരിയുന്നതിന്നു മുമ്പേ കഴിയണമെന്നു നിശ്ചയമുണ്ട്. അതു കഴിഞ്ഞാൽ പിന്നെ പിറേറന്നാൾ മാത്രമേ അവർ ആഹാരം കഴിച്ചിരുന്നുള്ളു. അക്കാലത്തു് അവിടത്തെ പ്രധാനഭക്ഷണം ഉണക്കലരിയും പരിപ്പും കൂടി വേവിച്ചിട്ടുള്ള "കച്ചൂരി" എന്ന ചോറു, വെണ്ണയുമായിരുന്നു. അതോടുകൂടി അപ്പവും പലേജാതി പഴവും, അവയൊന്നിച്ചു ധാരാളം നെയ്യും പഞ്ചസാരയും കഴിക്കും. ദാഹം തോന്നിയാൽ പച്ചവെള്ളവും കുടിച്ചിരുന്നു. സസ്യഭക്ഷണമേ കഴിക്കാവു എന്നും, ഉള്ളിയാകട്ടെ വേവിക്കാത്ത കായ്കറികളാകട്ടെ കഴിക്കരുതെന്നും നിശ്ചയമുണ്ട്.

നാളന്ദയിൽ രോഗികളെ ചികിത്സിക്കുവാനുള്ള ഏൎപ്പാടുകളും ഉണ്ടായിരുന്നു. ഇററ്സിങ്ങ് അവിടെ വെച്ചു വൈദ്യശാസ്ത്രം അഭ്യസിച്ചിരുന്നുവെന്നും, എന്നാൽ ആ വിഷയത്തിൽ പരിചയിക്കുവാൻ ഇടകി

ട്ടാതിരുന്നതുകൊണ്ട് അതുപേക്ഷിക്കേണ്ടിവന്നുവെന്നും പറഞ്ഞിട്ടുണ്ട്"*.

൩.

നാളന്ദാമഹാവിദ്യാലയത്തിൽ ഉപാസകന്മാരെന്നും, ശ്രമണേരന്മാരെന്നും രണ്ടു തരത്തിലുള്ള വിദ്യാർത്ഥികളുണ്ടായിരുന്നു. ഉപാസകന്മാർ സാധാരണ ബ്രഹ്മചാരികളും, ശ്രമണേരന്മാർ ചെറുപ്പത്തിൽതന്നെ സന്ന്യാസാശ്രമം സ്വീകരിച്ചിട്ടുള്ള യുവാക്കന്മാരുമാണ്. തക്ഷശിലയിലെ വിദ്യാർത്ഥികളെപ്പോലെ ഇവരിൽ ചിലർ ആശ്രമത്തിൽ ജോലിയെടുത്തും, മററു ചിലർ കയ്യിൽനിന്നു ചിലവിന്നുകൊടുത്തും ആയിരുന്നു പഠിച്ചുവന്നിരുന്നതു്.

സൂത്രം, വിനയം, അഭിധമ്മം എന്നീ ത്രിപിടകശാസ്ത്രങ്ങളിലും, വേദാന്തം, ജ്യോതിഷം, വൈദ്യം എന്നീ സാമാന്യശാസ്ത്രങ്ങളിലും അതിവിദഗ്ദ്ധന്മാരായ പണ്ഡിതന്മാർ നാളന്ദയിലുണ്ടായിരുന്നപോലെ അക്കാലത്തു വേറെ എവിടെയെങ്കിലും ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. ഇവരുടെ കീഴിൽ കുറെ കാലം താമസിച്ചു വിദ്യാഭ്യാസം ചെയ്യുവാനായി ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ നിന്നും മാത്രമല്ല, എത്രയോ അകലെ കിടക്കുന്ന ചീനദേശത്തു നിന്നുംകൂടി വിദ്യാർത്ഥികൾ വന്നു ചേർന്നിരുന്നു. ഹുയൻസാങ് ൧൫ മാസത്തോളം അവിടെ സംസ്കൃതം പഠിച്ചു താമ

* A Record of the Buddhist Practices, p 128.

സിദ്ധിരുന്നുവെന്നും*, അക്കാലത്തു് അനേകായിരം വിദ്യാൎത്ഥികളും യോഗ്യന്മാരായ പണ്ഡിതന്മാരും അവിടെ ഉണ്ടായിരുന്നുവെന്നും ആണു് അറിയുന്നതു്. ക്രിസ്ത്വബ്ദം ൬൱൭൫ മുതൽ ൬൱൮൫ വരെ നാളന്ദയിൽ ത്രിപിടകശാസ്ത്രങ്ങൾ അഭ്യസിച്ചു താമസിച്ചിരുന്ന ഇററ്സിങ്, അവിടെ അക്കാലത്തു മൂവ്വായിരം മുതൽ മൂവ്വായിരത്തഞ്ഞൂറുവരെ വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും ഉണ്ടായിരുന്നുവെന്നു പറഞ്ഞിട്ടുള്ളതു് ഒട്ടും അവാസ്തവമായി വിചാരിപ്പാൻ ന്യായമില്ല§. ഇതിലധികംപേൎക്കു സുഖമായി താമസിക്കത്തക്ക സ്ഥലങ്ങൾ അവിടെ ഉണ്ടായിരുന്നുവെന്നതിന്നു ഭൂമിയുടെ അടിയിൽനിന്നു് ഇതുവരെ കിട്ടിയിട്ടുള്ള രേഖകൾതന്നെ മതിയായ തെളിവുകളാണു്. ഇവക്കുപുറമെ, സമതടം (കിഴക്കേബങ്കാളം), കാമരൂപം (ആസാം), കാഞ്ചീപുരം, ആന്ധ്രദേശം, ഉജ്ജയിനി തുടങ്ങിയ മറുദേശങ്ങളിൽനിന്നും വിദ്യാൎത്ഥികൾ നാളന്ദയിൽ പോയി പഠിച്ചിരുന്നതായിട്ടറിവുണ്ടു്. അവിടത്തെ വിദ്യാൎത്ഥികളുടെ കൂട്ടത്തിൽ രാജകുമാരന്മാരും ഉണ്ടായിരുന്നു. ഹുയൻസാങ്ങിന്റെ ഗുരുവും, അക്കാലത്തു നാളന്ദയിലെ മേലദ്ധ്യക്ഷനുമായിരുന്ന ശീലഭദ്രൻ സമതടത്തിലെ രാജകുമാരനായിരുന്നുവെന്നും, അദ്ദേഹം ചെറു

* History of Indian Logic p. 514.

§ A Record of Buddhist Practices, (introduction). p 65.

പ്പം മുതൽക്കേ വിദ്യാഭ്യാസം ചെയ്തിരുന്നത് അവിടെ യായിരുന്നുവെന്നും ഹ്യൂയൻസാങ് പറയുന്നുണ്ട് *.

നാളന്ദയിൽ ഇടക്കിടയ്ക്കു വിദ്യാൎത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും യോഗങ്ങൾ കൂടുക പതിവുണ്ട്. പഠിച്ച വിഷയങ്ങളെക്കുറിച്ചു വിചിന്തനം ചെയ്വാൻ ഇതിലും നന്നായിട്ടു വേറെ ഒരു മാൎഗ്ഗമില്ല. അവിടത്തെ വിദ്യാൎത്ഥികൾ ബുദ്ധിക്കു ദൃഢതയും മനസ്സിന്നു ലാഘവവും ഉള്ളവരായിരുന്നു. ഇത്തരം യോഗങ്ങൾ, ചില സമയം തെററുചെയ്ത വിദ്യാൎത്ഥികളേയും സന്യാസിമാരേയും വിസ്തരിക്കുവാൻ കൂടി ഉപയോഗിച്ചിരുന്നുവെന്നാണറിയുന്നത്. കുററം സമ്മതിച്ചു ക്ഷമായാചനം ചെയ്യേണമെന്നായിരുന്നുവത്രെ നിശ്ചയം. അങ്ങനെയല്ലാത്തവൎക്ക് ഒരിക്കലും മാപ്പു കൊടുത്തിരുന്നില്ല. അവരെ വിദ്യാലയത്തിൽ നിന്നു തള്ളിക്കളവാനും, അവരുടെ പേർ പട്ടികയിൽ നിന്നു നീക്കം ചെയ്യുവാനും ഉള്ള അധികാരവും ഈ യോഗത്തിന്നു തന്നെ ആയിരുന്നു.

നാളന്ദയിലെ വിദ്യാൎത്ഥികൾക്കു ഗുരുജനങ്ങളുടെ പേരിലുണ്ടായിരുന്ന ഭക്തിയും, മററുള്ളവരെക്കുറിച്ചുണ്ടായിരുന്ന ആദരവും, സമുദായസേവനത്തിൽ കണ്ടിരുന്ന ശുഷ്കാന്തിയും എത്രയും സ്തുത്യൎഹങ്ങളാണ്. അതിഥികൾ വന്നാൽ അവൎക്കു വേണ്ട എല്ലാ സൌക-

* Watter's Yuan Chwang, Vol. II, p. 109. S Beal, Vol. II, p. 110.

ത്ത്യങ്ങളും ഇവരായിരുന്നു ചെയ്തുകൊടുത്തിരുന്നത്. ത
ന്നേക്കാൾ മുതിന്നവരേയോ സവയസ്കന്മാരേയോ കാ
ണുന്ന സമയം, അവിടത്തെ വിദ്യാത്ഥികൾ 'വന്ദേ'
എന്നു പറഞ്ഞു കൈകൂപ്പി തൊഴുക പതിവായിരു
ന്നു. അപരിചിതന്മാർ വരുമ്പോൾ, അവരോടു
'സ്വാഗതം' അല്ലെങ്കിൽ 'സുസ്വാഗതം' എന്നു പറ
യും. വഴിയിൽ വെച്ചാകട്ടെ അകത്തു വെച്ചാകട്ടെ
വിദ്യാത്ഥികൾ ഗുരുക്കന്മാരെ കാണുന്നസമയം, അ
വരുടെ പാദങ്ങൾ തൊട്ടു വന്ദിച്ചിരുന്നു. ഗുരു എ
വിടെയെങ്കിലും യാത്ര പുറപ്പെട്ടമ്പോൾ, അദ്ദേഹ
ത്തിൻെറ സഹായത്തിന്നായി ഇവരും ഒരുമിച്ചു പോ
വും. അറിയാതെ എന്തെങ്കിലും അബദ്ധം പ്രവത്തി
ച്ചു പോയാൽ, ആരോടായാലും ഇവർ 'ക്ഷമാ' എന്നു
പറഞ്ഞു വന്നിരുന്നു, ഈ വക ആചാരോപചാര
ങ്ങൾ നാളന്ദയിലെ നിത്യനടവടികളായിരുന്നുവെന്നു
തന്നെ വിചാരിക്കണം.

നാളന്ദയിൽ അനവധി സന്യാസിമാരുണ്ടായിരു
ന്നുവെന്നു പറഞ്ഞുവല്ലോ. അവർ പതിവായി സന്ധ്യാ
സമയത്തു നടത്തിവന്നിരുന്ന ഒരു ക്രിയയാണു ചൈ
ത്യവന്ദനം. അതിൽ വിദ്യാത്ഥികൾക്കും പങ്കുകൊള്ളു
വാൻ വിരോധമുണ്ടായിരുന്നില്ല. സൂയ്യാസ്തമനത്തോടു
കൂടി എല്ലാവരും ഗോപുരദ്വാരത്തിന്നു പുറമേയുള്ള
ചൈത്യങ്ങൾക്കു മൂന്നു പ്രദക്ഷിണംവെച്ച്, മുട്ടുകുത്തി ന
മസ്കരിച്ച്, കർപ്പൂരവും പുഷ്പങ്ങളും ആരാധിച്ചു പ്രാത്ഥ
നാമന്ദിരങ്ങളിൽ വന്നു ചേരണം. എല്ലാവരും ഇരുന്നു

കഴിഞ്ഞാൽ അവരിൽ പഠിപ്പുകൊണ്ടും പാണ്ഡിത്യം കൊണ്ടും യോഗ്യനായ ഒരാൾ പ്രധാനമന്ദിരത്തിന്റെ അകത്തു മുൻഭാഗത്തിട്ടിട്ടുള്ള ഒരു സിംഹാസനത്തിൽ കയറിനിന്നു ചില മന്ത്രങ്ങൾ ഉച്ചരിച്ചതിന്നുശേഷം, മഹാകവിയായ അശ്വഘോഷന്റെ ഒരു കൃതിയിൽനിന്നു ത്രിരത്നസ്തുതിരൂപകമായ* ചില കീർത്തനങ്ങളും ചൊല്ലി സ്തുതിക്കും. മററു മന്ദിരങ്ങളിലുള്ളവർക്കുകൂടി കേൾക്കുവാനായി വേറെ ഒന്നോ രണ്ടോ പണ്ഡിതന്മാർ, ധൂപവും പുഷ്പങ്ങളും എടുപ്പിച്ചുകൊണ്ടു രണ്ടു കുട്ടികളെ മുമ്പിൽനടത്തി അവരുടെ പിന്നാലെ ഈ കീർത്തനങ്ങളും പാടിക്കൊണ്ടു പ്രാർത്ഥനാമന്ദിരങ്ങൾക്കു ചുററും പ്രദക്ഷിണം വെക്കും. പിന്നെ എല്ലാവരും എഴുന്നേററു സിംഹാസനത്തേയും ത്രിരത്നങ്ങളേയും വന്ദിച്ചു സ്വസ്ഥാനങ്ങളിലേക്കു മടങ്ങിപ്പോകയും ചെയ്യും§.

അക്കാലത്തു നാളന്ദയിൽ സമയം അറിവാനായി ഉപയോഗിച്ചിരുന്ന ഒരു യന്ത്രമുണ്ടായിരുന്നു. ഇതുപ്രകാരം ഒരു മണിക്കൂർ നാലായിട്ടും, ഒരു പകൽ നാലുമണിക്കൂറായിട്ടും ആയിരുന്നു വിഭജിക്കപ്പെട്ടിരുന്നതു്. അവിടെയുള്ളവർ സമയം ഗ്രഹിക്കുന്നതിന്നായി കൊട്ടി അറിയിച്ചിരുന്നു. ചെമ്പുകൊണ്ടുണ്ടാക്കി അളന്നു തിട്ടപ്പെടുത്തിയിട്ടുള്ള ഒരു കമണ്ഡലത്തെ, അതിന്റെ അടിയിൽ ഒരു ദ്വാരവുംതുളച്ചു,

* ത്രിരത്നങ്ങൾ ബുദ്ധനും, ധർമ്മവും, സംഘവുമാകുന്നു.

§ A Record of the Buddhist Practices, p. 154.

വെള്ളം നിറച്ചുവെച്ചിട്ടുള്ള വേറെ ഒരു ചെമ്പുപാത്രത്തിൽ, സൂൎയ്യോദയസമയത്ത്, മലൎത്തിവെക്കും; അതിൽ കുറേശ്ശയായി വെള്ളം വന്നു നിറഞ്ഞു ക്രമേണ അതു താഴ്ന്നുപോവും; അപ്പോൾ ഒരു മണിക്കൂറിന്റെ നാലിലൊന്നായി എന്നു വിചാരിക്കാം. ഇതിനെ സൂചിപ്പിക്കുവാനായി കാവൽക്കാരിൽ ഒരാൾ അവിടെ വെച്ചിട്ടുള്ള ചെണ്ടയിന്മേൽ ഒന്നു കൊട്ടും. കമണ്ഡലു രണ്ടാമത്തെ പ്രാവശ്യം മുങ്ങിയാൽ രണ്ടും, മൂന്നാമത്തെ പ്രാവശ്യം മുങ്ങിയാൽ മൂന്നും കൊട്ടുന്നതു കേൾക്കാം. എന്നാൽ നാലാമത്തെ തവണ മുങ്ങുമ്പോൾ നാലുകൊട്ടും, അതൊന്നിച്ചു രണ്ടു ശംഖുവിളിയും, അതു കഴിഞ്ഞാൽ വേറെ ഒരു കൊട്ടും ഉണ്ടാവും—അപ്പോൾ ഒരു മണിക്കൂറായി. സൂൎയ്യൻ ഈ സമയത്ത് ആകാശത്തിൽ കാൽഭാഗം കയറിക്കഴിഞ്ഞിട്ടുണ്ടാവും. അങ്ങനെ രണ്ടാമത്തും ആ കമണ്ഡലു നാലുതവണ മുങ്ങിക്കഴിഞ്ഞാൽ, ആദ്യത്തേപ്പോലെ നാലുകൊട്ടും, പിന്നെ ഒരു ശംഖുവിളിയും രണ്ടു കൊട്ടും ഉണ്ടാവും. അപ്പോൾ മദ്ധ്യാഹ്നസൂൎയ്യൻ ആകാശത്തിന്നു താഴികക്കുടമായി നില്ക്കുന്നത് കാണാം. ആ സമയത്തു രണ്ടു മണിക്കൂറു കഴിഞ്ഞിരിക്കും. അതുപോലെ രണ്ടു മണിക്കൂറു കൂടി കഴിഞ്ഞു നാലാമത്തെ ശംഖുവിളി കേൾക്കുമ്പോൾ, സൂൎയ്യഭഗവാൻ കൃത്യമായി പശ്ചിമദിക്കിൽ മറയുന്നുണ്ടാവും. അപ്പോഴായിരുന്നു ആശ്രമത്തിൽ ചൈത്യവന്ദനയും കീൎത്തനങ്ങളും. പകലത്തേപ്പോലെതന്നെ രാത്രിയും

നാലു മണിക്കൂറുണ്ട്. ആദ്യത്തെ മണിക്കൂറു കഴിഞ്ഞാൽ, എല്ലാവരും ഉറങ്ങുവാൻ പോവും. ആ സമയത്ത് ഉപാദ്ധ്യക്ഷൻ ആശ്രമത്തിലുള്ള മണിക്കുടി അടിക്കുക പതിവായിരുന്നു. മൂന്നാമത്തെ മണിക്കൂറിൽ എല്ലാവരും എഴുന്നേല്ക്കും. ഇങ്ങനെ ഒരു യന്ത്രം* ഉണ്ടായിരുന്നതുകൊണ്ടു വർഷകാലമായാലും സമയമറിവാൻ പ്രയാസമുണ്ടായിരുന്നില്ല.

ചില തിബത്ത്യൻ രേഖകളിൽനിന്നു നാളന്ദയിൽ ചില ഗ്രന്ഥശാലകളുണ്ടായിരുന്നതായിട്ടും അറിയുന്നുണ്ട്¶. അവ ഇരുന്നിരുന്ന ഭാഗത്തിനു ധർമ്മകഞ്ജം എന്നായിരുന്നു പേർ. ഗ്രന്ഥങ്ങൾ രത്നസാഗരം, രത്നോദധി, രത്നരഞ്ജക എന്ന മൂന്നു കെട്ടിടങ്ങളിലായിട്ടായിരുന്നു ശേഖരിക്കപ്പെട്ടിരുന്നത്. രത്നോദധിയിൽ ഒമ്പതു നിലകളുണ്ടായിരുന്നുവെന്നും, പ്രജ്ഞാപാരമിതാസൂത്രങ്ങളും, സമാജഗുഹ്യ തുടങ്ങിയ തന്ത്രങ്ങളും ആയിരുന്നു അതിൽ ശേഖരിച്ചിരുന്നതെന്നും അറിയുന്നു. ഇററ്സിങ്ങ് നാളന്ദയിൽനിന്ന് അഞ്ചു ലക്ഷം ശ്ലോകങ്ങളടങ്ങിയ ൪൦൦ ബുദ്ധമതഗ്രന്ഥങ്ങൾ പകർത്തിയെടുത്തു ചൈനയിലേക്കു കൊണ്ടുപോയതായി അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഒടുവിൽ, ശത്രുക്കൾ വന്നു നാളന്ദയിലുണ്ടായിരുന്ന സന്ന്യാസിമാരേയും സാധുക്കളായ മററു ജനങ്ങ

* A Record of the Buddhist Practices, pp. 144, 145.

¶ History of Indian Logic, p. 156.

ളേയും ഉപദ്രവിച്ചു തുടങ്ങിയ കാലത്തു്, ആരോ എ ങ്ങനെയൊ ഈ ഗ്രന്ഥശാലകൾക്കു തീവെച്ചുവെ ന്നും, മിക്കതും വെന്തുപോയി എങ്കിലും രത്നോദധി യിലെ ചില തന്ത്രങ്ങൾ കത്തിക്കഴിയുന്നതിന്നു മുമ്പു് ഏതോ ചില പണ്ഡിതന്മാർ അവയെ പ്രയാസപ്പെ ട്ടു തിബെത്യൻ രാജ്യത്തിലേക്കു കൊണ്ടുപോയി രക്ഷ പ്പെടുത്തി എന്നും കേൾക്കുന്നുണ്ടു്.

ഇനി നാളന്ദയിലെ പണ്ഡിതന്മാരേയും, അവി ടത്തെ വിദ്വത്സദസ്സിനേയും കുറിച്ചുകൂടി ചിലതെ ല്ലാം പ്രസ്താവിക്കട്ടെ.

൪.

ഹ്യുയൺസാങ്ങ് നാളന്ദയെ സന്ദർശിച്ച കാല ത്തു് അവിടത്തെ മേലദ്ധ്യക്ഷൻ ശീലഭദ്രൻ എന്നൊ രു പണ്ഡിതനായിരുന്നുവെന്നും, ഇദ്ദേഹത്തിൻെറ കീഴിൽ ആ ചീനക്കാരൻ കുറെക്കാലം സംസ്കൃതം പ ഠിച്ചുകൊണ്ടു താമസിച്ചിരുന്നുവെന്നും നാമറിഞ്ഞുവ ല്ലോ. ശീലഭദ്രൻ സമതടത്തിലെ രാജാവിൻെറ പു ത്രനും, ധമ്മപാലൻ എന്നൊരു മഹാപണ്ഡിതൻെറ ശിഷ്യനുമായിരുന്നു. ഇദ്ദേഹത്തിന്നു മുമ്പു നാളന്ദ യിലെ മേലദ്ധ്യക്ഷനായിരുന്ന ധമ്മപാലൻ കാഞ്ചീ പുരത്തുകാരനായ ഒരു ബ്രാഹ്മണനായിരുന്നുവെന്നാ ണറിയുന്നതു്*. ഇദ്ദേഹത്തിൻെറ അച്ഛൻ കാഞ്ചീപു

* History of Indian Logic, p. 302
Indian Teachers of the Buddhist Universities, p. 104.

രം രാജാവിന്റെ മന്ത്രിയായിരുന്നു. ചെറുപ്പത്തിൽ തന്നെ അതിസമർത്ഥനായിരുന്ന ധമ്മപാലൻ, രാജഗൃഹത്തിലെ ആഡംബരങ്ങളിൽനിന്നെല്ലാം വിരക്തനായി, ഒരു ദിവസം കാഷായവസ്ത്രവുമുടുത്തു കമണ്ഡലുധാരിയായി ആരും അറിയാതെ ഭിക്ഷുസഞ്ചാരത്തിനു പുറപ്പെട്ടു. അനേകം പുണ്യക്ഷേത്രങ്ങൾ സന്ദശിച്ച് ഒടുവിൽ നാളന്ദാമഹാവിഹാരത്തിൽ വന്ന് ഉപസമ്പദനായി, അവിടെ ബുദ്ധമതഗ്രന്ഥങ്ങളും പഠിച്ചുകൊണ്ടു താമസിച്ചു. പിന്നെ, ധമ്മപാലൻ അവിടത്തെ മേലദ്ധ്യക്ഷനായി വളരെക്കാലം നാളന്ദാവിദ്യാലയം നല്ല നിലയിൽ നടത്തിക്കൊണ്ടു വന്നു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ശീലഭദ്രനും ധമ്മകീത്തിയും പിന്നീടു വലിയ യോഗ്യന്മാരായി തീൎന്നുവെന്നും അറിയുന്നുണ്ടു്. ധമ്മപാലന്റെ കൃതികളിൽ മിക്കതും നശിച്ചുപോയി എങ്കിലും, മൂന്നോ നാലോ ഗ്രന്ഥങ്ങൾ മാത്രം തിബത്യൻഭാഷയിലും ചീനഭാഷയിലും ഇപ്പോൾ കാണപ്പെടുന്നുണ്ടു്. ഇദ്ദേഹം ക്രിസ്തുവബ്ദം ൬൩൦-ാമാണ്ടിനു മമ്പു പരലോകപ്രാപ്തനായി.

ഇതുപോലെ ആന്ധ്രദേശത്തുനിന്നു വന്നിരുന്ന ഒരു പണ്ഡിതനാണു ജിനമിത്രൻ*. ഇദ്ദേഹം വലിയ ഒരു താക്കികനായിരുന്നു. ഇദ്ദേഹത്തെക്കുറിച്ചു ഹ

* A Record of the Buddhist Practices—p. 58.

യൺസാങ് ൫കട്ടിട്ടുണ്ട്. ജിനമിത്രൻ ൬൫൦-നു മുമ്പു മരിച്ചുപോയി.

കാശ്മീരദേശത്തുനിന്നു വന്നിരുന്ന പണ്ഡിതന്മാരിൽ പദ്മസംഭവൻ* വലിയ സമൎത്ഥനായിരുന്നു. തിബെത്ത്യൻ രാജ്യത്തുപോയി അവിടെ ബുദ്ധമതം പ്രചരിപ്പിച്ച ശാന്തരക്ഷിതൻ എന്ന പണ്ഡിതന്റെ ശിഷ്യനായിരുന്നു ഇദ്ദേഹം. പദ്മസംഭവനും തിബെത്ത്യൻ രാജ്യത്തു പോയിരുന്നു. ഇദ്ദേഹത്തെക്കുറിച്ച് ഇപ്പോഴും പല കഥകളും ആ രാജ്യത്തു നടപ്പുണ്ട്. ഇദ്ദേഹം തന്ത്രശാസ്ത്രത്തിൽ യോഗ്യനും, അനേകം ഗ്രന്ഥങ്ങളുടെ കൎത്താവുമായിരുന്നുവെങ്കിലും, ഇദ്ദേഹത്തിന്റെ കൃതികളിൽ സമയപഞ്ചാശികാ എന്നൊന്നു മാത്രമേ ഇപ്പോൾ നമുക്കു കിട്ടിയിട്ടുള്ളു. അതുതന്നെ തിബെത്ത്യൻഭാഷയിലുമാണ്. പദ്മസംഭവൻ ൭൪൭-ൽ തിബെത്ത്യൻരാജ്യത്തിലേക്കു പോയതായറിയുന്നു.

നാളന്ദാവിദ്യാലയത്തിലെ മറ്റൊരു പണ്ഡിതനാണു സ്ഥിരമതി¶. ഇദ്ദേഹം സംസ്കൃതത്തിലും തിബെത്ത്യൻഭാഷയിലും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ സംസ്കൃതഭാഷയുടെ നിൎഭാഗ്യംകൊണ്ട് അവയിൽ ഒരെണ്ണമെങ്കിലും നാം ഇപ്പോൾ കാണുന്നില്ല.

* Indian Teachers of the Buddhist Universities, p. 126.

¶ Indian Teachers of the Buddhist Universities, p. 133.

തിബത്ത്യൻരാജ്യത്തിലെ ചില ഗ്രന്ഥപ്പട്ടികകളിൽ ഇദ്ദേഹത്തിന്റെ കൃതികളുടെ പേരുകൾ കാണുന്നുണ്ട്. ഇവയ്ക്കു പുറമേ എത്രയെണ്ണം നശിച്ചുപോയിട്ടുണ്ടെന്നുള്ളതും ഇപ്പോൾ തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല.

ഇവരെപ്പോലെ കമലശ്രീ, ബുദ്ധകീർത്തി, കുമാരശ്രീ, കർണ്ണപതി, കർണ്ണശ്രീ, സൂര്യധ്വജൻ, സുമതിസേനൻ എന്നിവരും നാളന്ദാവിദ്യാലയത്തിലെ ആചാര്യന്മാരായിരുന്നു. ഇവർ ക്രിസ്ത്വബ്ദം ൭-ം, ൮-ം നൂററാണ്ടുകളിൽ ജീവിച്ചിരുന്ന പണ്ഡിതന്മാരിൽ പ്രധാനികളായിരുന്നു. ഇവർ എല്ലാവരും തിബത്ത്യൻ ഭാഷ അറിഞ്ഞിരുന്നുവെന്നുതന്നെയല്ല, ചിലർ തിബത്ത്യൻരാജ്യത്തുപോയി ബുദ്ധമതം പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളവരുമാണ്. അക്കാലത്തും അതിന്നുശേഷവും ഇൻഡ്യാരാജ്യത്തിന്നും തിബത്ത്യൻ രാജ്യത്തിന്നും തമ്മിലുണ്ടായിരുന്ന ബന്ധം എന്തായിരുന്നുവെന്നു വിക്രമശിലാവിദ്യാലയത്തെക്കുറിച്ചു വിവരിക്കുന്നസമയം പറയാം.

ശിലാദിത്യന്റെ കാലത്തു നാളന്ദയിലുണ്ടായിരുന്ന വേറൊരു പണ്ഡിതനാണു ചന്ദ്രഗോമി*. ഇദ്ദേഹം ഒക്കെ ഇൻഡ്യയിലും സിലോണിലും മററും സഞ്ചരിച്ചു നല്ല പാണ്ഡിത്യവും പരിചയവും സിദ്ധിച്ചിട്ടുള്ള ഒരാളാണ്. ഇദ്ദേഹത്തെക്കുറിച്ചു പല കഥകളും തി

* History of Indian Logic, pp. 334,335.

ബത്ത്യൻ രാജ്യത്തുള്ളവർ പറയുന്നുണ്ടു്. ഒരിക്കൽ ചന്ദ്രഗാമി തെക്കെ ഇൻഡ്യയിൽ സഞ്ചരിച്ചുകൊണ്ടിരുന്നകാലത്തു പതഞ്ജലിയുടെ മഹാഭാഷ്യം വായിക്കുവാനിടയായി എന്നും, "ഇതിൽ കുറെ വാക്കുകളുണ്ടു്, അർത്ഥമില്ല" എന്നുപറഞ്ഞു് അദ്ദേഹം വേറെ ഒരു ഭാഷ്യമെഴുതിയെന്നും, അതിനു ചന്ദ്രവ്യാകരണമെന്നു പേരിട്ടുവെന്നും ആണു കേൾക്കുന്നതു്*. ഇദ്ദേഹത്തിൻെറ ഏകദേശം അറുപതോളം കൃതികളുള്ളതിൽ അഞ്ചെണ്ണം വ്യാകരണസംബന്ധമായിട്ടുള്ളവയാണു്. ഇവയുടെയെല്ലാം പേരുകൾ ചില പഴയ തിബത്ത്യൻ പുസ്തകപ്പട്ടികകളിൽ § കാണുന്നുണ്ടു്. ചന്ദ്രഗാമി എട്ടാം നൂററാണ്ടിൻെറ ആരംഭത്തിലാണു നാളന്ദാ വിദ്യാലയത്തിലെ മേലദ്ധ്യക്ഷനായിരുന്നതു്.

ക്രിസ്തുവബ്ദം ൬൩൭-ൽ ഹ്യൂയൻസാങ് നാളന്ദയെ സന്ദർശിച്ചസമയം, അവിടെ ചില കാലങ്ങളിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും യോഗ്യന്മാരായ പണ്ഡിതന്മാർ വന്നുചേർന്നിരുന്നതായും, മതസംബന്ധമായും ആചാരസംബന്ധമായും മററും വലിയ വാദപ്രതിവാദങ്ങൾ നടത്തിവന്നതായും ആയാളുടെ എഴുത്തുകളിൽ കാണുന്നുണ്ടു്†. ധർമ്മപാലൻേറയും ശീ

* ഈ വ്യാകരണം ഇയ്യിടെ ചില ജർമ്മൻകാർക്കു കണ്ടുകിട്ടിയതായും, ജർമ്മനിയിൽ പ്രസിദ്ധപ്പെടുത്തിയതായും മഹാമഹോപാദ്ധ്യായൻ ശ്രീസതീശചന്ദ്രവിദ്യാഭൂഷണൻ പറയുന്നു. History of Indian Logic p. 334. (see note)

§ Catalogue Ju Fond Tibetain, Vols. II & III.

† Watter's Yuan Chwang. Vol. II, p. 165. Beal's Buddhist Records of the western World. Vol. II, pp. 170-171.

ഭദ്രന്റെയും കാലത്ത് ഈ വക വിദ്വത്സദസ്സുകൾ വളരെ കേമമായി നടന്നുവന്നിരുന്നുവെന്നതിന്നു സംശയമില്ല. അവിടത്തെ സദസ്സിൽ ഭാഗഭാക്കുകളാവാൻ സാധിച്ചാൽതന്നെ വലിയ യോഗ്യതയായി എന്നായിരുന്നു അന്നുള്ളവർ വിചാരിച്ചിരുന്നത്. എല്ലാവൎക്കും സദസ്സിൽ പ്രവേശമുണ്ടായിരുന്നുവെങ്കിലും അതിൽ ഭാഗഭാക്കാവേണമെന്നുള്ളവരെ കാലേ പരീക്ഷിച്ചതിന്നു ശേഷമേ അതിന്നു സമ്മതിച്ചിരുന്നുള്ളു. ഇങ്ങനെ പരീക്ഷിക്കുന്നതിന്നു ഗോപുരദ്വാരത്തിൽതന്നെ ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. ഇവരുടെ വാദപ്രതിവാദം കേൾക്കുവാനും, അതിൽ ഭാഗഭാക്കുകളാവാനും മോഹിച്ചു അനേകായിരം പണ്ഡിതന്മാർ വന്നിരുന്നുവെന്നും, എന്നാൽ അവരിൽ പത്തിന്നു രണ്ടോ മൂന്നോ പേൎക്കു മാത്രമേ സദസ്യരാവാൻ സാധിച്ചിരുന്നുള്ളു എന്നുമാണു ഹ്യയൻസാങ് പറയുന്നത്.

ഇവർ ബുദ്ധമതതത്വങ്ങളെക്കുറിച്ചാണു പ്രധാനമായി ആലോചിച്ചിരുന്നതെന്നറിയുന്നു. ത്രിപിടശാസ്ത്രങ്ങളെക്കുറിച്ചു വാദപ്രതിവാദം ചെയ്വാൻ സാധിക്കാത്തവൻ പണ്ഡിതനല്ല എന്നായിരുന്നു അന്നത്തെ വിശ്വാസം. ഈ വിദ്വത്സദസ്സ് വളരെ ദിവസം തുടൎച്ചയായി നടത്തിവന്നിരുന്നു. ചോദ്യങ്ങൾ ചോദിപ്പാനും അവയ്ക്കുള്ള സമാധാനം കേൾപ്പാനും പകൽ സമയം മതിയായെങ്കിലേ അത്ഭുതമുള്ളു. അവിടത്തെ വിദ്വത്സദസ്സിൽ കയറി പ്രസംഗിക്കുവാൻ സാധിച്ചിരുന്നവരെ എവിടെച്ചെന്നാലും മഹാരാജാക്ക

ന്മാർകൂടി മാനിച്ചിരുന്നു. അതുകൊണ്ടു്, അക്കാലങ്ങളിൽ സാധാരണപണ്ഡിതന്മാർപോലും നാളന്ദയിൽനിന്നാണു വരുന്നതെന്ന വ്യാജേന പൂജാർഹന്മാരായിത്തീർന്നിരുന്നുവെന്നാണു ഹ്യുയൻസാങ്ങ് പറയുന്നതു്.

നാളന്ദയിലെ വിദ്വത്സദസ്സിൽ സർവ്വജ്ഞപീഠം കയറിയിട്ടുള്ള ചില പണ്ഡിതന്മാരെക്കുറിച്ചും ആ ചീനക്കാരൻ പറയുന്നുണ്ടു്. അവരിൽ ധർമ്മപാലനും, ചന്ദ്രപാലനും അവരുടെ ജ്ഞാനോപദേശംകൊണ്ടു മൂഢന്മാർക്കുപോലും അറിവുണ്ടാക്കിക്കൊടുത്തിരുന്നവരത്രെ. ഗുണമതിയും, സ്ഥിരമതിയും വിദേശരാജ്യങ്ങളിൽക്കൂടി കേൾവിപ്പെട്ടവരായിരുന്നു. പ്രഭാമിത്രൻ വലിയൊരു താർക്കികനും, ജിനമിത്രൻ ഒരൊന്നാന്തരം പ്രാസംഗികനുമായിരുന്നു. ഇവർക്കു പുറമെ ജ്ഞാനചന്ദ്രൻ, ശീഘ്രബുദ്ധൻ, ശീലഭദ്രൻ എന്നിവർ അനവധി തവണ അവിടത്തെ സദസ്സിൽ കയറി വിജയംനേടിയവരാണു്. ഇവർ അനേകം ഗ്രന്ഥങ്ങളുടെ കർത്താക്കന്മാരുമാകുന്നു.

നാളന്ദയിൽ അക്കാലത്തു് ആയിരത്തിലധികം ആചാര്യന്മാരുണ്ടായിരുന്നുവെന്നാണു ഹ്യുയൻസാങ്ങ് പറയുന്നതു്. "ബുദ്ധിക്കുതകുന്ന പ്രാപ്തി അവർക്കെല്ലാവർക്കുമുണ്ടു്. ചിലരുടെ പേരുകൾ ഇൻഡ്യക്കു പുറമെയുള്ള രാജ്യങ്ങളിൽക്കൂടി അറിയപ്പെട്ടിരുന്നു. അവരുടെ സ്വഭാവം പരിശുദ്ധവും നടവടി അനുകരണീ

യവുമാണ്. എല്ലാവരും ധർമ്മശാസ്ത്രത്തെ ആത്മാർത്ഥമായി അനുസരിച്ചുവരുന്നു. ഇവിടത്തെ നിയമങ്ങൾ കഠിനങ്ങളാണെങ്കിലും, ആർക്കും അവയെ അനുഷ്ഠിക്കുന്നതിൽ വൈമനസ്യം കാണുന്നില്ല. ഇൻഡ്യയിലുള്ള എല്ലാവരും ഇവരെ ബഹുമാനപൂർവ്വം അനുസരിച്ചു വരുന്നുണ്ട്".

# ൯. വിക്രമശില

## ൧.

"ഈ അസമയത്തു നിങ്ങൾ എവിടെനിന്നു വരുന്നു? സംഭാഷണം കേട്ടിട്ട് ഏതദ്ദേശീയരെപ്പോലെ തോന്നുന്നില്ലല്ലോ."

"അല്ല, ഞങ്ങൾ അന്യനാട്ടുകാരാണ്; ടിബെത്ത്യൻദേശത്തുനിന്നാണു വരുന്നത്; ദീപങ്കരശ്രീജ്ഞാനാതീശനെ കണ്ടിട്ട് അല്പം കാൎയ്യമുണ്ട്."

"ആകട്ടെ, നന്നായി; രാത്രിശേഷം ഇവിടെ കഴിച്ചുകൂട്ടാം; രാവിലെ പടിവാതിൽ തുറന്നതിൽപിന്നെ ആശ്രമത്തിൽ പ്രവേശിക്കാം," എന്നു പറഞ്ഞു് അതിഥിശാലയിലെ ഒരാൾ അവൎക്കു കിടക്കുന്നതിന്നു് ഒരു മുറി ഒഴിച്ചു കൊടുത്തു.

ഈ അതിഥിശാല അംഗരാജ്യത്തുള്ള ഭഗവൽപുരത്തുനിന്നു ൨൪ നാഴിക കിഴക്കുഭാഗമായി കിടക്കുന്ന വിക്രമശിലയിലെ വിദ്യാലയാംഗമാകയാണ്*. പഠിച്ചുതാമസിക്കുവാൻ വരുന്ന വിദ്യാൎത്ഥികൾക്കു രാത്രിസമയം അസൌകൎയ്യമുണ്ടാകാതിരിപ്പാൻ വേണ്ടി ആശ്രമത്തിന്നു പുറത്തു് ഏൎപ്പെടുത്തിയിട്ടുള്ള ഒരു ധൎമ്മശാലയായിരുന്നു ഇതു്. മൂന്നു പുറവും ഗംഗാനദിയാൽ

* Proceedings of the Asiatic Society of Bengal of January 1909. p. 7.

പുറപ്പെട്ടിരിക്കുന്ന വിക്രമശില ഒരു കുന്നിൻമുകളി ലാണു പണി ചെയ്യപ്പെട്ടിരുന്നതെങ്കിലും, അടിമു തൽ മുകൾവരെ കല്പടകൾ പടുത്തു കെട്ടിയിരുന്നതു കൊണ്ടു്, ഏതു സമയവും കയറിച്ചെല്ലുന്നതിന്നു ബു ദ്ധിമുട്ടുണ്ടായിരുന്നില്ല. നദിയിലേക്കു ചാഞ്ഞുനില്ക്കുന്ന ഈ കുന്നിൻെറ വടക്കു ഭാഗം ചെങ്കുത്തായ പാറക ളാൽ അത്യന്തം നിബിഡിതമാകുന്നു. ഈ പാറകളി ന്മേൽ അനേകം പുരാണദേവന്മാരുടേയും ദേവിമാരു ടേയും ഛായകൾ കൊത്തിയിട്ടുള്ളതായി കാണാം. അവയുടെ മുകളിലായി ഒരു ആൽവൃക്ഷവും, അതി ൻെറ ചുവട്ടിൽ ഒരു പുരാതന ശിവക്ഷേത്രവും, ഈ ക്ഷേത്രത്തിൽനിന്നു പാറകളുടെ ഉള്ളിൽക്കൂടി നദിയി ലേക്കിറക്കിക്കെട്ടിയിട്ടുള്ള ഒരു കരിങ്കൽകടവും ഇപ്പോ ഴും അവിടെ ഉണ്ടു്. ഈ ക്ഷേത്രത്തിൻെറ കിഴക്കുപു റെയായി കുന്നിൻെറ അടിയിൽ ഒരു വലിയ ഗുഹയും, അതിൻെറ അകത്തു താന്ത്രികബുദ്ധമതത്തിൽപെട്ട താരാദേവി, അവലോകിതേശ്വരൻ, ജ്ഞാനബുദ്ധൻ തുടങ്ങിയ ചില ദേവതകളുടേയും, മഹാദേവൻെറയും കുറെ വിഗ്രഹങ്ങളും കാണപ്പെടുന്നു. ശ്രീകോവിലി ൻെറ ചുററുമുള്ള തിരുമിററത്തും ഇപ്രകാരം അനവ ധി വിഗ്രഹങ്ങളും, അവയിൽ ചിലതിന്മേൽ ൯ മുതൽ ൧൧-ാം നൂററാണ്ടുവരെ നടപ്പുണ്ടായിരുന്ന ഒരുതരം കുടിലലിപികളും കാണുന്നുണ്ടു. ക്ഷേത്രത്തിൻെറ തെക്കുപുറെ, ഒരു കാലം സിദ്ധേശ്വരന്മാർ തപസ്സു ചെയ്തിരുന്ന പലേ വലിപ്പത്തിലുമുള്ള ആറോ ഏഴോ

ഗ്ഗഹകളും അവിടെ കാണാം. അവയുടെയെല്ലാം പിൻഭാഗത്തു കുന്നിൻചെരിവുകളിൽ ഇപ്പോൾ ചി ലർ കൃഷി ചെയ്തു താമസിക്കുന്നുണ്ട്. അവിടെ അടു ത്തുള്ള വളരെ സ്ഥലങ്ങൾ മുമ്പു വിക്രമശിലയിലെ വകയായിരുന്നുവെന്നാണ് അറിയുന്നതു്.

മേൽപറഞ്ഞ അതിഥികൾ പ്രഭാതത്തോടുകൂ ടി എഴുന്നേററു്, പതിവുള്ള പ്രാർത്ഥനകളും കഴിച്ചു്, പടിവാതിക്കൽ ചെന്നപ്പോൾ, കംബളം പുതച്ചു് ഒരു തരം തൊപ്പിയും ധരിച്ചു ഒരു യുവാവു വാതിൽ തുറന്നു വന്നു്, "നിങ്ങൾ എവിടെനിന്നു വരുന്നു? വ ഴിക്കു ബുദ്ധിമുട്ടൊന്നും ഉണ്ടായില്ലല്ലോ," എന്നു കുശ ലവും ചോദിച്ചുകൊണ്ടു് അവരോടു് ഒരു സ്ഥലത്തേ ക്കു പൊയ്ക്കൊള്ളുവാൻ കാണിച്ചുകൊടുത്തു. ഈ അതിഥികളിൽ നാഗശ്രീ (നാഗ്ചോ) എന്നാൾ തി ബത്ത്യൻ രാജാവിന്റെ ആജ്ഞപ്രകാരം ആ രാജ്യത്തു ബുദ്ധമതം പ്രചരിപ്പിക്കുവാനായി വിക്രമശിലയിലെ സർവ്വാദ്ധ്യക്ഷനായിരുന്ന ദീപങ്കരശ്രീജ്ഞാനാതീശ നെ അവിടേക്കു കൂട്ടിക്കൊണ്ടുപോകുവാൻ വന്നിരി ക്കയാണു്. കൂടെയുള്ള മറേറയാൾ നാഗശ്രീക്കു വഴി കാണിച്ചു കൊടുപ്പാൻ ഒന്നിച്ചു വന്ന ആളായിരുന്നു. അക്കാലത്തു് ഇൻഡ്യക്കാർ തിബത്ത്യൻഭാഷയും, തി ബത്ത്യൻകാർ സംസ്കൃതഭാഷയും നല്ലപോലെ അറി ഞ്ഞിരുന്നു. നാളന്ദയിൽനിന്നുതന്നെ അനേകം പ ണ്ഡിതന്മാർ തിബത്ത്യൻ രാജ്യത്തിൽ സഞ്ചരിച്ചിരുന്ന തായും തിബത്ത്യൻഭാഷയിൽ ഗ്രന്ഥങ്ങൾ എഴുതിയി രുന്നതായും നാം കണ്ടുവല്ലോ. നാഗശ്രീ വിക്രമശില

യിൽ വന്ന കാലത്തു ഗ്ലാഡ്സൺ എന്ന പേരായി തിബത്ത്യൻ രാജ്യത്തുനിന്നു വന്നിരുന്ന ഒരു വൃദ്ധഭിക്ഷു അവിടെ താമസിക്കുന്നുണ്ടായിരുന്നു. ഇദ്ദേഹം സ്വ രാജ്യം വിട്ടുവന്നിട്ടു വളരെക്കാലമായി. ഈ ഭിക്ഷുവി ന്റെ ഗൃഹത്തിലേക്കു പോകുവാനായിട്ടാണു രാവിലെ പടിവാതിൽ തുറന്നു വന്ന ആ യുവാവ് അതിഥിക ളോടു ചൂണ്ടിക്കാണിച്ചുകൊടുത്തതു്.

ഗ്ലാഡ്സൺ അവിടത്തെ എല്ലാ കാൎയ്യങ്ങളെക്കു റിച്ചും നല്ല അറിവുള്ള ആളായിരുന്നതുകൊണ്ടു്, തി ബത്ത്യൻ രാജ്യത്തേക്കു കൊണ്ടുപോകയാണെങ്കിൽ അതീശനെത്തന്നെ ക്ഷണിച്ചു കൊണ്ടുപോകേണമെ ന്നും, എന്നാൽ അക്കാൎയ്യം അത്ര എളുപ്പത്തിൽ സാ ദ്ധ്യമല്ലാത്തതുകൊണ്ടു നാഗശ്രീ കുറെക്കാലമെങ്കിലും അവിടെ പഠിച്ചു താമസിക്കുന്നതാണു നല്ലതെന്നും അയാളോടുപദേശിച്ചു. അതനുസരിച്ചു നാഗശ്രീ സ മ്മതിച്ചപ്പോൾ ആ ഭിക്ഷു അയാളെ അവിടത്തെ മ ഹാസ്ഥവിരനായ ശ്രീരത്നാകരന്റെ അടുക്കലേക്കു കൂ ട്ടിക്കൊണ്ടുപോകയും, ആ തിബത്ത്യൻ യുവാവു ഗുരു ദക്ഷിണയായി കൊണ്ടുവന്നിരുന്ന അര ഔൺസ്സ സ്വ ൎണ്ണം അദ്ദേഹത്തിന്നു കാഴ്ചവെച്ചു നമസ്കരിച്ചു് ഒരു വശത്തേക്കു മാറി നില്ക്കുകയും ചെയ്തു. അപ്പോൾ ര ത്നാകരൻ: "അല്ലയോ വത്സ! ഇവിടെ പഠിച്ചു താ മസിക്കേണമെന്നുള്ള നിന്റെ ഉദ്ദേശം എത്രയും പ്ര ശംസനീയംതന്നെ. ബുദ്ധമതത്തിന്റെ ഉദ്ധാരണ ത്തിന്നു വേണ്ടിത്തന്നെ നിന്റെ ജീവിതം വിനിയോ



സർവ്വാദ്ധ്യക്ഷൻ ദീപങ്കര ശ്രീജ്ഞാനനും,
തിബത്ത്യൻ വിദ്ദ്യാർത്ഥിയും.

(ചിത്രകാരൻ: മണിഭൂഷണഗുപ്ത.)

ശിക്കുവാൻ പ്രത്യേകം മനസ്സിരുത്തണം. ശുഷ്കാന്തി യോടുകൂടി പ്രയത്നിക്കുക. ഗ്ലാഡ്സന്റെ സഹായ ത്തോടുകൂടി ശാസ്ത്രങ്ങളെല്ലാമഭ്യസിച്ചു നല്ലൊരു പ ണ്ഡിതനാവാൻ ശ്രമിക്കുക. എന്നാൽ കഴിയുന്നതു സഹായം ഞാനും ചെയ്തു തരാം,"* എന്നു തൽകാ ലം അനുഗ്രഹിച്ചയച്ചു.

ശ്രീരത്നാകരൻ വിക്രമശിലയിലെ മഹാപണ്ഡി തനായിരുന്നു. പദവികൊണ്ട് അതീശൻതന്നെ ഇ ദ്ദേഹത്തിനു താഴെയായിരുന്നുവെങ്കിലും, അതീശനാ യിരുന്ന് അവിടത്തെ കാര്യങ്ങളെ എല്ലാം നോക്കി വന്നിരുന്നതു്. നാഗശ്രീ അവിടെ ചെന്ന കാലത്തു് അതീശന്നു് ഏതാണ്ടു് അറുപതു വയസ്സു പ്രായമാ യിരുന്നിട്ടുണ്ടാവും. ഗ്ലാഡ്സന്നു് ഇദ്ദേഹത്തേക്കാൾ കൂടുതൽ പ്രായം ചെന്നിരുന്നു. ഇത്തരം വയോവൃദ്ധ ന്മാരും, ജ്ഞാനവൃദ്ധന്മാരുമടങ്ങിയ പണ്ഡിതപരിഷ ത്തായിരുന്നു അന്നു വിക്രമശിലാവിദ്യാലയത്തെ ഭരി ച്ചുവന്നിരുന്നതു്. ഈ പറഞ്ഞതിൽനിന്നു് അവിട ത്തെ അദ്ധ്യാപകന്മാർ എങ്ങിനെയുള്ളവരായിരുന്നു വെന്നും, അവിടെ പഠിക്കുവാൻ ചെല്ലുന്ന വിദ്യാർത്ഥി കളെ എപ്രകാരമാണു് അവർ സ്വീകരിച്ചിരുന്നതെ ന്നും നമുക്കു മനസ്സിലാക്കാമല്ലോ.

൧.

വിക്രമശിലാ മഹാവിദ്യാലയത്തിന്റെ പ്രതി

* Indian Pundits in the Land of Snow by Sri Sarat Chandra Das, pp. 58-59.

സ്ഥാപകൻ പാലരാജവംശത്തിലെ രണ്ടാമത്തെ രാജാവായ ധർമ്മപാലനാകുന്നു. ക്രിസ്ത്വബ്ദം എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അംഗ, വംഗ, മഗധ, പഞ്ചാല എന്നീ രാജ്യങ്ങൾക്കെല്ലാം അധിപതിയായ്തീർന്ന ധർമ്മപാലൻ, അക്കാലത്തു വിക്രമശിലയിലുണ്ടായിരുന്ന ചെറിയൊരു വിദ്യാലയത്തിന്റെ ആവശ്യത്തിലേക്കായി വേണ്ടുന്നത്ര ധനവും ധാന്യവും സംഭാവന ചെയ്തു. അക്കാലത്ത് അവിടത്തെ സർവ്വാദ്ധ്യക്ഷനായിരുന്നതു ശ്രീബുദ്ധജ്ഞാനപാദൻ എന്നൊരു മഹാപണ്ഡിതനായിരുന്നു. ഇദ്ദേഹത്തിന്റേയും ധർമ്മപാലന്റേയും ഉത്സാഹത്താൽ വിക്രമശില ക്രമേണ ഒരു മഹാവിദ്യാലയമായിത്തീർന്നു*.

ബുദ്ധജ്ഞാനപാദൻ ശ്രീസിംഹഭദ്രന്റെ പ്രധാനശിഷ്യനായിരുന്നു. ഇദ്ദേഹം വളരെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി പഴയ തിബത്ത്യൻ പുസ്തകപ്പട്ടികകളിൽ കാണുന്നുണ്ട്. താരനാഥൻ എന്ന തിബത്ത്യൻ രാജ്യത്തിലെ ചരിത്രകാരൻ, അന്നു വിക്രമശിലയിൽ ഒരു വലിയ ക്ഷേത്രമുണ്ടായിരുന്നുവെന്നും, അതിന്റെ മതിൽക്കകത്തു് ആകെ ൧൦൮ ചെറിയ ക്ഷേത്രങ്ങൾ പണി ചെയ്യപ്പെട്ടിരുന്നുവെന്നും പറയുന്നു§. ഈ ക്ഷേത്രങ്ങളിലെ ചിലവു മുഴുവൻ രാജധാനിയിൽനി

* Proceedings of the A. S. B. of January 1909 pp. 1 to 13.

§ Indian Teachers of the Buddhist Universities, pp. 34-36.

ന്നായിരുന്നു നടത്തിവന്നിരുന്നതു്. ശ്രീബുദ്ധജ്ഞാനപാദൻ വിക്രമശിലയിലെ സർവ്വാദ്ധ്യക്ഷനായിരുന്നതിന്നു പുറമെ, ധർമ്മപാലന്റെ പുരോഹിതനുമായിരുന്നു.

പാലരാജാക്കന്മാരുടെ മേൽനോട്ടത്തിൽ വിക്രമശിലയിലെ മഹാവിദ്യാലയം ഏകദേശം നാനൂറു സംവത്സരകാലം നടന്നുവന്നു. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും, തിബറു്, ബർമ്മ തുടങ്ങിയ ദൂരദിക്കുകളിൽനിന്നും അവിടെ വിദ്യാർത്ഥികൾ വന്നു പഠിച്ചു താമസിച്ചിരുന്നു. അക്കാലത്തു വിക്രമശില ഒരു പ്രധാന ബുദ്ധമതകേന്ദ്രമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ബുദ്ധമതത്തിലെ മഹായാനശാഖയിൽപെട്ട മാദ്ധ്യമികശാസ്ത്രങ്ങളും, യോഗാചാരശാസ്ത്രങ്ങളും ആയിരുന്നു അവിടെ പ്രത്യേകമായി പഠിപ്പിച്ചിരുന്നതു്. ഈ ശാഖയിൽ വിദഗ്ദ്ധന്മാരായ ആചാര്യന്മാർ അക്കാലത്തു മറെറാരേടത്തും ഉണ്ടായിരുന്നില്ല. ഇവർ അവിടെവെച്ചു് അനവധി ഗ്രന്ഥങ്ങൾ രചിച്ചതായിട്ടും അറിവുണ്ടു്. മഹായാനശാസ്ത്രങ്ങൾക്കു പുറമെ തർക്കം, വ്യാകരണം, വൈദ്യം, ജ്യോതിഷം എന്നീ വിഷയങ്ങളെക്കുറിച്ചും അവിടെ പഠിപ്പിച്ചു വന്നിരുന്നു. വിക്രമശിലയിലെ പണ്ഡിതന്മാർക്കു തിബത്ത്യൻഭാഷയിലും നല്ല പരിജ്ഞാനമുണ്ടായിരുന്നതുകൊണ്ടു്, ഈ ഭാഷയും അവിടത്തെ വിദ്യാർത്ഥികളിൽ ചിലർ അക്കാലത്തു പഠിച്ചിരുന്നുവെന്നു വിചാരിക്കാം.

വിക്രമശിലയിൽ ആകെ ആറു മഹാവിദ്ദ്യാലയങ്ങളുണ്ടായിരുന്നുവെന്നും, അവ ഓരോന്നിലും ഓരോ പ്രധാന വിഷയമായിരുന്നു പഠിപ്പിച്ചിരുന്നതെന്നും അറിയുന്നു. നാളന്ദയിലെ തോതനുസരിച്ച്, അവിടെ ചെന്നു പഠിക്കുവാനായി ചെന്നിരുന്ന വിദ്ദ്യാൎത്ഥികളുടെ സ്വഭാവത്തേയും സാമാന്യജ്ഞാനത്തേയും പരീക്ഷിച്ചു നോക്കിയതിന്നു ശേഷമേ അവരെ വിദ്ദ്യാലയത്തിൽ ചേൎത്തിയിരുന്നുള്ളു. ഇതിന്നായി അവിടത്തെ ഓരോ മഹാവിദ്ദ്യാലയത്തിന്റേയും ഗോപുരദ്വാരത്തിൽ ഓരോ പണ്ഡിതനുണ്ടായിരുന്നു. ഇവരായിരുന്നു അതാതു വിദ്ദ്യാലയങ്ങളിലെ മേലദ്ധ്യക്ഷന്മാർ. ഇവരെ മഹാപണ്ഡിതന്മാരെന്നും, മന്ത്രവജ്രാചാൎയ്യന്മാരെന്നും പറഞ്ഞുവന്നിരുന്നു. കനകപാലൻ എന്ന പാലരാജാവിന്റെ കാലത്തു (ക്രിസ്ത്വബ്ദം ൯൫൫ മുതൽ ൯൮൩ വരെ) വിക്രമശിലയിലെ ദ്വാരപണ്ഡിതന്മാർ:

൧-ാമത്തേതിൽ കാശ്മീരത്തിലെ രത്നവജ്രൻ,
൨-ാമത്തേതിൽ ഗൌഡദേശത്തിലെ ജ്ഞാനശ്രീമിത്രൻ,
൩-ാമത്തേതിൽ രത്നാകരശാന്തി,
൪-ാമത്തേതിൽ വാരാണസിയിലെ വാഗീശ്വരകീൎത്തി,
൫-ാമത്തേതിൽ നരോപമൻ,
൬-ാമത്തേതിൽ പ്രജ്ഞാകരമതി,
എന്നിവരായിരുന്നു*. ഇവരുടേയും മററുള്ള ആചാ

* History of Indian Logic p. 520.

ക്ഷുന്മാരുടേയും ചിലവു മുഴുവൻ പാലരാജാക്കന്മാർതന്നെയായിരുന്നു നടത്തിവന്നിരുന്നതു്. താരനാഥന്റെ എഴുത്തുകളിൽനിന്നു്, ധർമ്മപാലന്റെ കാലത്തു് അവിടെ നൂറെറട്ടു മഹാപണ്ഡിതന്മാരുണ്ടായിരുന്നുവെന്നും നമുക്കറിയാം.

നാളന്ദയിലുണ്ടായിരുന്നപോലെ, വിക്രമശിലയിലും വലിയ ഗ്രന്ഥശാലകളുണ്ടായിരുന്നുവെന്നതിന്നു സംശയമില്ല. അക്കാലത്തെ ബുദ്ധമതഗ്രന്ഥങ്ങൾ മുഴുവൻ സംസ്കൃതഭാഷയിലായിരുന്നു രചിക്കപ്പെട്ടിരുന്നതു്. എന്നാൽ തിബത്ത്യൻ രാജ്യത്തു ബുദ്ധമതം പ്രചരിപ്പിക്കുന്ന ഉത്സാഹത്തിൽ, ആവക ഗ്രന്ഥങ്ങൾ പിന്നീടു തിബത്ത്യൻഭാഷയിലേക്കും ഭാഷാന്തരപ്പെടുത്തുകയുണ്ടായി. നാളന്ദയിൽനിന്നു ചീനാരാജ്യത്തേക്കു കൊണ്ടുപോയിരുന്ന അനേകം ഗ്രന്ഥങ്ങൾ ചീനാഭാഷയിലേക്കു ഭാഷപ്പെടുത്തിയതായി നാം കണ്ടുവല്ലോ. ഇവയുടെയെല്ലാം പരിഭാഷകൾ ഇപ്പോഴും ആ നാട്ടുകാരുടെ കൈവശമുണ്ടു്. അവർ എഴുതിവെച്ചിരുന്ന പഴയ പുസ്തകപ്പട്ടികകളിൽനിന്നു് എത്ര സഹസ്രം സംസ്കൃതഗ്രന്ഥങ്ങളായിരുന്നു അക്കാലത്തു് ഈ രാജ്യത്തുണ്ടായിരുന്നതെന്നു നമുക്കു് ഏകദേശം തിട്ടപ്പെടുത്താം. എന്നാൽ ഹിന്തുക്കൾക്കു ബുദ്ധമതത്തോടും, മുഹമ്മദീയൎക്കു ഹിന്തുമതത്തോടും ബുദ്ധമതത്തോടും ഉണ്ടായിത്തീൎന്ന ദ്വേഷം നിമിത്തം, ഭാരതരാജ്യം മുഴുവൻ കോലാഹലംകൊണ്ടിരുന്ന കാലത്തു്, യോഗ്യന്മാരായ പണ്ഡിതാഗ്രേസരന്മാർ കൂടി ബോധംവിട്ടു് അന്യോന്യം കലഹിച്ചും, ഗ്രന്ഥശാലകൾ

കൾ തീവെച്ചും* അനേകകാലത്തെ പരിശ്രമഫലം നിൎദ്ദയമായി നശിപ്പിച്ചുകളഞ്ഞുവെന്നു കേൾക്കുന്നതു് എത്രയും പരിതാപകരമായിരിക്കും!

൩.

ക്രിസ്ത്വബ്ദം ൧൦൩൮-ലാണു നാഗശ്രീ (നാഗ്ചോ) ദീപങ്കരശ്രീജ്ഞാനാതീശനെ തിബെത്ത്യൻ രാജ്യത്തേക്കു ക്ഷണിച്ചുകൊണ്ടുപോകുവാനായി വിക്രമശിലയിൽ വന്നെത്തിയതു്. അയാൾ മൂന്നു സംവത്സരകാലം അവിടത്തെ മഹാസ്ഥവിരനായിരുന്ന രത്നാകരന്റെ കീഴിൽ മഹായാനശാസ്ത്രങ്ങൾ പഠിച്ചു താമസിച്ചു. ൧൦൪൨-ൽ†, പലരുടേയും വിസമ്മതത്തോടുകൂടിയായിരുന്നു എങ്കിലും, അതീശനോടുകൂടി തിബെത്ത്യൻ രാജ്യത്തേക്കുപോയി. അതീശൻ ൧൩ വർഷത്തോളം അവിടെ താമസിച്ചു്, ബുദ്ധമതപ്രചാരത്തിനു വേണ്ടി പ്രയത്നിച്ചു. ഒടുവിൽ ൧൦൫൩-ൽ, തന്റെ ൭൩-ാമത്തെ വയസ്സിൽ, തിബെത്ത്യൻ രാജ്യത്തുവെച്ചുതന്നെ അദ്ദേഹം നിൎവ്വാണത്തെ പ്രാപിച്ചു. അവിടെയുള്ളവർ ഇപ്പോഴും അതീശനെ ഒരു ബോധിസത്വനെപ്പോലെ വിചാരിച്ചു് ആരാധിച്ചുവരുന്നുണ്ടു്§. അതീശനു സംസ്കൃതഭാഷയിലുണ്ടായിരുന്നപോലെ തിബെത്ത്യൻഭാഷയിലും നല്ല അറിവുണ്ടായിരുന്നു.

* History of Indian Logic p. 516.

† History of Indian Logic p. 520.

§ Indian Teachers of the Buddhist Universities, pp. 66-79.

ഇദ്ദേഹം രണ്ടു ഭാഷകളിലുംകൂടി നൂറു ഗ്രന്ഥങ്ങളോളം രചിച്ചിട്ടുള്ളതായിട്ടാണു കാണുന്നതു്.

ശ്രീജ്ഞാനാതീശനെപ്പോലെ യോഗ്യന്മാരായ വേറെയും അനവധി പണ്ഡിതന്മാർ വിക്രമശിലയിലുണ്ടായിരുന്നു. നാഗശ്രീ അവിടെ താമസിച്ചിരുന്ന കാലത്തു് ഒരിക്കൽ ഏകദേശം ൮൦൦൦ ജനങ്ങൾ ചേൎന്ന ഒരു മഹായോഗം അവിടെ കൂടിയിരുന്നതായി പറഞ്ഞിട്ടുണ്ടു്. അവിടെ വെച്ചായിരുന്നു അയാൾ ആദ്യമായി ദീപങ്കരശ്രീജ്ഞാനാതീശനെ കണ്ടതു്. ഈ യോഗം രാവിലെ ൮-മണിക്കാണ് ആരംഭിച്ചതെന്നും, അതിലെ പ്രധാന അദ്ധ്യക്ഷൻ പ്രസിദ്ധമഹാസ്ഥവിരനായ വിദ്യാകോകിലനായിരുന്നുവെന്നും നാഗശ്രീ പറയുന്നു. ഈ മഹായോഗത്തിൽ സന്നിഹിതരാകുന്നതിന്നു് ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും, തിബററു്, ബൎമ്മ തുടങ്ങിയ ദൂരദിക്കുകളിൽനിന്നും ജനങ്ങൾ വന്നുചേൎന്നിരുന്നു. രാജാക്കന്മാർ കൂടി അവരുടെ സാന്നിദ്ധ്യംകൊണ്ടു് ചിലപ്പോൾ ഈ വക സദസ്സുകളെ അലങ്കരിക്ക പതിവുണ്ടായിരുന്നുവെന്നാണറിയുന്നതു്*.

ധൎമ്മപാലൻ രാജാവും, ശ്രീജ്ഞാനപാദൻ സൎവ്വാദ്ധ്യക്ഷനുമായിരുന്ന കാലത്തു്, സിംഹഭദ്രൻ, പ്രഭാകരൻ, പൂൎണ്ണവൎദ്ധനൻ, ബുദ്ധശാന്തി, പദ്മാകരഘോഷൻ എന്നിവർ വിക്രമശിലയിലെ ആചാൎയ്യന്മാരായിരുന്നുവെന്നു താരനാഥൻ പറയുന്നു. അവിടെ

* Indian Pundits in the Land of Snow, p. 60.

പഠിച്ച വിജയികളാവുന്നവൎക്ക് "പണ്ഡിതർ" എന്ന ബിരുദമുദ്രയും, അടയാളമായി ഒരു തൊപ്പിയും നൽകിവന്നിരുന്നു. കാശ്മീരദേശത്തിലെ രത്നവജ്രനും, വരേന്ദ്രദേശത്തിലെ ശ്രീരജതാരികനും തൎക്കശാസ്ത്രത്തിൽ പണ്ഡിതമുദ്ര സിദ്ധിച്ചതായി അറിയുന്നു. വിക്രമശിലയിൽ ചിത്രമെഴുത്തിലും യോഗ്യന്മാരായവരുണ്ടായിരുന്നുവെന്ന്, വിദ്യാലയത്തിലെ ചുമരുകളിൽ യോഗ്യന്മാരായ ആചാൎയ്യന്മാരുടേയും മററും ചിത്രങ്ങൾ എഴുതിക്കാണുന്നതുകൊണ്ടു തീൎച്ചപ്പെടുത്താം.

വിക്രമശിലയിലെ ഒടുവിലത്തെ സൎവ്വാദ്ധ്യക്ഷൻ കാശ്മീരദേശത്തിലെ ശാക്യശ്രീപണ്ഡിതനായിരുന്നു. ഇദ്ദേഹത്തിൻെറ കാലത്താണു മുഹമ്മദീയർ മഗധാരാജ്യം ആക്രമിച്ച കൂട്ടത്തിൽ വിക്രമശിലയേയും കൊള്ളചെയ്തതു്. ഈ മഹാവിദ്യാലയത്തിൻെറ അധഃപതനത്തോടുകൂടി ഇൻഡ്യയിൽ ബുദ്ധമതത്തിന്നും വലിയ കോട്ടം തട്ടുവാൻതുടങ്ങി. അതിൽപിന്നെ, തിബററ്, ചൈന, നേപ്പാൾ തുടങ്ങിയ ദൂരരാജ്യങ്ങളുമായി ഉണ്ടായിരുന്ന ഇൻഡ്യയുടെ ബന്ധവും ക്രമേണ അസ്തമിച്ചു.

൪.

ക്രിസ്ത്വബ്ദം എട്ടാം നൂററാണ്ടിൻെറ ഉത്തരാൎദ്ധത്തിലാണു പാലരാജവംശത്തിൽനിന്നു വിക്രമശിലാവിദ്യാലയത്തിന്നടിക്കല്ലിട്ടതെന്നു പറഞ്ഞുവല്ലോ. എന്നാൽ അതിന്നു മുമ്പ് ആ പ്രദേശം ആരുടെ

കൈവശമായിരുന്നുവെന്നറിഞ്ഞുകൂടെങ്കിലും, അവി
ടെ ചില ഹിന്ദുക്ഷേത്രങ്ങളുണ്ടായിരുന്നുവെന്നും, ജ
നങ്ങൾ ചില സമയങ്ങളിൽ അവിടെ തീൎത്ഥയാത്ര
പോയിരുന്നുവെന്നും ഏഴാം നൂററാണ്ടിൽ ഇൻഡ്യ
യെ സന്ദൎശിച്ച ഹ്യൂയൻസാങ്ങിൻെറ എഴുത്തുകളിൽ
നിന്നറിയാം*. പക്ഷെ, ബുദ്ധമതാനുയായികളായ ചി
ല പണ്ഡിതന്മാരുടെ അധീനത്തിലായതിൽപിന്നെ
യാണു വിക്രമശിലയിൽ വിദ്യാൎത്ഥികൾ വന്നുചേരു
വാൻ തുടങ്ങിയതെന്നും, ജാതിയോ നിലയോ കൂടി ക
ണക്കാക്കാതെ ദൂരദേശീയൎക്കുപോലും വിദ്യാലയദ്വാ
രം തുറന്നുകൊടുത്തു തുടങ്ങിയതെന്നും സ്പഷ്ടമാണു്.
അതിൻെറ ഫലമായി, ഇൻഡ്യാരാജ്യവും തിബെററ്യൻ
രാജ്യവും തമ്മിൽ ഏകദേശം അഞ്ഞൂറു സംവത്സര
കാലം മതസംബന്ധമായ കാൎയ്യങ്ങളിൽ ഇടപെട്ടു
കൊണ്ടിരുന്നു. ഈ ബന്ധംകൊണ്ടു് ഇൻഡ്യക്കു് അ
നവധി ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെങ്കിലും, ചില ദോ
ഷങ്ങളും ഉണ്ടായിട്ടില്ലെന്നു പറഞ്ഞുകൂട. നാളന്ദാവി
ദ്യാലയത്തിൻെറ അധഃപതനത്തിനുള്ള പ്രധാനകാ
രണം, അന്യരാജ്യത്തു പോയി സ്വമതം പ്രചരിപ്പി
ക്കുവാനുള്ള ഉത്സാഹത്തിൽ അവിടത്തെ മഹാപ
ണ്ഡിതന്മാർ വിദ്യാലയകാൎയ്യങ്ങളെ വിസ്മരിച്ചു തുട
ങ്ങിയെന്നുള്ളതാണെന്നു സംശയമില്ല. ആ വിദ്യാല
യത്തിൻെറ അവസാനഘട്ടങ്ങളിൽ വിക്രമശിലയി

* Beal's Buddhist Records of the Western World, vol. II p 192.

ലെ പണ്ഡിതപരിഷത്തായിരുന്നു അതിനെ നിയന്ത്രിച്ചുകൊണ്ടുപോന്നതു്. അപ്രകാരംതന്നെ, ദീപങ്കരശ്രീജ്ഞാനാതിശനെപ്പോലെയുള്ള ഒരു നേതാവിനെ ഇൻഡ്യാരാജ്യം ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു കാലത്തു്, ബുദ്ധമതപ്രചാരത്തിന്നായി അദ്ദേഹം വിദൂരദേശങ്ങളിൽ സഞ്ചരിക്കുവാൻ തുടങ്ങിയപ്പോഴാണു വിക്രമശിലാവിദ്യാലയവും ക്രമേണ അധഃപതിക്കുവാൻ തുടങ്ങിയതു്. ഇങ്ങനെ ചില ദോഷങ്ങൾ, തിബത്ത്യൻ രാജ്യവുമായുണ്ടായ ബന്ധം നിമിത്തം ഇൻഡ്യക്കു സിദ്ധിച്ചിട്ടുള്ള ഗുണങ്ങളെക്കുറിച്ചു വിസ്തരിക്കുന്ന സന്ദർഭത്തിൽ വിസ്മരിക്കവഹിയാത്തതാണു്.

വിക്രമശിലാവിദ്യാലയമിരുന്നിരുന്ന സ്ഥലത്തു് ഇപ്പോൾ ഒരാൽവൃക്ഷവും അതിന്റെ സമീപിച്ചു് ഒരു ശിവക്ഷേത്രവും ഉണ്ടെന്നു പറയുന്നുവല്ലോ. ഇയ്യിടെയായി ചില ബ്രാഹ്മണർ അവിടെ ചെന്നു പൂജ അടിയന്തിരങ്ങൾ നടത്തിവരുന്നതായി അറിയുന്നു. ഈ ക്ഷേത്രത്തിൽനിന്നു രണ്ടുനാഴിക തെക്കുപുറേയായി കഹൽഗോൺ (കോൽഗോങ്ങ്) എന്ന ഒരു ഗ്രാമമുണ്ടു്. അതിന്റെ പേർ 'കലഹഗ്രാമം' എന്നായിരുന്നുവെന്നും, അവിടെ ഇപ്പോൾ കാണുന്ന ഒരു ക്ഷേത്രം പണ്ടു 'ദുർവ്വാസാശ്രമ'മായിരുന്നുവെന്നും ആ ഗ്രാമക്കാർ വിശ്വസിച്ചുവരുന്നു. ഇതും ഒരു കുന്നിൻമുകളിൽതന്നെയാണു പണിചെയ്യപ്പെട്ടിട്ടുള്ളതു്.

ഏഴാം നൂററാണ്ടിൽ ഹ്യയൻസാങ്ങ് വിക്രമശിലയിലുള്ള ഗുഹകളെക്കുറിച്ചും, അവിടത്തെ ആൽവൃ

ക്ഷേത്രത്തേയും ശിവപ്രതിഷ്ഠയേയും കുറിച്ചും അറിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും, എട്ടാം നൂററാണ്ടിൻെറ ഒടുവിൽ ആ സ്ഥലം പാലരാജവംശത്തിൽനിന്നു കൈവശപ്പെടുത്തിയതിനു ശേഷമാണു് അതിന്നു 'വിക്രമശിലാ' എന്ന പേർ സിദ്ധിച്ചതെന്നുവേണം വിചാരിക്കാൻ. ചിലർ അതിനെ വിക്രമശീലാ എന്നും പറഞ്ഞുവരുന്നുണ്ടു്. എന്നാൽ അതിൻെറ ഇപ്പോഴത്തെ പേർ പാഥർഘാതാ എന്നാകുന്നു. ഏകദേശം നൂറു സംവത്സരങ്ങൾക്കു മുമ്പെ അതിനെ ശിലാസംഗമം എന്നായിരുന്നുവത്രെ പറഞ്ഞുവന്നിരുന്നതു്. സംഗമം എന്നതു സംഘാരാമം എന്ന പദം ലോപിച്ചുണ്ടായതാണെന്നും, ശിലാസംഘാരാമം വിക്രമശിലാസംഘാരാമമാണെന്നും നന്ദലാൽദേ എന്ന ലേഖകൻ പറയുന്നു*.

൧൨൦൩-ലാണു ബക്തിയാർകിൽജി വിക്രമശിലയെ കൊള്ളചെയ്തതും, അവിടത്തെ വിഗ്രഹങ്ങളേയും ഗ്രന്ഥങ്ങളേയും നശിപ്പിച്ചുകളഞ്ഞതും. ആ പ്രദേശം കുഴിച്ചുനോക്കിയാൽ പഴയ അവശിഷ്ടങ്ങളിൽ ചിലതെല്ലാം ഇനിയും പക്ഷെ കണ്ടുകിട്ടിയേക്കാം.

* Prcceedings of the Asiatic Society of Bengal of January 1909 p. 11.

# ൪. ഓദന്തപുരിയും ജഗദ്ദലയും

൧.

മഗധാരാജ്യത്തിലും ബങ്കാളരാജ്യത്തിലും ഓരോരോ കാലങ്ങളിൽ നടത്തിവന്നിരുന്ന വേറെ രണ്ടു മഹാവിദ്യാലയങ്ങളാണു് ഓദന്തപുരിയും ജഗദ്ദലയും. ഇവയെക്കുറിച്ചു പ്രസ്താവയോഗ്യമായ വല്ല അറിവും നമുക്കുണ്ടായിട്ടുണ്ടെങ്കിൽ, അതു ദുർല്ലഭം ചില തിബറ്റ്യൻരേഖകളിൽനിന്നു മാത്രമാകുന്നു. പതിമ്മൂന്നാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി ബുദ്ധമതശക്തി ഈ പുണ്യഭൂമിയിൽനിന്നു തീരെ അന്തർദ്ധാനം ചെയ്തുതോടുകൂടി, ഈ വക പഴയ സ്ഥാപനങ്ങളെക്കുറിച്ചു് ആരും ഒന്നും ഓർമ്മിക്കാതെകണ്ടായി. ഓദന്തപുരിയുടേയും ജഗദ്ദലയുടേയും പേരുകളെങ്കിലും നമുക്കനുസ്മരിക്കുവാനിടയായതു് ഇവിടത്തെ മതഗ്രന്ഥങ്ങളിൽ ഒരുകാലത്തു ദൂരദേശിയരായ ചിലർ പ്രദർശിപ്പിച്ചിരുന്ന ശുഷ്കാന്തിതന്നെയാണെന്നു് ഇപ്പോൾ നാം സ്നേഹപൂർവ്വം അവരോടു സമ്മതിക്കേണ്ടിവന്നിട്ടുണ്ടു്.

നാളന്ദയേയോ വിക്രമശിലയേയോ അപേക്ഷിച്ചുനോക്കുമ്പോൾ, ഈ വിദ്യാലയങ്ങളെക്കുറിച്ചു് എത്രയോ കുറച്ചുമാത്രമേ നമുക്കറിവാൻ സാധിച്ചിട്ടുള്ളൂ. ഓദന്തപുരിയുടെ യഥാർത്ഥസ്ഥാനംതന്നെ എവിടേയായിരുന്നുവെന്നു് ആർക്കും അറിഞ്ഞുകൂട. അതു

മഗധരാജ്യത്തുള്ള പാടലിപുത്രനഗരത്തിന്ന സമീപമാണെ പണി ചെയ്യപ്പെട്ടിരുന്നതെന്നും, പാലരാജവംശത്തിന്റെ ആവിർഭാവത്തിന്ന മുമ്പുതന്നെ അതൊരു വിശ്വവിദ്യാലയമായ് തീൎന്നിരുന്നുവെന്നും ആധുനിക ചിലർ അഭിപ്രായപ്പെടുന്നുണ്ടു്*. അവിടെ ഹിന്ദുമതക്കാരും ബുദ്ധമതക്കാരും പോയി പഠിച്ചിരുന്നുവെന്നും, അവരുടെ വകയായി അവിടെ ഒരു വലിയ ഗ്രന്ഥശാലയുണ്ടായിരുന്നുവെന്നും അറിയുന്നുണ്ട്. ക്രിസ്ത്വബ്ദം ൧൧-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അഭയകരഗുപ്തൻ (ഇദ്ദേഹം വിക്രമശിലയിലെ സിദ്ധമഹാപണ്ഡിതൻ എന്ന ബിരുദമുദ്രയോടുകൂടിയ ഒരാചാൎയ്യനായിരുന്നു) മഗധദേശത്തിലെ മഹാസ്ഥവിരനായിരുന്ന കാലത്തു് ഓദന്തപുരിയിൽ ൧൦൦൦-വും, വിക്രമശിലയിൽ ൩൦൦൦-വും വിദ്യാൎത്ഥികളുണ്ടായിരുന്നു. കനകപാലന്റെ കാലത്തു വിക്രമശിലയിലെ കിഴക്കെ ഗോപുരദ്വാരത്തിലെ പണ്ഡിതനായിരുന്ന രത്നാകരശാന്തി ഓദന്തപുരിയിൽവെച്ചാണ സന്ന്യാസാശ്രമം സ്വീകരിച്ചതെന്നറിയുന്നു¶. ബങ്കാളരാജ്യത്തു ഛത്രപുരം എന്ന ദേശത്തിലെ പ്രഭാകരൻ എന്ന പണ്ഡിതൻ ഓദന്തപുരിയിൽ കുറെ കാലം സൎവ്വാദ്ധ്യക്ഷനായിരുന്നിട്ടുണ്ടെന്ന ചില തിബറ്റ്യൻരേഖകളിൽ കാണുന്നുണ്ട്†. ഇദ്ദേഹത്തിന്ന തിബറ്റ്യൻഭാഷയിലും നല്ല അറിവുണ്ടായിരുന്നു.

* Indian Teachers of the Buddhist Universities, p. 157.

¶ History of Indian Logic. p. 342.

† Catalogue du Fond Tibetain, III. p. 484.

10 *

ഒരുകാലം നാളന്ദാമഹാവിദ്യാലയത്തിലെ സർവ്വാദ്ധ്യക്ഷനായിരുന്ന ശ്രീശാന്തരക്ഷിതൻ, തിബറ്റ്യൻരാജ്യത്തിലെ രാജാവിന്റെ ആവശ്യപ്രകാരം, ക്രിസ്ത്വബ്ദം ൭൪൭-ൽ ആ രാജ്യത്തേക്കു പോയതായി ഇതിന്നുമുമ്പു പറഞ്ഞിട്ടുണ്ട്. ഇദ്ദേഹം അവിടെ ഒരു വലിയ വിഹാരം പണിതീർത്തുവെന്നും, ആ വിഹാരം അക്കാലത്ത് ഓദന്തപുരിയിലുണ്ടായിരുന്നതിനെ ലക്ഷീകരിച്ചു പണിയിച്ചിട്ടുള്ളതാണെന്നും തിബറ്റ്യൻചരിത്രകാരന്മാർ പറയുന്നു. ഇൻഡ്യയിലെ കെട്ടിടങ്ങളെ മാത്രമല്ല, ചിത്രമെഴുത്ത്, കൊത്തുപണി തുടങ്ങിയ മററു കലാവിദ്യകളേയും അവർ ഉൽകൃഷ്ടങ്ങളായി വിചാരിച്ചു സ്വീകരിച്ചിരുന്നുവെന്നുള്ളതിന്ന് അനവധി ലക്ഷ്യങ്ങളുണ്ട്.

൨.

ക്രിസ്ത്വബ്ദം ൧൦൮൪ മുതൽ, ൧൧൩൦ വരെ ബംഗാളരാജ്യം വാണിരുന്ന രാമപാലൻ എന്ന രാജാവ്, ഗംഗാതീരത്തിൽ രാമാവതി എന്നൊരു പുതിയ നഗരം നിർമ്മിച്ച് അവിടെ നടത്തിവന്നിരുന്ന വേറെ ഒരു മഹാവിദ്യാലയമായിരുന്നു ജഗദ്ദല. ഇതിന്റെ സ്ഥാപനത്തെക്കുറിച്ചു രാമപാലചരിതം എന്നൊരു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതായി അറിയുന്നു*. ഈ വി

* ഈ ഗ്രന്ഥം ഈ ലേഖകന്നു കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. മഹാമഹോപാദ്ധ്യായൻ സതീശചന്ദ്രവിദ്യാഭൂഷണൻ ഇതു വായിച്ചിട്ടുള്ളതായി പറഞ്ഞിട്ടുണ്ട്. (Vide History of Indian Logic p 346 note)

ദ്യാലയം ഏകദേശം നൂറു സംവത്സരകാലം നടന്നുവന്നു. ൧൨൦൩-ൽ ഉണ്ടായ മുഹമ്മദാക്രമണത്തോടുകൂടിയാണു് ഇതും നശിച്ചുപോയതു്. എങ്കിലും ഈ ചുരുങ്ങിയ കാലത്തിനിടയിൽ, ഈ വിദ്യാലയം വേണ്ടുവോളം അഭിവൃദ്ധിയെ പ്രാപിച്ചുവന്നിരുന്നുവെന്നു ചില തിബററ്യൻരേഖകളിൽനിന്നറിയാവുന്നതാണു്.

വിഭൂതിചന്ദ്രൻ, ദാനശീലൻ, ശുഭകരൻ, മോക്ഷാകരഗുപ്തൻ എന്നിവർ ഓരോകാലത്തു ജഗദ്ദലയിലെ ആചാര്യന്മാരായിരുന്നു*. ഇവർ എല്ലാവരും തിബററ്യൻഭാഷ അറിഞ്ഞിരുന്നവരും, അനവധി ഗ്രന്ഥങ്ങൾ ആ ഭാഷയിലേക്കു തർജ്ജമചെയ്തിട്ടുള്ളവരുമാണു്. വിഭൂതിചന്ദ്രനും ദാനശീലനും തിബററ്യൻരാജ്യം സന്ദർശിച്ചിട്ടുമുണ്ടു്.

വിഭൂതിചന്ദ്രൻ ജഗദ്ദലയിലെ ഒടുവിലത്തെ പണ്ഡിതനായിരുന്നുവെന്നാണു തോന്നുന്നതു്. മുഹമ്മദീയർ വിക്രമശിലയെ ആക്രമിച്ച സമയം അവിടത്തെ സർവ്വാദ്ധ്യക്ഷനായിരുന്ന ശാക്യശ്രീഭദ്രൻ ജഗദ്ദലയിൽ വന്നു രക്ഷപ്രാപിച്ചതായും, ശത്രുക്കൾ ആ വിദ്യാലയവും ആക്രമിച്ചപ്പോൾ വിഭൂതിചന്ദ്രനൊരുമിച്ചു് അദ്ദേഹം തിബററ്യൻരാജ്യത്തേക്കു പോയതായും അറിയുന്നു. വിഭൂതിചന്ദ്രൻ അഞ്ചോ ആറോ കൃതികളുടെ കർത്താവും, ഏകദേശം ഇരുപതു ഗ്രന്ഥങ്ങളുടെ പരിഭാഷകനുമായിരുന്നുവെന്നു് ആ രാജ്യത്തി

* Indian Teachers of the Buddhist Universities. pp. 145-156.

ലെ പുസ്തകപ്പട്ടികകളിൽ കാണുന്നുണ്ട്. അതുപോലെ ദാനശീലനും അമ്പതിലധികം സംസ്കൃതഗ്രന്ഥങ്ങൾ തിബറ്റ്യൻഭാഷയിലേക്കു ഭാഷപ്പെടുത്തുകയുണ്ടായി.

ശുഭകരനും, മോക്ഷാകരഗുപ്തനും തിബറ്റ്യൻ രാജ്യത്തു പോയിട്ടില്ലെങ്കിലും അവർ ആ ഭാഷയിൽ നല്ല പരിജ്ഞാനമുള്ളവരായിരുന്നു. വിശേഷിച്ച്, മോക്ഷാകരഗുപ്തൻ ഒരു നല്ല താർക്കികനും, തർക്കഭാഷ എന്നൊരു ഗ്രന്ഥത്തിന്റെ കർത്താവുമാകുന്നു. ഇവർക്കു പുറമെ വേറെയും വളരെ പണ്ഡിതന്മാർ അവിടെ ഉണ്ടായിരുന്നിരിക്കണമെന്നാണു വിചാരിക്കേണ്ടത്. നിർഭാഗ്യവശാൽ അവരേയോ അവർ അനുസരിച്ചിരുന്ന വിദ്യാഭ്യാസപദ്ധതിയേയോ കുറിച്ച് ഒന്നും തന്നെ ഇതേവരെ നമുക്കറിവാൻ കഴിഞ്ഞിട്ടില്ല.

൩.

ബുദ്ധമതം ഇൻഡ്യയിൽ പ്രബലമായിരുന്ന കാലത്ത് ഈ രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെ അനവധി സന്യാസിമഠങ്ങളും സംഘാരാമങ്ങളും ഉണ്ടായിരുന്നു. ഫാഹിയാൻ ഇൻഡ്യയെ സന്ദർശിച്ച സമയം ഉദ്യാനം, ഗാന്ധാരം, മദ്ധ്യദേശം, മഗധ എന്നീ രാജ്യങ്ങളിലുള്ള അനേകം സംഘാരാമങ്ങളിൽ അദ്ദേഹം പോയിരുന്നതായി പറഞ്ഞിട്ടുണ്ട്. ഈ സംഘാരാമങ്ങൾ, യോഗ്യന്മാരായ പണ്ഡിതന്മാർ മതസംബന്ധമായും ആചാരസംബന്ധമായുമുള്ള കാര്യങ്ങളെക്കുറിച്ചു വാദപ്രതിവാദം ചെയ്യാനാ

യി ഉപയോഗിച്ചിരുന്ന ഉപവനങ്ങളായിരുന്നു. സന്ന്യാസിമഠങ്ങൾ, ഉപാസകന്മാരും ശ്രമണേരന്മാരുമായ വിദ്യാർത്ഥികൾക്കു പഠിച്ചു താമസിക്കുവാനായിരുന്നു ഉപയോഗിച്ചിരുന്നതു്. ബങ്കാളരാജ്യത്തിൽ തെക്കെ സമുദ്രതീരത്തിലുള്ള താമ്രലിപ്തി എന്ന നഗരം നാളന്ദയെപ്പോലെ ഒരു വലിയ വിദ്യാഭ്യാസകേന്ദ്രമായിരുന്നുവെന്നും, ഇററ്സിങ്ങ് ചില സംസ്കൃതഗ്രന്ഥങ്ങൾ പകൎത്തിയെടുക്കുവാനായി അവിടെ കുറെ ദിവസം താമസിക്കയുണ്ടായി എന്നും അയാൾ പറഞ്ഞിട്ടുണ്ടു്. എന്നാൽ, ഇത്തരം മഹാസ്ഥാപനങ്ങളെല്ലാം ബുദ്ധമതത്തിൻെറ അധഃപതനത്തോടുകൂടി നാമാവശേഷങ്ങളായി തീൎന്നുവെന്നതിൽ ഒട്ടും ആശ്ചയ്യപ്പെടുവാനില്ല.

ബുദ്ധമതം ആൎയ്യമതത്തിൻെറ ഒരു ഭാഗമാകുന്നു. ഇതു് ഇൻഡ്യാരാജ്യത്തു ജനിച്ചു്, ഇൻഡ്യാരാജ്യത്തു വളൎന്നു്, ഏകദേശം ആയിരത്തെഴുനൂറു സംവത്സരകാലം അവിടത്തന്നെ കുടിവെച്ചുപാൎത്തു്, ഒടുവിൽ ഇൻഡ്യാക്കാർ ആവശ്യമില്ലെന്നു പറഞ്ഞസമയം അന്യരാജ്യങ്ങളിൽ പോയി അഭയം പ്രാപിച്ച ഒരു മതമാകുന്നു. ഇതിൻെറ അവശിഷ്ടങ്ങൾ പലതും ഇപ്പോൾ ഭൂമിയുടെ അടിയിലായും, മലകളുടെ ചെരുവിലായും കണ്ടുവരുന്നുണ്ടു്. ബുദ്ധഗയ, സാരനാഥം, രാജഗൃഹം, സാഞ്ചി, ബാർഹടം, പാടലിപുത്രം, വൈശാലി, തക്ഷശില, നാളന്ദ, ശ്രാവസ്തി, അജന്ത, സങ്കശ്യ തുടങ്ങി ഇൻഡ്യയുടെ ഒ

തററം മുതൽ മഃററ അററംവരെ കാണുന്ന പഴയ മഹാസ്ഥാപനങ്ങളുടെ അവശിഷ്ടങ്ങൾ ഒരുകാലം ഈ രാജ്യത്തിന്നുവേണ്ടി ബുദ്ധമതക്കാർ ചെയ്തിരുന്ന അനന്യാദൃശങ്ങളായ പ്രവൃത്തികളുടെ മഹിമയെ വിളിച്ചുപറകയല്ലെങ്കിൽ പിന്നെ എന്താണു ചെയ്യുന്നത്. ഏകദേശം രണ്ടായിരത്തഞ്ഞൂറു സംവത്സരങ്ങൾക്കു മുമ്പു ഭാരതഭൂമിയുടെ ധർമ്മസന്ദേശവും വഹിച്ചുകൊണ്ടു തിരുഅവതാരം ചെയ്തരുളിയ ശാക്യമുനിയേയും, അദ്ദേഹത്തോട് ഇൻഡ്യാക്കാർ ചെയ്തുതീർക്കേണ്ടതായ കടമയേയും കുറിച്ചു സുപ്രസിദ്ധനായ ഒരു പാശ്ചാത്യപണ്ഡിതൻ ഒരിക്കൽ പറഞ്ഞിട്ടുള്ളത് ഇവിടെ എടുത്തുചേർക്കുന്നത് അനുചിതമാവില്ലെന്നുതന്നെ വിചാരിക്കുന്നു*:

“പുരാതനഭാരതത്തിലെ പുരുഷകേസരികളിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ബുദ്ധമുനിയെക്കുറിച്ച് ഇന്ന് ഇൻഡ്യ വിസ്മരിച്ചുപോയി. തിബെററ്, ചൈന, കൊറിയ, ജാപ്പാൻ, ഇൻഡൊചൈന എന്നീ രാജ്യങ്ങൾ ഏതൊരു മഹാത്മാവിൻെറ പുണ്യനാമത്തെ ഉച്ചരിച്ചുകൊണ്ടിരിക്കുന്നുവോ, ഏതൊരു മഹാത്മാവിൻെറ കഥാശ്രവണത്തിൽ താല്പര്യപ്പെട്ടിരിക്കുന്നുവോ, ആ പുണ്യാത്മാവിൻെറ പെററമ്മയായ ഭാരതഭൂമി ഇപ്പോൾ അദ്ദേഹത്തിൻെറ നാമമാത്രവുംകൂടി അറിയുന്നില്ല. നേ

* “കൈരളി”-പുസ്തകം ൩, ലക്കം ൯. (൧൱൮- കന്നി)-ഭാഗം ൨൱൭-൨൱൮.

പ്പാളരാജ്യത്തിലെ താഴ്വാരങ്ങളിൽ ശേഖരിച്ചുവെച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ നിഷ്പ്രയോജനങ്ങളായി; സംസ്കൃതത്തിന്റെ സോദരിയായ പാലിഭാഷയിൽ സിംഹളദ്വീപിൽ സംഭരിച്ചിട്ടുള്ള ത്രിപിടകശാസ്ത്രങ്ങളെക്കൊണ്ടു പ്രയോജനമില്ലാതായി. ബ്രാഹ്മണമതം ഉയൎന്നുവന്ന സമയം ബുദ്ധന്റെ നാമധേയത്തെ തിണ്ടൽപോലെ അകത്തിനിൎത്തിയതിൽപിന്നെ, ആ പുണ്യാത്മാവിനെക്കുറിച്ച് ഒരിക്കലെങ്കിലും അനുസ്മരിക്കുവാൻ ഇൻഡ്യക്കിടവന്നിട്ടില്ല. ടിബറ്റ്യൻ പ്ലാറേറാ മുതൽ പെസഫിക് സമുദ്രതീരംവരെ അടിയുറച്ചുകിടന്നിരുന്ന ബുദ്ധമതാവശിഷ്ടങ്ങളെ കണ്ടെത്തി ശേഖരിച്ചുതരുവാൻ ചില യൂറോപ്യൻസഞ്ചാരികളും, മിഷനറിമാരും, പണ്ഡിതന്മാരും വേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും ഇൻഡ്യക്ക് അദ്ദേഹത്തെക്കുറിച്ചറിയേണമെന്നുണ്ടായില്ല. എന്നാൽ, ആ പുണ്യാത്മാവിനെക്കുറിച്ചു ലോകം മുഴുവൻ ബഹുമാനിച്ചാദരിക്കുന്നതു കണ്ട് ഒടുവിൽ ആശ്ചര്യഭരിതയായ ഭാരതഭൂമി, താൻതന്നെ ഒരുകാലം നിന്ദിച്ചവമാനിച്ചിരുന്ന സ്വന്തം പുത്രന്റെ മാഹാത്മ്യത്തെക്കുറിച്ച്, ഇപ്പോൾ അനുസ്മരിക്കുവാൻ തുടങ്ങി".

ഈ വാക്യങ്ങൾ വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ ഒരു ഫ്രഞ്ചുപണ്ഡിതന്റെ ഹൃദയത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളതാണ്. ആ പുണ്യാത്മാവിനെക്കുറിച്ച് ഇനിയും ഭാരതഭൂമിയുടെ ഹൃദയം അലിയാതിരുന്നെങ്കിലേ അത്ഭുതമുള്ളു!

# ൭. വാരാണസി.

പുരാതന ഇൻഡ്യയിലെ വിദ്യാഭ്യാസത്തിൻെറ രൂപീകരണത്തിൽ വാരാണസിക്കുള്ള സ്ഥാനം ഒന്നു വേറെതന്നെയാണ്. തക്ഷശില, നാളന്ദ, വിക്രമശില തുടങ്ങിയ മഹാവിദ്യാലയങ്ങൾ ഒരുകാലത്താരംഭിച്ച് മറെറാരുകാലത്തവസാനിച്ചു. എന്നാൽ ഇന്നും സരസ്വതീദേവിയുടെ കേളീരംഗമാകുന്ന വാരാണസി ഭാരതചരിത്രത്തിൽ ആവിർഭവിച്ചതെന്നാണെന്നു പറവാൻ പ്രയാസമാണ്. ഹിന്ദുക്കളുടെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും, ജൈനന്മാരുടേയും ബുദ്ധന്മാരുടേയും മതഗ്രന്ഥങ്ങളിലും ഈ നഗരത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചു വർണ്ണിച്ചിട്ടുള്ളതായി കാണാം. വിശേഷിച്ച്, ജൈനമതപ്രതിഷ്ഠാപകനായ മഹാവീരനും, ബുദ്ധമതപ്രതിഷ്ഠാപകനായ ഗൌതമമുനിയും മതപ്രവൎത്തനം ആരംഭിച്ചിട്ടുള്ളതും വാരാണസിയിൽ വെച്ചാകുന്നു. അക്കാലത്തുകൂടി അതു വിദ്വജ്ജനങ്ങളുടെ ഒരു സങ്കേതമായിരുന്നുവെന്നതിന്ന് ഇതിലും വലുതായി വേറൊരു ദൃഷ്ടാന്തം ആവശ്യമില്ല.

ക്രി. മു. ൫൯൯-ൽ പാടലിപുത്രത്തിൽനിന്ന് അല്പം വടക്കുഭാഗമായിക്കിടക്കുന്ന വൈശാലി എന്ന ഗ്രാമത്തിലുള്ള ഒരു പ്രഭുകുടുംബത്തിൽ ജനിച്ച്, ചെറുപ്പത്തിൽതന്നെ ഐഹികവിരക്തനായി തപശ്ചൎയ്യ

യെ അനുഷ്ഠിച്ചുപോന്നിരുന്ന ഒരു മഹാപുരുഷനായി
രുന്നു മഹാവീരൻ. അജാതശത്രു രാജാവായിരുന്ന കാ
ലത്തു് ഇദ്ദേഹം മഗധരാജ്യത്തിൽ ജൈനമതവും പ്ര
സംഗിച്ചുകൊണ്ടു നടന്നിരുന്നതായി അറിയുന്നു. ജൈ
നമതം വാരാണസിയിൽ വളരെക്കാലം പ്രചരിച്ചു
കൊണ്ടിരുന്നു; എന്നുതന്നെയല്ല അതിന്റെ അവശി
ഷ്ടങ്ങളിൽ ചിലതെല്ലാം ഇപ്പോഴും അവിടെ കാണ
ന്നതുമുണ്ടു്. മഹാവീരന്റെ കാലത്തിനു് ഒരായിരം
സംവത്സരങ്ങൾക്കുശേഷവും അവിടെ അനവധി
ജൈനപണ്ഡിതന്മാരുണ്ടായിരുന്നതായി ഹ്യുയൻസാ
ങ്ങിന്റെ എഴുത്തുകളിൽ കാണുന്നു. അവരുടെ വക
അനവധി പാഠശാലകളും വാരാണസിയിൽ ഉണ്ടാ
യിരുന്നതായിട്ടാണു വിചാരിക്കേണ്ടതു്.

'വരണാ' എന്നും 'അസീ' എന്നും രണ്ടു ചെറു
നദികളുടെ മദ്ധ്യത്തിൽ ഗംഗയുടെ ഇടത്തുഭാഗമായി
ഏകദേശം മൂന്നര നാഴിക നീളത്തിൽ കിടക്കുന്ന ഭൂ
ഭാഗത്തിനാണു് ഇപ്പോൾ വാരാണസി എന്നു പറയു
ന്നതു്. വരണാനദിയുടെ വടക്കുകിഴക്കായി നാലൊ
അഞ്ചോ നാഴിക അകലെ സാരനാഥം എന്ന ഒരു
സ്ഥലമുണ്ടു്. അതിന്റെ മുഴുവൻപേർ 'സാരംഗനാ
ഥം' എന്നായിരുന്നു. അവിടെവെച്ചാണു ഗൌത
മമുനി മതപ്രവർത്തനം ആരംഭിച്ചതു്. അക്കാലത്തു്
ആ ദിക്കിൽ യോഗ്യന്മാരായ അനേകം പണ്ഡിതന്മാ
രും തപസ്വിജനങ്ങളും ഉണ്ടായിരുന്നതായി ബുദ്ധമ
തഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. അതിൽപിന്നെ അ

വിടെ പണിചെയ്തിട്ടുണ്ടായിരുന്ന സന്ന്യാസിമാരുടേ യും പഴയ സ്തൂപങ്ങളുടേയും മററും അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെ കാണാം. പണ്ടു സാരനാഥവും വാരാണസിയുടെ ഒരു ഭാഗമായിരുന്നുവെന്നു പറയുന്നതു വാസ്തവമായിരിക്കണം.

ഗൌതമമുനിയുടെ കാലത്തു വാരാണസിയും അതിൻെറ ചുററുമുള്ള രാജ്യങ്ങളും കോസലരാജാവിൻെറ കീഴിലായിരുന്നു ഭരിക്കപ്പെട്ടിരുന്നതെന്നു ചരിത്രം പറയുന്നു. അതിനുമുമ്പു കാശി ഒരു സ്വതന്ത്രരാജ്യമായിരുന്നുവെന്നും, വാരാണസി അതിൻെറ തലസ്ഥാനമായിരുന്നുവെന്നും ഹിന്തുക്കളുടെ പുരാണങ്ങളിൽനിന്നും, ജാതകകഥകളിൽനിന്നും അറിയാം. അംഗ, മഗധ, കുരു, പാഞ്ചാല, കോസല, ചേടി, ഗാന്ധാര എന്നീ രാജവംശങ്ങളെപ്പോലെ, കാശിയും ഒരു ഹിന്തുരാജവംശത്തിൻെറ കീഴിലായിരുന്നു ഭരിക്കപ്പെട്ടിരുന്നതു്. ഇങ്ങനെ ജൈനന്മാരുടേയും ബുദ്ധന്മാരുടേയും ആവിർഭാവത്തിന്നു മുമ്പുതന്നെ വാരാണസി ഹൈന്ദവമതത്തിൻെറ ഒരു കേന്ദ്രമായിരുന്നുവെന്നു വിചാരിക്കാൻ ധാരാളം വഴിയുണ്ടു്.

ഒരേ സമയത്തു് ഒന്നിലധികം മതങ്ങളെ മാററൊടണച്ചു പരിപാലിച്ചുവന്നിരുന്ന "വാരാണസി ഇൻഡ്യയുടെ ഹൃദയമാണെന്നും, മതത്തിൻെറ മർമ്മമാണെന്നും" മററും പറയുന്നതു് ഒട്ടും അതിശയോക്തിയല്ല. ബുദ്ധമതക്കാരും, ജൈനാചാര്യന്മാരും, ഹിന്തുപണ്ഡിതന്മാരും ഏകദേശം പത്തോ പതിനഞ്ചോ ശതാബ്ദത്തിലധികംകാലം ഒരുമിച്ചു കഴിഞ്ഞുപോന്ന

ത്തു വാരാണസിയിലായിരുന്നു. ഹിന്ദുക്കളെപ്പോലെത ന്നെ, ബുദ്ധന്മാരും ജൈനന്മാരും ഇന്നും വാരാണസി യെ ഒരു പുണ്യതീൎത്ഥമായി വിചാരിച്ചുവരുന്നുണ്ടു്. പുരാതന ഹിന്ദുമതാചാരങ്ങൾ മാത്രമല്ല, അന്നത്തെ രീതിയിലുള്ള സംസ്കൃതവിദ്യാഭ്യാസവും ഇപ്പോഴും ന ശിക്കാതെ നിലനിന്നുവരുന്നുണ്ടെങ്കിൽ, അതു വാരാ ണസിയിൽ മാത്രമാണെന്നു പറഞ്ഞേ തീരു.

൨.

സാരനാഥത്തിന്റെ, അല്ലെങ്കിൽ സാരംഗനാ ഥത്തിന്റെ ഉല്പത്തിയെക്കുറിച്ചു ന്യഗ്രോധമൃഗജാതക ത്തിൽ (ജാതകകഥ, ൧൨) ഒരു കഥ കാണുന്നുണ്ടു്. പണ്ടു ബ്രഹ്മദത്തൻ വാരാണസിയിൽ രാജാവായി വാണിരുന്നകാലത്തു്, അടുത്തുള്ള ഒരു കാട്ടിൽ ബോ ധിസത്വൻ ന്യഗ്രോധമൃഗം എന്ന പേരോടുകൂടി മാ നുകളുടെ രാജാവായി ജനിച്ചു. അക്കാലങ്ങളിൽ കാ ശിരാജാവിന്റെ ഭക്ഷണത്തിന്നായി ഓരോ ദിവസവും അനവധി മാനുകളെ കൊന്നുവന്നിരുന്നു. എന്നാൽ, ന്യഗ്രോധമൃഗത്തിന്റെ അപേക്ഷപ്രകാരം, മേലാൽ ഒന്നിലധികം മൃഗങ്ങളെ ഒരുദിവസത്തിൽ കൊന്നു കൂടെന്നു രാജാവു് ആജ്ഞാപിച്ചു. അങ്ങിനെയിരി ക്കെ ഒരുദിവസം ഗൎഭിണിയായ ഒരു മാൻപേടയാണു രാജഭോജ്യമായി നില്ക്കേണ്ടിവന്നതു്. രണ്ടു ജീവനെ ഒരുമിച്ചു നശിപ്പിക്കേണമല്ലോ എന്നുള്ള അവളുടെ സങ്കടത്തെ അവൾ മൃഗരാജാവിനെ അറിയിച്ചു. ഈ മാൻപേടയുടെ കഷ്ടാവസ്ഥയിൽ അനുകമ്പ തോന്നു

കയാൽ, ന്യഗ്രോധമൃഗം തന്നെ അതു സ്വന്തം ജീവനെ രാജാവിന്നു ബലികഴിക്കുവാൻ തീൎച്ചപ്പെടുത്തി, വെയ്പുകാരന്റെ സമീപത്തു ചെന്നു തന്നെ കൊല്ലുവാനായി ആവശ്യപ്പെട്ടു. കാശിരാജാവ് ഈ മൃഗരാജാവിന്റെ ത്യാഗബുദ്ധി കണ്ട് അതിശയിച്ച്, മേലാൽ തന്റെ ആഹാരത്തിന്നായി ഒരു മൃഗത്തെയും കൊല്ലരുതെന്നാജ്ഞാപിച്ച്, ന്യഗ്രോധമൃഗത്തെ വിട്ടയച്ചു. പിന്നീട് ഈ സാരംഗങ്ങൾ നിൎഭയം വിഹരിച്ചുകൊണ്ടിരുന്ന സ്ഥലമായിരുന്നു സാരംഗനാഥം. ഇപ്പോൾ അതിനെ സാരനാഥം എന്നു പറയുന്നു. വളരെക്കാലം അതു യോഗ്യന്മാരായ മുനീശ്വരന്മാരുടെ തപോവനവും, വിദ്വജ്ജനങ്ങളുടെ സങ്കേതവുമായിരുന്നു. അവിടെവെച്ചായിരുന്നു ഗൌതമമുനി ആദ്യമായി മതപ്രവൎത്തനം ആരംഭിച്ചതു്.

സാരനാഥത്തിൽ ഒരിടത്ത് ഒരു പഴയ ശിവക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണ്മാനുണ്ട്. മാൻ ശിവന്നു പ്രിയമായ ഒരു ജീവിയായതുകൊണ്ടാണ് ആ സ്ഥലത്തിന്നു സാരനാഥം എന്ന പേരുണ്ടായതെന്നു ചിലർ വ്യവഹരിക്കുന്നു. എന്നാൽ പഴയ പാലി ഗ്രന്ഥങ്ങളിൽ സാരനാഥത്തെ ഉദ്ദേശിച്ച "മിഗദായ" (മൃഗദാവ)* എന്ന പദം ധാരാളം ഉപയോഗിച്ചു കാണുന്നതുകൊണ്ടും, അവിടത്തെ ശിവക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ അത്രവളരെ പഴക്കമുള്ളവയല്ലാ

* Deer park.

ന്നതുകൊണ്ടും ഈ വ്യവഹാരം അത്ര സാധുവാകുന്നതല്ല.

സാരനാഥം ആദ്യം ഒരു വിശിഷ്ടതപോവനവും, അനവധി വിദ്യാൎത്ഥികളുടെ നിവാസഭൂമിയും ആയിരുന്നുവെന്നു പറഞ്ഞുവല്ലോ. അശോകചക്രവൎത്തിയുടെ കാലത്തും അതിൽപിന്നെയും അവിടെ പണിചെയ്യപ്പെട്ടിരുന്ന വളരെ സന്യാസിമഠങ്ങളുടേയും, സ്തൂപങ്ങളുടേയും അവശിഷ്ടങ്ങൾ ഇപ്പോഴും ഭൂമിയുടെ അടിയിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. ബുദ്ധന്റെ അനവധി വിഗ്രഹങ്ങൾക്കു പുറമെ, ഹിന്തുദേവതകളുടേയും ജൈനമതാചാൎയ്യന്മാരുടേയും, കല്ലുകൊണ്ടും മണ്ണുകൊണ്ടും ഉണ്ടാക്കിയിട്ടുള്ള പഴയ രൂപങ്ങളും അവിടെനിന്നു കിട്ടിയിട്ടുണ്ട്. എന്നാൽ ബുദ്ധമതശാഖിയാണ് അവിടെ അധികകാലം പ്രബലപ്പെട്ടുകൊണ്ടിരുന്നതെന്നു സാരനാഥം സന്ദൎശിക്കുവാനിടവരുന്നവൎക്ക് എളുപ്പത്തിൽ മനസ്സിലാവും.

ക്രിസ്ത്വബ്ദം ൬൩൭-ൽ, ഹ്യൂയൻസാങ്ങ് നാളന്ദയിലേക്കു പോകുന്നവഴി വാരാണസിയിൽ വരികയുണ്ടായി. അന്ന് അവിടെ (സാരനാഥത്തിൽ) മുപ്പതു സംഘാരാമങ്ങളും ൧൫൦൦ സന്യാസിമാരും ഉണ്ടായിരുന്നതായി പറഞ്ഞിട്ടുണ്ട്. ഇവരിൽ അധികംപേരും അവിടത്തെ സന്യാസിമഠങ്ങളിൽ പഠിച്ചു താമസിച്ചിരുന്നവരായിരുന്നു. ഭൂമി ഫലപ്രദവും, കാലാവസ്ഥ സുഖവാസയോഗ്യവുമായിരുന്നതുകൊണ്ട്, ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ബുദ്ധന്മാ

രും, ഹിന്തുക്കളും, ജൈനരും അവിടെ വന്നുചേൎന്നിരുന്നു. അക്കാലത്തു് അവിടെയുണ്ടായിരുന്ന ബുദ്ധമതക്കാർ ഹീനയാനശാഖയിൽ പെട്ടവരായിരുന്നതുകൊണ്ടായിരിക്കാം ഹ്യൂയൺസാങ്ങ് അവിടംവിട്ടു നാളന്ദയിൽ പോയി പഠിക്കുവാൻ തീൎച്ചപ്പെടുത്തിയതു്.

ക്രിസ്ത്വബ്ദം ൧൧൯൪-ൽ കുട്ബുഡീൻ എന്ന മുഹമ്മദുനേതാവു വാരാണസിയെ ആക്രമിച്ച സമയം, സാരനാഥത്തെയും കൊള്ള ചെയ്തു. അതുവരേയും ആ പ്രദേശം ഒരു ബുദ്ധമതകേന്ദ്രമായിത്തന്നെയായിരുന്നു ഇരുന്നിരുന്നതു്. എന്നാൽ നാളന്ദയിലും വിക്രമശിലയിലും മഹായാനശാഖക്കാരുടെ ശക്തി വൎദ്ധിക്കുവാൻ തുടങ്ങിയതോടുകൂടി, ഹ്യൂയൺസാങ്ങിന്റെ കാലം മുതല്ക്കുതന്നെ ഹീനയാനശാഖയിൽപെട്ട സാരനാഥത്തിലെ സന്ന്യാസിമാരുടെ ശക്തിയും ക്ഷയിക്കുവാൻ തുടങ്ങി. വിശേഷിച്ചു്, ഗുപ്തരാജവംശത്തിന്റെ കീഴിൽ വൎദ്ധിച്ചുവന്ന ബ്രാഹ്മണശക്തിയും സാരനാഥത്തിന്റെ അധഃപതനത്തിനു ധാരാളം സഹായിച്ചിട്ടുണ്ടു്.

൩.

ബുദ്ധമതസാഹിത്യത്തിൽപെട്ട ജാതകകഥകളിൽതന്നെ വാരാണസി ഹിന്തുക്കളുടെ ഒരു പുരാതനവിദ്യാഭ്യാസകേന്ദ്രമായിരുന്നതായി പറഞ്ഞുകാണുന്നുണ്ടു്. അക്കാലത്തു തക്ഷശില കഴിഞ്ഞാൽ പിന്നത്തെ പ്രധാന നഗരം വാരാണസിയായിരുന്നു. എ

ല്ലാവക്കും അനവധി നാഴിക അകലെ കിടക്കുന്ന തക്ഷശിലയിൽ പോയി വിദ്യാഭ്യാസം ചെയ്യാൻ സാധിക്കുന്നതല്ലല്ലോ. അതിനാൽ വിദ്യാഭ്യാസപരിപൂത്തിക്കായി തക്ഷശിലയിൽ പോയി മടങ്ങിവന്നിരുന്ന വിദ്യാത്ഥികൾ സ്വന്തം പാഠശാലകളേപ്പെടുത്തി അവരവർ അഭ്യസിച്ച വിദ്യകളെ മററുള്ളവക്കു പഠിപ്പിച്ചുകൊടുക്കുക പതിവായിരുന്നു. ഇങ്ങനെ ഓരോരുത്തരുടെ കീഴിൽ നാനൂറും അഞ്ഞൂറും വിദ്യാത്ഥികളുള്ള ഒന്നിലധികം കലാശാലകൾ അക്കാലത്തു വാരാണസിയിലും ഉണ്ടായിരുന്നതായിട്ടാണു ജാതകകഥകളിൽ കാണുന്നതു്. കാശിരാജാവിൻെറ പുത്രന്മാർ കൂടി വിദ്യാഭ്യാസപരിപൂത്തിക്കായി തക്ഷശിലയിൽ പോയിരുന്നുവെന്നു മുമ്പൊരു സന്ദഭത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ഇവരുടെ മേൽനോട്ടത്തിൽ തക്ഷശിലയിലുണ്ടായിരുന്നപോലെ,—പക്ഷെ അതിലും പരിഷ്കൃതരീതിയിൽ—സവ്വകലാശാലകൾ വാരാണസിയിലും ഉണ്ടായിരുന്നുവെന്നു വരുന്നതു് ഒട്ടും ആശ്ചര്യമല്ല.

ഒരിക്കൽ ഒരു ബ്രാഹ്മണൻ തക്ഷശിലയിൽ പോയി മൂന്നു വേദങ്ങളും ആറു ശാസ്ത്രങ്ങളും അഭ്യസിച്ചതിന്നുശേഷം, വാരാണസിയിൽ വന്നു് ഒരു വേദപാഠശാല ഏപ്പെടുത്തിയതായി 'കോശിയജാതക'ത്തിൽ (കഥ ൧൩൦) കാണുന്നു. വേറെ ഒരു ബ്രാഹ്മണൻ അഞ്ഞൂറു വിദ്യാത്ഥികളുള്ള ഒരു കലാശാലയിലെ പ്രധാനഅദ്ധ്യാപകനായിരുന്നുകൊണ്ടു ജോലി

ചെയ്തതായി ദുരാജാനജാതകത്തിൽ (കഥ ൬൪) കാണുന്നുണ്ട്. അക്കാലത്തുകൂടി അവിടത്തെ വിദ്യാൎത്ഥികളെ സൌജന്യമായിട്ടായിരുന്നു വിദ്യാഭ്യാസം ചെയ്യിച്ചിരുന്നതു്. തക്ഷശിലയിലുണ്ടായിരുന്നപോലെ ആയുൎവ്വിദ്യയും, ആയുധവിദ്യയും വാരാണസിയിൽ പഠിപ്പിച്ചുവന്നിരുന്നു. എന്നാൽ വേദങ്ങൾക്കുണ്ടായിരുന്നത്ര പ്രാമാണ്യം മറെറാരു വിഷയത്തിന്നും അക്കാലത്തുണ്ടായിരുന്നില്ല.

ഹുയൻസാങ് വാരാണസിയെ സന്ദൎശിച്ചതു ക്രിസ്ത്വബ്ദം ൬൩൭-ന്നു മുമ്പായിരുന്നു. അക്കാലത്തു ബുദ്ധമതത്തേക്കാളും ജൈനമതത്തേക്കാളും ഹിന്തുമതത്തിന്നു പ്രാബല്യം കൂടിവന്നിരുന്നതായിട്ടാണറിയുന്നതു്*. വിശേഷിച്ചു്, അന്നവിടെ അനവധി ദേവപ്രതിഷ്ഠകളുണ്ടായിരുന്നുവെന്നും, ജനങ്ങൾ ഭിന്നമതാചാരങ്ങളോടു കൂടിയവരായിരുന്നുവെന്നും ഹുയൻസാങ് പറയുന്നു. അക്കാലത്തു വാരാണസിയിൽ മാത്രമായി ഇരുപതു വലിയ ദേവക്ഷേത്രങ്ങളുണ്ടായിരുന്നുവത്രെ. ജനങ്ങളിൽ ചിലർ ജൈനമതത്തിൽപെട്ട നിൎഗ്രന്ഥന്മാരും, മററവർ ഹിന്തുമതത്തിൽപെട്ട പാശുപതന്മാരുമായിരുന്നു. ഭസ്മവും പൂശി, ജടയും ധരിച്ചു്, തപശ്ചൎയ്യയെ അനുഷ്ഠിച്ചുവന്നിരുന്ന ഒരുതരം ശൈവമതക്കാരത്രെ പാശുപതന്മാർ. അന്നു വാരാണസിയിൽ നൂറടി പൊക്കത്തിൽ ചെമ്പുകൊണ്ടു

* Beal's Buddhist Records of the Western World. Vol. II, pp. 44-45.

ങ്ങളാക്കിയ ഒരു മഹേശ്വരബിംബം കണ്ടതായി ഹ്യുയൻസാങ്ങ് പറയുന്നുണ്ട്. ജനങ്ങൾ അധികവും വേദശാസ്ത്രാഭ്യസനത്തിൽ ശുഷ്കാന്തിയോടുകൂടിയവരുമായിരുന്നു.

൪.

ഇൻഡ്യയിലെ രണ്ടു പ്രധാനമതപ്രതിഷ്ഠാപകന്മാരായ മഹാവീരനും ഗൌതമമുനിയും വാരാണസിയിൽ വെച്ചാണു മതപ്രവൎത്തനം ആരംഭിച്ചതെന്നു പറഞ്ഞുവല്ലൊ. അതുപോലെ ഹിന്ദുമതത്തിൽപെട്ട പ്രധാന മതാചാൎയ്യന്മാരും വളരെക്കാലം വാരാണസിയിൽ താമസിച്ചു പലൎക്കും ജ്ഞാനോപദേശം ചെയ്തുവന്നിരുന്നതായിട്ടറിവുണ്ട്. ശങ്കരാചാൎയ്യർ, ശ്രീകൃഷ്ണചൈതന്യൻ, വല്ലഭാചാൎയ്യർ, തുളസീദാസ് തുടങ്ങിയ മഹാപുരുഷന്മാർ ഒന്നിലധികം തവണ വാരാണസിയെ സന്ദൎശിച്ച് അവിടത്തെ പണ്ഡിതന്മാരുമായി വേദാന്തവിഷയത്തെക്കുറിച്ചു വാദപ്രതിവാദം നടത്തിവന്നിരുന്നതിനു പുറമെ, അനവധി ശിഷ്യന്മാൎക്കു വേദവേദാംഗശാസ്ത്രസാരോപദേശങ്ങളും ചെയ്തുകൊണ്ടു ജീവിതസാഫല്യം നേടിയിരുന്നു.

ആ കാലങ്ങളിൽ വാരാണസിയിൽ പോയി വിജയം നേടിയാലേ സൎവ്വജ്ഞനാണെന്നു ലോകം സമ്മതിച്ചിരുന്നുള്ളു എന്നുള്ളതിന്, “അദ്വൈതവൈജ[illegible] സൎവ്വജ്ഞപീഠം കയറിയ” ആചാൎയ്യസ്വാമികളെപ്പോലെയുള്ള മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങൾതന്നെ ഉത്തമദൃഷ്ടാന്തങ്ങളാകുന്നു.

ആചാര്യസ്വാമികൾക്കു ശേഷവും വളരെക്കാലം വാരാണസി വൈദികമതത്തിന്റെ കേന്ദ്രമായിത്തന്നെ നിലനിന്നു വന്നു. ൧൬-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ശ്രീകൃഷ്ണചൈതന്യൻ രണ്ടോ മൂന്നോ തവണ വാരാണസിയെ സന്ദർശിച്ചതായും, വൈഷ്ണവമതത്തെക്കുറിച്ച് അവിടത്തെ പണ്ഡിതന്മാരുമായി വാദപ്രതിവാദം ചെയ്തുവന്നതായും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ കാണുന്നുണ്ട്. പ്രസിദ്ധകവിയും, വിഷ്ണുഭക്തനുമായ തുളസീദാസൻ ൧൭-ാം നൂററാണ്ടിലാണു ജീവിച്ചിരുന്നത്. ഇദ്ദേഹവും വളരെ കാലം വാരാണസിയിൽ താമസിച്ചിരുന്നതായിട്ടറിവുണ്ട്.

ക്രിസ്ത്വബ്ദം ൧൯൧൭-ൽ എടുത്ത ഒരു കണക്കുപ്രകാരം, അന്നു വാരാണസിയിൽ ആകെ നാല്പത്തെട്ടദ്ധ്യാപകന്മാർ ൩൫൬ വിദ്യാർത്ഥികളെ വേദാദ്ധ്യയനം ചെയ്യിച്ചുവന്നിരുന്നുവെന്നും, പതിനേഴാചാര്യന്മാർ ൨൧൭ വിദ്യാർത്ഥികളെ വ്യാകരണം പഠിപ്പിച്ചുവന്നിരുന്നുവെന്നും കാണുന്നു*. അക്കാലത്തു പണ്ടുണ്ടായിരുന്നപോലെ വലിയ പാഠശാലകൾ ഇല്ലായിരുന്നതുകൊണ്ട് അതാതാചാര്യന്മാർ അഞ്ചോ പത്തോ വിദ്യാർത്ഥികളെ സ്വഗൃഹങ്ങളിലോ മറേറാ വെച്ച് അദ്ധ്യയനം ചെയ്യിച്ചുവന്നിരുന്നതേയുള്ളു. ഈ ഒരു സമ്പ്രദായം ഇപ്പോഴും നശിക്കാതെ നിലനിന്നുവരുന്നുണ്ട്.

* Encyclopaedia of Religion and Ethics. Vol. II. p. 468.

വാരാണസിയിൽ സരസ്വതീഭണ്ഡാഗാരം എന്ന പേരിൽ സ്ഥാപിച്ചിട്ടുള്ള ഒരു ഗ്രന്ഥശാലയിൽ ഇപ്പോൾ ൨൫,000-ത്തിലധികം സംസ്കൃതഗ്രന്ഥങ്ങൾ ശേഖരിച്ചുവെച്ചിട്ടുള്ളതായി അറിയുന്നു. ഇവ മിക്കതും കാശിരാജാവിന്റെ കൊട്ടാരത്തിൽനിന്നും, വാരാണസിയിലുണ്ടായിരുന്ന പണ്ഡിതന്മാരുടെ ഗൃഹങ്ങളിൽനിന്നും ശേഖരിച്ചുവെച്ചിട്ടുള്ളവയാണ്. ഈ ഭണ്ഡാഗാരംതന്നെ ഈ പുരാണപുരിയുടെ പൂർവ്വമഹിമയെ ധാരാളം വിളിച്ചുപറയുന്നുണ്ട്. വിശേഷിച്ചു സാരനാഥത്തിൽനിന്നു കുഴിച്ചുകിട്ടിയിട്ടുള്ള അനവധി അപൂർവ്വദ്രവ്യങ്ങൾ, ഒരുകാലത്ത് അവിടെ ബുദ്ധമതത്തിനുണ്ടായിരുന്ന പ്രചാരത്തേയും പ്രാബല്യത്തേയും സൂചിപ്പിക്കുന്നു. വാരാണസിയെ സന്ദർശിക്കുവാനിടവരുന്നവർ ഈ രണ്ടു സ്ഥലങ്ങളും പോയി ദർശിക്കുന്നതു "വിശ്വനാഥ"ദർശനം പോലെതന്നെ പാവനമായിട്ടാണു വിചാരിക്കേണ്ടതു്.

# ൯. മിഥിലയും നവദ്വീപും.

൧.

മിഥില വളരെ പുരാതനമായ ഒരു നഗരിയാണ്. ഇതിനെക്കുറിച്ചു ഹിന്ദുക്കളുടെ ഇതിഹാസങ്ങളിലും, ബുദ്ധമതഗ്രന്ഥങ്ങളിലും വിവരിച്ചുകാണുന്നുണ്ടു്. ജനകൻ രാജ്യഭാരം ചെയ്തുകൊണ്ടിരുന്ന കാലത്തു മിഥില വിദേഹരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. മിഥിലാനഗരത്തിൽനിന്നു വിദ്യാർത്ഥികൾ തക്ഷശിലയിൽ പോയി പഠിച്ചിരുന്നതായി ജാതകകഥകളിൽ കാണുന്നുണ്ടു്. എങ്കിലും വാരാണസിയെപ്പോലെയോ, തക്ഷശിലയെപ്പോലെയോ അക്കാലത്തു് അതൊരു വിദ്യാഭ്യാസകേന്ദ്രമായിരുന്നതായിട്ടറിയുന്നില്ല.

എന്നാൽ, വിക്രമശിലാവിദ്യാലയത്തിന്റെ അവസാനകാലം മുതൽ ഏകദേശം നാനൂറു സംവത്സരത്തോളം അവിടെ യോഗ്യന്മാരായ ചില പണ്ഡിതന്മാരുണ്ടായിരുന്നതായും, അവരുടെ ഉത്സാഹത്തിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും വന്നുകൊണ്ടിരുന്ന വിദ്യാർത്ഥികൾക്കു പഠിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുത്തിരുന്നതായും അറിയുന്നു.

മിഥിലയിലെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്ന പ്രധാനവിഷയം ന്യായശാസ്ത്രമായിരുന്നു. വ്യാക-

ൎണം, വേദാന്തം തുടങ്ങിയ മററു വിഷയങ്ങളും അവിടെ പഠിപ്പിച്ചുവന്നിരുന്നുവെങ്കിലും, ന്യായശാസ്ത്രത്തിൽ മിഥിലയിലുണ്ടായിരുന്നതുപോലെ വ്യുല്പന്നന്മാരായ പണ്ഡിതന്മാർ അക്കാലത്തു ഇൻഡ്യയിൽ മറെറാരേടത്തും ഇല്ലായിരുന്നതുകൊണ്ടു, വിദ്യാൎത്ഥികൾ അധികവും ന്യായശാസ്ത്രം പഠിക്കുവാനായിട്ടായിരുന്നു അവിടെ പോയിരുന്നതു്.

ഗംഗേശൻ, വ്ര‌ദ്ധമാനോപാദ്ധ്യായൻ, ജഗദ്ധരൻ, വിദ്യാപതി, ശങ്കരമിശ്രൻ* തുടങ്ങിയ ന്യായശാസ്ത്രജ്ഞന്മാർ ഒരുകാലം മിഥിലാനഗരത്തെ അലങ്കരിച്ചിരുന്ന ചൂഡാരത്നങ്ങളായിരുന്നു. ജഗദ്ധരൻ ഗീതോപനിഷത്തു്, ദേവീമാഹാത്മ്യം, ഗീതാഗോവിന്ദം, മാലതീമാധവം തുടങ്ങിയ കൃതികൾക്കു വ്യാഖ്യാനങ്ങൾ എഴുതിയിട്ടുള്ളതിന്നുപുറമെ, രസികസൎവ്വസ്വം, സംഗീതസൎവ്വസ്വം എന്നിവയെക്കുറിച്ചു പ്രബന്ധങ്ങൾ എഴുതിയിട്ടുള്ളതായും അറിയുന്നു. വിദ്യാപതി വൈശേഷികദൎശനത്തെക്കുറിച്ചും ന്യായദൎശനത്തെക്കുറിച്ചും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്.

വാചസ്പതിമിശ്രൻ അവിടത്തെ മറെറാരു പണ്ഡിതനായിരുന്നു. ഇദ്ദേഹം ന്യായസൂത്രോദ്ധാരം, ഖണ്ഡനഖണ്ഡോദ്ധാരം, അനുമാനഖണ്ഡടീകാ, നീതിചിന്താമണി എന്നിവയുടെ കൎത്താവാകുന്നു. ഇവരെപ്പോലെ വേറെ ചില പണ്ഡിതന്മാർകൂടി മിഥിലയിൽ ഉണ്ടായിരുന്നതായിട്ടറിവുണ്ടു്. എന്നാൽ അവർ എഴു

* History of Indian Logic. p. 522.

തിയിട്ടുള്ള കൃതികൾ ഏതെല്ലാമാണെന്നു വിവരമില്ല.

ഏകദേശം ൧൨-ാം നൂററാണ്ടു മുതൽ ൧൭-ാം നൂററാണ്ടിന്റെ അവസാനംവരെ, മിഥില നല്ലൊരു വിദ്യാഭ്യാസകേന്ദ്രമായിരുന്നു എന്നുതന്നെയാണു വിചാരിക്കേണ്ടതു്. ഉത്തരഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും വിദ്യാൎത്ഥികൾ അവിടെ പോയി പഠിച്ചുവന്നിരുന്നു. വിദ്യാഭ്യാസാനന്തരം നടത്തിവന്നിരുന്ന "ശലാകാപരീക്ഷ" എന്നൊരു പരീക്ഷയിൽ വിജയികളായവരെ മാത്രമേ പണ്ഡിതന്മാരായി ഗണിച്ചിരുന്നുള്ളു. ഒരു ഗ്രന്ഥത്തിൽ തറച്ചിട്ടുള്ള സൂചി അതിന്റെ അഗ്രംകൊണ്ടു് ഒടുവിൽ തുളച്ചിട്ടുള്ള ഓലയിൽ അടങ്ങിയിരിക്കുന്ന സംഗതികളെ വിവരിക്കയാണു "ശലാകാപരീക്ഷ" എന്നു മഹാമഹോപാദ്ധ്യായൻ സതീശചന്ദ്രവിദ്യാഭൂഷണൻ പറയുന്നു. ഇതുകൊണ്ടുതന്നെ അവിടത്തെ വിദ്യാഭ്യാസത്തിന്റെ നില ഏതൊരുപ്രകാരമായിരുന്നുവെന്നു് ഊഹിക്കാം.

൫.

വിക്രമശില, ഓദന്തപുരി തുടങ്ങിയ ബുദ്ധമതകേന്ദ്രങ്ങൾക്കു നാശം സംഭവിച്ചതോടുകൂടി, ബങ്കാളത്തിൽ ഹിന്തുമതത്തിന്നുണ്ടായ ഉണൎച്ചയുടെ ഫലമായി പൊട്ടിത്തഴച്ചുവന്ന മറെറാരു കല്പദ്രുമമാണു നവദ്വീപം. ഇതിന്റെ ശാഖകൾ ബങ്കാളരാജ്യം മുഴുവൻ പടൎന്നു വ്യാപിച്ചിരുന്നുവെന്നതിന്നു് അവിടത്തെ ചരിത്രംതന്നെ ഉത്തമദൃഷ്ടാന്തമാണു്. കാളിഘട്ടത്തിൽനിന്നു് ഏകദേശം ൩൦ നാഴിക വടക്കുഭാഗമാ

യി, ജലാംഗീനദി ഭാഗീരഥിയുമായി കൂടിച്ചേരുന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന നവദ്വീപം, പണ്ടു ഗംഗാതീരത്തിലുണ്ടായിരുന്ന സപ്തഗ്രാമവുമായി കച്ചവടം നടത്തിവന്നിരുന്നതായിട്ടാണറിയുന്നത്. നവദ്വീപിന്റെ അല്പം കിഴക്കപ്പുറെയായി സുവൎണ്ണവിഹാരം എന്നൊരു ഗ്രാമമുണ്ട്. അവിടെ ചില ബുദ്ധമതാവശിഷ്ടങ്ങൾ കാണുന്നുണ്ടെന്നുതന്നെയല്ല, ബുദ്ധമതാനുയായികളായിരുന്ന പാലരാജാക്കന്മാർ അവിടെ പോയി താമസിച്ചുവന്നിരുന്നതായും ജനങ്ങൾ പറയുന്നു. എന്നാൽ ൧൧൫൯-ൽ ഗൌഡദേശത്തിലെ രാജാവായ ലക്ഷ്മണസേനൻ നവദ്വീപിൽ ഭാഗീരഥിയോടു തൊട്ട് ഒരു രാജധാനി പണിതു് അവിടെ സ്ഥിരതാമസമാക്കുന്നതുവരെ ആ പുരാണഭൂമിയുടെ ചരിത്രത്തെക്കുറിച്ച് അധികമൊന്നും അറിവാൻ കഴിഞ്ഞിട്ടില്ല.

ലക്ഷ്മണസേനൻ ഒരു രാജാവായിരുന്നതിനു പുറമെ, നല്ലൊരു പണ്ഡിതനുമായിരുന്നു. ഹലായുധൻ എന്നൊരു ബ്രാഹ്മണനെയാണ് ഇദ്ദേഹം മന്ത്രിയായി നിയമിച്ചിരുന്നതു്. ഹലായുധൻ ബ്രാഹ്മണസൎവ്വസ്വം, സ്മൃതിസൎവ്വസ്വം, മീമാംസാസൎവ്വസ്വം, ന്യായസൎവ്വസ്വം എന്നിവയുടെ കൎത്താവാകുന്നു. ലക്ഷ്മണസേനന്റെ രാജസദസ്സിൽ യോഗ്യന്മാരായ വേറേയും അനവധി പണ്ഡിതന്മാരുണ്ടായിരുന്നതായിട്ടറിയുന്നുണ്ട്. പശുപതിപദ്ധതി എന്ന ഗ്രന്ഥത്തിന്റെ കൎത്താവായ പശുപതിയും, സ്മൃതിവിവേകമെന്ന ഗ്ര

ന്ഥത്തിൻെറ കത്താവായ ശൂലപാണിയും, പവനദൂ തത്തിൻെറ കത്താവായ ധോയിയും, വിശേഷിച്ചു ഗീതാഗോവിന്ദത്തിൻെറ കത്താവായ സാക്ഷാൽ ജ യദേവനും ലക്ഷ്മണസേനൻെറ കാലത്തായിരുന്നു ജീ വിച്ചിരുന്നതു്*.

ഏകദേശം ൧൩-ാം നൂററാണ്ടുമുതൽ ൧൮-ാം നൂററാണ്ടുവരെ മുഹമ്മദീയർ ബങ്കാളരാജ്യം വാണിരു ന്നുവെങ്കിലും, അക്കാലത്തൊന്നും നവദ്വീപിൻെറ മ ഹിമക്കു് ഒരു കുറവും ഉണ്ടായിരുന്നില്ല. മിഥിലയെ പ്പോലെ നവദ്വീപും ന്യായദൎശനത്തിന്നായിരുന്നു കീ ൎത്തിപ്പെട്ടിരുന്നതു്. ഇതിന്നുപുറമെ, വേദങ്ങളും, വൈ ദ്യം, വ്യാകരണം, ധൎമ്മശാസ്ത്രം, ജ്യോതിഷം തുടങ്ങി യ ശാസ്ത്രങ്ങളും അവിടത്തെ വിദ്യാലയങ്ങളിൽ പഠി പ്പിച്ചുവന്നിരുന്നു. നവദ്വീപം ഇപ്പോഴും ബങ്കാളത്തി ലെ ഒരു പ്രധാന (സംസ്കൃത) വിദ്യാഭ്യാസകേന്ദ്രമാ ണെന്നുതന്നെവേണം പറവാൻ.

നവദ്വീപിലെ പാഠശാലകൾക്ക 'ടോൾ' അ ല്ലെങ്കിൽ 'ചതുഷ്പാഠി' എന്നായിരുന്നു പേർപറഞ്ഞു വന്നിരുന്നതു്. നാട്ടുപുറങ്ങളിലെ പഴയ പള്ളിക്കൂട ങ്ങൾപോലെ മൺചുമരും ഓലപ്പുരയുമല്ലാതെ, അ വിടത്തെ വിദ്യാലയങ്ങളിൽ വിദ്യാൎത്ഥികൾക്ക താമ സിക്കുന്നതിന്നു വേറെ സൌകൎയ്യങ്ങളൊന്നും ഉണ്ടാ യിരുന്നില്ല. ഓരോ വിദ്യാൎത്ഥിക്കും താമസിക്കുന്നതി

* History of Indian Logic, p. 524.

ന്നു് ഓരോ ചെറിയമുറി ഒഴിച്ചുകൊടുത്തിരുന്നു. അതിൽ അയാൾക്കു കിടക്കുന്നതിന്നു് ഒരു പായയും, വെള്ളമെടുക്കുന്നതിന്നു് ഒരു പിച്ചളമൊന്തയും, പഠിക്കുന്നതിന്നു ചില ഗ്രന്ഥങ്ങളുമല്ലാതെ വേറെ ഒന്നും കൊടുത്തിരുന്നില്ല. തക്ഷശിലയിലും നാളന്ദയിലും മററും ഉണ്ടായിരുന്ന വിദ്യാൎത്ഥികളെപ്പോലെതന്നെ ഇവരുടേയും ജീവിതം എത്രയോ ലഘുവായിരുന്നു.

നവദ്വീപിൽ പഠിക്കുവാൻ ചെന്നിരുന്ന വിദ്യാൎത്ഥികൾ എട്ടോ പത്തോ സംവത്സരകാലം ഗുരുവിന്റെ സമീപത്തു പഠിച്ചു താമസിക്കണമെന്നായിരുന്നു നിശ്ചയം. വിദ്യാഭ്യാസം തീരെ സൌജന്യമായിരുന്നു എന്നുതന്നെയല്ല, വിദ്യാൎത്ഥികൾക്കു് ഉണ്ണുവാനും ഉടുക്കുവാനുംകൂടി അതാതാശ്രമങ്ങളിൽനിന്നുതന്നെയായിരുന്നു കൊടുത്തുവന്നിരുന്നതു്. ബങ്കാളത്തിലെ പ്രഭുക്കന്മാരും, കച്ചവടക്കാരും, മററു ധനികന്മാരും ഈ ആവശ്യത്തിലേക്കു ധാരാളം സഹായിച്ചിരുന്നതുകൊണ്ടു വളരെക്കാലം അവിടത്തെ വിദ്യാലയങ്ങൾ വീഴ്ചകൂടാതെ നടന്നുവന്നു. ആദ്യകാലങ്ങളിൽ ഇത്തരത്തിലുള്ള നൂറോ നൂററിരുപതോ പാഠശാലകളും, ഓരോ പാഠശാലയിൽ ഇരുപതുമുതൽ ഇരുപത്തഞ്ചുവരെ വിദ്യാൎത്ഥികളും അവിടെ ഉണ്ടായിരുന്നതായി അറിയുന്നുണ്ടു്*.

* എന്നാൽ ഇപ്പോൾ അവിടെ കഷ്ടിച്ചു പത്തോ പന്ത്രണ്ടോ പാഠശാലകളും, ഓരോന്നിൽ നാലോ അഞ്ചോ വിദ്യാൎത്ഥികളും മാത്രമേ ഉള്ളുവെന്നു് അറിയുന്നു. വിദ്യാഭ്യാസം ഇപ്പോഴും സൌജന്യമാണു്.

ഈ പാഠശാലകൾ നവദ്വീപിൽ ഓരോരോ ഭാഗങ്ങളിലായിട്ടായിരുന്നു സ്ഥാപിക്കപ്പെട്ടിരുന്നത് എങ്കിലും, അവക്ക് അന്യോന്യം യാതൊരു ബന്ധവും ഉണ്ടായിരുന്നില്ലെന്നു വിചാരിക്കുവാൻ മാൎഗ്ഗമില്ല. അവിടത്തെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും പല സന്ദൎഭങ്ങളിലും ഒരുമിച്ചുചേൎന്നു വിവിധവിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദം ചെയ്യുക പതിവായിരുന്നു. ഈ ഒരു സംഗതിതന്നെ അവർ തമ്മിൽ അന്യോന്യം അറിവാനും, തന്മൂലം അവരുടെ സൗഹൃദ്യബന്ധത്തെ ദൃഢപ്പെടുത്തുവാനും സഹായിച്ചിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ.

൩.

മിഥിലയിലേയും നവദ്വീപിലേയും പണ്ഡിതന്മാർ തമ്മിൽ പണ്ടേമുതൽ ശാസ്ത്രസംബന്ധമായി വലിയ വഴക്കായിരുന്നു എന്നുവേണം പറവാൻ. പ്രത്യേകിച്ചു ന്യായദൎശനത്തിൽ രണ്ടുകൂട്ടരും സമന്മാരായിരുന്നതുകൊണ്ടു് ഈ മത്സരം കുറെ അധികകാലം നിലനിന്നുവന്നു. എന്നാൽ, ഏകദേശം ൧൫-ാം നൂറ്റാണ്ടിന്നിടക്കു നവദ്വീപിന്റെ അഭിവൃദ്ധിക്കുവേണ്ടി അത്യാന്തപരിശ്രമം ചെയ്തിരുന്ന രഘുനാഥശിരോമണി, വാസുദേവസാൎവ്വഭൌമൻ തുടങ്ങിയ പണ്ഡിതാഗ്രേസരന്മാരുടെ കാലത്തോടുകൂടി നവദ്വീപിന്റെ ശക്തി വളരെ വൎദ്ധിക്കുകയും, മിഥിലയുടെ ശക്തി ക്രമേണ ക്ഷയിക്കുകയും ചെയ്തു.

വിശേഷദിവസങ്ങളിൽ ചിലപ്പോഠം ബങ്കാള ത്തിലുള്ള പ്രമാണപ്പെട്ട പണ്ഡിതന്മാരുടെ വകയായി നവദ്വീപിൽവെച്ചു വിദ്വത്സദസ്സുകൂട്ടുക പതിവുണ്ടാ യിരുന്നു. അവരവരുടെ യോഗ്യതാലാഭത്തെ അളന്നു തിട്ടപ്പെടുത്തിയിരുന്ന ഈ വക സദസ്സുകഠം അക്കാല ത്തു നവദ്വീപിലുണ്ടായിരുന്നപോലെ മററാരേട ത്തും നടത്തിയിരുന്നില്ല. ന്യായം, വേദാന്തം, ധർമ്മശാ സ്ത്രം എന്നീ വിഷയങ്ങളിലായിരുന്നു പ്രധാനമായി വാദപ്രതിവാദം നടത്തിയിരുന്നതു്. ഇവയിൽ വിജയി കളാവുന്നവക്കു "മഹാപണ്ഡിതർ" എന്ന സ്ഥാനം ന ൽകിവന്നിരുന്നു. രഘുനാഥശിരോമണിയും, വാസുദേ വസാൎവ്വഭൌമനും ജീവിച്ചിരുന്ന കാലത്തു ന്യായദശ് നത്തിൽ വേറെ ആരുംതന്നെ ഇവരോടു കിടപിടിക്കു വാനുണ്ടായിരുന്നില്ല.

ഇവരെപ്പോലെ ന്യായദശ്നത്തിൽ യോഗ്യന്മാ രായ വേറെയും അനേകം പണ്ഡിതന്മാർ തുടച്ചയാ യി വളരെക്കാലം നവദ്വീപിനെ അലങ്കരിച്ചുപോന്നി രുന്നു. ചൈതന്യദേവന്റെ പിതാവായ ജഗന്നാഥ മിശ്രനും, മാതാമഹനായ നീലാംബരചക്രവത്തിയും ൧൫-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ന്യായശാസ്ത്രജ്ഞ ന്മാരാണു്. മുകുന്ദസഞ്ജയൻ, ഹരിരാമതക്കസിദ്ധാ ന്തൻ, രാമനാരായണതക്കപഞ്ചാനനൻ, ശങ്കരതക്ക വാഗീശൻ, കാശിനാഥചൂഡാമണി, ശ്രീരാമശിരോ മണി തുടങ്ങിയ മഹാപണ്ഡിതന്മാർ, ൧൬-ാം നൂ ററാണ്ടിലും അതിന്നുശേഷവും നവദ്വീപിലെ ചതു

ഷ്യാറികളിൽ ന്യായദൎശനവും പഠിപ്പിച്ചുകൊണ്ടു താമസിച്ചിരുന്നവരായിരുന്നു*.

ന്യായദൎശനത്തിലെന്നപോലെ, ധൎമ്മശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും യോഗ്യന്മാരായ വേറെയും ചിലർ അവിടെ ഉണ്ടായിരുന്നതായി കേൾക്കുന്നുണ്ടു്. രഘുനന്ദനൻ, ശ്രീകൃഷ്ണസാൎവ്വഭൌമൻ, ഗോപാലന്യായാലങ്കാരൻ തുടങ്ങിയ ധൎമ്മശാസ്ത്രജ്ഞന്മാർ ശകാബ്ദം ൧൬-ാം നൂററാണ്ടിലും അതിന്നുശേഷവും ജീവിച്ചിരുന്നവരാണു്. ജ്യോതിഷസാരസംഗ്രഹം എന്ന ഗ്രന്ഥത്തിന്റെ കൎത്താവായ രാമരുദ്രവിദ്യാനിധി, പ്രാണനാഥവിദ്യാഭരണൻ, വിശ്വംഭരജ്യോതിഷാൎണ്ണവൻ എന്നിവരും നവദ്വീപിലാണു ജീവിച്ചിരുന്നതു്. പിൻകാലങ്ങളിൽ ചില താന്ത്രികഗ്രന്ഥങ്ങളും അവിടത്തെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നതായി അറിയുന്നുണ്ടു്.

൧൫-ാം നൂററാണ്ടിൽ, വൈഷ്ണവമതപ്രവൎത്തകനായിരുന്ന ശ്രീകൃഷ്ണചൈതന്യന്റെ ജനനത്തോടുകൂടി നവദ്വീപിന്നു് ഒരു പ്രത്യേക ഉണൎച്ച ഉണ്ടായതായിട്ടാണു വിചാരിക്കേണ്ടതു്. ചെറുപ്പത്തിൽതന്നെ അപാരമായ ബുദ്ധിവൈഭവത്തെ പ്രദൎശിപ്പിച്ചിരുന്ന ചൈതന്യൻ ഗംഗാദാസഭട്ടാചാൎയ്യരുടെ അടുക്കൽ വ്യാകരണവും, വാസുദേവസാൎവ്വഭൌമന്റെ അടുക്കൽ ന്യായശാസ്ത്രവും അഭ്യസിച്ചു്, ൧൬-ാമത്തെ വയസ്സിൽ മുകുന്ദസഞ്ജയൻ എന്ന ഒരു ബ്രാഹ്മണന്റെ

* History of Indian Logic, pp. 526-7.

പ്രാൎത്ഥനാമന്ദിരത്തിൽ ചെറിയൊരു സംസ്കൃതപാഠശാലയിലെ അദ്ധ്യാപകനായി താമസിച്ചു. കമലാകാന്തൻ, മുരാരിഗുപ്തൻ, തന്ത്രസാരം എന്ന ഗ്രന്ഥത്തിന്റെ കൎത്താവായ കൃഷ്ണാനന്ദൻ എന്നിവരെല്ലാം ചൈതന്യന്റെ സഹപാഠികളായിരുന്നു. കുറെക്കാലം അദ്ധ്യാപകവൃത്തിയിലിരുന്നതിന്നുശേഷം, ചൈതന്യൻ അദ്ദേഹത്തിന്റെ ൨൪-ാമത്തെ വയസ്സിൽ ഐഹികവിഷയങ്ങളിൽ വിരക്തനായി ജഗന്നാഥത്തിലേക്കു തീൎത്ഥയാത്ര പോവുകയും, വഴിക്കു കാടപാനഗരത്തിൽവെച്ചു കേശവഭാരതി എന്നൊരു സന്യാസിവൎയ്യനെക്കണ്ടു് അദ്ദേഹത്തിന്റെ അടുക്കൽനിന്നു സന്യാസാശ്രമം സ്വീകരിക്കുകയും, പിന്നെ വൈഷ്ണവമതപ്രവൎത്തകനായി ഇൻഡ്യാരാജ്യം മുഴുവൻ സന്ദൎശിച്ചു നവദ്വീപിൽ വന്നു കുറച്ചുദിവസം താമസിച്ചതിന്നു ശേഷം ജഗന്നാഥത്തിന്നടുത്തുള്ള നീലാചലത്തിൽ വെച്ചു സ്വൎഗ്ഗാരോഹണം ചെയ്കയും ചെയ്തു.

ചൈതന്യന്റെ കാലത്തോടുകൂടി നവദ്വീപിൽ വൈഷ്ണവമതം പ്രചരിക്കുവാൻ തുടങ്ങി. ഇപ്പോൾ അവിടെയുള്ളവർ അധികവും ചൈതന്യശാഖയിൽപെട്ട വൈഷ്ണവന്മാരാണു്. 'ടോൾ' എന്നു പറഞ്ഞുവരുന്ന ചതുഷ്പാഠികളിൽ യോഗ്യന്മാരായ ആചാൎയ്യന്മാർ ഇപ്പോഴും വിദ്യാൎത്ഥികളെ ചെറുപ്പംമുതൽ വേദശാസ്ത്രങ്ങൾ പഠിപ്പിച്ചുകൊണ്ടുവരുന്നുണ്ടു്. വലിയ നഗരങ്ങളിൽനിന്നും വളരെ അകലെയായിട്ടാണു സ്ഥിതിചെയ്യുന്നതെങ്കിലും, പുരാതനരീതിയിലുള്ള

വിദ്യാഭ്യാസത്തിൽ നവദ്വീപിലുള്ളവർക്കുകൂടി ശ്രദ്ധ കുറഞ്ഞുകാണുന്നതു പക്ഷെ ചിലൎക്കത്ഭുതമായി തോന്നിയേക്കാം.

മിഥില, നവദ്വീപ്, ഇവയെപ്പോലെ ഉത്തര ഇൻഡ്യയിൽ മഥുര, ഉജ്ജയിനി തുടങ്ങിയ വേറെയും പുരാതന വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, അവയെക്കുറിച്ചു ചില കഥകൾ മാത്രമല്ലാതെ, ചരിത്രദൃഷ്ട്യാ അധികമൊന്നും അറിവാൻ കഴിഞ്ഞിട്ടില്ല. ഇനിയുള്ള അദ്ധ്യായങ്ങളിൽ ദക്ഷിണ ഇൻഡ്യയിലെ ചില വിദ്യാഭ്യാസകേന്ദ്രങ്ങളെക്കുറിച്ചാലോചിക്കാം.

# ൧ കാഞ്ചീപുരം

൧.

ദക്ഷിണ ഇൻഡ്യയിലെ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്ന ഒരു പുരാതനപുണ്യക്ഷേത്രമാണ കാഞ്ചി അല്ലെങ്കിൽ കാഞ്ചീപുരം. മധുര, ഉറൈയൂർ അല്ലെങ്കിൽ തൃച്ചിനാപ്പള്ളി, തിരുവഞ്ചിക്കുളം എന്നീ നഗരങ്ങൾ പണ്ടുകാലങ്ങളിൽ പാണ്ഡ്യരാജ്യത്തിൻേറയും, ചോളരാജ്യത്തിൻേറയും, ചേരരാജ്യത്തിൻേറയും തലസ്ഥാനങ്ങളായിരുന്നപോലെ, കാഞ്ചീപുരവും വളരെക്കാലം പല്ലവരാജാക്കന്മാരുടെ പ്രധാനനഗരിയായി ശോഭിച്ചിരുന്നു. പതഞ്ജലിയുടെ കാലത്തുതന്നെ കാഞ്ചീപുരത്തെക്കുറിച്ചു വടക്കെ ഇൻഡ്യയിലുള്ള പണ്ഡിതന്മാർ കേട്ടിരുന്നുവെന്നാണറിയുന്നതു്. അശോകചക്രവൎത്തിയുടെ ചില ലിഖിതങ്ങളിലും, കാത്യായനൻെറ വൎത്തികകളിലും ഇൻഡ്യയുടെ ഏററവും തെക്കേ അററത്തു കിടക്കുന്ന ചില രാജ്യങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളതിൽനിന്നു്, അവരുടെ കാലത്തോ, പക്ഷെ അതിന്നു മുമ്പുതന്നേയോ ആൎയ്യന്മാർ ദക്ഷിണഇൻഡ്യയിൽ പ്രവേശിച്ചിരുന്നുവെന്നു വിചാരിക്കാം. ദാക്ഷിണാത്യന്മാരായ ദ്രാവിഡന്മാർ ആൎയ്യന്മാരുടെ ആഗമനത്തിന്നു മുമ്പുതന്നെ ആയുധാഭ്യാസത്തിലും, രാജ്യഭ

ണത്തിലും, പ്രത്യേകിച്ചു കച്ചവടത്തിലും നിപുണന്മാരായിരുന്നു. അവൎക്കു സംസാരിക്കുന്നതിന്നു സ്വന്തം ഭാഷയും, സേവിക്കുന്നതിന്നു സ്വന്തം ദേവതകളും, ആചരിക്കുന്നതിന്നു സ്വന്തം സമുദായാചാരങ്ങളും ഉണ്ടായിരുന്നു. ആൎയ്യമതമോ, ആൎയ്യഭാഷയോ, ആൎയ്യമതാചാരങ്ങളോ ഇവരെ അത്രവേഗം ആകൎഷിക്കാതിരുന്നതുതന്നെ അക്കാലത്തു് ഇവിടെ ദ്രാവിഡനാഗരികത്വത്തിന്നുണ്ടായിരുന്ന ദൃഢതയേയും പ്രബലതയേയും കാണിക്കുന്നുണ്ടു്. പാണ്ഡ്യരാജാക്കന്മാർ ആൎയ്യവംശത്തിൽപെട്ടവരാണെന്നും, അവർ ക്രി. മു. ഏഴാം നൂററാണ്ടിന്നു മുമ്പു ദക്ഷിണഇൻഡ്യയിൽ വന്നുചേൎന്നിട്ടുണ്ടെന്നും പ്രൊഫസർ ദേവദത്ത ഭണ്ഡാൎക്കർ അഭിപ്രായപ്പെട്ടുന്നുണ്ടെങ്കിലും*, അതിന്നുശേഷം പിന്നേയും വളരെക്കാലം കഴിയുന്നതുവരെ ആൎയ്യമതത്തിന്നാകട്ടെ ആൎയ്യഭാഷക്കാകട്ടെ ഇവിടെ വലിയപ്രചാരമൊന്നും ഉണ്ടായിരുന്നതായി തെളിവില്ല. എന്നാൽ ക്രിസ്ത്വബ്ദത്തിന്നു് ഒന്നോ രണ്ടോ നൂററാണ്ടുകൾക്കു മുമ്പു ചില ജൈനമതപ്രവൎത്തകന്മാരും ബുദ്ധമതപ്രവൎത്തകന്മാരും മതപ്രചാരം ചെയ്യാനായി തെക്കേ ഇൻഡ്യയിൽ വന്നുകൊണ്ടിരുന്നതായും, അവരുടെ ശ്രമം പിന്നീടു് ഏറെക്കുറെ ഫലപ്രദമായി തീൎന്നതായും പഴയ ചില ശിലാലിഖിതങ്ങളിൽനിന്നും തമിഴ്ഗ്രന്ഥങ്ങളിൽനിന്നും അറിയാം. അതിന്നു

* Carmichael Lectures, 1918 (Calcutta University) pp. 1–41.

ശേഷംമാത്രമാണ് ആൎയ്യമതവും ആൎയ്യഭാഷയും ദ്രാവിഡദേശത്തിൽ പ്രചരിക്കുവാൻ തുടങ്ങിയതെന്നും, പിന്നെ വളരെക്കാലത്തേക്കു കാഞ്ചീപുരം അവയുടെ ഒരു പ്രധാനകേന്ദ്രമായിത്തീൎന്നുവെന്നും നമുക്കു വിചാരിക്കാം.

ക്രിസ്ത്വബ്ദം നാലാം നൂററാണ്ടോടുകൂടി പല്ലവരാജാക്കന്മാൎക്കു ദക്ഷിണഇൻഡ്യയിൽ രാജ്യപട്ടം ലഭിക്കുന്നതിനുമുമ്പു കാഞ്ചീപുരം ചോളരാജാക്കന്മാരുടെ കീഴിലായിരുന്നു. ചോളരാജവംശവും പാണ്ഡ്യരാജവംശംപോലെ എത്രയോ പുരാതനമായ ഒരു വംശപരമ്പരയാണ്. ഈ രണ്ടു രാജവംശങ്ങളെക്കുറിച്ചും പാണിനി കേട്ടിരുന്നില്ലെങ്കിലും, അദ്ദേഹത്തിനുശേഷം ജീവിച്ചിരുന്ന കാത്യായനൻ അറിഞ്ഞിരുന്നു. അശോകചക്രവൎത്തി ഇവരെ സ്വതന്ത്രരാജാക്കന്മാരായിട്ടായിരുന്നു വിചാരിച്ചിരുന്നത്. ക്രിസ്ത്വബ്ദം ഏകദേശം രണ്ടാം നൂററാണ്ടിൽ രചിക്കപ്പെട്ട "മണിമേകലൈ" എന്ന ഗ്രന്ഥത്തിൽ ഒരിക്കൽ ചോളരാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന കാവിരിപ്പൂംപട്ടിണം സമുദ്രം കയറി നശിപ്പിച്ചുകളഞ്ഞതായും, അതിനുശേഷം അവർ കാഞ്ചീപുരത്തേക്കു മാറി, അവിടെവെച്ചു ബുദ്ധമതം സ്വീകരിച്ചതായും പറഞ്ഞിട്ടുണ്ട്*. ഇതിൽനിന്ന് അക്കാലങ്ങളിൽ കാഞ്ചീപുരത്തു ബുദ്ധമതത്തിന് എത്രത്തോളം പ്രചാരമുണ്ടായിരുന്നുവെന്നൂഹിക്കാം.

* Ancient Deccan by Mr. K. V. Subramanya Iyer p. 8.

ബുദ്ധമതംപോലെതന്നെ ജൈനമതവും തെക്കെ ഇൻഡ്യയിൽ ധാരാളം പ്രചാരമുണ്ടായിരുന്ന ഒരു മതമായിരുന്നു. ക്രിസ്ത്വബ്ദത്തിനു മുമ്പുതന്നെ ചില ജൈനക്ഷേത്രങ്ങളും ജൈനമതാചാര്യന്മാരും പാണ്ഡ്യരാജ്യത്തുണ്ടായിരുന്നതായിട്ടാണു ചിലർ പറയുന്നതു്. മധുരയിൽനിന്നും സമീപസ്ഥലങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ചില പഴയ ശിലാലിഖിതങ്ങളും ഇതിനു ലക്ഷ്യങ്ങളാകുന്നു. കുറൾ, ശിലപ്പധികാരം തുടങ്ങിയ പുരാതന തമിഴ്ഗ്രന്ഥങ്ങളിൽ ജൈനമതത്തേയും ബുദ്ധമതത്തേയും കുറിച്ചു വിവരിച്ചിട്ടുണ്ടു*. മണിമേകലൈ എന്ന ഗ്രന്ഥത്തിൽനിന്നു് ഏകദേശം ആയിരത്തെണ്ണൂറു സംവത്സരങ്ങൾക്കു മുമ്പേ കാഞ്ചീപുരത്തിൽ ഹിന്തുക്കളും, ജൈനന്മാരും, ബുദ്ധന്മാരും സ്വൈരമായി വസിച്ചിരുന്നുവെന്നറിയാവുന്നതാണു്.

ക്രിസ്ത്വബ്ദം ഏകദേശം നാലാം നൂററാണ്ടുമുതല്ക്കു പല്ലവരാജാക്കന്മാർ കാഞ്ചീപുരത്തു രാജ്യഭാരം ചെയ്യാൻ തുടങ്ങി. പിന്നത്തെ അറുനൂറുസംവത്സരകാലം കാഞ്ചീപുരം തെക്കെ ഇൻഡ്യയിലെ വാരാണസിയായിരുന്നുവെന്നാണു വിചാരിക്കേണ്ടതു്. പല്ലവരാജവംശത്തിനു സ്വതസ്സിദ്ധമായി പ്രജകളുടെ പേരിലുണ്ടായിരുന്ന രഞ്ജിപ്പും, രാജ്യഭരണത്തിലുണ്ടായിരുന്ന പാടവവും, അന്യമതങ്ങളെക്കുറിച്ചുണ്ടായിരുന്ന

* Studies in South Indian Jainism (Vizianagram College) pp. 32-44.

ഭാവനയും രാജ്യത്തിൻെറ ക്ഷേമത്തിന്നും, നാട്ടുകാരു
ടെ നന്മയ്ക്കും വേണ്ടതിലധികം സഹായിച്ചിരുന്നു. ഇ
വരുടെ ഓജസ്സുകൊണ്ടു പാണ്ഡ്യ, ചോള, ചേര എന്നീ
പുരാതനരാജവംശങ്ങളുടെ തേജസ്സുകൂടി ക്ഷീണിച്ചുപോയതായി കാണാം. പല്ലവരാജാക്കന്മാരുടെ കാലത്ത് ദക്ഷിണഇൻഡ്യയിൽ ഹിന്ദുമതവും, ജൈനമതവും, ബുദ്ധമതവും പ്രചരിച്ചിരുന്നതിന്നു പുറമെ, അനേകം വൈഷ്ണവന്മാരും ശൈവന്മാരുംകൂടി ഉണ്ടായിരുന്നു. ഇന്നു കാഞ്ചീപുരത്തു കാണുന്ന പ്രധാനക്ഷേത്രങ്ങളിൽ പലതും പണ്ടത്തെ പല്ലവരാജാക്കന്മാർ പണിചെയ്യിച്ചിട്ടുള്ളവയാണ്. പഴയ ബുദ്ധമതാവശിഷ്ടങ്ങളിൽ ചിലതെല്ലാം ഇപ്പോഴും അവിടെ കാണാം.

പല്ലവരാജവംശത്തിൻെറ അവസാനത്തോടുകൂടി ബുദ്ധമതവും ജൈനമതവും ദക്ഷിണഇൻഡ്യയിൽ തീരെ ക്ഷയിച്ചുതുടങ്ങി. എങ്കിലും അക്കാലത്തു പണിയപ്പെട്ടിരുന്ന ക്ഷേത്രങ്ങളിലും, വലിയ വലിയ ഗോപുരങ്ങളിലും ബുദ്ധമതക്കാരുടെ പുരാതന കലാവൈഭവം അന്തർഭവിച്ചു കാണുന്നുണ്ടെന്നാണു ചിലരുടെ അഭിപ്രായം.

ക്രിസ്ത്വബ്ദം ഏകദേശം എട്ടാം നൂററാണ്ടോടുകൂടി പല്ലവരാജാക്കന്മാരുടെ ശക്തി ക്ഷയിക്കുവാൻ തുടങ്ങി. ഒമ്പതാം നൂററാണ്ടിൻെറ മദ്ധ്യകാലത്തിൽ പിന്നേയും ഉയൎന്നുവന്ന ചോളരാജവംശം ൧൩-ാം നൂററാണ്ടുവരെ ദക്ഷിണ ഇൻഡ്യയിലെ പ്രധാനശ

കതിയായി തീൎന്നു. ചോളരാജാക്കന്മാരുടെ കാലത്താണ വൈഷ്ണവമതവും ശൈവമതവും ഇവിടെ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചതു്. പ്രസിദ്ധവൈഷ്ണവമതപ്രവൎത്തകനും വിശിഷ്ടാദ്വൈതവാദിയുമായിരുന്ന രാമാനുജാചാൎയ്യരുടെ ജനനവും അക്കാലത്തായിരുന്നു. ൧൪-ാം നൂററാണ്ടുമുതൽ മുഹമ്മദാക്രമണംവരെ കാഞ്ചീപുരം വിജയനഗരംരാജാക്കന്മാരുടെ കീഴിൽ ഭരിക്കപ്പെട്ടു. ഇങ്ങനെ ഏകദേശം രണ്ടായിരം സംവത്സരങ്ങൾക്കിടക്കു് ഇൻഡ്യയിലെ സകല മതങ്ങളുടേയും കേന്ദ്രമായിത്തീൎന്ന കാഞ്ചീപുരം, ഇന്നും ദക്ഷിണഇൻഡ്യയിലെ ഒരു പുരാതനപുണ്യക്ഷേത്രമായി വിചാരിക്കപ്പെട്ടുവരുന്നതു് ഒട്ടും ആശ്ചൎയ്യമല്ല.

൨.

മതവും വിദ്യാഭ്യാസവും പണ്ടുകാലങ്ങളിൽ സൂൎയ്യചന്ദ്രന്മാരെപ്പോലെയായിരുന്നു സഞ്ചരിച്ചിരുന്നതെന്നു ലോകചരിത്രം നമുക്കനേകവെളിപ്പെടുത്തിത്തരുന്നുണ്ടു്. അതുപോലെ, ഈ രാജ്യത്തും മതത്തിന്റെ പ്രകാശംകൊണ്ടുതന്നെയാണ വിദ്യാഭ്യാസത്തിനും വെളിച്ചം സിദ്ധിച്ചിരുന്നതെന്നു പറയാം. നാളന്ദ, വിക്രമശില, വാരാണസി തുടങ്ങിയ പുരാതനവിദ്യാഭ്യാസകേന്ദ്രങ്ങളുടെ ജീവൻ അതാതിടങ്ങളിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചുവന്നിരുന്ന മതങ്ങളും, അവയെ കൊണ്ടുനടത്തിയിരുന്ന മതപ്രവൎത്തകന്മാരുമായിരുന്നുവെന്നു നിസ്സംശയമാണു്. ബുദ്ധമതത്തിന്റെ അധഃപതനത്തിനുശേഷം വിക്രമശില

ദയയോ ജഗദ്ഗുരുവയേയോ കുറിച്ച് ഒന്നുംതന്നെ നാം കേൾക്കാതെകണ്ടായതും, എന്നാൽ അനവധിപേരുടെ ആക്രമണം കഴിഞ്ഞിട്ടും വാരാണസിയും നവദ്വീപും അതാതിന്റെ പൂൎവ്വമഹിമയെ കഴിയുന്നത്ര ഇനിയും നിലനിൎത്തിക്കൊണ്ടു വരുന്നതും ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. ദക്ഷിണഇൻഡ്യയിലെ ഒരു പ്രധാന വിദ്യാഭ്യാസകേന്ദ്രമായിരുന്ന കാഞ്ചീപുരവും ഈ നിയമബന്ധത്തിന്നു കീഴടങ്ങിയിരുന്നുവെന്നുതന്നെയാണ് വിചാരിക്കേണ്ടതു്.

ഏകദേശം രണ്ടായിരത്തിരുനൂറു സംവത്സരങ്ങൾക്കു മുമ്പു് ഇൻഡ്യാസാമ്രാജ്യചക്രവൎത്തിയായി വാണിരുന്ന അശോകൻ, ബുദ്ധമതപ്രചാരത്തിന്നായി തെക്കേ ഇൻഡ്യയിൽ പാണ്ഡ്യരാജ്യംവരെ മതപ്രവൎത്തകന്മാരെ പറഞ്ഞയച്ചിരുന്നതായി അദ്ദേഹത്തിന്റെ ശിലാലിഖിതങ്ങളിൽനിന്നുതന്നെ നാമറിയുന്നുണ്ടു്. ഈ മതം അവിടെ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചതിൽപിന്നെ വളരെക്കാലത്തേക്ക് അതിന്റെ പ്രധാനകേന്ദ്രം കാഞ്ചീപുരമായിരുന്നു. ഉത്തരഇൻഡ്യയിൽനിന്നും ഇൻഡ്യയുടെ തെക്കെ അററത്തു കിടക്കുന്ന സിംഹളദ്വീപിൽനിന്നും സന്യാസിമാർ മതപ്രചാരത്തിന്നായി കൂടെക്കൂടെ കാഞ്ചീപുരത്തു വരികയും, അവിടെ സന്ന്യാസിമഠങ്ങളും സംഘാരാമങ്ങളും ഏൎപ്പെടുത്തി അനവധിപേൎക്കു ബുദ്ധമതതത്വങ്ങളെക്കുറിച്ചു ഉപദേശം നൽകുകയും ചെയ്തിരുന്നു. ക്രിസ്ത്വബ്ദം ഏകദേശം ൬൪൦-ൽ, ഹ്യുയൻസാങ്ങ് കാഞ്ചീപുരത്തു വ

ന്നിരുന്ന സമയം, അവിടത്തെ ബുദ്ധമതത്തിന്റെ ശ
ക്തി ക്ഷയിച്ചുതുടങ്ങിയിരുന്നു എങ്കിലും, അക്കാലത്തു
കൂടി കാഞ്ചീപുരത്തും അതിന്നടുത്തുമുള്ള പ്രദേശങ്ങ
ളിലായി ഒരുനൂറു സംഘാരാമങ്ങളും പതിനായിര
ത്തോളം സന്ന്യാസിമാരും ഉണ്ടായിരുന്നതായി പറ
ഞ്ഞിട്ടുണ്ട്*.

ഒന്നാമത്തെ നരസിംഹവർമ്മൻ എന്ന പല്ലവ
രാജാവായിരുന്ന അന്നു കാഞ്ചീപുരത്തു രാജ്യഭാരം
ചെയ്തരുളിയിരുന്നതു്. അദ്ദേഹത്തിന്റെ രാജ്യത്തി
ന്ന് ഏകദേശം ആയിരം നാഴിക വിസ്താരവും, തല
സ്ഥാനമായ കാഞ്ചീപുരത്തിന്ന് അഞ്ചോ ആറോ
നാഴിക സമചതുരവും ഉണ്ടായിരുന്നു. സംഘാരാമ
ങ്ങൾക്കു പുറമെ, ഹിന്ദുക്കളുടേയും ജൈനന്മാരുടേ
യും വകയായി അനവധി ക്ഷേത്രങ്ങളും വിദ്യാലയങ്ങ
ളും അവിടെ ഉണ്ടായിരുന്നതായും, ജനങ്ങൾ അധി
കവും വിദ്യാഭ്യാസത്തിലും മനസ്സംസ്കാരത്തിലും അ
ത്യന്തം ജാഗ്രതയോടുകൂടിയിരുന്നവരായും ഹുയൺ
സാങ്ങിന്റെ എഴുത്തുകളിൽനിന്നറിയാം. ബുദ്ധമതം
ക്ഷയിച്ചുതുടങ്ങിയിരുന്നു എങ്കിലും, മഹായാനശാഖ
യിൽപെട്ട യോഗ്യന്മാരായ വളരെ പണ്ഡിതന്മാർ
അക്കാലത്തും കാഞ്ചീപുരത്തെ അലങ്കരിച്ചിരുന്നു.

പ്രധാന നഗരിയുടെ അല്പം തെക്കുഭാഗമായി
നിർമ്മിക്കപ്പെട്ടിരുന്ന വിശാലമായ ഒരു സംഘാരാമ

* Beal's Buddhist Records of the Western World, pp. 228-230.

ത്തിൽവെച്ചായിരുന്നുവത്രെ അന്നു ദക്ഷിണഇൻഡ്യ യിലെ എല്ലാ ഭാഗങ്ങളിൽനിന്നും, വിശേഷിച്ചു സിം ഹളദ്വീപിൽനിന്നും, വന്നുചേൎന്നിരുന്ന മഹാപണ്ഡി തന്മാർ മതസംബന്ധമായ വിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തിവന്നിരുന്നതു്. ദിഗംബരന്മാ രായ ജൈനരും, വേദജ്ഞരായ ബ്രാഹ്മണരും ഈ വാദത്തിൽ പങ്കുകൊണ്ടിരുന്നു. ഇതിൽ ബുദ്ധമത ക്കാൎക്കും, ജൈനമതക്കാൎക്കും ധാരാളം തോൽവി പ റ്റിയിരുന്നുവെന്നു തീൎച്ചയാണു്. ശൈവന്മാരുടേയും, വൈഷ്ണവന്മാരുടേയും ആവിർഭാവത്തിൽ ഹിന്തുമത ത്തിന്നുണ്ടായ ഉണൎച്ചയുടെ ഫലമായി, ഹുയൺസാ ങ്ങിൻെറ കാലത്തിന്നുശേഷം തെക്കെ ഇൻഡ്യയിൽ മററു മതങ്ങളുടെ ശക്തി ക്രമേണ ക്ഷയിക്കുവാൻ തുട ങ്ങി. ജനങ്ങൾക്കു ഹിന്തുദേവതകളിൽ ഉണ്ടായിതീൎന്ന ഭക്തിയും, വേദാന്തവിഷയത്തിൽ കാണപ്പെട്ട ആസ ക്തിയും ഹിന്തുമതത്തിൻെറ പുനരുദ്ധാരണത്തിന്നു കാരണമായിത്തീൎന്നു. കാഞ്ചീപുരം അതിൽപിന്നെ സംസ്കൃതവിദ്യാഭ്യാസത്തിൻെറ ഒരു പ്രധാനകേന്ദ്രമാ യി. വേദപാരംഗതന്മാരും വേദാന്തശിരോമണികളു മായ അനവധി പണ്ഡിതന്മാർ കാഞ്ചീപുരത്തെ അല ങ്കരിക്കുവാൻതുടങ്ങി. ദക്ഷിണ ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും വിദ്യാൎത്ഥികൾ വിദ്യാഭ്യാസപര പൂൎത്തിക്കായി അവിടെ പോയ്തുടങ്ങി. വിശേഷിച്ചു ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തീൎന്ന ഈ ഉണൎച്ച നി ല്ലു നല്ല തമിഴ് കവികളുടെ ആവിർഭാവത്തിന്നുംകൂടി കാരണമായി

൩.

കാഞ്ചീപുരത്തു ജനിച്ച് അവിടെത്തന്നെ വിദ്യാഭ്യാസം ചെയ്തു പരമയോഗ്യന്മാരായി ഭരതരാജ്യം മുഴുവൻ കേൾവികേട്ടിട്ടുള്ള ഒന്നിലധികം പണ്ഡിതന്മാരെക്കുറിച്ചു നമുക്കറിയാം. ഇവരിൽ ചിലർ ഉത്തരഇൻഡ്യയിൽ പലേടങ്ങളിലും സഞ്ചരിച്ച് അവിടത്തെ പണ്ഡിതന്മാരെ വാദത്തിൽ തോല്പിച്ചു കീൎത്തി നേടിയവരാകുന്നു. മററു ചിലർ വിദ്യാഭ്യാസാനന്തരം ഉത്തരഇൻഡ്യയിലെ ചില വിദ്യാലയങ്ങളിൽ ജോലി ചെയ്തിരുന്നതായി കാണുന്നുണ്ട്. ചിലർ ഗ്രന്ഥങ്ങൾ നിൎമ്മിച്ചും, വ്യാഖ്യാനങ്ങൾ എഴുതിയും, വേറെ ചിലർ മതപ്രചാരം ചെയ്തുകൊണ്ടും യോഗ്യത സമ്പാദിച്ചിരുന്നു.

ദ്രാമിലൻ എന്നും, പക്ഷിലസ്വാമി എന്നും കീൎത്തികേട്ട വാത്സ്യായനൻ ദ്രാവിഡദേശക്കാരനും, അദ്ദേഹത്തിന്റെ ജന്മസ്ഥലം ദ്രാവിഡദേശത്തിന്റെ തലസ്ഥാനമായിരുന്ന കാഞ്ചീപുരവും ആയിരുന്നു.* ഇദ്ദേഹം ന്യായഭാഷ്യത്തിന്റെ കൎത്താവാകുന്നു. സുപ്രസിദ്ധനായ ദിങ്നാഗൻ ഇദ്ദേഹത്തിന്റെ കൃതിയെക്കുറിച്ചു വിമൎശനം ചെയ്തിട്ടുള്ളതുകൊണ്ട്, വാത്സ്യായനൻ ദിങ്നാഗനു മുമ്പു ജീവിച്ചിരുന്നിരിക്കണമെന്നാണു മഹാമഹോപാദ്ധ്യായൻ സതീശചന്ദ്രവിദ്യാഭൂഷണൻ പറയുന്നതു്. ദിങ്നാഗന്റെ കാലം ഏകദേശം അഞ്ചാം ശതാബ്ദത്തി

* History of Indian Logic, pp. 116-7.

ൻെറ പൂർവ്വാൎദ്ധത്തിലാണെന്നു് ഇപ്പോഠം മിക്ക പണ്ഡിതന്മാരും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ വാത്സ്യായനൻ കാമസൂത്രകൎത്താവായ വാത്സ്യായനൎഷിയല്ലെന്നുകൂടി അറിഞ്ഞിരിക്കേണ്ടതാണു്.

തൎക്കപുംഗവൻ, കുതാൎക്കികൻ, സ്ഥൂലഹസ്തൻ, ഭ്രാന്തൻ എന്നും മററും ബന്ധുക്കളിൽനിന്നും ശത്രുക്കളിൽനിന്നും മുദ്രകഥ സമ്പാദിച്ചു്, നാട്ടിലുള്ള പണ്ഡിതന്മാരോടെല്ലാം വാദപ്രതിവാദം ചെയ്തുകൊണ്ടു്, ഇൻഡ്യാരാജ്യം മുഴുവൻ ചുററിസ്സഞ്ചരിച്ചിരുന്ന ദിംങ്നാഗനെക്കുറിച്ചു കേഠംക്കാത്തവർ ഇന്നും പണ്ഡിതന്മാരുടെ ഇടയിൽ കുറവായിരിക്കും. ഇദ്ദേഹം ഒരു ദാക്ഷിണാത്യനും, വിശേഷിച്ചു കാഞ്ചീപുരത്തുകാരനുമായിരുന്നുവെന്നാണറിയുന്നതു്*. സിംഹവക്ത്രം എന്ന ഗ്രാമത്തിലെ ഒരു ബ്രാഹ്മണശ്രേഷ്ഠനായിരുന്നു ഇദ്ദേഹത്തിൻെറ അച്ഛൻ. ചെറുപ്പത്തിൽതന്നെ കാഞ്ചീപുരത്തുള്ള ഒരു സന്ന്യാസിമഠത്തിൽ ചേൎന്നു ഹീനയാനശാഖയിലുള്ള ത്രിപിടശാസ്ത്രങ്ങളെല്ലാമഭ്യസിച്ചതിനുശേഷം, ദിങ്നാഗൻ വസുബന്ധുവിൻെറ ശിഷ്യനായി അദ്ദേഹത്തിൻെറ അടുക്കൽനിന്നു മഹായാനശാസ്ത്രങ്ങളിൽ അറിവു സമ്പാദിച്ചു. മഹാരാഷ്ട്രം, കലിംഗ, മഗധ, മദ്ധ്യദേശം തുടങ്ങിയ പ്രധാനദേശങ്ങളിലെല്ലാം ദിങ്നാഗൻെറ വാദപക്ഷമേല്ക്കാത്ത പണ്ഡിതന്മാരുണ്ടായിരുന്നുവോ എന്നു സംശയമാണു്. കാളിദാസനുകൂടി ഇദ്ദേഹത്തിൻെറ

* History of Indian Logic pp. 272-302.

നാവുകൊണ്ടു് അനവധി തവണ തല്ലുകൊണ്ടിട്ടുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. വെറും വാഗ്വാദംകൊണ്ടുമാത്രമല്ല, അതുപോലെ തൂലികാഗ്രംകൊണ്ടുകൂടി ദിങ്നാഗൻ മല്ലിട്ടിരുന്നുവെന്നുള്ളതിന്നു് അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ലക്ഷ്യങ്ങളാകുന്നു. പ്രമാണസമുച്ചയവും, ന്യായപ്രവേശവുമാകുന്ന ഇദ്ദേഹത്തിന്റെ പ്രധാനകൃതികൾ. ഇവയ്ക്കുപുറമെ, ഹേതുചക്രം, പ്രമാണസമുച്ചയവൃത്തി, ന്യായപ്രവേശം, ആലംബനപരീക്ഷ, ത്രികാലപരീക്ഷ എന്നീ ഗ്രന്ഥങ്ങളും ദിങ്നാഗന്റെ കൃതികളാകുന്നു. ഇവയുടെ മൂലഗ്രന്ഥങ്ങൾ ഇപ്പോൾ നശിച്ചുപോയി എങ്കിലും, തിബറ്റ്യൻപരിഭാഷകൾ ആ രാജ്യത്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും, അവയിൽ ചിലതു് ഇംഗ്ലണ്ടിലുള്ള 'ഇൻഡ്യാ ആഫീസ്' ഗ്രന്ഥശാലയിലുണ്ടെന്നും അറിയുന്നുണ്ടു്.

സമതടത്തിലെ രാജകുമാരനായിരുന്ന ശീലഭദ്രന്റെ ഗുരുവും, നാളന്ദാമഹാവിദ്യാലയത്തിലെ സർവ്വാദ്ധ്യക്ഷനുമായിരുന്ന ധർമ്മപാലനെക്കുറിച്ചു രണ്ടാമദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു പാഠകന്മാർ ഓർക്കുന്നുണ്ടായിരിക്കും. ഇദ്ദേഹം കാഞ്ചീപുരം രാജാവിന്റെ മന്ത്രിയുടെ പുത്രനായിരുന്നു. നാളന്ദയിലേക്കു തീർത്ഥയാത്ര പോവുന്നതിന്നുമുമ്പു്, ധർമ്മപാലൻ കാഞ്ചീപുരത്തു ഭദ്രതീർത്ഥത്തിന്റെ സമീപത്തുണ്ടായിരുന്ന ഒരു സന്ന്യാസിമഠത്തിൽ കുറെക്കാലം താമസിക്കുകയും, പാലിഭാഷയിൽ ചില ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും

ചെയ്തതായി അറിയുന്നുണ്ട്*. അവയിൽ ചിലതെല്ലാം ഇപ്പോൾ കണ്ടുകിട്ടിയതായും കേൾക്കുന്നു.

ഇതുപോലെ, അനിരുദ്ധൻ എന്നൊരാൾ കാഞ്ചീപുരത്തുവെച്ച് 'അഭിധമ്മാത്ഥസംഗ്രഹം' എന്നൊരു പാലിഗ്രന്ഥം എഴുതിയതായറിയുന്നു. ഇതിൽനിന്ന്, സംസ്കൃതഭാഷയിൽ മാത്രമല്ല, പാലിഭാഷയിലും യോഗ്യന്മാരായ പണ്ഡിതന്മാർ അക്കാലത്തു ദക്ഷിണഇൻഡ്യയിലുണ്ടായിരുന്നുവെന്നും, സംസ്കൃതംപോലെതന്നെ പാലിയും അവിടത്തെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്ന ഒരു വിഷയമായിരുന്നുവെന്നും വിചാരിക്കാം.

ക്രിസ്ത്വബ്ദം ഏകദേശം അഞ്ചാം നൂററാണ്ടിന്റെ അവസാനത്തിൽ കദംബവംശത്തിൽപെട്ട മയൂരവമ്മൻ എന്നൊരു ബ്രാഹ്മണകുമാരൻ സകലപ്രവചനങ്ങളിലും പാണ്ഡിത്യം നേടുവാനായി പല്ലവേന്ദ്രപുരിയിലേക്കു പോയതായറിയുന്നുണ്ട്¶. ഇദ്ദേഹത്തിന്റെ ഗുരു വീരശമ്മൻ എന്നൊരു ബ്രാഹ്മണനായിരുന്നു. കദംബവംശക്കാർ ബ്രഹ്മക്ഷത്ര വപുത്രന്മാരായിരുന്നുവെന്നാണു കേൾവി. വേദാദ്ധ്യയനാനന്തരം, മയൂരവമ്മൻ ആയുധവിദ്യ അഭ്യസിച്ച് ഒടുവിൽ, എന്തോ കാരണവശാൽ, പല്ലവരാജാക്കന്മാരുമായി യുദ്ധംചെയ്ത് അവരെ ജയിച്ചതായി കാണു

* Hinduism and Buddism, by Sir Charles Eliot, vol. III, p. 45

¶ Epigraphica Indica Vol. V111 for 1905-06.

ന്നുണ്ട്. തക്ഷശിലയിലുണ്ടായിരുന്നപോലെ, വേദശാസ്ത്രാദ്ധ്യയനത്തിന്നുപുറമെ, ആയുധാഭ്യാസത്തിന്നുള്ള സൌകര്യവും കാഞ്ചീപുരത്തുണ്ടായിരുന്നുവെന്ന് ഇതുകൊണ്ടു സ്പഷ്ടമാകുന്നു.

കോകിലസന്ദേശത്തിന്റെ കർത്താവും കേരളവുമായി ഏറെക്കുറെ പരിചയപ്പെട്ടിട്ടുള്ള ഒരു ദേഹവുമായ ഉദ്ദണ്ഡശാസ്ത്രികളുടെ സ്വദേശവും കാഞ്ചീപുരമാണല്ലോ. ഇദ്ദേഹം അവിടത്തെ സംസ്കൃതപാഠശാലകളിലായിരുന്നു വിദ്യാഭ്യാസം ചെയ്തിട്ടുള്ളതെന്നു പ്രസിദ്ധമാകുന്നു.

ശങ്കരസ്വാമിൻ എന്ന വേറെ ഒരു പണ്ഡിതനെക്കുറിച്ചു ചൈനാരാജ്യത്തുള്ള ചില ഗ്രന്ഥവരികളിൽനിന്നറിയുന്നുണ്ട്. ഇദ്ദേഹം ഒരു ദ്രാവിഡദേശക്കാരനും, ദിങ്നാഗന്റെ ശിഷ്യനുമായിരുന്നു. ശീലഭദ്രന്റെ ശിഷ്യനായ ഹുയൻസാങ്ങിന്റെ പരമഗുരുവായ ധർമ്മപാലൻ ഈ ശങ്കരസ്വാമിയുടെ ശിഷ്യന്മാരിൽ ഒരാളായിരുന്നുവെന്നാണു കേൾക്കുന്നത്. ശങ്കരസ്വാമി ഹേതുവിദ്യാന്യായപ്രവേശ (തർക്ക) ശാസ്ത്രം എന്നൊരു ഗ്രന്ഥത്തിന്റെ കർത്താവാണെന്നുംഅറിയുന്നുണ്ട്*.

ഇവക്കുപുറമെ, കുമാരിലഭട്ടൻ, ഗൌഡപാദാചാര്യർ ഗോവിന്ദസ്വാമികൾ തുടങ്ങിയ ഗംഭീരാശയന്മാരും ദാക്ഷിണാത്യന്മാരാകുന്നു. ഇവരുടെ ജനനവും വിദ്യാഭ്യാസവും കാഞ്ചീപുരത്തുതന്നെയായിരുന്നു

* History of Indian Logic, p. 302.

വോ എന്ന് അറിഞ്ഞുകൂടെങ്കിലും, അക്കാലത്തു സം സ്കൃതവിദ്യാഭ്യാസത്തിന്റെ പ്രധാനകേന്ദ്രമായിരുന്ന ആ നഗരവുമായി അവക്കു ബന്ധമുണ്ടായിരുന്നിരിക്ക ണമെന്നുതന്നെയാണു വിചാരിക്കേണ്ടതു്. കുമാരില ഭട്ടൻ ഇൻഡ്യാരാജ്യം മുഴുവൻ സഞ്ചരിച്ച് അനവധി പണ്ഡിതന്മാരുമായി വാദപ്രതിവാദം ചെയ്തിട്ടുള്ള ഒരു ധീരപുരുഷനും, ഗൌഡപാദാചാൎയ്യർ മാണ്ഡൂ ക്യോപനിഷത്കാരികകളുടെ കൎത്താവും, ഗോവിന്ദ സ്വാമികളും ശ്രീമദ്ശങ്കരാചാൎയ്യസ്വാമികളുടെ ഗുരു ഭൂതനും ആണെന്നു സുപ്രസിദ്ധമാണല്ലോ.

൪.

വൈഷ്ണവമതപ്രവൎത്തകനായിരുന്ന ശ്രീരാമാനു ജാചാൎയ്യരെക്കുറിച്ചു കേൾക്കാത്തവർ ദുൎല്ലഭമായിരി ക്കും. ഇദ്ദേഹത്തിനു എത്രയോ മുമ്പുതന്നെ അനവ ധി വൈഷ്ണവന്മാർ തമിഴ്ദേശത്തുണ്ടായിരുന്നുവെ ങ്കിലും, രാമാനുജാചാൎയ്യരുടെ ആവിർഭാവത്തിനു ശേ ഷമാണു വൈഷ്ണവമതത്തിന്റെ ശക്തി അന്യദേശ ങ്ങളിൽ പ്രചരിക്കുവാൻ തുടങ്ങിയതെന്നുവേണം പ റവാൻ. കാഞ്ചീപുരത്തുനിന്ന് ഏകദേശം ഇരുപതു നാഴിക തെക്കുഭാഗമായി കിടക്കുന്ന ശ്രീപെരുംബൂ ദൂർ എന്നൊരു ഗ്രാമത്തിലായിരുന്നു രാമാനുജന്റെ ജനനം. ചെറുപ്പത്തിൽതന്നെ വ്യാകരണപാഠങ്ങളെ ല്ലാമഭ്യസിച്ചതിനുശേഷം, കാഞ്ചീപുരത്തുവന്നു യാദ വപ്രകാശൻ എന്ന പണ്ഡിതന്റെ വിദ്യാലയത്തിൽ വേദാന്തം പഠിച്ചുകൊണ്ടു കുറെക്കാലം താമസിച്ചു

എന്നാൽ വിശിഷ്ടാദ്വൈതവാദിയായ രാമാനുജൻ ഗുരുവുമായുണ്ടായ അഭിപ്രായഭേദത്തിൽ യാദവപ്രകാശനുമായി തെററി, വേറെ ഒരു ഗുരുവിനെ സ്വീകരിക്കുവാനിടയായി. ഇദ്ദേഹം ഏകദേശം മുപ്പതു സംവത്സരത്തോളം കാഞ്ചീപുരത്തുതന്നെയാണു കഴിച്ചുകൂട്ടിയതു്. വൈഷ്ണവമതാധിപതിയായിരുന്ന യമുനാചാര്യർക്കുശേഷം, രാമാനുജാചാര്യർ ആ സ്ഥാനം സ്വീകരിച്ചുകൊണ്ടു പിന്നീടു ശ്രീരംഗത്തു താമസിച്ചു. അവിടെവെച്ചാണു് ഇദ്ദേഹം വേദാന്തസാരം, വേദാന്തസംഗ്രഹം, വേദാന്തദീപം, ബ്രഹ്മസൂത്രഭാഷ്യം തുടങ്ങിയ ഗ്രന്ഥങ്ങൾ എഴുതിയതു്. ഇദ്ദേഹം ഉത്തര ഇൻഡ്യയിൽ കാശ്മീരംവരെ സഞ്ചരിച്ചിട്ടുണ്ടു്. അക്കാലത്തു വൈഷ്ണവമതത്തിൻെറ പരമവിരോധികളായിരുന്ന ശൈവമതക്കാരുമായി വളരെത്തവണ വാദിക്കുവാനും ഇദ്ദേഹത്തിന്നിടയായിട്ടുണ്ടു്.

രാമാനുജാചാര്യൻ ക്രിസ്ത്വബ്ദം ഏകദേശം ൧൧-ാം നൂററാണ്ടിലായിരുന്നു ജീവിച്ചിരുന്നതു്. ഇദ്ദേഹത്തിന്നുമുമ്പുതന്നെ ആഴ്വാർ എന്നു കേൾവികേട്ട പന്ത്രണ്ടു വൈഷ്ണവയോഗികൾ ദക്ഷിണഇൻഡ്യയിൽ വൈഷ്ണവമതം പ്രസംഗിച്ചുകൊണ്ടു നടന്നിരുന്നതായി അറിയുന്നുണ്ടു്. ഇവർ എല്ലാവരും കാഞ്ചീപുരത്തുതന്നെയാണോ ജീവിച്ചിരുന്നതു് എന്നു തീർച്ചയില്ലെങ്കിലും, ആദ്യത്തെ ആഴ്വാരായ പൊയ്ഗൈ ആഴ്വാരും, ഒടുവിലത്തെ ആഴ്വാരായ തിരുമംഗൈയും കാഞ്ചീപുരത്തു ജനിച്ചു വളർന്നവരാ

ണെന്നാണു കേൾവി. ഇവരുടെ കൃതികളെല്ലാം നാലായിരപ്രബന്ധം എന്ന ഗ്രന്ഥത്തിൽ ശേഖരിച്ചിട്ടുണ്ട്. ബുദ്ധമതത്തിന്റേയും ജൈനമതത്തിന്റേയും അധഃപതനത്തിന്നുണ്ടായ പ്രധാനകാരണങ്ങളിൽ ഒന്ന് ഈ യോഗികളുടെ ആവിർഭാവമായിരുന്നുവെന്നു വേണം പറവാൻ. ഇവരുടെ കാലം ഏകദേശം ആറാം നൂററാണ്ടുമുതൽ ഒമ്പതാം നൂററാണ്ടുവരെയാണെന്നും അറിയുന്നു.

വൈഷ്ണവയോഗികളെപ്പോലെ, യോഗ്യരായ വളരെ ശൈവയോഗികളും അക്കാലത്തു ജീവിച്ചിരുന്നിരുന്നു. അപ്പർ, തിരുജ്ഞാനസംബന്ധർ, സുന്ദരമൂർത്തി തുടങ്ങിയ ശൈവയോഗികളുടെ കൃതികളെല്ലാം ദേവാരം എന്ന ഗ്രന്ഥത്തിൽ ശേഖരിച്ചിട്ടുണ്ട്. ഇവരും ഒരുകാലത്തു ദക്ഷിണഇൻഡ്യയിലെ ഒരു പ്രധാനശക്തിയായിരുന്നുവെന്നുതന്നെ പറയണം.

ഇങ്ങനെ, ഒരുകാലത്തു ജൈനമതത്തിന്റേയും ബുദ്ധമതത്തിന്റേയും കേന്ദ്രമായിരുന്ന കാഞ്ചീപുരം, പിന്നീട് അദ്വൈതവാദികളുടേയും, വിശിഷ്ടാദ്വൈതവാദികളുടേയും മാത്രമല്ല, ശൈവസിദ്ധാന്തത്തിന്റേയും, വൈഷ്ണവസിദ്ധാന്തത്തിന്റേയും ഒരു പ്രധാനകേന്ദ്രമായി തീൎന്നു. നാളന്ദയിലും വിക്രമശിലയിലും ഉണ്ടായിരുന്നപോലെ ബുദ്ധമതക്കാരുടെ അനവധി സന്യാസിമഠങ്ങളും സംഘാരാമങ്ങളും ഇവിടേയുമുണ്ടായിരുന്നു. മററു ബുദ്ധമതവിദ്യാഭ്യാസകേന്ദ്രങ്ങളിൽനിന്നു കാഞ്ചീപുരത്തിന്നു വല്ല വ്യത്യാസവുമ

ണ്ടായിരുന്നുവെങ്കിൽ, അതു് ആ നഗരത്തിൽ ഹിന്ദുക്കളുടേയും ജൈനരുടേയും വകയായ പാഠശാലകൾ കൂടി പുഷ്ടിയെ പ്രാപിച്ചുവന്നിരുന്നുവെന്നുള്ളതാണ്. വിശേഷിച്ചു്, പല്ലവരാജാക്കന്മാരുടെ ഭരണപാടവവും, വിദ്യാഭ്യാസവിഷയത്തിൽ അവർ കാണിച്ചിരുന്ന ശുഷ്കാന്തിയും, അന്യമതങ്ങളേയും മതപ്രവർത്തകന്മാരേയും കുറിച്ചു് അവർക്കുണ്ടായിരുന്ന ബഹുമാനവും, കാഞ്ചീപുരത്തെ അക്കാലത്തു് ഇൻഡ്യയിലെ ഒരു പ്രധാന വിദ്യാഭ്യാസകേന്ദ്രമാക്കിത്തീർക്കുവാൻ സഹായിച്ചിരുന്നുവെന്നുകൂടി നാമോർക്കേണ്ടതാണ്.

കാഞ്ചീപുരംപോലെ മധുര, തഞ്ചാവൂർ തുടങ്ങിയ വേറേയും പുരാതന വിദ്യാഭ്യാസകേന്ദ്രങ്ങൾ ദക്ഷിണഇൻഡ്യയിലുണ്ടായിരുന്നു. തഞ്ചാവൂർരാജാവിൻെറ രാജധാനിയിൽ ശേഖരിച്ചുവെച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളും അനവധി പഴയ ചിത്രങ്ങളും, ആ രാജ്യത്തു് ഒരുകാലത്തുണ്ടായിരുന്ന പണ്ഡിതന്മാരുടേയും ചിത്രമെഴുത്തുകാരുടേയും മഹിമയെക്കുറിച്ചോർമ്മപ്പെടുത്തുന്നുണ്ടു്. മധുര ക്രിസ്ത്വബ്ദത്തിനും എത്രയോ മുമ്പുതന്നെ തമിഴ്കവികളുടേയും, അവരുടെ സംഘങ്ങളുടേയും ഒരു പ്രധാനകേന്ദ്രമായിരുന്നു. മധുരയിലെ പുരാതനവിദ്വത്സദസ്സുകളേക്കുറിച്ചു ശ്രീമാൻ യം. ശ്രീനിവാസ അയ്യങ്കാർ ഒരു ദീർഘലേഖനമെഴുതിയിട്ടുണ്ടു്*. പുരാതനകാലത്തു തമിഴ് സാഹിത്യത്തിൻെറ

* Tamil Studies, pp. 231-263.

ഉദ്ധാരണത്തിന്നായി ഈ സംഘക്കാരോളം ജോലി ചെയ്തിട്ടുള്ളവർ വേറെ ഒരേടത്തും ഉണ്ടായിരുന്നില്ല.

ഇവക്കു പുറമെ, രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും സഹായത്തോടുകൂടി ഓരോ കാലങ്ങളിൽ അവിടവിടെ ചില വൈദികമഠങ്ങൾ സ്ഥാപിച്ചു നടത്തപ്പെട്ടിരുന്നതായും അറിയുന്നുണ്ട്. ഇത്തരം മഠങ്ങൾ മലയാദ്രിയുടെ പടിഞ്ഞാറുവശമായിക്കിടക്കുന്ന കേരളരാജ്യത്തും ഉണ്ടായിരുന്നതായി കേൾക്കുന്നു. അടുത്ത അദ്ധ്യായത്തിൽ ഇവയെക്കുറിച്ചാലോചിക്കാം.

# വ്യ. കേരളത്തിലെ വേദപാഠശാലകൾ.

---

൧.

ആൎയ്യന്മാരായ നമ്പൂതിരിമാരുടെ പൂൎവ്വന്മാർ കേരളത്തിൽ വന്ന്, ക്രമേണ അവിടെ സ്ഥിരതാമസമുറപ്പിച്ചതിന്നു ശേഷം, അവരുടെ ഉണ്ണികൾക്ക് ഉയൎന്നതരം വിദ്യാഭ്യാസം നൾകുന്നതിലേക്കായി ഓരോരോ ദേശങ്ങളിൽ ഏൎപ്പെടുത്തിയിരുന്ന സഭാമഠങ്ങൾക്കാകുന്നു ഇവിടെ വേദപാഠശാലകൾ എന്നു പറയുന്നതു്. ഈ വേദപാഠശാലകൾ, അല്ലെങ്കിൽ സഭാമഠങ്ങൾ, പണ്ടു കാഞ്ഞിരോട്ടു പുഴ മുതൽ തെക്കു കന്യാകുമാരിവരെ ഉണ്ടായിരുന്ന മുപ്പത്തിരണ്ടു ഗ്രാമക്കാരായ നമ്പൂതിരിമാരുടെ ഉത്സാഹത്തിലായിരുന്നു നടത്തിവന്നിരുന്നതു്. നമ്പൂതിരിമാർ അക്കാലത്തു കേരളത്തിലെ പ്രധാനശക്തികളായിരുന്നുവെന്നും, അവൎക്കു രാജ്യഭരണകാൎയ്യത്തിൽ രാജാക്കന്മാരെപ്പോലെതന്നെ ചില പ്രധാന അവകാശങ്ങളുണ്ടായിരുന്നുവെന്നും വിശ്വസിച്ചുവരുന്നുണ്ടു്. തങ്ങളുടെ യോഗക്ഷേമത്തെ രക്ഷിക്കുവാനായി, അവർ മുപ്പത്തിരണ്ടു ഗ്രാമങ്ങളെ "നാലു കഴകങ്ങളായി തിരിക്കുകയും, രാജാവിന്റെ ആലോചനസഭയിൽ മേൽപറഞ്ഞ ഓരോ കഴകങ്ങളേ



ശ്രീ ശങ്കരാചാര്യരും ശിഷ്യന്മാരും.

യും സംബന്ധിച്ച കാൎയ്യങ്ങളെപ്പററി പ്രത്യേകം നിശ്ചയിക്കുന്നതിന്ന് ഓരോ തളിയാതിരിമാരെ അതാതു കാലങ്ങളിൽ തിരഞ്ഞെടുക്കയും ചെയ്തിരുന്നു.”

ഭരണസൌകൎയ്യത്തിന്നായി, കേരളം അക്കാലത്തു പതിനെട്ടു നാടായി ഭാഗിക്കപ്പെട്ടിരുന്നു. ഓരോ നാട്ടിലും അതാതു നാട്ടാരുടെ മേലന്വേഷണത്തിന്നായി, സംഘം എന്നു പറഞ്ഞുവന്നിരുന്ന ഓരോ ജനപ്രതിനിധിസഭയും, ഓരോ സംഘത്തിന്റേയും കീഴിൽ നാടിന്റെ രക്ഷക്കായി അനവധി സൈന്യങ്ങളും ഉണ്ടായിരുന്നു. അതാതു സംഘത്തിന്റെ മേൽനോട്ടത്തിലായിരുന്നു ഗ്രാമണികളും, ഗ്രാമയോഗങ്ങങ്ങളും, ക്ഷേത്രാധികാരികളും ഭരണം നിൎവ്വഹിച്ചുവന്നിരുന്നത്. പൊതുജനങ്ങളുടെ ക്ഷേമത്തിന്നായി ഓരോ നാട്ടിലും അഷ്ടവൈദ്യന്മാരും, വിദ്യാഭ്യാസത്തിന്നായി ദേശത്താശാന്മാരും കളരിക്കുറുപ്പന്മാരും മററും ഉണ്ടായിരുന്നു. ഇവക്കെല്ലാം പുറമെ, നമ്പൂതിരിമാരുടെ പ്രത്യേകയോഗക്ഷേമത്തിന്നായി അതാതു നാട്ടുകളിൽ ഓരോ സഭാമഠവും, ഇതിന്റെ കീഴിൽ ഉണ്ണികളുടെ വിദ്യാഭ്യാസത്തിന്നായി ഓരോ വേദപാഠശാലയും ഉണ്ടായിരുന്നതായും അറിയുന്നുണ്ട്.

അക്കാലത്തു നമ്പൂതിരിമാൎക്കു കാഞ്ഞിരോട്ടു പുഴക്കു തെക്കുണ്ടായിരുന്ന മുപ്പത്തിരണ്ടു ഗ്രാമങ്ങളുടെ മേലധികാരം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു വേണം പറവാൻ. അതിന്നു വടക്കു ഗോകൎണ്ണംവരെ ഉണ്ടായിരുന്നതായി പറയുന്ന മുപ്പത്തിരണ്ടു ഗ്രാമങ്ങൾ

മലനാട്ടിൽ ചേൎന്നവയല്ലായിരുന്നു. അതുകൊണ്ടുതന്നെ, നമ്പൂതിരിമാർ അറുപത്തിനാലു ഗ്രാമങ്ങളെ പതിനെട്ടു നാടായും, നാലു കഴകങ്ങളായും വിഭജിച്ചുവെന്നു പറയുന്നതു പക്ഷേ വാസ്തവമല്ലെന്നു വരാം. നാലു കഴകങ്ങൾ പയ്യന്നൂർ, പന്നിയൂർ, പറവൂർ, ചെങ്ങന്നിയൂർ എന്നിവയായിരുന്നു. ഈ കഴകങ്ങൾ നാലും കാഞ്ഞിരോട്ടുപുഴയ്ക്കും കന്യാകുമാരിക്കും മദ്ധ്യേയാണു സ്ഥിതി ചെയ്യുന്നതെന്നുള്ളതു തന്നെ മുകളിൽ പറഞ്ഞതിനെ സ്ഥിരപ്പെടുത്തുവാൻ തക്ക ഒരു ദൃഷ്ടാന്തമാകുന്നു*.

നമ്പൂതിരിഗ്രാമസങ്കേതങ്ങളുടെ അത്ഭുതത്തിയെ സൂചിപ്പിക്കുവാനായിട്ടുമാത്രമാണു് ഇത്രയും പറയേണ്ടിവന്നതു്. ഈ ഗ്രാമങ്ങൾ പണ്ടു കേരളത്തിലെ പതിനെട്ടു നാടുകളിലുമായി പരന്നു കിടന്നിരുന്നുവെന്നും, ഇവയുടെ കൈകാൎയ്യകൎത്തൃത്വം മുഴുവൻ നമ്പൂതിരിമാൎക്കുതന്നെ ആയിരുന്നുവെന്നും ആണു കേൾവി. അടുത്ത കാലംവരെ കേരളത്തിലെ പ്രധാന സംസ്കൃതവിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്ന വൈദികമഠങ്ങൾ, നമ്പൂതിരിമാരുടെ സമുദായോൽക്കൎഷത്തിന്നും, വിദ്യാഭ്യാസാഭിവൃദ്ധിക്കുമായി അതാതു നാടുകളിൽ ഏൎപ്പെടുത്തപ്പെട്ടിരുന്ന സഭാമഠങ്ങളായിരുന്നു. ഇവയെ കാത്തുരക്ഷിക്കുന്നതിന്നു പ്രത്യേകമഠയോഗങ്ങളും മഠാധികാരികളും ഉണ്ടായിരുന്നുവെന്നും, ഇവക്കു സമുദായ

* 'കേരളം' കുഞ്ഞിക്കുട്ടൻ തമ്പുരാൻ ൧൨൭, ൬൨ എന്നീ ശ്ലോകങ്ങൾ നോക്കുക.

കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതായിട്ടു മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ സന്ദർഭത്തിൽ അറിഞ്ഞിരിക്കേണ്ടതാണ്.

സമുദായകാര്യം ഒഴിച്ചുനിർത്തിയാൽ പിന്നെ, അതാതു നാട്ടുകളിലെ ഭരണവിഷയത്തിൽ നമ്പൂതിരിമാർക്ക് മററുള്ളവരെപ്പോലെതന്നെ സകല അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നു. മൂന്നൂററവർ, അഞ്ഞൂററവർ, അയ്യായിരത്തവർ തുടങ്ങിയ പൊതുജനയോഗങ്ങളിൽ, അക്കാലത്തെ നമ്പൂതിരിമാർ മററുള്ളവരോടൊപ്പം നാട്ടിലുണ്ടാവുന്ന വിശേഷകാര്യങ്ങളെക്കുറിച്ചാലോചിച്ചു തീരുമാനം കല്പിച്ചിരുന്നതായിട്ടാണറിയുന്നതു്. യുദ്ധം ചെയ്യേണ്ടതായി വന്നാൽ അതിന്നും ഇവർ തെയാറായിരുന്നതായി കേരളോല്പത്തിയിൽ പലേടത്തും കാണുന്നുണ്ട്.

ആര്യന്മാർ ഏകദേശം അയ്യായിരം സംവത്സരങ്ങൾക്കു മുമ്പു മദ്ധ്യ ഏഷ്യയിൽനിന്നു പുറപ്പെട്ടു സപ്തസിന്ധുതീരങ്ങളിലിറങ്ങി താമസം തുടങ്ങിയിരിക്കണമെന്നാണ്, ശാസ്ത്രാന്വേഷണക്കാരും, ചരിത്രകാരന്മാരും, പണ്ഡിതന്മാരും അനവധി കാലത്തെ വാദപ്രതിവാദത്തിന്നു ശേഷം ഇപ്പോൾ ഒന്നു തീർച്ചപ്പെടുത്തിയിരിക്കുന്നതു്. ഇതു സമ്മതിക്കയാണെങ്കിൽ, ഇന്നത്തെ നമ്പൂതിരിമാരുടെ പൂർവ്വികന്മാർ കേരളത്തിൽ വന്നിട്ടുള്ളതു് ഏതു കൊല്ലത്തിന്നു മുമ്പാണ് എന്ന വിഷയം ഇനിയും വളരെ വാദത്തിന്നിടയാകുന്ന ഒന്നാകുന്നു. ഇതിനെക്കുറിച്ച് ഇതുവരെ ഉണ്ടാ

യിരുന്ന കേരളചരിത്രകാരന്മാരിൽ പലരും സൂക്ഷ്മമായി അന്വേഷണം നടത്താതിരുന്നിട്ടില്ലെങ്കിലും, വിശ്വാസയോഗ്യമായ ലക്ഷ്യങ്ങളുടെ അഭാവത്തിൽ ന്യായമായ ഒരു സമാധാനം ഇനിയും ഉണ്ടാകേണ്ടതായിട്ടുതന്നെയാണ് ഇരിക്കുന്നതു്.

ആൎയ്യന്മാർ കേരളത്തിൽ വന്ന സമയം, കേരളം കാടും പടലും നിറഞ്ഞ ഒരു വനഭൂമിയോ, അവിടെ ഉണ്ടായിരുന്നവരെല്ലാം അപരിഷ്കൃതന്മാരും അനാഗരികന്മാരുമായ കാടന്മാരോ അല്ലായിരുന്നുവെന്നു്, കേരളത്തെ ജന്മഭൂമിയായ ജനനിയെപ്പോലെ സ്വീകരിച്ചു്, അവളുടെ വേഷഭാഷാഭൂഷണാദികളിൽ സൎവ്വസമ്മതമായി പങ്കുകൊണ്ടുവന്നിരുന്ന ആൎയ്യബ്രാഹ്മണരുടെ പൂൎവ്വചരിത്രംതന്നെ വെളിപ്പെടുത്തുന്നുണ്ടു്. ഇവരുടെ ആഗമനകാലത്തു കേരളത്തിലുണ്ടായിരുന്ന ദ്രാവിഡവൎഗ്ഗക്കാർ കൃഷിയിലും, കച്ചവടത്തിലും, വിശേഷിച്ചു് ആയുധവിദ്യയിലും അറിവും പാടവവുമുള്ളവരായിരുന്നുവെന്നു തീൎച്ചയാണ്. എന്നാൽ, നാട്ടുകാരേക്കാൾ എത്രയോ അധികം പഠിപ്പും, പരിചയവും, ശാസ്ത്രവ്യുൽപത്തിയുമുണ്ടായിരുന്ന ആൎയ്യന്മാർ കാലക്രമേണ അവരെ വശപ്പെടുത്തിയെന്നും, അവരിൽ പലരും ആൎയ്യന്മാൎക്കു കീഴടങ്ങേണ്ടതായി വന്നുവെന്നും വരുവാൻ ന്യായമുണ്ടു്.

നമ്പൂതിരിമാർ കേരളത്തിൽ സ്ഥിരതാമസമുറപ്പിച്ചതിന്നു ശേഷം, രാജ്യഭരണവിഷയത്തിൽ എന്നപോലെ സാമുദായികകാൎയ്യങ്ങളിലും അവർ നാട്ടുകാ

തൊടാലോചിച്ചു പ്രവൎത്തിച്ചിരുന്നുവെന്നാണു വിചാരിക്കേണ്ടതു്. എന്നാൽ വിദ്യാഭ്യാസസംബന്ധമായ കാൎയ്യങ്ങളിൽ, പൊതുജനങ്ങൾക്കു ഉൽകണ്ഠ കുറഞ്ഞിരുന്നതുകൊണ്ടോ, വിഷയത്തിലും രീതിയിലും ഇരുകൂട്ടരുടേയും വിദ്യാഭ്യാസത്തിൽ അന്തരമുണ്ടാകയാലോ, എന്തോ, നമ്പൂതിരിമാർ അവരെ തീരെ അവഗണിച്ചിരുന്നുവെന്നും, ഈ സംഗതിയിൽ വളരെക്കാലത്തേക്കു അവൎക്കു യാതൊരു പങ്കും ഉണ്ടായിരുന്നില്ലെന്നും സമ്മതിക്കാതെ നിവൃത്തിയില്ല.

൨

കേരളത്തിലെ വേദപാഠശാലകൾ അല്ലെങ്കിൽ സഭാമഠങ്ങൾ, പണ്ടു് ആൎയ്യബ്രാഹ്മണരായ നമ്പൂതിരിമാരുടെ പൂൎവ്വികന്മാരാൽ സ്ഥാപിക്കപ്പെട്ടവയായിരുന്നുവെന്നും, അവരുടെ ഉണ്ണികൾക്കു ഉയൎന്നതരം വിദ്യാഭ്യാസം നല്കേണ്ട ആവശ്യത്തിലേക്കായിരുന്നു അവയെ പ്രധാനമായി ഉപയോഗിച്ചിരുന്നതെന്നും മുമ്പു പറഞ്ഞുവല്ലോ. ഈ സഭാമഠങ്ങൾ ഇവിടത്തെ പതിനെട്ടു നാട്ടുകളിലായിട്ടായിരുന്നു നടത്തിവന്നിരുന്നതെന്നു പറയുന്നുണ്ടെങ്കിലും, ഏതേതു നാട്ടുകളിൽ ഏതേതു മഠങ്ങളായിരുന്നു ഉണ്ടായിരുന്നതെന്നും, അവയെ ഏതേതു കാലങ്ങളിലായിരുന്നു സ്ഥാപിച്ചിരുന്നതെന്നും ശരിയായി അറിവാൻ കഴിയുന്നില്ല. ചില നാട്ടുകളിൽ ഒന്നിലധികം മഠങ്ങളുണ്ടായിരുന്നതായും ചിലപ്പോൾ കാണുന്നുണ്ടു്. ആചാൎയ്യസ്വാമികളുടെ കാലത്തു് (ക്രിസ്ത്വബ്ദം ൭൮൮ മുതൽ, ൮൨൦ വരെ)

ത്തുസ്ഥിവപേരുള്ള നാലു സഭാമഠങ്ങളുണ്ടായിരുന്നതായും, അവയിൽ മൂന്നെണ്ണം ഇപ്പോഴും നിലനിന്നുവരുന്നതായും അറിയുന്നു†.

കാട്ടുമുറി, അല്ലെങ്കിൽ വേന്നാ(ന്ദ)നാട്ട്, എന്ന ഗ്രാമത്തിൽ, അടുത്തകാലംവരെ, പണ്ഡിതന്മാരായ നമ്പൂതിരിമാരുടെ ഒരു സഭാമഠമുണ്ടായിരുന്നതായി അറിയുന്നുണ്ട്. കുമ്പളത്തുള്ള സഭാമഠം ഈ മഠമാണെന്നാണു പരേതനായ കെ. പി. പത്മനാഭമേനോൻ അവർകൾ പറയുന്നത്§. സഭയുടെ പേർ ഉദയതുംഗേശ്വരത്തു പണ്ഡിതർസഭാ എന്നായിരുന്നു. സഭാമഠം വകയായി ചില ക്ഷേത്രങ്ങളും, സ്വത്തുക്കളും ഇപ്പോഴുമുണ്ട്. എന്നാൽ, "മഠാധികാരികളുടെ അനീതിയായ ഭരണംനിമിത്തം" ഇപ്പോൾ മഠം വക സ്വത്തുക്കളിൽ സക്കാർ പ്രവേശിച്ചു ഭരണം നടത്തിവരികയാണു ചെയ്യുന്നത്.

ഇതിന്നു പുറമെ, ഇരിങ്ങാലക്കുടെ ഗ്രാമത്തിലും, പെരുമനം ഗ്രാമത്തിലും വളരെക്കാലംമുമ്പേമുതൽ ഓരോ സഭാമഠങ്ങളുണ്ടായിരുന്നതായി കേൾക്കുന്നുണ്ട്. ഇവയുടെയെല്ലാം ശക്തി ക്ഷയിച്ചുതുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ബ്രിട്ടീഷിലുള്ള പന്നിയൂർ ഗ്രാമവും, കൊച്ചിരാജ്യത്തു കുന്നംകുളത്തിന്നു സമീപ

† 'കേരളം'– കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ൫൦ാം ൧൬൩൨ (കുറിപ്പ്.)

§ കൊച്ചിരാജ്യചരിത്രം– (൧-ാം ഭാഗം)– കെ. പി. പത്മനാഭമേനോൻ. പുറം ൪൩൨.

മുള്ള ചൊവ്വന്നൂരും നമ്പൂതിരിമാരുടെ പുരാതന വി
ദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നുവെന്നു സുപ്രസിദ്ധമാണ
ല്ലോ. ഇതുപോലെ വേറെയും വളരെ സഭാമഠങ്ങൾ
കേരളത്തിൽ ഓരോരോ ദേശങ്ങളിലും, ഗ്രാമങ്ങളിലു
മായി ഉണ്ടായിരുന്നുവെന്നാണു വിചാരിക്കേണ്ടതു്.

ഈ സഭാമഠങ്ങളിൽ, പണ്ടു തക്ഷശിലയിലും
നാളന്ദയിലും മററും ഉണ്ടായിരുന്നപോലെ, പ്രായം
ചെന്ന വിദ്യാർത്ഥികൾക്കു് ഉയന്ന തരം വിദ്യാഭ്യാ
സം നൾകേണ്ടതിനുള്ള ഏപ്പാടുകൾ മാത്രമേ ഉ
ണ്ടായിരുന്നുള്ളു. ഉപനയനാനന്തരം ഉണ്ണികളെ ഓ
ത്തു ചൊല്ലിക്കുക എന്ന സമ്പ്രദായം ഗുരുഗൃഹത്തിൽ
വെച്ചായിരുന്നു പതിവു്. ഗർഭാധാനാനന്തരം, ആറാ
മത്തേയോ എട്ടാമത്തേയോ വയസ്സിൽ (മനു, ലഘുധ
ർമ്മപ്രകാശിക) ഉപനയനം കഴിഞ്ഞാൽ, പിന്നെ
ത്തെ ആറോ ഏഴോ സംവത്സരകാലം ഗുരുമുഖ
ത്തിൽനിന്നുതന്നെ കുലക്രമംപോലെ ഋക്കോ, യജു
സ്സോ, സാമമോ ഓതിക്കേട്ടഭ്യസിക്കേണമെന്നു നി
ശ്ചയമുണ്ടായിരുന്നു. ഈ ചുരുങ്ങിയ കാലത്തിന്നിട
യിൽ, ഉദാത്താനുദാത്തസ്വരിതങ്ങളടങ്ങിയ സ്വരോ
ച്ചാരണങ്ങൾക്കു തെററുകൂടാതെ ഒരു വേദമെങ്കിലും
ചൊല്ലിത്തോന്നിക്കാതെകണ്ടു് ഒരു ഉണ്ണിനമ്പൂതിരി
യെങ്കിലും അക്കാലത്തുണ്ടായിരുന്നില്ല. സമാവത്തനം
കഴിഞ്ഞാൽ, പിന്നെ "ഒന്നോ രണ്ടോ സംവത്സരകാ
ലം സ്വഗൃഹകുലദേവതാക്ഷേത്രത്തിൽ ഭജനമിരിക്കേ
ണമെന്നായിരുന്നു നിശ്ചയം". ഇക്കാലത്തു്, ഗുരുമുഖ
ത്തിൽനിന്നഭ്യസിച്ച വിദ്യയെ അവർ ഉരുവിട്ടു് ഉറ

ട്ടിക്കും. സ്വകുലക്ഷേത്രത്തിൽ എന്നപോലെ, ഗ്രാമക്ഷേത്രത്തിലും ഭജനമിരുന്നതിന്നു ശേഷം ശാസ്ത്രം പഠിക്കുവാനാരംഭിക്കയായി. ഈ ആവശ്യത്തിലേക്കായിരുന്നു സഭാമഠങ്ങൾ.

സഭാമഠങ്ങളിലേക്കു കടക്കുന്നതിന്നു മുമ്പായി, അന്നത്തെ ബ്രഹ്മചര്യവൃത്തിയെക്കുറിച്ചും, ഗുരുകുലജീവിതത്തെക്കുറിച്ചും ഒന്നുരണ്ടു സംഗതികൾക്കൂടി ഇവിടെ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്.

നമ്പൂതിരിമാരുടെ പുരാതന ജീവിതാദർശത്തെയും, സമുദായജീവിതത്തേയും, ആചാരാനുഷ്ഠാനങ്ങളേയും കുറിച്ചു വിശ്വാസയോഗ്യമായ നിലയിൽ എഴുതിവെച്ചിട്ടുള്ള ഗ്രന്ഥം, ലഘുധർമ്മപ്രകാശികപോലെ മറ്റൊന്നുണ്ടോ എന്നു സംശയമാണ്. ഇതിലെ ഒന്നാമദ്ധ്യായത്തിലെ മൂന്നും നാലും പാദങ്ങളിൽ വിവരിച്ചിട്ടുള്ള ബ്രഹ്മചര്യനിഷ്ഠ, ഗുരുശുശ്രൂഷ, അദ്ധ്യയനം എന്നീ വൃത്തികൾക്ക്, ആപസ്തംബൻ, മനു തുടങ്ങിയ ധർമ്മശാസ്ത്രകാരന്മാരുടെ അഭിപ്രായവുമായി ഏറെക്കുറെ സാദൃശ്യമുണ്ടെന്ന്, ഈ ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തിനോക്കിയാലറിയാം. "ശൌചാചമനാദ്യാചാരങ്ങളുടെ യഥാർത്ഥസ്വഭാവമറിവാനായി ആചാര്യൻ ശിഷ്യനെ ധർമ്മശാസ്ത്രമാണ് ആദ്യമായി ഗ്രഹിപ്പിക്കേണ്ടതെന്നും, ശിഷ്യൻ ധർമ്മാചരണത്തിന്നു വേണ്ടി ധർമ്മശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള തത്വങ്ങളെ ഗുരുവിങ്കൽനിന്നു ഗ്രഹിക്കേണ"മെന്നും നിശ്ചയമുണ്ടായിരുന്നു. ഇതിനെ നമ്പൂതിരിബ്രഹ്മചാരികൾ സശ്രദ്ധം അനുസരിച്ചിരുന്നുവെന്നും, ഇപ്പോഴും അനുസരിക്കുന്നുണ്ടെന്നും പറയേണ്ടതില്ലല്ലോ.

ഒരില്ലത്തു രണ്ടോ മൂന്നോ ഉണ്ണികളുണ്ടെങ്കിൽ, അവരുടെ എഴുത്തും ബാലവായനയും കഴിഞ്ഞാൽ, വേദാദ്ധ്യയനത്തിന്നായി നിവൃത്തിയുണ്ടെങ്കിൽ ഗുരുഗൃഹത്തിലേക്കയക്കയായിരുന്നു പതിവു്. "അത്രോപനീതോഭൂദേവഃ...ഗുരുകുലേവസേൽ" (ല. പ്ര. ൧, ൪, ൨)എന്നു ലഘുധർമ്മപ്രകാശികയിൽ പറഞ്ഞു കാണുന്നതുകൊണ്ടു്, സാധാരണ സ്വഗൃഹത്തിലോ, സ്ഥാമഠങ്ങളിലോ അല്ലായിരുന്നു വിദ്യാർത്ഥികൾ വേദങ്ങളിലെ ആദ്യ പാഠങ്ങൾ അഭ്യസിച്ചിരുന്നതെന്നു വിചാരിക്കാം. ഒരു ഗുരുവിന്റെ കീഴിൽ രണ്ടോ മൂന്നോ വിദ്യാർത്ഥികളിൽ അധികമുണ്ടാവുക ദുർല്ലഭമായിരുന്നു. അതുകൊണ്ടുതന്നെ, കുട്ടികളുടെ വിദ്യാഭ്യാസത്തിലും, സ്വഭാവരൂപീകരണത്തിലും ഗുരുവിന്നുണ്ടായിരിക്കാവുന്ന നിഷ്കർഷ എത്രത്തോളമായിരുന്നുവെന്നൂഹിക്കാം.

"അദ്ധ്യയനപ്രാരംഭാദികാലങ്ങളിൽ ആരും പറയാതെതന്നെ ശിഷ്യൻ ഗുരുവിന്റെ കാല്ക്കൽ അഭിവാദ്യം ചെയ്ക" പതിവായിരുന്നു. നാളന്ദയിലെ വിദ്യാർത്ഥികളും ഈ ഒരു കാര്യം ഭക്തിപൂർവ്വം അനുഷ്ഠിച്ചുവന്നിരുന്നുവെന്നു് ഈ പുസ്തകത്തിലെ ആ ഭാഗം വായിച്ചിട്ടുള്ളവർ ഓർക്കുന്നുണ്ടായിരിക്കും. "ഗുരു വരുന്നതു് കണ്ടാൽ എഴുന്നേററു് അദ്ദേഹത്തെ അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു് ഇരുത്തി, വിനയത്തോടെ കുശലപ്രശ്നം ചെയ്യുക; ഗുരു എങ്ങോട്ടെങ്കിലും യാത്ര പുറപ്പെട്ടുമ്പോൾ അനുയാത്ര ചെയ്യുക; ഗുരുവിന്നിഷ്ടമുള്ള എന്തു കാര്യവും ജാഗ്രതയോടെ ചെയ്യുക; ഗുരുവിന്റെ പ്രത്യക്ഷത്തിലും അപ്രത്യക്ഷത്തിലും ഒരേ മാതിരി അദ്ദേഹത്തെ ബഹുമാനിക്കുക," എ

ന്നു തുടങ്ങി, കേരളത്തിലെ നമ്പൂതിരിവിദ്യാൎത്ഥികൾ ആചരിക്കേണ്ടതായിരുന്ന നടപടികൾതന്നെ ആയിരുന്നു, ആയിരത്തിനാന്നൂറു സംവത്സരങ്ങൾക്കു മുമ്പെ നാളന്ദാ മഹാവിദ്യാലത്തിലുണ്ടായിരുന്ന ബ്രഹ്മചാരികളും അനുസരിച്ചിരുന്നതെന്നു്, അവിടത്തെ ഒരു വിദ്യാൎത്ഥിയും, ചീനദേശക്കാരനുമായ ഇററ്സിങ്ങിൻെറ എഴുത്തുകളിൽനിന്നറിയാം. അഭക്ഷ്യഭക്ഷണം അപേയപാനം മുതലായ കാൎയ്യങ്ങളിലും നാളന്ദയിലെ വിദ്യാൎത്ഥികളെപ്പോലെ, നമ്പൂതിരിബ്രഹ്മചാരികളും നിഷ്കൎഷിച്ചിരുന്നുവെന്നു ലഘുധൎമ്മപ്രകാശികയിൽനിന്നും ധാരാളം വെളിവാവുന്നുണ്ടു്.

അതിരാവിലെ എഴുന്നേററു്, നിത്യസ്നാനം, സന്ധ്യാവന്ദനം മുതലായ കൃത്യങ്ങളെല്ലാം യഥാവിധി ചെയ്തു തീൎന്നാൽ, പിന്നെ വേദപാഠം ആരംഭിക്കയായി. ഏകദേശം "മദ്ധ്യാഹ്നമാവുന്നവരെ അദ്ധ്യയനം ചെയ്തശേഷം, ഉപസ്ഥാനം കഴിച്ചു്, ദണ്ഡു കയ്യിലെടുത്തു ബ്രഹ്മചാരി ഭിക്ഷക്കുപോകും; ഭിക്ഷ കിട്ടിയാൽ അതു ഗുരുവിൻെറ സമ്മതത്തോടുകൂടി ഭക്ഷിക്കുകയും ചെയ്യും"*. ഉള്ളി, കമ്മാരം തുടങ്ങിയ സാധനങ്ങളെ വൎജ്ജിക്കുകയും, അശ്ലീലങ്ങളായ വാക്കുകൾ പറയാതിരിക്കയും ചെയ്യേണ്ടതു ബ്രഹ്മചാരികളുടെ ധൎമ്മമായിരുന്നു. കുളിക്കുന്ന സമയം വെള്ളത്തിൽ ചാടുകയോ നീന്തുകയോ അരുതെന്നു കൂടി (കൃപാകാ

* "ആമദ്ധ്യാഹ്നമധീത്യാൎമ്മുപസ്ഥായ തതഃ പരം
ദണ്ഡീ ഭിക്ഷമം ചരേന്നിത്യം ഗുരോരപ്യാദനുജ്ഞയാ"
(ല. പ്ര. ൧൪, ൪, ൨)

ന്നപ്പവേദപ്സു; ൧. ർ. ൩ർ) നാളന്ദയിലെ വി
ദ്യാൎത്ഥികൾക്കും, നമ്പൂതിരിബാലന്മാൎക്കും ഒരുപോ
ലെ ആചരിക്കേണ്ടിയിരുന്ന ഒരു നിയമമായിരുന്നു.
വിശേഷിച്ച്:

'നസ്ത്രീഭിസ്സഹസല്ലാപ, മപികസ്മാന്നനൎത്തനം,
ന ച ഗീതം, നവാവാദ്യം ന ച വക്ത്രനഖാദിഭിഃ,
ആലസ്യ,മനൃതം,ഹിംസാം, യച്ച വാ നാഭിനന്ദതി
സോപാദ്ധ്യായസ്തദപ്യേഷയത്നേനപരിവൎജ്ജയേൽ'*

എന്നുള്ള ധൎമ്മോപദേശങ്ങളേയും അന്നത്തെ ബ്രഹ്മ
ചാരികൾ യഥാവിധി അനുഷ്ഠിച്ചിരുന്നു. ഇതുകൊ
ണ്ടുതന്നെ അന്നത്തെ ഗുരുകുലവാസം എത്രത്തോളം
സുഖാസ്പദവും, ഗുരുശിഷ്യബന്ധം എത്രത്തോളം സു
ദൃഢവുമായിരുന്നുവെന്ന് അനുമിക്കാം.

൩

സമാവൎത്തനാനന്തരം, നമ്പൂതിരിയുവാക്കന്മാ
ൎക്കു വേദാൎത്ഥം നിരൂപിക്കുന്നതിന്നും, ശാസ്ത്രമഭ്യസിക്കു
ന്നതിന്നും മററുമായി നടത്തിവന്നിരുന്ന വിദ്യാലയ
ങ്ങൾക്കാകുന്നു സഭാമഠങ്ങൾ എന്നു പേർ പറയുന്ന
ത്. ഈ സഭാമഠങ്ങളുടെ അവശിഷ്ടങ്ങളിൽ ചില
തെല്ലാം ഇപ്പോഴും കണ്ടുവരുന്നുണ്ട്. തൃശ്ശിവപേരൂർ,
തിരുനാവായ്, കുമ്പളം, ചൊവ്വന്നൂർ തുടങ്ങിയ ദേ
ശങ്ങളിൽ, ഉത്സാഹിച്ചാൽ ഇനിയും ഉയൎത്തിക്കൊണ്ടു

* ലഘുധൎമ്മപ്രകാശികാ—൧-ാമദ്ധ്യായം ർ-ാം പാദം. ശ്ലോ
കം ൩ൻ, ർ०.

വരുവാൻ സാധിക്കാതവണ്ണം, സഭാമഠങ്ങൾ അത്ര മോശസ്ഥിതിയിലായികഴിഞ്ഞിട്ടില്ല. വിശേഷിച്ച്, പണ്ടേമുതൽ വേദപരീക്ഷകൾ കേൾവിപ്പെട്ട കടവല്ലൂർസഭാമഠം, വിദ്വാന്മാരായ കേരളബ്രാഹ്മണരുടെ സാന്നിദ്ധ്യംകൊണ്ട് ഇന്നും ശോഭിക്കുന്നുണ്ടല്ലോ. ഈ സഭാമഠങ്ങളിൽ ഒരു കാലത്ത് അനുവൎത്തിച്ചുവന്നിരുന്ന പാഠപദ്ധതിയേയും, അവിടത്തെ വിദ്യാൎത്ഥികളുടെ ജീവിതസമ്പ്രദായത്തേയും കുറിച്ച്, അധികവും കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തി, ചില സംഗതികൾ മാത്രമാണു താഴേ പ്രസ്താവിക്കുന്നത്.

തക്ഷശിലയിലുണ്ടായിരുന്നപോലെ, കേരളത്തിലെ സഭാമഠങ്ങളിലും വിദ്യാൎത്ഥികളെ പതിനാറുവയസ്സു കഴിഞ്ഞതിന്നുശേഷമേ ചേൎത്തിയിരുന്നുള്ളു. ഒരു വിദ്യാൎത്ഥി ചുരുങ്ങിയപക്ഷം പന്ത്രണ്ടുകൊല്ലമെങ്കിലും ഒരു മഠത്തിൽ താമസിച്ചു പഠിക്കേണമെന്നുണ്ടായിരുന്നു. വിദ്യാഭ്യാസകാലത്ത് ഇവൎക്കുവേണ്ടിവരുന്ന ചിലവു മുഴുവൻ അതാതുമഠങ്ങളിൽ നിന്നു കൊടുത്തുവരികയായിരുന്നു പതിവ്. അക്കാലത്ത്, സഭാമഠങ്ങളുടെ ആവശ്യത്തിലേക്കായി കേരളത്തിലുണ്ടായിരുന്ന ഓരോ ഇല്ലക്കാരും അവരവരുടെ സ്വത്തിൽനിന്ന് ഒരോഹരിവീതം ദാനം ചെയ്യേണമെന്നുണ്ടായിരുന്നതുകൊണ്ടായിരിക്കാം മഠം വകകാൎയ്യങ്ങൾക്കു വളരെക്കാലം യാതൊരു കോട്ടവും തട്ടാതെ കഴിഞ്ഞുപോന്നത്. കേരളത്തിലെ എല്ലാനാട്ടുകളിലുമുണ്ടായിരുന്ന സഭാമഠങ്ങളിൽ ഓരോന്നിലും അനവധി വിദ്യാൎത്ഥികൾ

ളും പഠിച്ചുവന്നിരുന്നു. ഈ മഠങ്ങൾ അക്കാലത്തു നമ്പൂതിരിമാരുടെ സമുദായശക്തിയെ സംരക്ഷിച്ചു വന്നിരുന്ന കോട്ടകളും, വിദ്യാൎത്ഥികൾ അവയിലെ യോദ്ധാക്കളുമായിരുന്നുവെന്നു പറയാം.

സഭാമഠങ്ങളിൽ വിദ്യാൎത്ഥികൾ പ്രധാനമായി ചെയ്തിരുന്നതു്, വേദാൎത്ഥം നിരൂപിക്കുക, വേദാന്തവിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദം ചെയ്ക, സാധാരണ നടത്തിവരാറുണ്ടായിരുന്ന പണ്ഡിതപരിഷത്തിൽ ഭാഗഭാക്കുകളാവുക, കഴിയുമെങ്കിൽ ഗ്രന്ഥങ്ങൾ നിൎമ്മിക്കുക ഇവയായിരുന്നു. ഇവയ്ക്കുപുറമെ ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നീ ഷഡംഗങ്ങളിൽ സാധിക്കാവുന്നേടത്തോളം അറിവു സമ്പാദിക്കുകയും, തൎക്കം, വേദാന്തം, മീമാംസതുടങ്ങിയ ശാസ്ത്രങ്ങളിൽ പാണ്ഡിത്യം നേടുകയും വേണ്ടതായിരുന്നു. മേൽപറഞ്ഞ വിഷയങ്ങളെല്ലാം ഒരു വിദ്യാൎത്ഥി പന്ത്രണ്ടുകൊല്ലംകൊണ്ടു കരസ്ഥമാക്കിയിരുന്നുവെന്നു് ഒരിക്കലും വിചാരിക്കുവാൻ തരമില്ല. സാധാരണ എല്ലാവരും ഒരു വേദവും, ഏതെങ്കിലും ഒരു ശാസ്ത്രവും കടുകട്ടിയാക്കി ഉറപ്പിക്കും. അസാധാരണ ബുദ്ധിയും സാമൎത്ഥ്യവുമുള്ളവരാണെങ്കിൽ, അവർ ഒന്നിലധികം വേദങ്ങളും ശാസ്ത്രങ്ങളും തോന്നിച്ചിരുന്നു. സാമാന്യേന പറകയാണെങ്കിൽ, വേദാൎത്ഥം നിരൂപിക്കുവാൻ വ്യുൽപത്തിയില്ലാത്ത നമ്പൂതിരിയുവാക്കന്മാർ അക്കാലത്തു ദുൎല്ലഭമായിരുന്നു എന്നുതന്നെ പറയാം.

ഉത്തരഇൻഡ്യയിലെ വിദ്യാലയങ്ങളിൽ ഉണ്ടായിരുന്നപോലെ, കേരളത്തിലെ സഭാമഠങ്ങളിൽ പഠിച്ച വിജയികളാവുന്നവൎക്ക് "ഭട്ടതിരി" എന്ന ബിരുദനാമം നൽകിവന്നിരുന്നു. ഈ മുദ്ര സാധാരണക്കാൎക്കൊന്നും സിദ്ധിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നു തീൎച്ചയാണ്. അക്കാലത്തു സഭാമഠങ്ങളിൽ നടത്തിവരാറുണ്ടായിരുന്ന രണ്ടു പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ വിജയം നേടിയവൎക്കല്ലാതെ 'ഭട്ടസ്ഥാനം' നൽകിയിരുന്നില്ല. 'ഭട്ടതിരിമാ'രാകേണമെന്നുള്ളവർ ഒന്നിലോ വിദ്വത്സദസ്സിൽ വിജയം നേടണം, അല്ലാത്തപക്ഷം ഏതെങ്കിലും ഒരു ഗ്രന്ഥം നിൎമ്മിച്ചു പണ്ഡിതപരിഷത്തിൻെറ സമ്മതിവാങ്ങിക്കണം. ഇങ്ങനെ ചെയ്തു 'ഭട്ടതിരിമാരായ' നമ്പൂതിരിമാർ അക്കാലത്തു ധാരാളമുണ്ടായിരുന്നു. ശാസ്ത്രവിഷയത്തിൽ ഉദ്ദണ്ഡനെതോല്പിച്ച കാക്കശ്ശേരി'നമ്പൂതിരി' ഭട്ടതിരിയായതും, ജ്യോതിഷത്തിൽ അപാരപാണ്ഡിത്യം സിദ്ധിച്ച തലക്കുളത്തു 'നമ്പൂതിരിക്ക' ഭട്ടസ്ഥാനം ലഭിച്ചതും, പ്രക്രിയാസൎവ്വസ്വമെന്ന വ്യാകരണഗ്രന്ഥത്തിൻെറ കൎത്താവായ മേപ്പത്തൂർ 'നമ്പൂതിരി' നാരായണഭട്ടനായതും മററും ഇപ്രകാരമായിരുന്നിരിക്കാം. ഇങ്ങനെ ഭട്ടതിരിസ്ഥാനത്തെത്തിയ മഹാപണ്ഡിതന്മാരെയായിരുന്നു പിന്നീടു സഭാമഠങ്ങളിലെ അദ്ധ്യാപകന്മാരായും അവരോധിച്ചിരുന്നതു്.

വേദവേദാംഗങ്ങളിലെന്നപോലെ, തന്ത്രശാസ്ത്രത്തിലും, യോഗശാസ്ത്രത്തിലും അറിവു സമ്പാദിച്ചിരു

ന്ന നമ്പൂതിരിയുവാക്കന്മാരും അക്കാലത്തു ധാരാളമുണ്ടായിരുന്നു. ഈ വിഷയങ്ങളെക്കുറിച്ച് അവരിൽ പലരും ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും മററും എഴുതിയിരുന്നതായിട്ടാണ് അറിയുന്നത്. മഹാമഹോപാദ്ധ്യായൻ പണ്ഡിതർ ഗണപതിശാസ്ത്രികളുടെ ഉത്സാഹത്തിൽ തിരുവനന്തപുരത്തു ചെയ്തുവരുന്ന ഗ്രന്ഥശേഖരണത്തിൽ, പണ്ടു വിദ്വാന്മാരായ നമ്പൂതിരിമാർ എഴുതിവെച്ചിരുന്ന വളരെ ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയതായി അറിയുന്നുണ്ട്*.

യഥാവിധി ഗൃഹസ്ഥാശ്രമമനുഷ്ഠിച്ചുവന്നിരുന്ന സോമയാജിമാർ മുതലായ ശ്രൌതകർമ്മികൾക്കു ഗ്രാമന്തോറും പ്രത്യേകസഭാമഠങ്ങളുണ്ടായിരുന്നുവെന്നും, അവയിൽ അനേകവിധത്തിലുള്ള യാഗങ്ങൾക്കും ഇഷ്ടികൾക്കും മററും വേണ്ടുന്ന ചടങ്ങുകൾ വേദോക്തപ്രകാരം ശ്രോത്രിയപുത്രന്മാരെക്കൊണ്ടു ശുഷ്കാന്തി ചെയ്തു പരിശീലിപ്പിപ്പാനും മററു പല പരിഷ്കാരങ്ങൾക്കും വളരെ സ്വത്തുക്കൾ വെച്ചിട്ടുണ്ടായിരുന്നുവെന്നും ചിലർ പറയുന്നു‡. ഇതു വാസ്തവമായിരിക്കാം. എന്നാൽ ഗ്രാമംതോറും ഓരോ സഭാമഠങ്ങളുണ്ടായിരുന്നുവെന്നു വരുന്നപക്ഷം, കേരളത്തിൽ ആകെ എത്ര സഭാമഠങ്ങളായിരുന്നു ഉണ്ടായിരുന്നതെന്നു

* Catalogues of Sanskrit Manuscripts (1912-1921) Collected by Mahamahopadhyaya T. Ganapati Sastri, Trivandrum

‡ കൊച്ചിരാജ്യചരിത്രം ൧-ാം ഭാഗം കെ. പി. പത്മനാഭമേനോൻ പുറം ൫൩൭. (രസികരഞ്ജിനി ൪-ാം പുസ്തകം. ൬൯൭).

തിട്ടപ്പെടുത്തുവാൻ പ്രയാസമാവുന്നു. തൃശ്ശിവപേരൂരുതന്നെ നാലു സഭാമഠങ്ങൾ ഒരേകാലത്തുണ്ടായിരുന്നിരിക്കേ, മററു ഗ്രാമങ്ങളിൽ ഓരോന്നിലും ഓരോ സഭാമഠമെങ്കിലും ഉണ്ടായിരുന്നുവെന്നു വരുന്നതു് അസംഗതമാവാൻ വഴിയില്ല. ഇനിയും, ഇത്ര അനിശ്ചിതമായ നിലയിലാണല്ലോ നമ്പൂതിരിമാരുടെ പഴയ സ്ഥാപനങ്ങളുടെ കിടപ്പു്!!

സഭാമഠങ്ങളെക്കുറിച്ചു പറയുന്നസമയം വേദപരീക്ഷക്കു കേൾവികേട്ട കടവല്ലൂർ സഭാമഠത്തേയും, അവിടെ കൊല്ലംതോറും നടത്തിവരാറുണ്ടായിരുന്ന വാരത്തേയും കുറിച്ചുകൂടി ഇവിടെ അല്പമൊന്നു സൂചിപ്പിക്കാതിരിപ്പാൻ നിവൃത്തിയില്ല. കൊച്ചിരാജ്യത്തു തലപ്പിള്ളിത്താലൂക്കിൽ കുന്നംകുളത്തിന്നു സമീപമുള്ള ചൊവ്വന്നൂർ എന്ന ഗ്രാമത്തിലാണ് കടവല്ലൂർ സഭാമഠവും ക്ഷേത്രവും സ്ഥിതിചെയ്യുന്നതു്. ഈ സഭാമഠം വളരെ പുരാതനമായ ഒന്നാണെന്നാണു കേൾവി. നമ്പൂതിരിമാരുടെ ഇടയിൽ കൂറുമത്സരം തുടങ്ങിയതു് എന്നാണെന്നു തീച്ചയായിട്ടില്ലെങ്കിലും, അതിന്നു ശേഷമാണ് ഈ സഭാമഠത്തെക്കുറിച്ചു കേട്ടുതുടങ്ങിയതെന്നു തോന്നുന്നുണ്ടു്. വേദാഭ്യാസത്തിൽ പണ്ടു് ഈ രണ്ടു കൂറുകാരും അവരവരുടെ പാണ്ഡിത്യത്തെ പരീക്ഷിച്ചിരുന്നതു് ഇവിടെവെച്ചായിരുന്നുവത്രേ. ഇപ്പോഴും, തിരുനാവായും തൃശ്ശിവപേരൂരുമുള്ള പ്രധാനപ്പെട്ട രണ്ടു നമ്പൂതിരിയോഗക്കാരും കൊല്ലംതോറും ഒരു മണ്ഡലകാലം കടവല്ലൂർ പോയി വാ

രമിരിക്കുകയും, ആ സമയത്തു വേദപരീക്ഷകൾ നട ത്തിവരികയും ചെയ്തു പതിവുണ്ടല്ലോ.

വൃശ്ചികം ൧-ാംനു- മുതൽ ഒരു മണ്ഡലകാലമാണു കടവല്ലൂർവാരം*. ഋക്‌വേദികളായ തൃശ്ശൂർ യോഗക്കാരും, തിരുനാവായ യോഗക്കാരും ഈ ആവശ്യത്തിലേക്കായി തലേദിവസംതന്നെ സ്ഥലത്തു വന്നുചേരുക പതിവാണ്. മണ്ഡലം നാല്പത്തൊന്നു ദിവസവും ഇവൎക്കുവേണ്ട ചിലവു മുഴുവൻ വാരം നടത്തിയിരുന്നവർതന്നെ കൊടുത്തുവന്നിരുന്നു. വിദ്യാൎത്ഥികൾ പതിവായി അതിരാവിലെ എഴുന്നേററു കുളികഴിച്ചു് ഉദ്ദേശസിദ്ധിക്കായി വളരേനേരം നമസ്കാരം, ഈശ്വരസേവ തുടങ്ങിയ തേവാരങ്ങൾ ചെയ്തിരുന്നു. നാല്പത്തൊന്നു ദിവസമുള്ളതിൽ പതിനാറു ദിവസമാണു വേദപരീക്ഷക്കായി വിനിയോഗിച്ചിരുന്നതു്. ബാക്കിദിവസങ്ങളിൽ കാലത്തും, വൈകുന്നേരവും വേദം ചൊല്ലി അഭ്യസിക്കയായിരുന്നു ഓരോരുത്തരുടേയും പ്രധാനജോലി. വേദത്തിലെ പദപാഠം, ക്രമപാഠം, ജടാപാഠം, രഥപാഠം എന്നീ രീതികളെല്ലാം ഒരക്ഷരമോ സ്വരമോ കൂടി പിഴക്കാതെ ചൊല്ലാറായിരുന്നാൽ മാത്രമേ കടവല്ലൂർ വേദപരീക്ഷയിൽ വിജയം നേടേണ്ട കാൎയ്യം ആലോചിക്കേണ്ടിയിരുന്നുള്ളു¶.

* The Cochin Tribes and Castes Vol. II. By Mr. L. K. Anantha Krishana Iyer pp. 253-256

¶ J. R. A. S. 1910. pp. 625-639. 'The Brahmins of Malabar, by Mr. K. Rama Varma Raja.

കടവല്ലൂരെന്നപോലെ വേറെ പലേടങ്ങളിലും ഇത്തരം വേദപരീക്ഷകൾ അടുത്തകാലംവരെ നടന്നുവന്നിരുന്നു. വാരമിരിക്ക എന്ന സംപ്രദായത്തിന്റെ പ്രധാന ഉദ്ദേശംതന്നെ ഇതായിരുന്നുവെന്നു വേണം പറയാൻ. വാരം, ത്രിസന്ധ, ഓത്തൂട്ട്, പഞ്ചസന്ധ തുടങ്ങി നമ്പൂതിരിമാരുടെ ഇടയിൽ ഇന്നും കണ്ടുവരുന്ന പ്രധാന അടിയന്തിരങ്ങൾ പണ്ടു വിദ്വാന്മാരായ നമ്പൂതിരിമാർ വേദപരീക്ഷകൾ നടത്തുവാനും, സാമുദായികകാര്യങ്ങളെക്കുറിച്ചാലോചിപ്പാനും മററുമായി ഒന്നിച്ചു ചേർന്നിരുന്ന സന്ദർഭങ്ങളേയാണല്ലോ സൂചിപ്പിക്കുന്നത്. കടവല്ലൂർ വേദപരീക്ഷ ഇപ്പോഴും പഴയമാതിരി നടന്നുവരുന്നുണ്ടെന്നാണറിയുന്നത്.

ഇനി, എത്രയോ അനിശ്ചിതമായ നിലയിലാണെങ്കിലും, കേരളത്തിൽ സഭാമഠങ്ങളുടെ ആവിർഭാവമുണ്ടായതെപ്പോഴാണെന്നുള്ള സംഗതിയെക്കുറിച്ചുകൂടി അല്പമൊന്നു സൂചിപ്പിച്ചുകൊണ്ട് ഈ അദ്ധ്യായവും അവസാനിപ്പിക്കാം.

൪.

സാധാരണ, വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്തു താമസിച്ചിരുന്ന സ്ഥലത്തിനാണു മഠം എന്നു പറഞ്ഞുവന്നിരുന്നത്†. വെറും ഒരു ഗൃഹത്തിനും ഈ പേർ പറയാം. ഋഷികൾ താമസിച്ചുവന്നിരുന്ന

† St. Petersburg Dictionary-Vol. V. p. 439.

പർണ്ണാശ്രമങ്ങൾക്കും മഠം എന്നു പറഞ്ഞുകാണുന്നുണ്ട്. എന്നാൽ സന്ന്യാസിമാരുടെ വാസസ്ഥാനങ്ങളെ കുറിക്കുവാനായിട്ടാണ് ഇതധികം ഉപയോഗിക്കപ്പെട്ടിരുന്നത്. ക്രിസ്ത്വബ്ദാരംഭകാലത്തുപോലും ഉത്തരഇൻഡ്യയിലെ ബുദ്ധമതസന്ന്യാസിമാർ അനവധി സന്ന്യാസിമഠങ്ങൾ പണിതു തീർത്ത് അവിടെ വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിച്ചുവന്നിരുന്നതായി അറിയുന്നുണ്ട്. ഫാഹിയാൻ ഇൻഡ്യയെ സന്ദർശിച്ച സമയം, ഗാന്ധാരം, മദ്ധ്യദേശം, മഗധാ, സമതടം തുടങ്ങി സിന്ധുനദിമുതൽ ബ്രഹ്മപുത്രവരേയുള്ള എല്ലാ ദേശങ്ങളിലും വളരെ സന്ന്യാസിമഠങ്ങളും സംഘാരാമങ്ങളും കണ്ടതായി അദ്ദേഹത്തിന്റെ എഴുത്തുകളിൽ വിവരിക്കുന്നു. തെക്കേ ഇൻഡ്യയിൽതന്നെ ബുദ്ധമതാവിർഭാവത്തിന്നു ശേഷം കാഞ്ചീപുരത്തും മററും സന്ന്യാസിമാരുടെ ഉത്സാഹത്തിൽ മഠങ്ങൾ പണിയിച്ച് അവയിൽ ചെറുപ്പക്കാരായ വിദ്യാർത്ഥികളെ ശാസ്ത്രങ്ങളും മററും പഠിപ്പിച്ചുവന്നിരുന്നതായി നാം കണ്ടുവല്ലോ. ഇങ്ങനെ ഇൻഡ്യ മുഴുവൻ ഒരുകാലത്തു കുട്ടികളുടെ വിദ്യാഭ്യാസത്തിന്നും, സന്ന്യാസികളുടെ ആവാസത്തിന്നുമായി സഭാമഠങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. ഉത്തരഇൻഡ്യയിലെ ആര്യന്മാരുമായി പല കാര്യങ്ങളിലും പണ്ട് ഇടപെട്ടിരുന്ന നമ്പൂതിരിമാരുടെ പൂർവ്വികന്മാർ, അവരെ അനുസരിച്ചു കേരളത്തിലും സഭാമഠസമ്പ്രദായം ഏർപ്പെടുത്തിയെന്നു വിചാരിക്കുവാൻ പക്ഷേ ന്യായമുണ്ട്.

കേരളത്തിൽ രണ്ടുതരത്തിലുള്ള സഭാമഠങ്ങൾ ഉണ്ടായിരുന്നതായിട്ടാണറിയുന്നത്. ശ്രൌതകർമ്മാഭ്യാസത്തിന്നേർപ്പെടുത്തപ്പെട്ടിരുന്ന കർമ്മികളുടെ സഭാമഠങ്ങൾ; മറേറത് വേദാന്തപാഠത്തിന്നായി സ്ഥാപിക്കപ്പെട്ടിരുന്ന സന്ന്യാസിമഠങ്ങൾ*. ഇവയിൽ സന്ന്യാസിമഠങ്ങളുടെ പ്രതിഷ്ഠാപകൻ ശ്രീഗോവിന്ദഭഗവൽപൂജ്യപാദശിഷ്യനായ ആചാര്യസ്വാമികളാണെന്നാണു പറയപ്പെടുന്നത്. ഇദ്ദേഹം ശൃംഗേരി, ദ്വാരക, ബദരികാശ്രമം, ജഗന്നാഥം, എന്നു ഇൻഡ്യയുടെ നാലുദിക്കുകളിലും ശൃംഗേരിമഠം, ശാരദാമഠം, ജ്യോതിർമ്മഠം, ഗോവർദ്ധനമഠം എന്ന പേരോടുകൂടി നാലു മഠങ്ങളും സ്ഥാപിച്ച്, സർവ്വജ്ഞപീഠം കയറിയതിന്നു ശേഷം, അമ്മയെ കണ്ടു അനുഗ്രഹം വാങ്ങുവാനായി ചൂർണ്ണിയാറിൻകരയ്ക്കു പോവുന്നവഴി തൃശ്ശിവപേരൂരു നാലു സന്ന്യാസിമഠങ്ങൾ സ്ഥാപിച്ച് അദ്ദേഹത്തിൻെറ നാലു ശിഷ്യപരമ്പരകൾക്കായി ഏല്പിച്ചുകൊടുത്തുവെന്നാണ് ഐതിഹ്യം. തെക്കേമഠവും, നടുവിലേമഠവും ഇപ്പോഴും സ്വാമിയാർമഠമായിട്ടുതന്നെയാണ് കാണുന്നത്. ഇപ്പോൾ ബ്രഹ്മസ്വം മഠമായിരിക്കുന്നതു പണ്ടത്തെ വടക്കേമഠമായിരുന്നുവത്രേ. ഹസ്താമലകപരമ്പരയായിരുന്ന ഇടയിൽ മഠം തെക്കേമഠത്തിലേക്കു ചേർത്ത് ഈ സന്ന്യാ

* 'കേരളം'—കുഞ്ഞിക്കുട്ടൻതമ്പുരാൻ. ഭാഗം ൧൩൬ (കുറിപ്പ്.)

സിവൎഗ്ഗം എവിടേയോ മാറിത്താമസിച്ചതായിട്ടും അറിയുന്നുണ്ട്.

ഇപ്പറഞ്ഞതിൽ എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ, കേരളത്തിൽ ആദ്യമായി സന്ന്യാസിമഠങ്ങൾ സ്ഥാപിച്ചു നടത്തിവന്നതു് ആചാൎയ്യസ്വാമികളുടെ ശിഷ്യപരമ്പരകളായിരുന്നുവെന്നു വിചാരിക്കാം. അങ്ങിനെയാണെങ്കിൽ, ഈ സംഭവം കഴിഞ്ഞിട്ടു് ഇപ്പോൾ ഏകദേശം ആയിരത്തൊരുന്നൂറു സംവത്സരത്തിലധികമായിരിക്കണം. ആചാൎയ്യസ്വാമികളുടെ ജനനം ക്രിസ്ത്വബ്ദം ൭൮൮-ലാണെന്നാണു വിശ്വസിച്ചുവരുന്നതു്*. അതിനാൽ, മാധവാചാൎയ്യരുടെ ശങ്കരദിഗ്വിജയപ്രകാരം മുപ്പത്തിരണ്ടു വയസ്സുവരെ ജീവിച്ചിരുന്ന സ്വാമികൾ, ൮൨൦-ൽ സ്വൎഗ്ഗാരോഹണം ചെയ്തതായിട്ടും വിചാരിക്കാവുന്നതാണു്.

സന്ന്യാസിമഠങ്ങളെപ്പോലെ, കേരളത്തിൽ മറ്റോരോ ദേശങ്ങളിലും വളരെക്കാലമായി നടത്തിവന്നിരുന്ന സഭാമഠങ്ങളും ആചാൎയ്യസ്വാമികളുടെ ഉദ്യമത്തെ തുടൎന്നുകൊണ്ടു സ്ഥാപിക്കപ്പെട്ടവയായിരുന്നുവെന്നുവരാം. എന്നാൽ, ഇതിനെക്കുറിച്ചു തീൎച്ചയായ ഒരഭിപ്രായം പറവാൻ ഇപ്പോൾ പ്രയാസമാണെങ്കിലും, സഭാമഠങ്ങളിൽ പഠിച്ചു ഭട്ടസ്ഥാനത്തിന്നു യോഗ്യത സമ്പാദിച്ചിട്ടുള്ള നമ്പൂതിരിമാരധികവും കൊല്ലവൎഷാരംഭത്തിന്നു ശേഷം ജീവിച്ചിരുന്നവരാക

* Encyclopaedia of Religion and Ethics. Vol. XI. p. 185.

കൊണ്ടു്, സഭാമഠങ്ങൾ യഥാൎത്ഥമായ പുഷ്ടിയെ പ്രാപിക്കുവാൻ തുടങ്ങിയതു് ആചാൎയ്യസ്വാമികളുടെ കാലത്തിന്നു ശേഷമാണെന്നു സംശയം കൂടാതെ പറയാം.

കേരളത്തിലെ വേദപാഠശാലകളുടെ സൎവ്വാവകാശവും നമ്പൂതിരിമാൎക്കുള്ളതാകുന്നു. അവയെ സ്ഥാപിക്കുവാനും, കൊണ്ടുനടത്തുവാനുമായി പ്രയത്നിച്ചിട്ടുള്ളതും നമ്പൂതിരിമാരല്ലാതെ മററാരുമല്ല. ഈ വേദപാഠശാലകളിൽനിന്നു നമ്പൂതിരിസമുദായത്തിന്നു സിദ്ധിച്ചിട്ടുള്ള ശക്തിയും ശ്രേയസ്സും അളവററതാണു്. ഈ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ലെന്നുവരികിൽ, ഇന്നു നമ്പൂതിരിമാരുടെ നില എന്താവുമായിരുന്നുവെന്നു് ഊഹിക്കപോലും വയ്യ. സംസ്കൃതസാഹിത്യത്തിന്നു കേരളത്തിൽ വല്ല നിലയും വിലയും കിട്ടിയിട്ടുണ്ടെങ്കിൽ, അതു നമ്പൂതിരിമാരുടെ സഭാമഠങ്ങൾ മൂലമാകുന്നു. നമ്പൂതിരിമാരുടെ സൎവ്വശ്രേയസ്സിന്നും കേന്ദ്രമായിരുന്ന ഈ സ്ഥാപനങ്ങൾ കേരളത്തിൻെറ പൊതുവേയുള്ള സമുദ്ഗതിക്കു സഹായിച്ചിരുന്നിട്ടില്ലെങ്കിൽ, കേരളചരിത്രത്തിൻേറയും, കേരളഭാഷയുടേയും 'അലകും പിടിയും' കൂടി മാറുമായിരുന്നു. ഇവയെ നല്ലൊരു സ്ഥിതിയിൽ കൊണ്ടുവരുവാൻ കേരളീയർ ഒട്ടുക്കു ശ്രമിക്കേണ്ടതാണു്. അങ്ങനെ വരുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

ശുഭം